454

മേഘദൂതം

സവ്യാഖ്യാനം.

CENTRAL LIBRARY MAHARAJA'S COLLEGE, ERNAKULAM
30-3-1953

വ്യാഖ്യാതാവു്,

കാവുങ്ങൽ, നീലകണ്ഠപ്പിള്ള അവർകൾ

൭
262.വ

Ml. KAL/MEG

പ്രസാധകൻ,

രാജ്യസേവാനിരതഃ

കെ. ജി. പരമേശ്വരൻപിള്ള.

ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.

രണ്ടാംപതിപ്പ് കാപ്പി-1000.

All rights Reserved.

1122.

454 6

കാളിദാസ മഹാകവിപ്രണീതം

മേഘദൂതം

സവ്യാഖ്യാനം.

പൂൎവ്വഭാഗം

മൂ— കശ്ചിൽ കാന്താവിരഹഗുരുണാ സ്വാധികാരാൽ പ്രമത്തഃ
ശാപേനാസ്തംഗമിതമഹിമാ വൎഷഭോഗ്യേണ ഭൎത്തുഃ
യക്ഷശ്ചക്രേ ജനകതനയാസ്നാനപുണ്യോദകേഷു
സ്നിഗ്ദ്ധച്ഛായാതരുഷു വസതിം രാമഗിര്യാശ്രമേഷു. ൧

വിഭക്തിയും അനന്വയവും—സ്വാധികാരാൽ (അ-പു-പ-ഏ) പ്രമത്തഃ (അ-പു-പ്ര.ഏ) കാന്താവിരഹഗുരുണാ (ഉ-പു-തൃ-ഏ) വർഷഭോഗ്യേണ (അ-പു-തൃ-ഏ) ഭൎത്തുഃ (ഋ-പു-ഷ-ഏ) ശാപേന (അ-പു-തൃ-ഏ) അസ്തംഗമിതമഹിമാ (ന-പു-പ്ര-ഏ) കശ്ചിൽ (കിം-ശ-പു-പ്ര-ഏ ചിദന്തം) യക്ഷഃ (അ-പു-പ്ര-ഏ) ജനകതനയാസ്നാനപുണ്യോദകേഷു (അ-പു-സ-ബ) സ്നിഗ്ദ്ധച്ഛായാതരുഷു (ഉ-പു-സ-ബ) രാമഗിര്യാശ്രമേഷു (അ-പു-സ-ബ) വസതിം (ഇ-സ്ത്രീ-ദ്വി-ഏ) ചക്രേ (ലിട്-ആത്മ-പ-പ്ര-പു-ഏ)

അനന്വയാൎത്ഥം—സ്വാധികാരത്തിൽനിന്ന പ്രമത്തനായി കാന്താവിരഹഗുരുവും വർഷഭോഗ്യവുമായ ഭൎത്താവിന്റെ ശാപത്താൽ അസ്തംഗമിതമഹിമാവായ ഒരു യക്ഷൻ, ജനകതനയാസ്നാനപുണ്യോദകങ്ങളും സ്നിഗ്ദ്ധച്ഛായാതരുക്കളുമായ രാമഗിര്യാശ്രമങ്ങളിൽ വസതിയെച്ചെയ്തു.

പരിഭാഷ—സ്വാധികാരം=തന്റെ അധികാരം. അധികാരം=കൃത്യനിൎവ്വഹണം. പ്രമത്തൻ=പ്രമാദം വന്നവൻ. പ്രമാദം=വീഴ്ച (സൂക്ഷിക്കായ്കയാൽ തെററുപററിയവനെന്നൎത്ഥം) (ഈ യക്ഷൻ വൈശ്രവണന്റെ ഉദ്യാനപാലനായിരുന്നുവെന്നും ഇവൻ സൂക്ഷിക്കായ്കകൊണ്ടു് ഒരു ആന ഉദ്യാനത്തിൽ കടന്നു് വൃക്ഷലതാദികളെ നശിപ്പിച്ചുവെന്നും വൈശ്രവണൻ അറിഞ്ഞു്, ആ കുററത്തിനായി യക്ഷനെ ഒരുവത്സരത്തേക്കു നാട്ടുകടത്തിയെന്നും പ

റയപ്പെട്ടിരിക്കുന്നു) കാന്താവിരഹഗുരു=കാന്താവിരഹം ഹേതുവായിട്ടുഗുരു. കാന്താവിരഹം=കാന്തയുടെവിരഹം. കാന്ത=ഭാൎയ്യ. വിരഹം=വേർപാട്. ഗുരു=ദുർഭരമായതു്-വഹിക്കാൻ പ്രയാസമുള്ളതെന്നൎത്ഥം. (കാന്താവിരഹഗുരു=കാന്താവിരഹത്തിനുഗുരു. ഗുരു=ഉപദേഷ്ടാവു്-ആദ്യമായി കാന്താവിരഹത്തെ പഠിപ്പിച്ചതെന്നർത്ഥം ഇങ്ങനെയും വ്യാഖ്യാനിക്കാം) വർഷഭോഗ്യം=വർഷം മുഴുവൻ ഭോഗ്യം. വർഷം=വത്സരം. ഭോഗ്യം=ഭുജിക്കപ്പെടേണ്ടതു്. ഭുജിക്ക=അനുഭവിക്ക. ഒരു സംവത്സരം മുഴുവൻ അനുഭവിക്കേണ്ടതെന്നു സാരം. ഭൎത്താവു്=സ്വാമി (രാജാവായ വൈശ്രവണൻ) ശാപം=ശിക്ഷാവിധി. അസ്തംഗമിതമഹിമാവു്=അസ്തംഗമിതമായ മഹിമാവോടുകൂടിയവൻ. അസ്തംഗമിതം=അസ്തത്തെഗമിതം. അസ്തം=അദൎശനം. ഗമിതം=പ്രാപിക്കപ്പെട്ടതു്. (അസ്തംഗമിതമെന്നതിനു നാശത്തെ പ്രാപിക്കപ്പെട്ടതെന്നൎത്ഥം.) മഹിമാവ്=ഗൌരവം. സ്വാതന്ത്ര്യം, അധികാരം മുതലായ ശ്രേഷ്ഠത്വങ്ങളെന്നർത്ഥം. യക്ഷൻ=ഉപദേവന്മാരിൽ ഒരു വകക്കാരൻ. ജനകതനയാസ്നാനപുണ്യോദകങ്ങൾ=ജനകതനയയുടെ സ്നാനം ഹേതുവായിട്ടു് പുണ്യങ്ങളായ ഉദകങ്ങളോടുകൂടിയവ. ജനകതനയ=സീത. സ്നാനം=കുളി. പുണ്യങ്ങൾ=പരിശുദ്ധങ്ങൾ. ഉദകങ്ങൾ=ജലങ്ങൾ. സ്നിഗ്ദ്ധഛായാതരുക്കൾ=സ്നിഗ്ദ്ധഛായകളുള്ള തരുക്കളോടുകൂടിയവ. സ്നിഗ്ദ്ധഛായകൾ=സ്നിഗ്ദ്ധകളായ ഛായകൾ. സ്നിഗ്ദ്ധകൾ=സാന്ദ്രകൾ ഇടതൂർന്നു ഞെരുങ്ങിയവ എന്നർത്ഥം. ഛായകൾ=നിഴലുകൾ. തരുക്കൾ=വൃക്ഷങ്ങൾ (അഥവാ, സ്നിഗ്ദ്ധഛായാതരുക്കൾ=സ്നിഗ്ദ്ധങ്ങളായ ഛായാതരുക്കളോടുകൂടിയവ. സ്നിഗ്ദ്ധങ്ങൾ=ഇടതൂർന്നു ഞെരുങ്ങിയവ. ഛായാതരുക്കൾ=തണൽമരങ്ങൾ. നമേരുവൃക്ഷങ്ങൾ എന്നു പ്രസിദ്ധി. (ഭാഷയിൽ അതിനു തേവർപ്പൂന്ന എന്നു പറയുന്നു) "സ്നിഗ്ദ്ധന്തു മസൃണേസാന്ദ്രേ" എന്നും ഛായാവൃക്ഷോ നമേരു സ്യാൽ എന്നും കോശവചനങ്ങൾ ഉണ്ടു്). രാമഗിര്യാശ്രമങ്ങൾ=രാമഗിരിയിലെ ആശ്രമങ്ങൾ. രാമഗിരി=മദ്ധ്യഇൻഡ്യയിലുള്ള ഒരു പൎവ്വതം. (ഇതിന്മേൽ വനവാസകാലത്തു ശ്രീരാമൻ സീതയോടുകൂടി വസിച്ചിരുന്നുവത്രെ) ആശ്രമങ്ങൾ=പൎണ്ണശാലകൾ. വസതി=വാസം.

സാരം—തന്നെ ഏല്പ്പെടുത്തിയിരുന്ന ജോലിയിൽ വീഴ്ചകാണിക്കകൊണ്ടു്, ഇദംപ്രഥമമായി ഭാൎയ്യയോടു പിരിഞ്ഞിരിക്കേണ്ടിവന്നതിനാൽ ദുസ്സഹവും, ഒരു വത്സരംകൊണ്ടു് അവസാനിക്കുന്നതുമായ തന്റെ യജമാനന്റെ ശിക്ഷാവിധിയാൽ സ്വാതന്ത്ര്യവും അധികാരവും നശിച്ച ഒരു യക്ഷൻ, സീതാദേവി നീരാടുകകൊണ്ടു പരിശുദ്ധങ്ങളായ തീൎത്ഥങ്ങളുള്ളതും, നമേരുവൃക്ഷങ്ങളാൽ നി

റയപ്പെട്ടതുമായ രാമഗിരിയിലെ പൎണ്ണശാലകളിൽ താമസിച്ചിരുന്നു. *

മൂ—തസ്മിന്നദ്രൌ കതിചിദബലാവിപ്രയുക്തഃ സ കാമി
നിത്വാ മാസാൻ കനകവലയഭ്രംശരിക്തപ്രകോഷ്ഠഃ
ആഷാഢസ്യപ്രഥമദിവസേ മേഘമാശ്ലിഷ്ടസാനും
വപ്രക്രീഡാപരിണതഗജപ്രേക്ഷണീയം ദദൎശ- ൨

വിഭക്തിയും അന്വയവും—തസ്മിൻ (തച്ഛ-പു-സ-ഏ) അദ്രൌ (ഇ-പു-സ-ഏ) അബലാവിപ്രയുക്തഃ (അ-പു-പ്ര-ഏ) കനകവലയഭ്രംശരിക്തപ്രകോഷ്ഠഃ (അ-പു-പ്ര-ഏ) കാമീ (ന-പു-പ്ര-ഏ) സഃ (തച്ഛ-പു-പ്ര-ഏ) കതിചിൽ (അ) മാസാൻ. (അ-പു-ദ്വി-ബ) നീത്വാ (ക്ത്വാ അ) ആഷാഢസ്യ (അ-പു-ഷ-ഏ) പ്രഥമദിവസേ (അ-പു-സ-ഏ) ആശ്ലിഷ്ടസാനും (ഉ-പു-ദ്വി-ഏ) വപ്രക്രീഡാപരിണതഗജപ്രേക്ഷണീയം. (അ-പു-ദ്വി-ഏ) മേഘം (അ-പു-ദ്വി-ഏ) ദദൎശ (ലിട്-പ-പ്ര-പു-ഏ)

അന്വയാൎത്ഥം—ആ അദ്രിയിൽ, അബലാവിപ്രയുക്തനും. കനകവലയഭ്രംശരിക്തപ്രകോഷ്ഠനും, കാമിയുമായ അവൻ, ഏതാനും മാസങ്ങളെ നയിച്ചിട്ട്, ആഷാഢത്തിന്റെ പ്രഥമദിവസത്തിങ്കൽ, ആശ്ലിഷ്ടസാനുവും വപ്രക്രീഡാപരിണതഗജപ്രേക്ഷണീയവുമായ മേഘത്തെ ദൎശിച്ചു.

പരി—അദ്രി=പൎവ്വതം രാമഗിരി എന്നൎത്ഥം. അബലാവിപ്രയുക്തൻ=അബലയോടു വിപ്രയുക്തൻ. അബല=ഭാൎയ്യ. വിപ്രയുക്തൻ=വിപ്രയോജിച്ചവൻ. വിപ്രയോജിക്ക=വേർപെടുക. കനകവലയഭ്രംശരിക്തപ്രകോഷ്ഠൻ=കനകവലയഭ്രംശം ഹേതുവായിട്ട് രിക്തമായ പ്രകോഷ്ഠത്തോടുകൂടിയവൻ. കനകവലയഭ്രംശം=കനകവലയത്തിന്റെ ഭ്രംശം. കനകവലയം=കനകംകൊണ്ടുള്ള വലയം. കനകം=സ്വൎണ്ണം. വലയം=വള. ഭ്രംശം=പാതം (വീഴ്ച). രിക്തം=ഒഴിഞ്ഞതു്. പ്രകോഷ്ഠം=മുഴങ്കൈ. കാമി=കാമുകൻ. അവൻ=യക്ഷൻ. ഏതാനുംമാസങ്ങൾ=(ഇവിടെ) എട്ടുമാസങ്ങൾ (ശേഷാൻ മാസാൻ ഗമയ ചതുരഃ എന്നു മേൽപറയും)നയിക്ക=കഴിച്ചുകൂട്ടുക. ആഷാഢം=ആഷാഢമാസം (ആടിമാസം) പ്രഥമദിവസം=ഒന്നാംതീയതി. ആശ്ലിഷ്ടസാനു=ആശ്ലേഷിക്കപ്പെട്ട സാനുവോടുകൂടിയതു്. ആശ്ലേഷിക്ക=പററിച്ചേരുക. സാനു=താഴ്വര.

---

* ഈ കാവ്യത്തിലെ പദ്യങ്ങൾ മന്ദാക്രാന്താവൃത്തത്തിലുള്ളവയാണ്. ലക്ഷണം, മന്ദാക്രാന്താജലധിഷഡഗൈൎമ്ഭൌ നതൌ താദ്ഗുരുചേൽ! "മല്ലാക്ഷീഭാമിനി, നനനതാമൈവതാമൈവഗംഗാ" എന്നു ഉദാഹരണം. നാലിലും പത്തിലും യതി.

(ചരിവ് എന്നു സാരം) വപ്രക്രീഡാപരിണതഗജപ്രേക്ഷണീയം= വപ്രക്രീഡാപരിണതമായ ഗജംപോലെ പ്രേക്ഷണീയം. വപ്രക്രീഡാപരിണതം=വപ്രക്രീഡകളിൽപരിണതം. വപ്രക്രീഡകൾ=ഉൽഖാതകേളികൾ (കൊമ്പുകുത്തിക്കളികൾ). പരിണതം=പരിണമിച്ചതു്. പരിണമിക്ക=കുനിയുക (കുനിഞ്ഞു് വിലങ്ങത്തിൽ കൊമ്പുകൊണ്ടു കുത്തുക എന്നൎത്ഥം. "തിൎയ്യഗ്ദന്തപ്രഹാരസ്തു ഗജഃ പരിണതോ മതഃ" എന്നു ഹലായുധവചനമുണ്ടു്.) ഗജം=ആന. പ്രേക്ഷണീയം=പ്രേക്ഷിക്കപ്പെടുവാൻ യോഗ്യം. പ്രേക്ഷിക്ക=കാണുക (കാണാൻ ഭംഗിയുള്ളതെന്നു സാരം) ദൎശിക്ക=കാണുക.

സാരം—ഭാൎയ്യയെ വേർപെട്ടിരിക്കുന്നവനും, അതുനിമിത്തം മെലിഞ്ഞു് സ്വൎണ്ണവളകൾ ഊരി ഒഴിഞ്ഞ മുഴങ്കൈകളോടുകൂടിയവനും, കാമതാപത്താൽ പരവശനുമായ ആ യക്ഷൻ ഏഴെട്ടുമാസം ആ രാമഗിരിമേൽകഴിച്ചുകൂട്ടീട്ടു്, ആടിമാസത്തിന്റെ ആരംഭദിവസത്തിൽ, മലഞ്ചരുവിൽവന്നു അടിഞ്ഞുകിടക്കുന്നതും, വിലങ്ങത്തിൽ കൊമ്പുകുത്തിക്കളിക്കുന്ന ഒരു കൊമ്പനാനയെപ്പോലെ അഴകുള്ളതും ആയ കാർമേഘത്തെ കണ്ടു.

മൂ—തസ്യ സ്ഥിത്വാ കഥമപി പുരഃ കൌതുകാധാനഹേതോ-
രന്തർബ്ബാഷ്പശ്ചിരമനുചരോരാജരാജസ്യദധ്യൌ
മേഘാലോകേ ഭവതി സുഖിനോപ്യന്യഥാവൃത്തിചേതഃ
കണ്ഠാശ്ലേഷപ്രണയിനി ജനേ കിം പുനർദ്ദൂരസംസ്ഥേ. ൩

വി-അ—രാജരാജസ്യ (അ-പു-ഷ-ഏ) അനുചരഃ (അ-പു-പ്ര-ഏ) അന്തർബ്ബാഷ്പഃ (അ-പു-പ്ര-ഏ) കൌതുകാധാനഹേതോഃ (ഉ-പു-ഷ-ഏ) തസ്യ (തച്ഛ-പു-ഷ-ഏ) പുരഃ (അ) കഥമപി (അ) സ്ഥിത്വാ (ക്ത്വാ-അ) ചിരം (അ) ദധ്യൌ (ലിട്-പ-പ-പ്ര-പു-ഏ) മേഘാലോകേ (അ-പു-സ-ഏ) സുഖിനഃ (ന-പു-ഷ-ഏ) അപി (അ) ചേതഃ (സ-ന-പ്ര-ഏ) അന്യഥാവൃത്തി (ഇ-ന-പ്ര-ഏ) ഭവതി (ലട് പ-പ-പ്ര-പു-ഏ) കണ്ഠാശ്ലേഷപ്രണയിനി (ന-പു-സ-ഏ) ജനേ (അ-പു-സ-ഏ) ദൂരസംസ്ഥേ (അ-പു-സ-ഏ) കിം പുനഃ (അ)

അന്വയാൎത്ഥം—രാജരാജന്റെ അനുചരൻ അന്തർബ്ബാഷ്പനായിട്ടു്, കൌതുകാധാനഹേതുവായ അതിന്റെ പുരോഭാഗത്തിങ്കൽ പണിപ്പെട്ടു സ്ഥിതിചെയ്തിട്ടു്, വളരെനേരം ധ്യാനിച്ചു. മേഘാലോകത്തിങ്കൽ സുഖിയുടെയും മനസ്സു് അന്യഥാവൃത്തിയായി ഭവിക്കുന്നു. കണ്ഠാശ്ലേഷപ്രണയിയായ ജനം ദൂരസംസ്ഥമായിരിക്കുമ്പോൾ, എന്തുപിന്നെ?

പരി—രാജരാജൻ=രാജാക്കളുടെ രാജാവു്. രാജാക്കൾ=യക്ഷന്മാർ. "രാജാപ്രഭൌ നൃപേ ചന്ദ്രേ യക്ഷേ ക്ഷത്രിയശക്രയോഃ" എന്നു വിശ്വവചനം. രാജാവു്=അധിപതി. വൈശ്രവണൻ എന്നൎത്ഥം. അനുചരൻ=ഭൃത്യൻ, യക്ഷനെന്നൎത്ഥം. അന്തർബാഷ്പൻ=അന്തൎഭാഗത്തിങ്കൽ ബാഷ്പത്തോടു കൂടിയവൻ. അന്തൎഭാഗം=ഉള്ളു്. ബാഷ്പം=കണ്ണുനീരു്. ധീരോദാത്തത്വം കൊണ്ടു്, കണ്ണുനീരു വെളിയിൽ ഒഴുകാതെ അകത്തടക്കിയവനെന്നൎത്ഥം. കൌതുകാധാനഹേതു=കൌതുകാധാനത്തിങ്കൽ ഹേതു. കൌതുകാധാനം=കൌതുകത്തിന്റെ ആധാനം. കൌതുകം=അഭിലാഷം. "കൌതുകഞ്ചാഭിലാഷേസ്യാദുത്സവേ നൎമ്മഹൎഷയോഃ" എന്നു വിശ്വവചനം. ആധാനം=ഉല്പാദനം, ഉണ്ടാക്കൽ എന്നൎത്ഥം. ഹേതു=കാരണം. അതു്=മേഘം. പുരോഭാഗം=മുൻഭാഗം. സ്ഥിതിചെയ്ക=നിൽക്കുക. ധ്യാനിക്കുക=ചിന്തിക്കുക. മേഘാലോകം=മേഘത്തിന്റെ ആലോകം. ആലോകം=ദൎശനം. സുഖി=ഇഷ്ടങ്ങളെ അനുഭവിച്ചുകൊണ്ടിരിക്കുന്നവൻ. ഭാൎയ്യാദികളോടുകൂടിയിരിക്കുന്നവൻ. അന്യഥാവൃത്തി=അന്യഥാഭൂതമായ വൃത്തിയോടുകൂടിയതു്. അന്യഥാഭൂതം=മറ്റു പ്രകാരത്തിൽ ആയിത്തീൎന്നതു്. വൃത്തി=വ്യാപാരം. അന്യഥാവൃത്തി എന്നതിനു് സുസ്ഥിതിയിൽ നിന്നും ഇളകിയതെന്നൎത്ഥം. കണ്ഠാശ്ലേഷപ്രണയി=കണ്ഠാശ്ലേഷത്തിങ്കൽ പ്രണയമുള്ളതു്. കണ്ഠാശ്ലേഷം=കഴുത്തിൽ കെട്ടിയുള്ള ആശ്ലേഷം. ആശ്ലേഷം=ആലിംഗനം. പ്രണയം=താല്പൎയ്യം. ദൂരസംസ്ഥം=ദൂരത്തിങ്കൽ സംസ്ഥം. സംസ്ഥം=സ്ഥിതിചെയ്യുന്നതു്. സ്ഥിതിചെയ്ക=ഇരിക്കുക.

സാരം—ആ യക്ഷനാകട്ടെ, ഭാൎയ്യാവിരഹംകൊണ്ടുള്ള ദുഃഖത്തെ അകത്തടക്കിക്കൊണ്ടു്, തന്റെ ആഗ്രഹസാദ്ധ്യത്തിനു കാരണമായിരിക്കുന്ന ആ മേഘത്തിന്റെ മുമ്പിൽ ചെന്നു്, തന്റെ മനോവികാരങ്ങളെ പണിപ്പെട്ടടക്കിക്കൊണ്ടു വളരെ നേരം ചിന്തിച്ചുനിന്നു. മഴക്കാറു കാണുമ്പോൾ ഭാൎയ്യയോടുകൂടി സുഖിച്ചിരിക്കുന്നവൎക്കും മനസ്സിനു് ഒരു ക്ഷോഭം ഉണ്ടാകാതിരിക്കയില്ല. ആ സ്ഥിതിക്കു്, അന്യോന്യം ആശ്ലേഷം ചെയ്വാൻ ആഗ്രഹിച്ചുകൊണ്ടു്, ദൂരത്തിൽ വേർപെട്ടിരിക്കുന്നവർ കാറുകണ്ടാലുള്ള കഥ പറവാനുണ്ടോ?

മൂ—പ്രത്യാസന്നേ നഭസി ദയിതാജീവിതാലംബനാൎത്ഥീ
ജീമൂതേന സ്വകുശലമയീം ഹാരയിഷ്യൻ പ്രവൃത്തിം
സപ്രത്യഗ്രൈഃ കുടജകുസുമൈഃ കല്പിതാർഘായ തസ്മൈ
പ്രീതഃ പ്രീതിപ്രമുഖവചനം സ്വാഗതം വ്യാജഹാര. ൪

വിഭ:-അന്വ—സഃ (തച്ഛ-പു-പ്ര-ഏ) നഭസി (സ-പു-സ-ഏ) പ്രത്യാസന്നേ (അ-പു-സ-ഏ) ദയിതാജീവിതാലംബനാൎത്ഥീ (ന-പു-പ്ര-ഏ) ജീമൂതേന (അ-പു-തൃ-ഏ) സ്വകുശലമയീം (ഈ-സ്ത്രീ-ദ്വി-ഏ) പ്രവൃത്തിം (ഈ-സ്ത്രീ-ദ്വി-ഏ) ഹാരയിഷ്യൻ (ത-പു-പ്ര-ഏ) പ്രത്യഗ്രൈഃ കുടജകുസുമൈഃ (അ-ന-തൃ-ബ) കല്പിതാൎഘായ (അ-പു-ച-ഏ) തസ്മൈ (തച്ഛ-പു-ച-ഏ) പ്രീതിപ്രമുഖവചനം സ്വാഗതം (അ-ന-ദ്വി-ഏ) പ്രീതഃ (അ-പു-പ്ര-ഏ) വ്യാജഹാര (ലിട് പ-പ-പ്ര-പു-ഏ)

അന്വയാൎത്ഥം—അവൻ, നഭസ്സു പ്രത്യാസന്നമായിരിക്കും സമയത്തിങ്കൽ ദയിതാജീവിതാലംബനാൎത്ഥിയായി ജീമൂതത്താൽ സ്വകുശലമയിയായ പ്രവൃത്തിയെ ഹാരയിഷ്യന്നായിട്ടു്, പ്രത്യഗ്രങ്ങളായ കുടജകുസുമങ്ങളെക്കൊണ്ടു കല്പിതാൎഘമായിരിക്കുന്ന അതിനായിക്കൊണ്ടു്, പ്രീതിപ്രമുഖവചനമായ സ്വാഗതത്തെ പ്രീതനായിട്ടു വ്യാഹരിച്ചു.

അവൻ=യക്ഷൻ. നഭസ്സ്=ശ്രാവണമാസം. (ചിങ്ങമാസം) പ്രത്യാസന്നം=പ്രാപ്തം (വന്നതു്) ദയിതാജീവിതാലംബനാൎത്ഥീ=ദയിതാജീവിതാലംബനത്തെ അൎത്ഥിക്കുന്നവൻ. ദയിതാജീവിതാലംബനം=ദയിതാജീവിതത്തിന്റെ ആലംബനം. ദയിതാജീവിതം=ദയിതയുടെ ജീവിതം. ദയിത=ഭാൎയ്യ. ജീവിതം=പ്രാണധാരണം. ആലംബനം=ഉപായം. അൎത്ഥിക്ക=ആഗ്രഹിക്കുക. ചെയ്യാനിച്ഛിക്കുക എന്നൎത്ഥം. ജീമൂതം=മേഘം. സ്വകുശലമയീ=തന്റെ കുശലമാകുന്ന രൂപത്തോടുകൂടിയതു്. കുശലം=ക്ഷേമം. പ്രവൃത്തി=വാൎത്ത. "വാൎത്താപ്രവൃത്തിർവൃത്താന്തഃ" എന്നമരം. ഹാരയിഷ്യൻ=ഹരിപ്പിക്കാൻ തുടങ്ങുന്നവൻ. ഹരിപ്പിക്കുക=പ്രാപിപ്പിക്കുക. പ്രത്യഗ്രങ്ങൾ=പുതിയവ. കുടജകുസുമങ്ങൾ=കുടകപ്പാലപ്പൂക്കൾ. കല്പിതാൎഘം=കല്പിതമായിരിക്കുന്ന അൎഘത്തോടുകൂടിയതു്. കല്പിതം=കല്പിക്കപ്പെട്ടതു്. കല്പിക്കുക=അനുഷ്ഠിക്കുക. അൎഘം=പൂജാവിധി. അതു്=മേഘം. പ്രീതിപ്രമുഖവചനം=പ്രീതിപ്രമുഖങ്ങളായ വചനങ്ങളോടുകൂടിയതു്. പ്രീതിപ്രമുഖങ്ങൾ=പ്രീതിപൂൎവ്വകങ്ങൾ. വചനങ്ങൾ=വാക്കുകൾ. സ്വാഗതം=സൽക്കാരവാക്കു് (സൽക്കരിക്കാൻ ഒരുക്കമാണെന്നുള്ള അൎത്ഥത്തിൽ പറയുന്ന ഒരു ഉപചാരവാക്കു്) വ്യാഹരിക്കുക=പറയുക.

സാരം—ശ്രാവണമാസം (അതായതു് വൎഷകാലം ആരംഭിക്കുന്ന മാസം) വരുമ്പോൾ, വിരഹദുഃഖംകൊണ്ടു പ്രാണാപായം വന്നേക്കാനിടയുള്ള ഭാൎയ്യയുടെ ജീവരക്ഷയ്ക്കു് ഒരുപായം ചെയ്യണമെന്നുള്ള ആഗ്രഹത്താൽ ആ യക്ഷൻ തന്റെ ക്ഷേമവാൎത്തയെ

4546

ആ മേഘം മുഖേന അവളെ അറിയിക്കണമെന്നു ഉദ്ദേശിച്ചു്, പുതിയ കുടകപ്പാലപ്പൂക്കളെക്കൊണ്ടു് അതിനെ പൂജിച്ചശേഷം പ്രീതിപൂർവ്വകങ്ങളായ വാക്കുകളാൽ സ്വാഗതം പറഞ്ഞു.

മൂ— ധൂമജ്യോതിഃസലിലമരുതാം സന്നിപാതഃ ക്വ മേഘഃ
സന്ദേശാർത്ഥാഃ ക്വ പടുകരണൈഃ പ്രാണിഭിഃ പ്രാപണീയാഃ
ഇത്യൗത്സുക്യാദപരിഗണയൻ ഗുഹ്യകസ്തം യയാചേ,
കാമാർത്താ ഹി പ്രകൃതികൃപണാശ്ചേതനാചേതനേഷു. ൫.

വിഭ+അന്വ—ധൂമജ്യോതിഃസലിലമരുതാം (ത-പു-ഷ-ബ)സന്നിപാതഃ മേഘഃ (അ-പു-പ്ര-ഏ) ക്വ (അ) പടുകരണൈഃ (അ-പു-തൃ-ബ) പ്രാണിഭിഃ (ന പു-തൃ-ബ) പ്രാപണീയാഃ സന്ദേശാർത്ഥാഃ (അ-പു-പ്ര-ബ) ക്വ (അ)ഔത്സുക്യാൽ (അ-ന-പ-ഏ)ഇതി(അ) അപരിഗണയൻ (ത-പു-പ്ര-ഏ) ഗുഹ്യകഃ (അ-പു-പ്ര-ഏ) തം (ത്ഛ-പു-ദ്വി-ഏ) യയാചേ (ലിട്-ആത്മ-പ്ര-പു-ഏ) കാമാർത്താഃ (അ-പു-പ്ര-ബ) ചേതനാചേതനേഷു (അ-ന-സ-ബ) പ്രകൃതികൃപണാഃ (അ-പു-പ്ര-ബ) ഹി (അ)

അന്വയാർത്ഥം—ധൂമജ്യോതിഃസലിലമരുത്തുകളുടെ സന്നിപാതമായ മേഘം എവിടെ? പടുകരണന്മാരായ പ്രാണികളാൽ പ്രാപണീയങ്ങളായ സന്ദേശാർത്ഥങ്ങൾ എവിടെ? ഔത്സുക്യത്താൽ ഇതിനെ അപരിഗണയന്നായിട്ടു്, ഗുഹ്യകൻ അതിനോടു യാചിച്ചു. കാമാർത്തന്മാർ ചേതനാചേതനങ്ങളിൽ പ്രകൃതികൃപണന്മാരാകുന്നുവല്ലോ.

പരി—ധൂമജ്യോതിഃസലിലമരുത്തുകൾ. ധൂമം, ജ്യോതിസ്സ്, സലിലം, മരുത്ത് ഇവ. ധൂമം=പുക. ജ്യോതിസ്സ്=അഗ്നി. സലിലം=വെള്ളം. മരുത്ത്=കാററ്. സന്നിപാതം=സംഘാതം (കൂടിക്കലർപ്പ്) പടുകരണന്മാർ=പടുക്കളായ കരണങ്ങളോടുകൂടിയവർ. പടുക്കൾ=സമർത്ഥങ്ങൾ. കരണങ്ങൾ=ഇന്ദ്രിയങ്ങൾ. പ്രാണികൾ=ജീവികൾ (ഇവിടെ മനുഷ്യരെന്നർത്ഥം) പ്രാപണീയങ്ങൾ=പ്രാപിപ്പിക്കപ്പെടുവാൻ യോഗ്യങ്ങൾ. പ്രാപിപ്പിക്കുക=കൊണ്ടുപോയിഎത്തിക്കുക. സന്ദേശാർത്ഥങ്ങൾ=സന്ദേശകാര്യങ്ങൾ. ഔത്സുക്യം=ഇഷ്ടസാദ്ധ്യത്തിലുള്ള ആസക്തി. അപരിഗണയൻ=പരിഗണയനല്ലാത്തവൻ. പരിഗണയൻ=പരിഗണിച്ചിയങ്ങുന്നവൻ. പരിഗണിക്ക=വിചാരിക്കുക. ഗുഹ്യകൻ=യക്ഷൻ. അതു്=മേഘം. യാചിക്ക=അപേക്ഷിക്കുക. കാമാർത്തന്മാർ=കാമംഹേതുവായിട്ടു ആർത്തന്മാർ. കാമം=കാമവികാരം. ആർത്തന്മാർ=പരവശന്മാർ ചേതനാചേതനങ്ങൾ=ചേതനങ്ങളും അചേതനങ്ങളും. ചേതനങ്ങൾ=ജീവനുള്ള

വ. അചേതനങ്ങൾ=ജീവനില്ലാത്തവ. പ്രകൃതികൃപണന്മാർ=പ്രകൃത്യാ കൃപണന്മാർ, സ്വഭാവേന ദീനന്മാരെന്നൎത്ഥം.

സാരം—പുക, അഗ്നി, വെള്ളം, കാററു് ഇവ കൂടിച്ചേൎന്നുണ്ടായതായ മേഘത്തിനും, കാൎയ്യാകാൎയ്യജ്ഞാനമുള്ള മനുഷ്യർ വഹിച്ചുകൊണ്ടുപോയി നിശ്ചിതസ്ഥാനത്തിൽ എത്തിക്കേണ്ട സന്ദേശകാൎയ്യങ്ങൾക്കുംതമ്മിൽ എന്തു സംബന്ധമാണുള്ളതു്ഃ ഒരു സംബന്ധവുമില്ല. ഇഷ്ടാൎത്ഥംസാധിക്കുന്നതിലുള്ള ആസക്തികൊണ്ടു വിവേകശൂന്യനായ യക്ഷൻ, ഈ വസ്തുത വിചാരിക്കാതെ, ആ മേഘത്തോടു് താഴെപ്പറയുംപ്രകാരം യാചിച്ചു. കാമംകൊണ്ടു മതിമറന്നവർ ജീവനുള്ളതോ ഇല്ലാത്തതോ എന്നുള്ള ഭേദം നോക്കാതെ സങ്കടപരിഹാരത്തിനപേക്ഷിക്കുന്ന സ്വഭാവമുള്ളവരാണല്ലോ.

മൂ— ജാതം വംശേ ഭുവനവിദിതേ പുഷ്കരാവൎത്തകാനാം
ജാനാമി ത്വാം പ്രകൃതിപുരുഷം കാമരൂപം മഘോനഃ
തേനാൎത്ഥിത്വം ത്വയി വിധിവശാദ് ദൂരബന്ധുൎഗ്ഗതോഽഹം
യാച്ഞാ മോഘാ വരമധിഗുണേ നാധമേ ലബ്ധകാമാ. ൬

വിഭക്തിയും അന്വയവും—ഹേ മേഘ (അ-പു സം-പ്ര-ഏ) ത്വാം (യുഷ്മദ്-ദ്വി-ഏ) ഭുവനവിദിതേ (അ-പു-സ-ഏ) പുഷ്കരാവൎത്തകാനാം (അ-പു-ഷ-ബ) വംശേ (അ-പു-സ-ഏ) ജാതം (അ-പു-ദ്വി-ഏ) കാമരൂപം (അ-പു-ദ്വി-ഏ) മഘോനഃ (ന-പു-ഷ-ഏ) പ്രകൃതിപുരുഷം (അ പു-ദ്വി-ഏ) ജാനാമി (ലട്-പ-പ-ഉ-പു-ഏ) തേന (തച്ഛ-ന-തൃ-ഏ) വിധിവശാൽ (അ-പു-പ-ഏ) ദൂരബന്ധുഃ (ഉ-പു-പ്ര-ഏ) അഹം (അസ്മദ്-പ്ര-ഏ) ത്വയി (യുഷ്മദ്-സ-ഏ) അൎത്ഥിത്വം (അ-ന-ദ്വി-ഏ) ഗതഃ (അ-പു-പ്ര-ഏ) അധിഗുണേ (അ-പു-സ-ഏ) യാച്ഞാ (ആ-സ്ത്രീ-പ്ര-ഏ) മോഘാ (ആ-സ്ത്രീ-പ്ര-ഏ) അപി (അ) വരം (അ) അധമേ (അ-പു-സ-ഏ) ലബ്ധകാമാ (ആ-സ്ത്രീ-പ്ര-ഏ) അപി (അ) ന വരം വ-ം (അ)

അന്വയാൎത്ഥം—അല്ലയോ മേഘമേ, നിന്നെ ഭുവനവിദിതമായ പുഷ്കരാവൎത്തകങ്ങളുടെ വംശത്തിൽ ജാതനെന്നും, കാമരൂപനെന്നും മഘവാവിൻെറ പ്രകൃതിപുരുഷനെന്നും ഞാനറിയുന്നു. അതുകൊണ്ടു് വിധിവശംഹേതുവായിട്ടു് ദൂരബന്ധുവായിരിക്കുന്ന ഞാൻ നിന്നിൽ അൎത്ഥിത്വത്തെ ഗതനായി. അധിഗുണങ്കൽ യാച്ഞ മോഘയായിരുന്നാലും, തരക്കേടില്ല- അധമങ്കൽ ലബ്ധകാമയായിരുന്നാലും നല്ലതല്ല.

പരി—ഭുവനവിദിതം=ഭുവനത്താൽ വിദിതം. ഭുവനം=ലോ

കം. വിദിതം=അറിയപ്പെട്ടതു്. പ്രസിദ്ധം എന്നൎത്ഥം. പുഷ്കരാവൎത്തകങ്ങൾ=പുഷ്കരങ്ങളും ആവൎത്തകങ്ങളും (എന്നപേരായ പ്രളയമേഘങ്ങൾ) വംശം=കുലം. ജാതൻ=ജനിച്ചവൻ. കാമരൂപൻ=ഇഷ്ടംപോലെ രൂപമെടുക്കാൻ കഴിയുന്നവൻ. എവിടെയും സഞ്ചരിക്കാൻതക്കവിധത്തിൽ രൂപത്തെ മാററാൻ കഴിയുന്നവനെന്നൎത്ഥം. മഘവാവു്=ഇന്ദ്രൻ. പ്രകൃതിപുരുഷൻ=പ്രതിനിധി. പ്രധാനഭൃത്യൻ എന്നുമാം. വിധിവശം=വിധിയുടെവശം. വിധി=ദൈവം. വശം=അധീനത്വം (വിധിവശാൽ എന്നതിനു് ദൈവവിധികൊണ്ടു് എന്നൎത്ഥം.) ദൂരബന്ധു=ദൂരത്തിൽ സ്ഥിതിചെയ്യുന്ന ബന്ധുവോടുകൂടിയവൻ. ബന്ധു=ഭാൎയ്യ. അൎത്ഥിത്വം=അൎത്ഥിയുടെ അവസ്ഥ. അൎത്ഥി=അൎത്ഥിക്കുന്നവൻ. അൎത്ഥിക്കുക=യാചിക്കുക. ഗതൻ=ഗമിച്ചവൻ. ഗമിക്ക=പ്രാപിക്കുക അധിഗുണൻ=അധികമായ ഗുണങ്ങളോടുകൂടിയവൻ. അധികം=അനല്പം. ഗുണങ്ങൾ=ഔദാൎയ്യാഭിജാത്യാദികൾ. യാച്ഞ=യാചനം. മോഘ=നിഷ്ഫല. ഫലപ്പെടാത്തതെന്നൎത്ഥം. അധമൻ=ഹീനൻ (ആഭിജാത്യം ഔദാൎയ്യം മുതലായ ഗുണങ്ങളൊന്നുമില്ലാത്തവനെന്നൎത്ഥം.) ലബ്ധകാമാ=ലഭിക്കപ്പെട്ട കാമത്തോടുകൂടിയതു്. ലഭിക്ക=പ്രാപിക്ക. കാമം=ആഗ്രഹം.

സാരം—അല്ലയോ മേഘമേ, നീ ലോകപ്രസിദ്ധമായ പുഷ്കരാവൎത്തകാദി പ്രളയമേഘങ്ങളുടെ വംശത്തിൽ ജനിച്ചവനാണെന്നും ഇഷ്ടംപോലെ രൂപമെടുക്കത്തക്ക സിദ്ധിയുള്ളവനാണെന്നും ഇന്ദ്രന്റെ പ്രധാന ഭൃത്യനാണെന്നും എനിക്കറിയാം. ഇങ്ങനെയുള്ള ഗുണങ്ങൾ നിനക്കു് ഉള്ളതുകൊണ്ടു് ദൈവവിധിയാൽ, ഭാൎയ്യയോടു വേൎപെട്ടിരിക്കുന്ന ഞാൻ നിന്നോടു് ഒരുകാൎയ്യം അപേക്ഷിക്കുന്നു. ആഭിജാത്യാദിഗുണങ്ങളുള്ളവരോടു ചെയ്യുന്ന അപേക്ഷ ഫലിച്ചില്ലെങ്കിലും തരക്കേടില്ല. ആഭിജാത്യാദിഗുണലേശംപോലുമില്ലാത്ത അധമന്മാരോടുചെയ്യുന്ന അപേക്ഷ ഫലിച്ചാലും അതു നല്ലതുമല്ല.

മൂ— സന്തപ്താനാം ത്വമസി ശരണം തൽ പയോദ! പ്രിയായാഃ
സന്ദേശം മേ ഹര! ധനപതിക്രോധവിശ്ലേഷിതസ്യ
ഗന്തവ്യാ തേ വസതിരളകാ നാമ യക്ഷേശ്വരാണാം
ബാഹ്യോദ്യാനസ്ഥിതഹരശിരശ്ചന്ദ്രികാ ധൗതഹൎമ്മ്യാ. ൭

വിഭക്തിയും അന്വയവും—ഹേ പയോദ! (അ-പു-സം-പ്ര-ഏ) ത്വം (യുഷ്മദ്-പ്ര-ഏ) സന്തപ്താനാം (അ-പു-ഷ-ബ) ശരണം (അ നപ്ര-ഏ) അസി (ലട്-പ-പ-മ-പു-ഏ) തൽ (അ) ധനപതിക്രോധവിശ്ലേഷിതസ്യ (അ-പു-ഷ-ഏ) മേ (അസ്മദ്-ഷ-ഏ) സന്ദേശം (അ-പു-ദ്വി-ഏ) പ്രിയായാഃ (ആ-സ്ത്രീ-ഷ-ഏ) ഹര

(ലോട്-പ-പ-മ-പു-ഏ) ബാഹ്യോദ്യാനസ്ഥിതഹരശിരശ്ചന്ദ്രികാധൌതഹർമ്മ്യാ-അളകാ (അ-സ്ത്രീ-പ്ര-ഏ) നാമ (അ) യക്ഷേശ്വരാണാം (അ-പു-ഷ-ബ) വസതിഃ (ഇ-സ്ത്രീ-പ്ര-ഏ) തേ (യുഷ്മദ്-ഷ-ഏ) ഗന്തവ്യാ (ആ-സ്ത്രീ-പ്ര-ഏ)

അന്വയാൎത്ഥം—അല്ലയോ പയോദ! നി സന്തപ്തന്മാൎക്കു് ശരണമായി ഭവിക്കുന്നു. അതുഹേതുവായിട്ടു് ധനപതിക്രോധവിശ്ലേഷിതനായ എന്റെ സന്ദേശത്തെ പ്രിയയ്ക്കു് ഹരിച്ചാലും! ബാഹ്യോദ്യാനസ്ഥിതഹരശിരശ്ചന്ദ്രികാധൌതഹർമ്മ്യയായിരിക്കുന്ന അളക എന്ന യക്ഷേശ്വരന്മാരുടെ വസതി നിനക്കു് ഗന്തവ്യയായി ഭവിക്കുന്നു.

പരി—പയോദം=മേഘം. സന്തപ്തന്മാർ=സന്തപിച്ചവർ. സന്തപിക്ക=ദുഃഖിക്കുക, ചൂടുപിടിക്കുക എന്നും. ശരണം=രക്ഷിതാവു് "ശരണംഗൃഹരക്ഷിത്രോഃ" എന്നമരം. ധനപതിക്രോധവിശ്ലേഷിതൻ=ധനപതിയുടെ ക്രോധത്താൽ വിശ്ലേഷിതൻ. ധനപതി=വൈശ്രവണൻ. ക്രോധം=കോപം. വിശ്ലേഷിതൻ=വിശ്ലേഷിപ്പിക്കപ്പെട്ടവൻ. വിശ്ലേഷിപ്പിക്ക=വേർപെടുത്തുക. സന്ദേശം=ദൂതു്. (പറഞ്ഞയയ്ക്കുന്ന വാക്കെന്നൎത്ഥം)പ്രിയ=ഭാൎയ്യ. ഹരിക്കുക=എത്തിക്കുക. ബാഹ്യോദ്യാനസ്ഥിതഹരശിരശ്ചന്ദ്രികാധൌതഹർമ്മ്യ = ബാഹ്യോദ്യാനസ്ഥിതനായിരിക്കുന്ന ഹരന്റെ ശിരശ്ചന്ദ്രികയാൽ ധൌതങ്ങളായ ഹർമ്മ്യങ്ങളോടുകൂടിയതു്. ബാഹ്യോദ്യാനസ്ഥിതൻ=ബാഹ്യോദ്യാനത്തിങ്കൽ സ്ഥിതൻ. ബാഹ്യോദ്യാനം=ബഹിർഭാഗത്തിങ്കലുള്ള ഉദ്യാനം. ബഹിർഭാഗം=പുറവശം. ഉദ്യാനം=പൂങ്കാവു്. സ്ഥിതൻ=സ്ഥിതിചെയ്യുന്നവൻ. സ്ഥിതിചെയ്ക=ഇരിക്കുക. ഹരൻ=ശിവൻ. ശിരശ്ചന്ദ്രിക=ശിരസ്സിലെചന്ദ്രിക. ശിരസ്സ്=തല. ചന്ദ്രിക=നിലാവു്. ധൌതങ്ങൾ=കഴുകപ്പെട്ടവ (വെങ്കളിപൂശപ്പെട്ടവ) ഹർമ്മ്യങ്ങൾ=മേടകൾ. യക്ഷേശ്വരന്മാർ=യക്ഷശ്രേഷ്ഠന്മാർ. വസതി=വാസസ്ഥലം. ഗന്തവ്യ=ഗമിക്കപ്പെടുവാൻ അർഹ. ഗമിക്ക=പോകുക.

സാരം—ഹേ മേഘമെ! നി വിരഹികളായ സ്ത്രീപുരുഷന്മാൎക്കു അന്യോന്യസമ്മേളനത്തെ പ്രേരിപ്പിക്കകൊണ്ടും, വെയിലേററു ചൂടുപിടിച്ചവരെ വെള്ളമൊഴിച്ചു തണുപ്പിക്കകൊണ്ടും, ഇങ്ങനെ രണ്ടു വിധത്തിലും സന്താപത്തോടുകൂടിയവൎക്കു രക്ഷിതാവാണല്ലോ. അതുകൊണ്ടു്, വൈശ്രവണന്റെ അപ്രീതിസമ്പാദിക്കയാൽ ഭാൎയ്യയോടു വേർപെട്ടിരിക്കാനിടയായ എന്റെ സന്ദേശത്തെ നി എന്റെ ഭാൎയ്യയുടെ അടുക്കൽ എത്തിക്കണം. അവളെക്കാണ്മാനായി നീ പോകേണ്ടതു്, പുറമേയുള്ള പൂങ്കാവിൽ എഴുന്നള്ളിയിരിക്കുന്ന

പരമശിവന്റെ ശിരസ്സിലെ ചന്ദ്രക്കലയിൽനിന്നു പുറപ്പെടുന്ന നിലാവെളിച്ചത്താൽ വെണ്മചേൎന്നു വിളങ്ങുന്ന മേടകളോടുകൂടിയ, അളക എന്നു പേരുള്ള യക്ഷപ്രമാണികളുടെ പുരിയിലേക്കാണു്.

മൂ— ത്വാമാരൂഢം പവനപദവീമുദ്ഗൃഹീതാളകാന്താഃ
പ്രേക്ഷിഷ്യന്തേ പഥികവനിതാഃ പ്രത്യയാദാശ്വസന്ത്യഃ
കഃസന്നദ്ധേവിരഹവിധുരാം ത്വയ്യുപേക്ഷേത ജായാം
ന സ്യാദന്യോപ്യഹമിവ ജനോയഃ പരാധീനവൃത്തിഃ ൮

വിഭക്തിയും അന്വയവും—പവനപദവീം (ഈ-സ്ത്രീ-ദ്വി-ഏ) ആരൂഢം (അ-പു-ദ്വി-ഏ) ത്വാം (യുഷ്മദ്-ദ്വി-ഏ) പഥികവനിതാഃ (ആ-സ്ത്രീ-പ്ര-ബ) പ്രത്യയാൽ (അ-പു-പ-ഏ) ആശ്വസന്ത്യഃ (ഈ-സ്ത്രീ-പ്ര-ബ) ഉദ്ഗൃഹീതാളകാന്താഃ (ആ-സ്ത്രീ-പ്ര-ബ) പ്രേക്ഷിഷ്യന്തേ (ലൃട്-ആത്മ.പ-പ്ര-പു-ബ) ത്വയി (യുഷ്മദ്-സ-ഏ) സന്നദ്ധേ (അ-പു-സ-ഏ) അന്യഃ (അ-പു-പ്ര-ഏ) അപി (അ) യഃ (യച്ഛ-പു-പ്ര-ഏ) ജനഃ (അ-പു-പ്ര-ഏ) അഹം (അസ്മദ്-പ്ര-ഏ) ഇവ (അ) പരാധീനവൃത്തിഃ (ഇ-പു-പ്ര-ഏ) ന (അ) സ്യാൽ (ലിങ് പ-പ-പ്ര-പു-ഏ) സഃ (തച്ഛ-പു-പ്ര-ഏ) കഃ (കിംശ-പു-പ്ര-ഏ) വിരഹവിധുരാം ജായാം (ആ-സ്ത്രീ-ദ്വി-ഏ) ഉപേക്ഷേത (ലിങ്-ആത്മ-പ-പ്ര-പു-ഏ)

അന്വയാൎത്ഥം—പവനപദവിയെ ആരൂഢനായിരിക്കുന്ന നിന്നെ പഥികവനിതമാർ പ്രത്യയംഹേതുവായിട്ടു് ആശ്വസന്തികളായിട്ടു്, ഉദ്ഗൃഹീതാളകാന്തകളായിട്ടു്, പ്രേക്ഷിക്കും. നീ സന്നദ്ധനായിരിക്കുമ്പോൾ, അന്യമായ യാതൊരു ജനം ഞാൻ എന്നപോലെ പരാധീനവൃത്തിയായി ഭവിക്കുന്നില്ലയോ, അങ്ങനെയുള്ള ഏതൊരു ജനം വിരഹവിധുരയായ ജായയെ ഉപേക്ഷിക്കും.

പരി—പവനപദവി=ആകാശം. ആരൂഢൻ=ആരോഹിച്ചവൻ. ആരോഹിക്ക=കരേറുക. പഥികവനിതമാർ=പഥികന്മാരുടെ വനിതമാർ. പഥികന്മാർ=വഴിയാത്രതിരിച്ചവർ. ദൂരസ്ഥലങ്ങളിൽപോയിത്താമസിക്കുന്നവരെന്നൎത്ഥം. വനിതമാർ=ഭാൎയ്യമാർ. പ്രത്യയം=വിശ്വാസം. ഭൎത്താവു് ഉടനേ വന്നുചേരുമെന്നുള്ള വിശ്വാസം എന്നഭിപ്രായം. ആശ്വസന്തികൾ=ആശ്വസിച്ചുകൊണ്ടിരിക്കുന്നവർ. ആശ്വസിക്കുക=സങ്കടംമാറുക. ഉദ്ഗൃഹീതാളകാന്തകൾ=ഉദ്ഗൃഹീതങ്ങളായിരിക്കുന്ന അളകാന്തങ്ങളോടുകൂടിയവർ. ഉദ്ഗൃഹീതങ്ങൾ=ഉദ്ഗ്രഹിക്കപ്പെട്ടവ. ഉദ്ഗ്രഹിക്ക=ഉയൎത്തിപ്പിടിക്കുക. അളകാന്തങ്ങൾ=അളകങ്ങളുടെ അന്തങ്ങൾ. അളകങ്ങൾ=കുറുനിരകൾ. അന്തങ്ങൾ=അററങ്ങൾ. പ്രേക്ഷിക്കുക=

നോക്കുക. സന്നദ്ധൻ=ഉദ്യുക്തൻ. മഴവെള്ളം വീഴ്ത്താൻ ഒരുങ്ങിയവനെന്നർത്ഥം. അന്യം=അപരം. പരാധീനവൃത്തി=പരാധീനയായ വൃത്തിയോടുകൂടിയതു്. പരാധീന=അന്യാധീന. മറെറാരാളിൻെറ ഇച്ഛയ്ക്കധീനമായതെന്നർത്ഥം. വൃത്തി=ജീവിതം. വിരഹവിധുര=വിരഹം ഹേതുവായിട്ടു വിധുര. വിരഹം=വേർപാടു് വിധുരാ=ദുഃഖിത. ജായ=ഭാര്യ.

സാരം—നി ആകാശത്തിൽ ഉയർന്നുപോകുമ്പോൾ ഭർത്താക്കന്മാരെ വേർപെട്ടിരിക്കുന്നവരായ സ്ത്രീജനങ്ങൾ, "ഓഹോ! മഴക്കാലമായി ഇനി ഭർത്താവു വരാതെ ഇരിക്കയില്ല" എന്നുള്ള വിശ്വാസത്താൽ, ആശ്വസിച്ചുകൊണ്ടു് വളർന്നു നെററിയിൽ തൂങ്ങിക്കിടക്കുന്ന കുറുംതലമുടികളെ പൊക്കി, നിന്നെ നോക്കി രസിക്കും. നീ വർഷത്തിനായി തയാറാകുമ്പോൾ എന്നെപ്പോലെ മറെറാരാളിൻെറ ബന്ധനത്തിൽ അകപ്പെടാത്തവരാരും വേർപാടു കൊണ്ടു ദുഃഖിക്കുന്ന ഭാര്യമാരെ ഉപേക്ഷിക്കയില്ലതന്നെ. അലങ്കാരം അർത്ഥാന്തരന്യാസം.

മൂ— മന്ദം മന്ദം നുദതി പവനശ്ചാനുകൂലോ യഥാ ത്വാം
വാമശ്ചായം നദതി മധുരം ചാതകസ്തേ സഗന്ധഃ
ഗർഭാധാനക്ഷണപരിചയാന്നൂനമാബദ്ധമാലാ
സേവിഷ്യന്തേനയനസുഭഗം ഖേ ഭവന്തം ബലാകാഃ ൯

വിഭക്തിയും അന്വയവും—അനുകൂലഃ പവനഃ (അ-പു-പ്ര-ഏ) ത്വാം (യുഷ്മദ്-ദ്വി-ഏ) മന്ദം മന്ദം (ക്രി-വി) യഥാ (അ) നുദതി (ലട്-പ-പ-പ്ര-പു-ഏ) അയം (ഇദം-ശ-പു-പ്ര-ഏ) സഗന്ധഃ ചാതകഃ (അ-പു-പ്ര-ഏ) തേ (യുഷ്മദ്-ഷ-ഏ) വാമഃ (അ-പു-പ്ര-ഏ) മധുരം (ക്രി-വി) നദതി (ലട്-പ-പ-പ്ര-പു-ഏ) ഗർഭാധാനക്ഷണപരിചയാൽ (അ-പു-പ-ഏ) ഖേ (അ-ന-സ-ഏ) ആബദ്ധമാലാഃ (ആ-സ്ത്രീ-പ്ര-ബ) വലാകാഃ (ആ-സ്ത്രീ-പ്ര-ബ) നയനസുഭഗം (അ-പു-ദ്വി-ഏ) ഭവന്തം (ത-പു-ദ്വി-ഏ) സേവിഷ്യന്തേ (ലൃട്-ആത്മ-പ-പ്ര-പു-ബ)

അന്വയാർത്ഥം—അനുകൂലനായ പവനൻ നിന്നെ പതുക്കെപ്പതുക്കെ യാതൊരുപ്രകാരം നോദിക്കുന്നു, അപ്രകാരം സഗന്ധമായ ഈ ചാതകം നിൻെറ വാമമായിട്ടു് മധുരമാകുംവണ്ണം നദിക്കുന്നു. ഗർഭാധാനക്ഷണപരിചയം ഹേതുവായിട്ടു് ഖത്തിങ്കൽ ആബദ്ധമാലകളായ വലാകകൾ നയനസുഭഗനായ ഭവാനെ സേവിക്കും.

പരി—അനുകൂലൻ=ഗതിക്കു് അനുസരിച്ചവൻ. പോക്കി

ന ചേൎന്നവണ്ണം വീശുന്നവനെന്നൎത്ഥം. പവനൻ=വായു. നോദിക്ക=പ്രേരിപ്പിക്കുക. നടത്തുക എന്നൎത്ഥം. സഗന്ധം=ഗന്ധത്തോടുകൂടിയതു്. ഗന്ധം=മദം. ചാതകം=വേഴാമ്പൽ, വാമം=വാമഭാഗത്തിങ്കൽ സ്ഥിതിചെയ്യുന്നതു്. വാമഭാഗം=ഇടതുവശം. നദിക്കുക=ശബ്ദിക്കുക. ഗൎഭാധാനക്ഷണപരിചയം=ഗർഭാധാനക്ഷണത്തിങ്കലുള്ള പരിചയം. ഗർഭാധാനക്ഷണം=ഗർഭധാനമാകുന്ന ക്ഷണം. ഗർഭാധാനം=ഗർഭത്തിന്റെ ആധാനം. ഗർഭം=വയററിൽ കിടക്കുന്ന ശിശു. ആധാനം=ഉൽപാദനം. ഉണ്ടാക്കൽ എന്നർത്ഥം. ക്ഷണം=ഉത്സവം. "ക്ഷണഉദ്ധവഉത്സവഃ" എന്നമരം. പരിചയം=അഭ്യാസം. നടത്തൽ എന്നർത്ഥം. ഖം=ആകാശം. ആബദ്ധമാലങ്ങൾ-ആബദ്ധകളായ മാലകളോടുകൂടിയതു്. ആബദ്ധകൾ=ആബന്ധിക്കപ്പെട്ടവ. ആബന്ധിക്കുക=കോൎക്കുക. മാലകൾ=പംക്തികൾ. നിരകൾ എന്നർത്ഥം. വലാകകൾ=വെള്ളിപ്രാവുകൾ. നയനസുഭഗൻ=നയനങ്ങൾക്കു സുഭഗൻ. നയനങ്ങൾ=കണ്ണുകൾ. സുഭഗൻ=പ്രിയൻ. സേവിക്കുക=ഉപചരിക്കുക.

സാരം:—നിനക്കു് ഇപ്പോൾ പുറപ്പെടാനുള്ള ശകുനമെല്ലാം ശുഭമായിരിക്കുന്നു. ഇളംകാററു നിനക്കു പോകേണ്ട ദിക്കിലേക്കു തന്നെ വീശി നിന്നെ സഹായിക്കാൻ ഒരുങ്ങിയിരിക്കുന്നു. നിന്റെ ഇടത്തുഭാഗത്തു് ഈ വേഴാമ്പൽ മദത്തോടുകൂടി മധുരമായി ശബ്ദിക്കുന്നു. ഈ വെള്ളിപ്പക്ഷികൾ ഗർഭനിഷേകമായ ഉത്സവത്തെ ആഘോഷിക്കുന്നതിനായി വരിവരിയായി നിനക്കു് അകമ്പടി സേവിക്കും

മൂലം—താഞ്ചാവശ്യം ദിവസഗണനാതല്പരാമേകപത്നി-
മവ്യാപന്നാമവിഹതഗതി ദ്രക്ഷ്യസി ഭ്രാതൃജായാം
ആശാബന്ധഃ കുസുമസദൃശം പ്രായശോ ഹ്യംഗനാനാം
സദ്യഃപാതിപ്രണയിഹൃദയം വിപ്രയോഗേ രുണദ്ധി

വിഭക്തി + അന്വ—ഹേ മേഘ! (അ-പു-സം-പ്ര-ഏ)ദിവസഗണനാതല്പരാം (ആ-സ്ത്രീ-ദ്വി-ഏ) അവ്യാപന്നാം (ആ-സ്ത്രീ-ദ്വി-ഏ) ഏകപത്നീം (ഈ-സ്ത്രീ-ദ്വി-ഏ) ഭ്രാതൃജായാം (ആ-സ്ത്രീ-ദ്വി-ഏ) താം (തച്ഛ-സ്ത്രീ-ദ്വി-ഏ) അവിഹതഗതിഃ (ഇ-പു-പ്ര-ഏ) അവശ്യം (അ) ദ്രക്ഷ്യസി (ലൃട്-പ-പ-മ-പു-ഏ) ച (അ) ആശാബന്ധഃ (അ-പു-പ്ര-ഏ) പ്രണയി(ന-ന-ദ്വി-ഏ) കുസുമസദൃശം (അ-ന-ദ്വി-ഏ)വിപ്രയോഗേ (അ-പു-സ-ഏ) സദ്യഃപാതി (ന-ന-ദ്വി-ഏ) അംഗനാനാം (ആ-സ്ത്രീ-ഷ-ബ) ഹൃദയം (അ-ന-ദ്വി-ഏ) പ്രായശഃ (അ) രുണദ്ധി (ലട്-പ-പ-പ്ര-പു-ഏ)

അന്വയാൎത്ഥം—അല്ലയോ മേഘമേ! ദിവസഗണനാതല്പരയായി, അവ്യാപന്നയായി ഏകപത്നിയായിരിക്കുന്ന ഭ്രാതൃജായയായ അവളെ അവിഹതഗതിയായിട്ടു തീൎച്ചയായി നീ കാണും. ആശാബന്ധം, പ്രണയിയായി കുസുമസദൃശമായി വിപ്രയോഗത്തിങ്കൽ സദ്യഃപാതിയായിരിക്കുന്ന അംഗനമാരുടെ ഹൃദയത്തെ പ്രായേണ രോധിക്കുന്നു.

പരി—ദിവസഗണനാതല്പര=ദിവസഗണനയിൽ തല്പര. ദിവസഗണന=ദിവസങ്ങളുടെ ഗണന. ദിവസങ്ങൾ=തടവൊഴിയുന്നതിനു ശേഷിപ്പുള്ള ദിവസങ്ങൾ. ഗണന=കണക്കാക്കൽ. തല്പര=താല്പൎയ്യയുക്ത. അവ്യാപന്ന=വ്യാപന്നയല്ലാത്തവൾ. വ്യാപന്ന=വ്യാപദിച്ചവൾ. വ്യാപദിക്ക=മരിക്കുക. ഏകപത്നി=ഏകനായ പതിയോടുകൂടിയവൾ. ഏകൻ=ഒരുത്തൻ. പതി=ഭൎത്താവു്. ഭ്രാതൃജായ=ഭ്രാതാവിന്റെ ജായ. ഭ്രാതാവു്=സഹോദരൻ. ജായ=ഭാൎയ്യ. നിന്റെ സഹോദരനായ എന്റെഭാൎയ്യ എന്നൎത്ഥം. അവിഹതഗതി=അവിഹതയായിരിക്കുന്ന ഗതിയോടുകൂടിയവൻ. അവിഹത=വിഹതയല്ലാത്തതു്. വിഹത=വിഘ്നപ്പെട്ടതു്. ഗതി=പോക്കു. ആശാബന്ധം=ആശയാകുന്ന ബന്ധം. ആശ=അതിതൃഷ്ണ. അത്യന്തമായ ആഗ്രഹം എന്നൎത്ഥം. ബന്ധം=ബന്ധനം. പ്രണയി=പ്രണയമുള്ളതു്. പ്രണയം=പ്രേമം. കുസുമസദൃശം=കുസുമത്തോടുതുല്യം. കുസുമം=പുഷ്പം. വിപ്രയോഗം=വിരഹം. സദ്യഃപാതി=ഉടനെ പതിക്കുശീലമായതു്. പതിക്ക=വീഴുക. അംഗനമാർ=സ്ത്രീകൾ. ഹൃദയം=ജീവിതം. രോധിക്കുക=തടുക്കുക.

സാരം—ഹേ മേഘമേ, എന്റെ ശിക്ഷാവിധി അവസാനിക്കുന്നതിനു ശേഷിപ്പുള്ള ദിവസങ്ങളെ കണക്കാക്കിക്കൊണ്ടു് മരിക്കാതെ ഒരുവിധത്തിൽ ജീവിച്ചിരിക്കുന്ന പതിവ്രതയായ എന്റെ ഭാൎയ്യയെ എങ്ങുംതാമസിയാതെ വേഗത്തിൽപോയാൽ തീൎച്ചയായി നിനക്കു കാണാൻ സംഗതിയാകും. വിരഹദുഃഖത്താൽ ഉടനെ നശിക്കാൻ ഇടയുള്ള പൂവുപോലെ മൃദുവും, പ്രേമയുക്തവുമായ സ്ത്രീകളുടെ ഹൃദയത്തെ (ജീവിതത്തെ) നശിക്കാതെ തടുക്കുന്നതു് ആശാബന്ധമാണു്. ഭൎത്താവിനെ അചിരേണ കാണ്മാൻ ഇടയാകുമെന്നുള്ള പ്രത്യാശയാണു്. (അൎത്ഥാന്തരന്യാസം അലങ്കാരം)

മൂ—. കൎത്തും യച്ച പ്രഭവതി മഹീമുച്ഛിലീന്ധ്രാമവന്ധ്യാം
തഛ്ശ്രുത്വാ തേ ശ്രവണസുഭഗം ഗൎജ്ജിതം മാനസോൽകാഃ
ആകൈലാസാദ് ബിസകിസലയച്ഛേദപാഥേയവന്തഃ
സമ്പത്സ്യന്തേ നഭസി ഭവതോ രാജഹംസാഃ സഹായാഃ ൧൧

വിഭ—അന്വഃ—യൽ (യച്ഛ-ന-പ്ര-ഏ) മഹീം (ഈ-സ്ത്രീ-

ദ്വി-ഏ) ഉച്ഛിലീന്ധ്രാം അവന്ധ്യാം (ആ-സ്ത്രീ-ദ്വി-ഏ) കർത്തൃ (ഉ-മൃ-അ) പ്രഭവതി (ലട്-പ-പ-പ്ര-പു-ഏ) തൽ (തച്ഛ-ന-ദ്വി-ഏ) ശ്രവണസുഭഗം (അ-ന-ദ്വി-ഏ) തേ (യുഷ്മദ്-ഷ-ഏ) ഗർജ്ജിതം (അ-ന-ദ്വി-ഏ) ശ്രുത്വാ (ക്ത്വാ-അ) മാനസോൽകാഃ (അ-പു-പ്ര-ബ) ബിസകിസലയച്ഛേദപാഥേയവന്തഃ (ത-പു-പ്ര-ബ) രാജഹംസാഃ (അ-പു-പ്ര-ബ) നഭസി (സ-ന-സ-ഏ) ഭവതഃ (ത-പു-ഷ-ഏ) ആ (അ) കൈലാസാൽ (അ-പു-പ-ഏ) സഹായാഃ (അ-പു-പ്ര-ബ) സമ്പത്സ്യന്തേ (ലൃട്-ആ-പ്ര-പു-ബ)

അന്വയാർത്ഥം—യാതൊന്നു് മഹിയെ ഉച്ഛിലീന്ധ്രയാക്കി അവന്ധ്യയാക്കിച്ചെയ്യാനായിക്കൊണ്ടു പ്രഭവിക്കുന്നു. ആ ശ്രവണസുഭഗമായ നിന്റെ ഗർജ്ജിതത്തെ ശ്രവിച്ചിട്ടു്, മാനസോൽകങ്ങളായി ബിസകിസലയച്ഛേദപാഥേയവത്തുകളായിരിക്കുന്ന രാജഹംസങ്ങൾ നഭസ്സിങ്കൽ ഭവാനു്, കൈലാസത്തോളവും സഹായങ്ങളായി സംപദിക്കും.

പരി—യാതൊന്നു്=ഗർജ്ജിതം. മഹി-ഭൂമി. ഉച്ഛിലീന്ധ്രം=ഉദ്ഭൂതങ്ങളായ ശിലീന്ധ്രങ്ങളോടുകൂടിയതു്. ഉദ്ഭൂതങ്ങൾ=ഉത്ഭവിച്ചവ, ശിലീന്ധ്രങ്ങൾ=കുമിളുകൾ. അവന്ധ്യ=വന്ധ്യയല്ലാത്തതു്. വന്ധ്യ=ഫലത്തോടുകൂടാത്തതു്. (അവന്ധ്യ എന്നതിനു ഫലത്തോടുകൂടിയതെന്നർത്ഥം) കുമിളുകൾ സസ്യസമൃദ്ധിയെ സൂചിപ്പിക്കുന്നു എന്നു പ്രസിദ്ധിയുണ്ടു്. "കാലാഭ്രയോഗാദുദിതാഃ ശിലീന്ധ്രാഃ സമ്പന്നസസ്യാം കഥയന്തി ധാത്രീം" എന്നു്, നിമിത്തനിദാനത്തിലുണ്ടു്. പ്രഭവിക്കുക=ശക്തമായിഭവിക്കുക. ശ്രവണസുഭഗം=ശ്രവണങ്ങൾക്കു സുഭഗം. ശ്രവണങ്ങൾ ചെവികൾ സുഭഗം=മധുരം. ഗർജ്ജിതം=ഇടിമുഴക്കം. ശ്രവിക്ക=കേൾക്കുക മാനസോൽകങ്ങൾ=മാനസത്തിങ്കൽ ഉൽകങ്ങൾ. മാനസം=മാനസസരസ്സ്. ഉൽകങ്ങൾ=ഉന്മനസ്സുകൾ മനസ്സുവച്ചവ എന്നർത്ഥം. ബിസകിസലയച്ഛേദപാഥേയവത്തുകൾ = ബിസകിസലയച്ഛേദങ്ങളാകുന്ന പാഥേയമുള്ളവ. ബിസകിസലയച്ഛേദങ്ങൾ,ബിസകിസലയങ്ങളുടെഛേദങ്ങൾ. ബിസകിസലയങ്ങൾ=ബിസങ്ങളുടെ കിസലയങ്ങൾ. ബിസങ്ങൾ=താമരവളയങ്ങൾ. കിസലയങ്ങൾ=അഗ്രങ്ങൾ. പാഥേയം=വഴിക്കുള്ളഭക്ഷണം. രാജഹംസങ്ങൾ=അരയന്നങ്ങൾ. നഭസ്സ്=ആകാശം. ഭവാനു=അങ്ങു്. സഹായങ്ങൾ=സയാത്രങ്ങൾ. ഒരുമിച്ചുയാത്രചെയ്യുന്നവ എന്നർത്ഥം. സംപദിക്ക=ഭവിക്കുക.

സാരം—ഭൂമിയിൽ കുമിളുകളെ മുളപ്പിച്ചിട്ടു് സസ്യസമൃദ്ധിയെ സൂചിപ്പിക്കാൻ ശക്തമായ നിന്റെ ഗർജ്ജിതത്തെക്കേട്ടു്, മാ

നസസരസ്സിലേക്കു പോകാനൊരുങ്ങി വഴിക്കു തിന്നാൻ താമരവളയങ്ങളും കൊത്തിക്കൊണ്ടുപറന്നുവരുന്ന അരയന്നങ്ങൾ കൈലാസപൎവതംവരെ ആകാശത്തിൽ നിന്നോടൊന്നിച്ചുണ്ടായിരിക്കും.

മൂ— ആപൃച്ഛസ്വ പ്രിയസഖമമും തുംഗമാലിംഗ്യ ശൈലം
വന്ദ്യൈഃ പുംസാം രഘുപതിപദൈരങ്കിതം മേഖലാസു-
കാലേകാലേ ഭവതി ഭവതേ യസ്യ സംയോഗമേത്യ
സ്നേഹവ്യക്തിശ്ചിരവിരഹജം മുഞ്ചതോ ബാഷ്പമുഷ്ണം. ൧൨

വിഭക്തിയും അന്വയവും—പ്രിയസഖം (അ-പു-ദ്വി-ഏ-) തുംഗം (അ-പു-ദ്വി-ഏ) പുംസാം (സ-പു-ഷ-ബ). വന്ദ്യൈഃ) രഘുപതിപദൈഃ (അ-ന-തൃ-ബ) മേഖലാസു (ആ-സ്ത്രീ-സ-ബ-) അങ്കിതം. (അ-പു-ദ്വി-ഏ) അമും (അദഃ-പു-ദ്വി-ഏ) ശൈലം. (അ-പു-ദ്വി-ഏ) ആലിംഗ്യ. (ല്യ-അ) ആപൃച്ഛസ്വ (ലോട് ആത്മ-പ-മ-പു-ഏ) കാലേകാലേ (അ-പു-സ-ഏ)ഭവതഃ (ത-പു ഷ-ഏ) സംയോഗം (അ-പു-ദ്വി-ഏ) ഏത്യ (ല്യ-അ) ചിരവിരഹജം ഉഷ്ണം ബാഷ്പം (അ-ന-ദ്വി-ഏ) മുഞ്ചതഃ—(ത-പു-ഷ-ഏ) യസ്യ (യച്ഛപു-ഷ-ഏ) സ്നേഹവ്യക്തിഃ (ഇ-സ്ത്രീ-പ്ര-ഏ) ഭവതി (ലട്-പ പ-പ്ര-പു-ഏ)

അന്വൎത്ഥം—പ്രിയസഖനായി തുംഗനായി പുമാൻമാൎക്കു വന്ദ്യങ്ങളായ രഘുപതി പദങ്ങളെക്കൊണ്ടു് മേഖലകളിൽ അങ്കിതനായിരിക്കുന്ന ഈ ശൈലത്തെ ആലിംഗനംചെയ്തിട്ടു് ആപൃച്ഛിച്ചാലും! കാലത്തിങ്കൽ കാലത്തിങ്കൽ ഭവാന്റെ സംയോഗത്തെ പ്രാപിച്ചിട്ടു്, ചിരവിരഹജമായി ഉഷ്ണമായിരിക്കുന്ന ബാഷ്പത്തെ മുഞ്ചുന്നായിരിക്കുന്ന യാവനൊരുത്തന്നു് സ്നേഹവ്യക്തി ഭവിക്കുന്നു.

പരി—പ്രിയസഖൻ=പ്രിയനായസഖാവു്. പ്രിയൻ=ഇഷ്ടൻ. സഖാവു്=സ്നേഹിതൻ. തുംഗൻ=ഉന്നതൻ. പുമാന്മാർ=പുരുഷന്മാർ. വന്ദ്യങ്ങൾ=വന്ദിക്കപ്പെടുവാൻ യോഗ്യങ്ങൾ. രഘുപതിപദങ്ങൾ=രഘുപതിയുടെ പദങ്ങൾ. രഘുപതി=ശ്രീരാമൻ. പദങ്ങൾ=ചുവട്ടടികൾ. മേഖലകൾ=കടകങ്ങൾ മദ്ധ്യഭാഗങ്ങൾ എന്നൎത്ഥം, അങ്കിതൻ=അടയാളപ്പെട്ടവൻ. ശൈലം=പൎവതം (രാമഗിരി) ആലിഗനംചെയ്ക=ആശ്ലേഷിക്കുക. ആപൃച്ഛിക്ക=യാത്രചോദിക്കുക എന്ന ഉപചാരംചെയ്ക. കാലത്തിങ്കൽ കാലത്തിങ്കൽ=കാലംതോറും. ഭവാൻ=അങ്ങു്. സംയോഗം=ചേൎച്ച. പ്രാപിക്കുക=ലഭിക്കുക. ചിരവിരഹജം=ചിരവിരഹത്തിൽനിന്നുജനിച്ചതു്. ചിരവിരഹം=വളരെക്കാലത്തെ വിരഹം. വിരഹം=വേർപാടു്. ജനിക്ക=

ഉണ്ടാക. ഉഷ്ണം=ചൂടുള്ളതു്. ബാഷ്പം=കണ്ണുനീരു്. മുഞ്ചൻ=മോചിച്ചിയങ്ങുന്നവൻ. മോചിക്ക=വാൎക്കക. യാവനൊരുത്തൻ=ശൈലം സ്നേഹവ്യക്തി=സ്നേഹത്തിന്റെ വ്യക്തി. വ്യക്തി=ആവിർഭാവം സ്പഷ്ടത എന്നൎത്ഥം.

സാരം—ഹേ മേഘമേ, ഇഷ്ടനായ സ്നേഹിതനായും അത്യുന്നതനായും, ലോകവന്ദ്യങ്ങളായ ശ്രീരാമന്റെ കാലടികൾ, മദ്ധ്യഭാഗത്തു് പതിഞ്ഞിട്ടുള്ള സുകൃതിയായുമിരിക്കുന്ന ഈ പൎവതശ്രേഷ്ഠനെ സ്നേഹപൂൎവം ആശ്ലേഷിച്ചിട്ടു്, "പ്രിയസുഹൃത്തേ! ഞാൻ പോയിവരട്ടെ" എന്നിങ്ങനെ യാത്രപറഞ്ഞാദരിക്കുക! അവൻ വൎഷകാലംതോറും നീവരുമ്പോൾ വളരെക്കാലം പിരിഞ്ഞിരിക്കകൊണ്ടുള്ള സംകടത്താൽ ചൂടോടുകൂടിയ കണ്ണുനീർവാൎത്തു് സ്നേഹത്തെ വെളിപ്പെടുത്തുന്നവനാണല്ലോ.

വൎഷകാലത്തു് പൎവതത്തിൽ ഉയരുന്ന ആവിയെയാണു് ഇവിടെ കവി കണ്ണുനീരാക്കി കല്പിച്ചിരിക്കുന്നതു്.

മൂ—മാർഗ്ഗം താവച്ഛൃണു കഥയതസ്ത്വൽപ്രയാണാനുരൂപം
സന്ദേശം മേ തദനുജലദ! ശ്രോഷ്യസി ശ്രോത്രപേയം
ഖിന്നഃഖിന്നഃ ശിഖരിഷു പദം ന്യസ്യ ഗന്താസി യത്ര-
ക്ഷീണഃക്ഷീണഃ പരിലഘു പയഃ സ്രോതസാഞ്ചോപഭുജ്യ-൧൩

വിഭക്തിയും അന്വയവും:—ഹേ ജലദ! (അ-പു-സം-പ്ര-ഏ) താവൽ (അ) കഥയതഃ (ത-പു-ഷ-ഏ) മത്തഃ (തസി-അ) ത്വൽപ്രയാണാനുരൂപം-മാർഗ്ഗം (അ-പു-ദ്വി-ഏ) ശൃണു (ലൊട്-പ-പ-മ-പു-ഏ) തദനു (അ) ശ്രോത്രപേയം (അ-പു-ദ്വി-ഏ) മേ (അസ്മദ്-ഷ ഏ) സന്ദേശം (അ-പു-ദ്വി-ഏ) ശ്രോഷ്യസി (ലൃട് പ-പ-മ-പു-ഏ) യത്ര (അ) ഖിന്നഃ ഖിന്നഃ (അ-പു-പ്ര-ഏ) ശിഖരിഷു (ന-പു-സ-ബ) പദം (അ-ന-ദ്വി-ഏ) ന്യസ്യ (ല്യ-അ) ക്ഷീണഃ ക്ഷീണഃ (അ-പു-പ്ര-ഏ) സ്രോതസാം (സ-സ്ത്രീ-ഷ-ബ) പരിലഘു (ഉ-ന-ദ്വി-ഏ) പയഃ (സ-ന-ദ്വി-ഏ) ഉപഭുജ്യ (ല്യ-അ) ച (അ) ഗന്താസി (ലുട്-പ-പ-മ-പു-ഏ)

അന്വയാൎത്ഥം—അല്ലയോ ജലദമേ! ഇപ്പോൾ കഥയന്നായിരിക്കുന്ന എങ്കൽനിന്നു് ത്വൽപ്രയാണാനുരൂപമായിരിക്കുന്ന മാൎഗ്ഗത്തെ ശ്രവിച്ചാലും! അനന്തരം ശ്രോത്രപേയമായിരിക്കുന്ന എന്റെ സന്ദേശത്തെ നി ശ്രവിക്കും. യാതൊന്നിങ്കൽ, ഖിന്നനായിട്ടു് ഖിന്നനായിട്ടു് ശിഖരികളിൽ പദത്തെ ന്യസിച്ചിട്ടും ക്ഷീണനായിട്ടു ക്ഷീണനായിട്ടു്, സ്രോതസ്സുകളുടെ പരിലഘുവായിരിക്കുന്ന പയസ്സിനെ ഉപഭുജിച്ചിട്ടും നിനക്കു് ഗമിക്കാം.

പരി—ജലദം=മേഘം. കഥയൻ=കഥിച്ചിയങ്ങുന്നവൻ. തൽപ്രയാണാനുരൂപം=തൽപ്രയാണത്തിന് അനുരൂപം. തൽപ്രയാണം=നിന്റെ പ്രയാണം. പ്രയാണം=യാത്ര. അനുരൂപം=ഉചിതം. മാർഗ്ഗം=വഴി. ശ്രവിക്കുക=കേൾക്കുക. ശ്രോത്രപേയം=ശ്രോത്രങ്ങളാൽ പേയം. ശ്രോത്രങ്ങൾ=കാതുകൾ. പേയം=പാനംചെയ്യപ്പെടുവാൻ യോഗ്യം. കേൾപ്പാൻ രസമുള്ളതെന്നുസാരം. സന്ദേശം=ദൂത്. ശ്രവിക്കുക=കേൾക്കുക. യാതൊന്ന്=മാർഗ്ഗം. ഖിന്നൻ=തളന്നവൻ. (യാത്രകൊണ്ട് ബലം കുറഞ്ഞവൻ എന്നർത്ഥം) ശിഖരികൾ=പർവ്വതങ്ങൾ. പദം=കാൽ. ക്ഷീണൻ=കൃശൻ, ഭക്ഷ്യപേയങ്ങളിൽ ആർത്തിയോടുകൂടിയവൻ എന്നർത്ഥം. സ്രോതസ്സുകൾ=അരുവികൾ. പരിലഘു=ഏററവും ലഘു. കനം കുറഞ്ഞതു്. (നിർമ്മലമായതെന്നുസാരം.) കൽത്തറയിൽ തട്ടിവീണൊഴുകുന്ന വെള്ളം പഥ്യമാണെന്ന് വിധിയുള്ളതുകൊണ്ട്, അപ്രകാരമുള്ള വെള്ളമെന്നും ഗ്രഹിക്കാം. ഉപഭുജിക്ക=കുടിക്കുക. ഗമിക്ക=പോക.

ഹേ! മേഘമേ അളകാപുരത്തേക്ക് പോകാനുള്ള മാർഗ്ഗത്തെ ആദ്യമായി ഞാൻ നിനക്ക് പറഞ്ഞുതരാം. കേട്ടോളു. അതിൽപിന്നെ, കേൾക്കാൻ വളരെ കൌതുകം തോന്നുന്ന എന്റെ സന്ദേശവും പറയാം. വഴിമേൽ യാത്രചെയ്തു തളർച്ചതോന്നുമ്പോൾ അവിടവിടെ കാണുന്ന പർവ്വതങ്ങളിൽ അല്പം ഇരുന്ന് വിശ്രമിച്ചും, ദാഹം തോന്നുന്നുവെങ്കിൽ, അരുവിയാറുകളിൽ കൽത്തളങ്ങളിൽ തട്ടിയൊഴുകുന്ന പഥ്യമായ വെള്ളം കുടിച്ചും, ക്ഷീണം തീർത്തിട്ട് പോകാവുന്നതാണ്.

അദ്രേഃ ശൃംഗംഹരതിപവനഃ കിംസ്വിദിത്യുന്മുഖീഭിർ–
ദൃഷ്ടോത്സാഹഃ ചകിതചകിതം മുഗ്ദ്ധസിദ്ധാംഗനാഭിഃ
സ്ഥാനാദസ്മാൽ സരസനിചുളാദുൽപതോദങ്മുഖഃ ഖം
ദിങ്നാഗാനാം പഥി പരിഹരൻ സ്ഥൂലഹസ്താവലേപാൻ.

പവനഃ (അ-പു-പ്ര-ഏ) അദ്രേഃ (ഇ-പു-ഷ-ഏ) ശൃംഗം (അ-ന-ദ്വി-ഏ) ഹരതി (ലട്-പ-പ-പ്ര-പു-ഏ) കിംസ്വിൽ (അ) ഇതി (അ) ഉന്മുഖീഭിഃ (ഈ-സ്ത്രീ-തൃ-ബ) മുഗ്ദ്ധസിദ്ധാംഗനാഭിഃ (ആ-സ്ത്രീ-തൃ-ബ) ചകിതചകിതം (ക്രി-വി) ദൃഷ്ടോത്സാഹഃ (അ-പു-പ്ര-ഏ) സരസനിചുളാൽ (അ-ന-പ-ഏ) അസ്മാൽ (ഇദം-ശ-ന-പ-ഏ) സ്ഥാനാൽ (അ-ന-പ-ഏ) പഥി (ന-പു-സ-ഏ) ദിങ്നാഗാനാം (അ-പു-ഷ-ബ) സ്ഥൂലഹസ്താവലേപാൻ (അ-പു-ദ്വി-ബ) പരിഹരൻ (ത-പു-പ്ര-ഏ) ഉദങ്മുഖഃ (അ-പു-പ്ര-ഏ) ഖം (അ-ന-ദ്വി-ഏ) ഉൽപത (ലോട്-പ-പ-മ-പു-ഏ)

അന്വയാൎത്ഥം—പവനൻ അദ്രിയുടെ ശൃംഗത്തെ ഹരിക്കുന്നുവോ എന്നിങ്ങനെ ഉന്മുഖികളായിരിക്കുന്ന മുഗ്ദ്ധസിദ്ധാംഗനകളാൽ ചകിതചകിതമാകുംവണ്ണം ദൃഷ്ടോത്സാഹനായിട്ടു സരസനിചുളമായിരിക്കുന്ന ഈ സ്ഥാനത്തിൽനിന്നും പന്ഥാവിങ്കൽ ദിങ്നാഗങ്ങളുടെ സ്ഥൂലഹസ്താവലേപങ്ങളെ പരിഹരന്നായിട്ടു് ഉദങ്മുഖനായി ഖത്തെ ഉല്പതിച്ചാലും!

പരി—പവനൻ=വായു. അദ്രി=പൎവ്വതം രാമഗിരി എന്നൎത്ഥം. ശൃംഗം=കൊടുമുടി. ഹരിക്കുക=അപഹരിക്കുക അടിച്ചുപറത്തിക്കൊണ്ടുപോകുക എന്നൎത്ഥം. ഉന്മുഖികൾ=ഉദഗ്രമുഖികൾ. മുഗ്ദ്ധസിദ്ധാംഗനകൾ=മുഗ്ദ്ധകളായ സിദ്ധാംഗനകൾ. മുഗ്ദ്ധകൾ=മൂഢകൾ. സിദ്ധാംഗനകൾ=സിദ്ധസ്ത്രീകൾ. സിദ്ധന്മാരുടെ സ്ത്രീകളെന്നൎത്ഥം. ചകിതചകിതം=പേടിച്ചമട്ടിൽ പേടിച്ചു പേടിച്ചു എന്നൎത്ഥം. ദൃഷ്ടോത്സാഹൻ=ദൃഷ്ടമായ ഉത്സാഹത്തോടുകൂടിയവൻ. ദൃഷ്ടം=ദൎശിക്കപ്പെട്ടതു് ദൎശിക്ക=കാണുക ഉത്സാഹം=ഉദ്യമം ആരംഭം എന്നൎത്ഥം. സരസനിചുളം=സരസങ്ങളായ നിചുളങ്ങളോടുകൂടിയതു്. സരസങ്ങൾ=ചാറുള്ളവ. നിചുളങ്ങൾ=കരവഞ്ഞികൾ (ആററരുകിൽ വളരുന്ന ഒരുതരം ചെടികൾ). ഈ സ്ഥാനം=ഈ സ്ഥലം അതായതു് ആശ്രമം. പന്ഥാവു്=മാൎഗ്ഗം. ദിങ്നാഗങ്ങൾ=ദിഗ്ഗജങ്ങൾ. സ്ഥൂലഹസ്താവലേപങ്ങൾ=സ്ഥൂലഹസ്തങ്ങളുടെ അവലേപങ്ങൾ. സ്ഥൂലഹസ്തങ്ങൾ=സ്ഥൂലങ്ങളായ ഹസ്തങ്ങൾ. സ്ഥൂലങ്ങൾ=കനത്തവ ഹസ്തങ്ങൾ=കൈകൾ തുമ്പിക്കൈകൾഎന്നൎത്ഥം. അവലേപങ്ങൾ=ആക്ഷേപങ്ങൾ. ആക്ഷേപം എന്നതിനു് ഇവിടെ പിടിക്കാനായി മേല്പോട്ടുപൊക്കുക എന്നൎത്ഥം. പരിഹരൻ=പരിഹരിച്ചിയങ്ങുന്നവൻ. പരിഹരിക്ക=വൎജ്ജിക്കുക. ഉദങ്മുഖൻ=വടക്കോട്ടു മുഖമായവൻ. ഖം=ആകാശം. ഉല്പതിക്കുക=ഉയരുക.

ഇവിടെ മറെറാരൎത്ഥവും ധ്വനിക്കുന്നുണ്ടു്. സരസനിചുളാൽ അസ്മാൽസ്ഥാനാൽ, എന്നതിനു് സരസനിചുളമായ ഈ സ്ഥാനത്തിൽനിന്നും =സരസനായ നിചുളനോടുകൂടിയ ഈ സ്ഥാനത്തുനിന്നും സരസൻ=രസികൻ. നിചുളൻ=കാളിദാസൻെറ സഹപാഠിയായ ഒരു മഹാകവി (കാളിദാസൻെറ കൃതികളെക്കുറിച്ചു ദോഷംപറയുന്ന മററുള്ളവരോടു സമാധാനം പറയുന്നതു് ഇദ്ദേഹമായിരുന്നു) ഉദങ്മുഖൻ=ഉദഞ്ചിതമായ മുഖത്തോടുകൂടിയവൻ. ഉദഞ്ചിതം=ഉയൎത്തപ്പെട്ടതു്. (മുഖം പൊക്കിക്കൊണ്ടു് ഒട്ടും കൂസാതെ എന്നൎത്ഥം) പന്ഥാവു്=സാരസ്വതമാൎഗ്ഗം സാഹിത്യപരിശീലനം എന്നൎത്ഥം. ദിങ്നാഗന്മാർ=ദിങ്നാഗൻ എന്ന ആചാ

ൎയ്യൻ. (ബഹുമാനാൎത്ഥത്തിൽ ബഹുവചനം) സ്ഥൂലഹസ്താവലേപങ്ങൾ=സ്ഥൂലഹസ്തംകൊണ്ടുള്ള അവലേപങ്ങൾ. സ്ഥൂലഹസ്തം=വമ്പിച്ച കയ്യ്. (ദിങ്നാഗൻ കാളിദാസന്റെ ശത്രുപക്ഷക്കാരനായ ഒരു ബൌദ്ധാചാൎയ്യനായിരുന്നു. കാളിദാസൻ എഴുതുന്നതെല്ലാം എടുത്തു് ആക്ഷേപിക്കുക അദ്ദേഹത്തിന്റെ പതിവായിരുന്നു നിചുളൻ, കാളിദാസനുവേണ്ടി അതിനു സമാധാനംപറയുകയും ചെയ്തുവന്നു. ദിങ്നാഗൻമഹാപണ്ഡിതനായിരുന്നതുകൊണ്ടു് അദ്ദേഹത്തിന്റെ ഖണ്ഡനങ്ങൾക്കു ശക്തികൂടിയിരുന്നതിനാൽ സ്ഥൂലഹസ്തംഎന്നു് അദ്ദേഹത്തിന്റെ ഹസ്തത്തെ ഗണിച്ചിരിക്കുന്നു.) അവലേപങ്ങൾ=ദൂഷണങ്ങൾ അഥവാ ഖണ്ഡനങ്ങൾ. ഉല്പതിക്ക=ഉയരുക. (അല്ലയോഎന്റെ മേഘദൂതമാകുന്ന കാവ്യമേ, നീ എന്റെഅപ്പോഴപ്പോൾഉള്ള കവിതകൾക്കു ദൂഷണം കല്പിക്കാൻ ഒരുങ്ങിയിരിക്കുന്ന ദിങ്നാഗാചാൎയ്യന്റെ വമ്പിച്ച പേനകൊണ്ടുള്ള ഖണ്ഡനങ്ങളെ വകവയ്ക്കാതെ രസികനായ നിചുളൻ വസിക്കുന്ന ഈ സ്ഥാനത്തിൽനിന്നും ഉയൎന്നാലും എന്നഭിപ്രായം.)

അല്ലയോ മേഘമേ നീ, വായു, രാമഗിരിയുടെ കൊടുമുടിയെ ആകാശത്തിലേക്കു അടിച്ചുപറത്തുന്നുവോ, എന്നു മൂഢകളായ സിദ്ധസ്ത്രീകളാൽ പേടിച്ചു പേടിച്ചു നോക്കപ്പെടുന്നവനായിട്ടു പച്ചക്കരവഞ്ചികൾ വളൎന്നുനില്ക്കുന്ന ഈ ആശ്രമപ്രദേശത്തിൽനിന്നും, ദിഗ്ഗജങ്ങൾ നിന്നെ കയ്യെത്തിപ്പിടിക്കാൻ ഇടയാകാത്തവിധത്തിൽ ആകാശത്തിൽ ഉയൎന്നു ഗമിച്ചാലും!

രത്നച്ഛായാവ്യതികര ഇവ, പ്രേക്ഷ്യമേതൽപുരസ്താ-
ദ്വല്മീകാഗ്രാൽ പ്രഭവതി ധനുഃഖണ്ഡമാഖണ്ഡലസ്യ
യേന ശ്യാമം വപുരതിതരാം കാന്തിമാപത്സ്യതേതേ
ബൎഹേണേവ സ്ഫുരിതരുചിനാ ഗോപവേഷസ്യ വിഷ്ണോഃ

രത്നച്ഛായാവ്യതികരഃ (അ-പു-പ്ര-ഏ) ഇവ (അ) പ്രേക്ഷ്യം (അ-ന-പ്ര-ഏ) ആഖണ്ഡലസ്യ (അ-പു-ഷ-ഏ) ധനുഃഖണ്ഡം (അ-ന-പ്ര-ഏ) ഏതൽ (ഏതച്ഛ-ന-പ്ര-ഏ) പുരസ്താൽ (അ) വല്മീകാഗ്രാൽ (അ-ന-പ-ഏ) പ്രഭവതി (ലട്-പ-പ-പ്ര-പു-ഏ) യേന (യച്ഛ-ന-തൃ-ഏ) തേ (യുഷ്മദ്-ഷ-ഏ) ശ്യാമം (അ-ന-പ്ര-ഏ) വപുഃ (സ-ന-പ്ര-ഏ) സ്ഫുരിതരുചിനാ (ഇ-ന-തൃ-ഏ) ബൎഹേണ (അ-ന-തൃ-ഏ) ഗോപവേഷസ്യ (അ-പു-ഷ-ഏ) വിഷ്ണോഃ (ഉ-പു-ഷ-ഏ) ഇവ (അ) അതിതരാം (അ) കാന്തിം (ഇ-സ്ത്രീ-ദ്വി-ഏ) ആപത്സ്യതേ (ലൃട്-ആത്മ-പ-പ്ര-പു-ഏ)

454

അന്വയാർത്ഥം—രത്നച്ഛായാവ്യതികരമോ എന്നു തോന്നുമാറു്, പ്രേക്ഷ്യമായ ആഖണ്ഡലന്റെ ധനുഃഖണ്ഡം ഈ മുമ്പാകെയുള്ള വല്മീകാഗ്രത്തിൽനിന്നു പ്രഭവിക്കുന്നു. യാതൊന്നുകൊണ്ടു നിന്റെ ശ്യാമമായ വപുസ്സ്, സ്ഫുരിതരുചിയായിരിക്കുന്ന ബർഹത്താൽ ഗോപവേഷനായ വിഷ്ണുവിന്റെ എന്നപോലെ ഏററവും കാന്തിയെ ആപിക്കും.

പരി:—രത്നച്ഛായാവ്യതികരം=രത്നച്ഛായകളുടെ വ്യതികരം. രത്നച്ഛായകൾ=രത്നങ്ങളുടെ ഛായകൾ. രത്നങ്ങൾ=പത്മരാഗാദികൾ. ഛായകൾ=പ്രഭകൾ. വ്യതികരം=കലച്ച്. പ്രേക്ഷ്യം=ദർശനീയം (കാണ്മാൻഭംഗിയുള്ളതെന്നർത്ഥം.) ആഖണ്ഡലൻ=ദേവേന്ദ്രൻ. ധനുഃഖണ്ഡം=വില്ലിന്റെ ശകലം. വല്മീകാഗ്രം=വല്മീകത്തിന്റെ അഗ്രം. വല്മീകം=പുററു്. അഗ്രം=മേൽഭാഗം; പ്രഭവിക്കുക=ആവിർഭവിക്കുക (വെളിപ്പെടുക.) യാതൊന്നു്=ധനുഃഖണ്ഡം. ശ്യാമം=കറുത്തതു് വപുസ്സ്=ശരീരം. സ്ഫുരിതരുചി=സ്ഫുരിതയായിരിക്കുന്ന രുചിയോടുകൂടിയതു്. സ്ഫുരിത=സ്ഫുരിച്ചതു്. സ്ഫുരിക്ക=വിളങ്ങുക. രുചി=കാന്തി. ബർഹം=മയിൽപീലി. ഗോപവേഷൻ=ഗോപന്റെ വേഷത്തോടു കൂടിയവൻ. ഗോപൻ=ഗോപാലൻ. വേഷം=ആകൃതി. ആപിക്കുക=പ്രാപിക്കുക.

സാരം—അല്ലയോ മേഘമേ, അനേകം രത്നങ്ങളുടെപ്രഭകൾ കലർന്നതുപോലെ അഴകേറിയതായ മഴവില്ലിന്റെഒരുഭാഗം ഇതാ ഇക്കാണുന്ന പുററിന്റെ മേൽഭാഗത്തുനിന്നു് ഉണ്ടാകുന്നു അതു പൂർണ്ണമായി നിന്നിൽ പതിയുമ്പോൾ കറുത്ത നിറത്തിലുള്ള നിന്റെ ദേഹം, വിളങ്ങുന്ന പ്രഭയോടുകൂടിയ മയിൽപീലിയാൽ അലങ്കരിക്കപ്പെട്ട ഗോപാലകൃഷ്ണന്റെ ശരീരംപോലെ ഏററവും കാന്തിയുള്ളതായി ഭവിക്കും.

മൂ— ത്വയ്യായത്തം കൃഷിഫലമിതി ഭ്രൂവിലാസാനഭിജ്ഞൈഃ
പ്രീതിസ്നിഗ്ദ്ധൈർജ്ജനപദവധൂലോചനൈഃ പീയമാനഃ
സദ്യഃസീരോൽക്കഷണസുരഭി ക്ഷേത്രമാരുഹ്യ മാലം
കിഞ്ചിൽ പശ്ചാദ്വ്രജ ലഘുഗതിർഭൂയ ഏവോത്തരേണ.

വിഭക്തിയും അന്വയവും—കൃഷിഫലം (അ-ന-പ്ര-ഏ) ത്വയി (യുഷ്മദ്-സ-ഏ) ആയത്തം (അ-ന-പ്ര-ഏ) ഇതി (അ) പ്രീതിസ്നിഗ്ദ്ധൈഃ ഭ്രൂവിലാസാനഭിജ്ഞൈഃ ജനപദവധൂലോചനൈഃ (അ-ന-തൃ-ബ) പീയമാനഃ (അ-പു-പ്ര-ഏ) മാലം ക്ഷേത്രം (അ-ന-ദ്വി-ഏ) സദ്യഃസീരോൽകഷണസുരഭി (ക്രി-വി) ആരുഹ്യ (ല്യ-അ) കിഞ്ചിൽ (അ) പശ്ചാൽ (അ) വ്രജ (ലോട്ട് പ-മ-

പു-ഏ) ലഘുഗതിഃ (ഇ-പു-പ്ര-ഏ) ഭൂയഃ (അ) ഉത്തരേണ (അ-പു-തൃ-ഏ) ഏവ (അ) വ്രജ (ലോട്ട്-പ-പ-മ-പു-ഏ)

അന്വയാർത്ഥം—കൃഷിഫലം നിന്നിൽ ആയത്തമാകുന്നു എന്നുള്ളതുകൊണ്ടു പ്രീതിസ്നിഗ്ദ്ധങ്ങളായി ഭ്രൂവിലാസാനഭിജ്ഞങ്ങളായിരിക്കുന്ന ജനപദവധൂലോചനങ്ങളാൽ പീയമാനനായി മാലം ആകുന്ന ക്ഷേത്രത്തെ സദ്യഃസീരോൽക്കഷണസുരഭിയാകുംവണ്ണം ആരോഹിച്ചിട്ട്, അല്പം പടിഞ്ഞാറോട്ടു വ്രജിക്കുക. ലഘുഗതിയായിട്ടു പിന്നെയും ഉത്തരദിക്കിലേക്കുതന്നെ വ്രജിച്ചാലും!

പരി:—കൃഷിഫലം=കൃഷിയുടെഫലം. കൃഷിഫലകർമ്മം=ഉഴുതൽ എന്നർത്ഥം. ഫലം=പ്രയോജനം, ഉഴുതലിന്റെ ഫലമായ സസ്യമെന്നർത്ഥം. ആയത്തം=അധീനം. പ്രീതിസ്നിഗ്ദ്ധങ്ങൾ=പ്രീതിഹേതുവായിട്ടുസ്നിഗ്ദ്ധങ്ങൾ. പ്രീതി=സന്തുഷ്ടി. സ്നിഗ്ദ്ധങ്ങൾ=ആർദ്രങ്ങൾ അലിവോടുകൂടിയവ എന്നർത്ഥം. ഭ്രൂവിലാസാനഭിജ്ഞങ്ങൾ=ഭ്രൂവിലാസങ്ങളുടെ അനഭിജ്ഞങ്ങൾ. ഭ്രൂവിലാസങ്ങൾ=പുരികക്കളികൾ. അനഭിജ്ഞങ്ങൾ=അഭിജ്ഞങ്ങളല്ലാത്തവ. അഭിജ്ഞങ്ങൾ=അറിഞ്ഞവ. ജനപദവധൂലോചനങ്ങൾ=ജനപദവധുക്കളുടെ ലോചനങ്ങൾ. ജനപദവധുക്കൾ=ജനപദത്തിലെ വധുക്കൾ. ജനപദം=നാട്ടുംപുറം. വധുക്കൾ=സ്ത്രീകൾ. ലോചനങ്ങൾ=കണ്ണുകൾ. പീയമാനൻ=പാനംചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നവൻ. പാനം ചെയ്ക=കുടിക്കുക. കണ്ണുകളെക്കൊണ്ടു പാനംചെയ്ക എന്നതിന്നു ശ്രദ്ധയോടുകൂടിനോക്കുക എന്നർത്ഥം. മാലം=മാലംഎന്നുപേരായ ഉന്നതഭൂമി. ക്ഷേത്രം=കൃഷിസ്ഥലം. സദ്യഃസീരോല്കഷണസുരഭി=സദ്യഃസീരോല്കഷണം ഹേതുവായിട്ടു സുരഭി. സദ്യഃസീരോൽകഷണം=ഉടനേയുള്ളസീരോൽകഷണം. സീരോൽകഷണം=കലപ്പകൊണ്ടുള്ള ഉഴവ്. സുരഭി=സൌരഭ്യമുള്ളതു് (പുതുമണ്ണിന്റെ ഗന്ധമുള്ളതെന്നർത്ഥം) ആരോഹിക്കുക=കയറുക (അവിടെ കയറി മഴവീഴ്ത്തിട്ടെന്നുസാരം.) വ്രജിക്കുക=പോകുക. ലഘുഗതി=ലഘുവായഗതിയോടുകൂടിയവൻ. ലഘു=വേഗമുള്ളതു്. ഗതി=യാത്ര. ഉത്തരദിക്ക്—വടക്കുദിക്ക് വ്രജിക്ക=പോകുക.

മഴപെയ്താലല്ലാതെ സസ്യങ്ങൾ മുളയ്ക്കാത്തതിനാൽ കൃഷിഫലം നിനക്കു് അധീനമാണു്; അതുകൊണ്ടു, നിന്നെക്കാണുമ്പോൾ, സന്തോഷത്താൽ തെളിഞ്ഞവയും പുരികക്കളികളൊന്നും അറിഞ്ഞുകൂടാത്തവയുമായ കണ്ണുകളെക്കൊണ്ടു നാട്ടുംപുറത്തുള്ള പെണ്ണുങ്ങൾ നിന്നെനോക്കും. അങ്ങനെ അവരാൽ നോക്കപ്പെട്ടവനായിട്ടു നീ ആകാശത്തുകൂടിപ്പോയി, മാലം എന്നു പ്രസിദ്ധമായ ഉന്നതതടത്തിലുള്ള കൃഷിസ്ഥലത്തെ പ്രാപിച്ചു, മഴപെയ്തുനനച്ചു;

തദ്ദേശവാസികൾ അവിടം ഉഴുതു പുതുമണ്ണിന്റെ ഗന്ധത്തെ പരത്തത്തക്കവണ്ണം ആക്കിച്ചെയ്തിട്ടു്, അല്പംപടിഞ്ഞാറോട്ടു യാത്രചെയ്തു, മഴവെള്ളം ഒട്ടൊഴിയുകയാൽ സിദ്ധിച്ച ഗതിവേഗത്തോടെ പിന്നെയും വടക്കോട്ടുതന്നെ ഗമിക്കുക.

മൂ— ത്വാമാസാരപ്രശമിതവനോപപ്ലവം സാധു മൂർദ്ധ്നാ
വക്ഷ്യത്യദ്ധ്വശ്രമപരിഗതം സാനുമാനാമ്രകൂടഃ
ന ക്ഷുദ്രോപി പ്രഥമസുകൃതാപേക്ഷയാ സംശ്രയായ
പ്രാപ്തേ മിത്രേഭവതി വിമുഖഃ കിംപുനർയസ്തഥോച്ചൈഃ.൧൭

വിഭ-അന്വ—ആമ്രകൂടഃ (അ-പു-പ്ര-ഏ) സാനുമാൻ (ത-പു-പ്ര-ഏ) ആസാരപ്രശമിതവനോപപ്ലവം (അ-പു-ദ്വി-ഏ) അദ്ധ്വശ്രമപരിഗതം (അ-പു-ദ്വി.ഏ) ത്വാം (യുഷ്മദ്-ദ്വി-ഏ) സാധു (അ) മൂർദ്ധ്നാ (ന-പു-തൃ-ഏ) വക്ഷ്യതി (ലൃട്-പ-പ-പ്ര-പു-ഏ) ക്ഷുദ്രഃ (അ-പു-പ്ര-ഏ) അപി (അ) സംശ്രയായ (അ-പു-ച-ഏ) മിത്രേ (അ-ന-സ-ഏ) പ്രാപ്തേ (അ-ന-സ-ഏ) പ്രഥമസുകൃതാപേക്ഷയഃ (ആ-സ്ത്രീ-തൃ-ഏ) വിമുഖഃ (അ-പു-പ്ര-ഏ) ന (അ) ഭവതി (ലട്-പ-പ-പ്ര-പു-ഏ) യഃ (യച്ഛ-പു-പ്ര-ഏ) തഥാ (അ) ഉച്ചൈഃ (അ) കിംപുനഃ (അ)

അന്വയാർത്ഥം—ആമ്രകൂടം എന്ന സാനുമാൻ ആസാരപ്രശമിതവനോപപ്ലവനായി അദ്ധ്വശ്രമപരിഗതനായിരിക്കുന്ന നിന്നെ, വേണ്ടുംവണ്ണം മൂർദ്ധാവുകൊണ്ടു വഹിക്കും. ക്ഷുദ്രനായാലും, സംശ്രയത്തിനായിക്കൊണ്ടു മിത്രം പ്രാപ്തമായിരിക്കുമ്പോൾ പ്രഥമസുകൃതാപേക്ഷഹേതുവായിട്ടു്, വിമുഖനായി ഭവിക്കുന്നില്ല. യാവനൊരുത്തൻ ആപ്രകാരം ഉച്ചൈസ്സായിരിക്കുന്നുവോ അവൻ എന്തുപിന്നെ?.

പരി—സാനുമാൻ=പർവ്വതം ആസാരപ്രശമിതവനോപപ്ലവൻ=ആസാരപ്രശമിതമായ വനോപപ്ലവത്തോടുകൂടിയവൻ. ആസാരപ്രശമിതം=ആസാരത്താൽ പ്രശമിതം. ആസാരം=ധാരാവൃഷ്ടി “ധാരാസംപാത ആസാരഃ” എന്നമരം. പ്രശമിതം=വഴിപോലെ ശമിപ്പിക്കപ്പെട്ടതു്. ശമിപ്പിക്കുക=അണയ്ക്കുക. വനോപപ്ലവം=കാട്ടുതീയ്. അദ്ധ്വശ്രമപരിഗതൻ=അദ്ധ്വശ്രമംകൊണ്ടു പരിഗതൻ. അദ്ധ്വശ്രമം=വഴിയാത്രയുടെ ക്ഷീണം. പരിഗതൻ=തളർന്നവൻ. മൂർദ്ധാവു്=ഉച്ചി (കൊടുമുടി) ക്ഷുദ്രൻ-അല്പൻ ദീനൻ എന്നർത്ഥം. സംശ്രയം=ആശ്രയം. മിത്രം=ബന്ധു. പ്രാപ്തം=പ്രാപിച്ചതു്. പ്രാപിക്ക=വരിക. പ്രഥമസുകൃതാപേക്ഷ=പ്രഥമസുകൃതത്തിന്റെ അപേക്ഷ. പ്രഥമസുകൃതം=മുമ്പിൽചെയ്തസു

കൃതം. സുകൃതം=ഉപകാരം. അപേക്ഷ=ആലോചന. വിമുഖൻ=മുഖം തിരിച്ചവൻ, നീരസത്തോടുകൂടിയവനെന്നർത്ഥം. ഉച്ചൈസ്സ്=ഉന്നതൻ. എന്തുപിന്നെ=വിമുഖനായിരിക്കയില്ലെന്നു വേറേ പറയണമോ.

വഴിയാത്രയിൽ ആമ്രകൂടം എന്ന പർവ്വതം മഴപെയ്തു കാട്ടുതി ശമിപ്പിച്ചു്, ഉപകാരംചെയ്തിട്ടുള്ളവനായും വഴിയാത്രചെയ്തു തളർന്നു ചെല്ലുന്നവനുമായ നിന്നെ, സല്ക്കരിച്ചു ശിരസ്സുകൊണ്ടുവഹിക്കും. സംശയമില്ല. ഉപകാരംചെയ്തവൻ സഹായമപേക്ഷിച്ചുവരുമ്പോൾ എത്ര അധമനായാലും പൂർവ്വോപകാരസ്മരണകൊണ്ടു്, ഉപേക്ഷിക്കയില്ല. ആ സ്ഥിതിക്കു വലിയവനായ ഇവൻ സഹായിക്കുമെന്നുള്ളതു വേറേ പറയാനുണ്ടോ?

മൂ— ഛന്നോപാന്തഃ പരിണതഫലദ്യോതിഭിഃ കാനനാമ്രൈ-ഃ
സ്ത്വയ്യാരൂഢേ ശിഖരമചലഃ സ്നിഗ്ദ്ധവേണീസവർണ്ണേ-
നൂനം യാസ്യത്യമരമിഥുനപ്രേക്ഷണീയാമവസ്ഥാം
മദ്ധ്യേ ശ്യാമഃ സ്തന ഇവ ഭുവഃ ശേഷവിസ്താരപാണ്ഡുഃ ൧൮

ഹേ മേഘ! (അ-പു-സം-പ്ര-ഏ) പരിണതഫലദ്യോതിഭിഃ (ന-പു-തൃ-ഏ) കാനനാമ്രൈഃ (അ-പു-തൃ-ബ) ഛന്നോപാന്തഃ (അ-പു-പ്ര-ബ) അചലഃ (അ-പു-പ്ര-ഏ) സ്നിഗ്ദ്ധവേണീസവർണ്ണേ (അ-പു-സ-ഏ) ത്വയി (യുഷ്മദ് സ-ഏ) ശിഖരം (അ-ന-ദ്വി-ഏ ആരൂഢേ (അ-പു-സ-ഏ) മദ്ധ്യേ (അ-ന-സ-ഏ) ശ്യാമഃ (അ-പു-പ്ര-ഏ) ശേഷവിസ്താരപാണ്ഡുഃ (ഉ-പു-പ്ര-ഏ) ഭുവഃ (ഊ-സ്ത്രീ-ഷ-ഏ) സ്തനഃ (അ-പു-പ്ര-ഏ) ഇവ (അ) അമരമിഥുനപ്രേക്ഷണീയാം (ആ-സ്ത്രീ-ദ്വി-ഏ) അവസ്ഥാം (ആ-സ്ത്രീ-ദ്വി ഏ) യാസ്യതി (ലൃട്-പ-പ പ്ര-പു ഏ) നൂനം (അ)

അല്ലയോ മേഘമേ! പരിണതഫലദ്യോതികളായിരിക്കുന്ന കാനനാമ്രങ്ങളെക്കൊണ്ടു്, ഛന്നോപാന്തമായിരിക്കുന്ന അചലം സ്നിഗ്ദ്ധവേണീസവർണ്ണനായിരിക്കുന്ന നീ ശിഖരത്തെ ആരൂഢനായിരിക്കും സമയത്തിങ്കൽ മദ്ധ്യത്തിങ്കൽ ശ്യാമനായി ശേഷവിസ്താരപാണ്ഡുവായി ഭുവിന്റെ സ്തനമോ എന്നുതോന്നുമാറു്, അമരമിഥുനപ്രേക്ഷണീയയായിരിക്കുന്ന അവസ്ഥയെ യാനംചെയ്യും. നിശ്ചയം.

പരിണതഫലദ്യോതികൾ=പരിണതങ്ങളായ ഫലങ്ങളെക്കൊണ്ടു് ദ്യോതിക്കുന്നവ. പരിണതങ്ങൾ=പരിണമിച്ചവ. പരിണമിക്ക=പഴുക്കുക. ഫലങ്ങൾ=കായ്കൾ. ദ്യോതിക്ക=ശോഭിക്കുക. കാനനാമ്രങ്ങൾ=കാട്ടുമാവുകൾ. ഛന്നോപാന്തൻ=ഛന്നങ്ങളായ

ഉപാന്തങ്ങളോടുകൂടിയവൻ. ഛന്നങ്ങൾ=മറയ്ക്കപ്പെട്ടവ. ഉപാന്തങ്ങൾ=പാൎശ്വഭാഗങ്ങൾ. അചലം=പൎവ്വതം. ആമ്രകൂടംഎന്നൎത്ഥം. സ്നിഗ്ദ്ധവേണിസവൎണ്ണൻ=സ്നിഗ്ദ്ധയായ വേണിയോടു സവൎണ്ണൻ. സ്നിഗ്ദ്ധ=മൃദു. വേണി=തലമുടി. സവൎണ്ണൻ=സദൃശൻ. ശിഖരം=കൊടുമുടി. ആരൂഢൻ=ആരോഹിച്ചവൻ. ആരോഹിക്ക=കരേറുക. മദ്ധ്യം=നടു. ശ്യാമൻ=കറുത്തവൻ. ശേഷവിസ്താരപാണ്ഡു=ശേഷമായ വിസ്താരത്തിങ്കൽ പാണ്ഡു. ശേഷം=മദ്ധ്യംഒഴിച്ചുള്ളതു്. വിസ്താരം=പരപ്പു്. പാണ്ഡു=വെളുത്ത നിറമുള്ളവൻ. ഭുവ്=ഭൂമി. സ്തനം=മുല. അമരമിഥുനപ്രേക്ഷണീയ=അമരമിഥുനങ്ങൾക്കു പ്രേക്ഷണീയ. അമരമിഥുനങ്ങൾ=അമരരുടെ മിഥുനങ്ങൾ. അമരർ=ദേവകൾ. മിഥുനങ്ങൾ=സ്ത്രീപുരുഷന്മാർ. പ്രേക്ഷണീയ=പ്രേക്ഷിക്കപ്പെടുവാൻ യോഗ്യ. പ്രേക്ഷിക്ക=കാണുക. അവസ്ഥ=സ്ഥിതി. യാനംചെയ്ക=പ്രാപിക്കുക.

ഹേ മേഘമേ, അരുകുവശങ്ങളിൽ പഴുത്തമാങ്ങാ നിറഞ്ഞു കിടക്കുന്ന കാട്ടുമാവുകളോടുകൂടിയ ആമ്രകൂടപൎവ്വതം, മിനുത്തു കറുത്ത തലമുടിപോലെയിരിക്കുന്ന നീ കൊടുമുടിയിൽ ചേൎന്നിരിക്കുമ്പോൾ, മദ്ധ്യഭാഗം കറുത്തും ശേഷിച്ച പരപ്പുകളെല്ലാം വെളുത്തും ഭവിക്കകൊണ്ടു്, ഇതു ഭൂമിയുടെ മുലയാണോ എന്നു ദേവലോകത്തുള്ള കാമുകരായ ദമ്പതികൾ സംശയിക്കത്തക്ക അഴകോടുകൂടിയതായി ഭവിക്കും സംശയമില്ല.

സ്ഥിത്വാ തസ്മിൻ വനചരവധൂഭുക്തകുഞ്ജേ മുഹൂൎത്തം
തോയോത്സൎഗ്ഗദ്രുതതരഗതിസ്തൽപരം വൎത്മ തീൎണ്ണഃ
രേവാം ദ്രക്ഷ്യസ്യുപലവിഷമേ വിന്ധ്യപാദേ വിശീൎണ്ണാം
ഭക്തിച്ഛേദൈരിവ വിരചിതാം ഭൂതിമംഗേ ഗജസ്യ ൧൯.

ഹേമേഘ! (അ-പു-സം-പ്ര-ഏ) വനചരവധൂഭുക്തകുഞ്ജേ (അ-പു-സ-ഏ) തസ്മിൻ (തച്ഛ-പു-സ-ഏ) മുഹൂൎത്തം (അ പു-ദ്വി-ഏ) സ്ഥിത്വാ (ക്ത്വാ അ) തോയോത്സൎഗ്ഗദ്രുതതരഗതിഃ (ഇ-പു-പ്ര-ഏ) തൽപരം (അ-ന-ദ്വി-ഏ) വൎത്മ (ന-ന-ദ്വി-ഏ) തീൎണ്ണഃ (അ-പു-പ്ര ഏ) ഉപലവിഷമേ വിന്ധ്യപാദേ (അ-പു-സ-ഏ) വിശീൎണ്ണാം (ആ-സ്ത്രീ-ദ്വി-ഏ) രേവാം (ആ-സ്ത്രീ-ദ്വി-ഏ) ഗജസ്യ (അ-പു-ഷ-ഏ) അംഗേ(അ-ന-സ-ഏ) ഭക്തിച്ഛേദൈഃ (അ-പു-തൃ-ബ) വിരചിതാം (ആ-സ്ത്രീ-ദ്വി-ഏ) ഭൂതിം (ഇ-സ്ത്രീ-ദ്വി-ഏ) ഇവ (അ) ദ്രക്ഷ്യസി (ലൃട്-പ-പ-മ-പു-ഏ)

അല്ലയോ മേഘമേ, വനചരവധൂഭുക്തകുഞ്ജമായിരിക്കുന്ന

അതിങ്കൽ, അല്പകാലം സ്ഥിതിചെയ്തിട്ടു്, തോയോത്സൎഗ്ഗദ്രുതതരഗതിയായിട്ടു്, തൽപരമായിരിക്കുന്ന വർത്മാവിനെ തീൎണ്ണനായിട്ടു് ഉപലവിഷമമായിരിക്കുന്ന വിന്ധ്യപാദത്തിങ്കൽ വിശീൎണ്ണയായ രേവയേ ഗജത്തിന്റെ അംഗത്തിങ്കൽ ഭക്തിച്ഛേദങ്ങളാൽ വിരചിതയായിരിക്കുന്ന ഭൂതിയെ എന്നപോലെ നി ദൎശിക്കും.

വനചരവധൂഭുക്തകുഞ്ജം=വനചരവധുക്കളൊൽ ഭുക്തങ്ങളായ കുഞ്ജങ്ങളോടുകൂടിയതു്. വനചരവധൂക്കൾ=കാട്ടാളസ്ത്രീകൾ. ഭുക്തങ്ങൾ=ഭുജിക്കപ്പെട്ടവ ഭുജിക്ക=അനുഭവിക്ക, സുഖമനുഭവിക്കപ്പെട്ടവ എന്നൎത്ഥം. അതു്=ആമ്രകൂടപൎവ്വതം. സ്ഥിതിചെയ്ക=ഇരിക്കുക. തോയോത്സർഗ്ഗദ്രുതതരഗതി=തോയോത്സർഗ്ഗത്താൽ ദ്രുതതരമായ ഗതിയോടുകൂടിയവൻ. തോയോത്സർഗ്ഗം=തോയത്തിന്റെ ഉത്സർഗ്ഗം. തോയം=വെള്ളം. ഉത്സർഗ്ഗം=മോചനം. ദ്രുതതരം=ഏററവും വേഗത്തോടുകൂടിയതു്. ഗതി=ഗമനം. തൽപുരം=അതിങ്കൽനിന്നു പരം; അതു്=ആമ്രകൂടം. പരം=അപ്പുറത്തുള്ളതു്. വർത്മാവു്=വഴി. തീൎണ്ണൻ=തരിച്ചവൻ. തരിക്ക=കടക്കുക. ഉപലവിഷമം=ഉപലങ്ങളാൽ വിഷമം. ഉപലങ്ങൾ=പാറകൾ. വിഷമം=ഒപ്പനിരപ്പല്ലാത്തതു്. വിന്ധ്യപാദം=വിന്ധ്യന്റെ പാദം. വിന്ധ്യൻ=വിന്ധ്യപൎവ്വതം. പാദം=പൎയ്യന്തപൎവ്വതം അരുകുവശത്തുള്ള ചെറുകുന്നെന്നൎത്ഥം. വിശീൎണ്ണ=ചിതറിയതു്. രേവ=നൎമ്മദാനദി. ഗജം=ആന. അംഗം=ശരീരം. ഭക്തിച്ഛേദങ്ങൾ=രചനാഖണ്ഡങ്ങൾ കുറികൾ എന്നൎത്ഥം. വിരചിത=വിരചിക്കപ്പെട്ടതു്. വിരചിക്ക=നിൎമ്മിക്ക. ഭൂതി=ഭസ്മം. ദൎശിക്ക=കാണുക.

ഹേ മേഘമേ, കാട്ടാളസ്ത്രീകൾ ഇരുന്നു സുഖിക്കുന്ന വള്ളിക്കുടിലുകളോടുകൂടിയ ആ പൎവ്വതത്തിൽ അല്പകാലം വിശ്രമിച്ചതിനുശേഷം നീ വെള്ളം ഒഴിയുകകൊണ്ടു ഗമനവേഗത്തോടുകൂടിയവനായിട്ടു്, കുറേദൂരം ചെല്ലുമ്പോൾ, അവിടെ അവിടെ വിന്ധ്യന്റെ അരുകുവശത്തു പാറക്കൂട്ടങ്ങൾ നിറഞ്ഞ ചെറുകുന്നിന്മേൽ, ചിന്നിച്ചിതറിഒഴുകുന്ന നൎമ്മദാനദിയെ ആനയുടെ ശരീരത്തിൽ, കുറികളായി വരച്ചിരിക്കുന്ന ഭസ്മംപോലെ നീ കാണും.

തസ്യാസ്തിക്തൈൎവ്വനഗജമദൈൎവ്വാസിതം വാന്തവൃഷ്ടിർ-
ജംബൂകുഞ്ജപ്രതിഹതരയം തോയമാദായ ഗച്ഛേഃ
അന്തഃസാരം ഘന തുലയിതും നാനിലഃശക്ഷ്യതി ത്വാം
രിക്തഃ സൎവ്വോ ഭവതി ഹി ലഘുഃ പൂൎണ്ണതാ ഗൌരവായ ൨൦

ഹേ മേഘ! (അ-പു-സം-പ്ര-ഏ) വാന്തവൃഷ്ടിഃ (ഇ-പു-പ്ര-ഏ) തിക്തൈഃ-വനഗജമദൈഃ (അ-പു-തൃ-ബ) വാസിതം (അ-ന-ദ്വി-ഏ) ജംബൂകുഞ്ജൈഃ (അ-ന-തൃ-ബ) പ്രതിഹതരയം (അ-ന-ദ്വി-ഏ) തസ്യാഃ (തച്ഛ-സ്ത്രീ-ഷ-ഏ) തോയം (അ-ന-ദ്വി-ഏ) ആദായ (ല്യ-അ) ഗച്ഛേഃ (ലിങ്-പ-പ-മ-പു ഏ) ഹേ! ഘന (അ-പു-സം-പ്ര-ഏ) അന്തഃസാരം (അ-പു-ദ്വി-ഏ) ത്വാം (യുഷ്മദ്-ദ്വി-ഏ) അനിലഃ (അ പു-പ്ര-ഏ) തുലയിതും (തുമു-അ) ന (അ) ശക്ഷ്യതി (ലൃട്-പ-പ-പ്ര-പുഏ) രിക്തഃ (അ-പു-പ്ര-ഏ) സർവ്വഃ (അ-പു-പ്ര-ഏ) അപി (അ) ലഘുഃ (ഉ-പു-പ്ര-ഏ) ഭവതി (ലട്-പ-പ-പ്ര-പു-ഏ) പൂർണ്ണതാ (ആ-സ്ത്രീ-പ്ര-ഏ) ഗൌരവായ (അ-ന-ച-ഏ) ഭവതി (ലട്-പ-പ-പ്ര-പു-ഏ)

അല്ലയോ മേഘമേ! നി വാന്തവൃഷ്ടിയായിട്ടു്, തിക്തങ്ങളായ വനഗജമദങ്ങളെക്കൊണ്ടു് വാസിതമായി, ജംബൂകുഞ്ജങ്ങളെക്കൊണ്ടു് പ്രതിഹതരയമായിരിക്കുന്ന അതിന്റെ തോയത്തെ ആദാനം ചെയ്തിട്ടു് ഗമിച്ചാലും! ഹേ ഘനമേ! അന്തസ്സാരനായിരിക്കുന്ന നിന്നെ അനിലൻ തുലനംചെയ്വാനായിക്കൊണ്ടു് ശക്തനായിഭവിക്കയില്ല. രിക്തമായ എല്ലാംതന്നെ ലഘുവായിഭവിക്കുന്നു. പൂർണ്ണത ഗൌരവത്തിനായിക്കൊണ്ടു് ഭവിക്കുന്നു.

വാന്തവൃഷ്ടി=വാന്തയായിരിക്കുന്ന വൃഷ്ടിയോടുകൂടിയവൻ. വാന്തം=വമിക്കപ്പെട്ടതു്. വമിക്ക=ഛർദ്ദിക്ക. വൃഷ്ടി=മഴ. തിക്തങ്ങൾ=സുഗന്ധികൾ (നല്ല മണമുള്ളവ എന്നർത്ഥം) തിക്തരസത്തോടുകൂടിയവ എന്നും വനഗജമദങ്ങൾ=വനഗജങ്ങളുടെ മദങ്ങൾ. വനഗജങ്ങൾ=കാട്ടാനകൾ. മദങ്ങൾ=മദജലങ്ങൾ. വാസിതം=സുരഭീകൃതം. വാസനയുള്ളതാക്കിച്ചെയ്യപ്പെട്ടതെന്നർത്ഥം. ജംബൂകുഞ്ജങ്ങൾ=ജംബുക്കളുടെ കുഞ്ജങ്ങൾ. ജംബുക്കൾ=ഞാവൽമരങ്ങൾ. കുഞ്ജങ്ങൾ=വള്ളിക്കെട്ടുകൾ. പ്രതിഹതരയം=പ്രതിഹതമായ രയത്തോടുകൂടിയതു്. പ്രതിഹതം=പ്രതിഹനിക്കപ്പെട്ടതു്. പ്രതിഹനിക്ക=തടുക്കുക. രയം=വേഗം. അതു്=നമ്മദാനദി. തോയം=വെള്ളം ആദാനംചെയ്ക=സ്വീകരിക്കുക. കുടിക്കുകഎന്നർത്ഥം. ഗമിക്കുക=പോകുക. ഘനം=മേഘം. അന്തസ്സാരൻ=ഉള്ളിൽ സാരത്തോടുകൂടിയവൻ. സാരം=ബലം കട്ടിഎന്നും. അനിലൻ=വായു വാതരോഗമെന്നും. തുലനംചെയ്ക=തൂക്കിഎടുക്കുക. ഉപദ്രവിക്കഎന്നും. രിക്തം=ഒഴിഞ്ഞതു്. ഉള്ളിൽ ഒന്നുമില്ലാത്തതു്. ലഘു=കനംകുറഞ്ഞതു്. പൂർണ്ണത=നിറവു്. ഗൌരവം=വലിപ്പം. കട്ടിയുള്ള അവസ്ഥ എന്നും.

ഹേ മേഘമേ! നി മഴപെയ്തു, ശരീരത്തിൽനിന്നു് വെള്ളം

ഒഴിച്ചതിനുശേഷം, കാട്ടാനകളുടെ സുഗന്ധമുള്ള മദജലം കലങ്ങി നല്ല മണം വീശുന്നതും ഞാവൽമരങ്ങളുടെ ഇലച്ചില്ലുകളാൽ തടുക്കപ്പെട്ട ഗതിവേഗത്തോടുകൂടിയതുംആയ ആ നർമ്മദാജലത്തെ കുടിച്ചു് വയറുനിറച്ചുകൊണ്ടു് പൊയ്ക്കൊൾക. ഹേ മേഘമേ! അപ്പോൾ ഉള്ളിൽ കട്ടിയോടുകൂടിയ നിന്നെ തൂക്കി എടുത്തുകൊണ്ടു പോകുന്നതിനു് വായു ശക്തനായി ഭവിക്കയില്ല. അന്തസ്സാരമില്ലാത്തതെല്ലാം ലഘുത്വമുള്ളതാകുന്നു. അന്തഃസാരംതന്നെ ഘനതയ്ക്കു കാരണം.

രോഗിയായ ഒരുത്തനു് വമനശോധനാനന്തരം, കഫമറുക്കാൻ ലഘുതിക്തകഷായംകൊടുത്തു് ബലമുണ്ടാക്കിയാൽ വാതത്തിന്റെ ഉപദ്രവം ഉണ്ടാകയില്ലെന്നു് വൈദ്യശാസ്ത്രപ്രകാരമുള്ള തത്വത്തെക്കൂടി ഇവിടെ ധ്വനിപ്പിച്ചിരിക്കുന്നു.

നീപം ദൃഷ്ട്വാ ഹരിതകപിശം, കേസരൈരർദ്ധരൂഢൈ-
രാവിർഭൂതപ്രഥമമുകുളാഃ കന്ദളീശ്ചാനുകച്ഛം
ജഗ്ദ്ധ്വാരണ്യേഷ്വധികസുരഭിം ഗന്ധമാഘ്രായ ചോർവ്വ്യാഃ
സാരംഗാസ്തേ ജലലവമുചഃ സൂചയിഷ്യന്തി മാർഗ്ഗം. ൨൧

സാരംഗാഃ (അ-പു-പ്ര-ബ) അർദ്ധരൂഢൈഃ കേസരൈഃ (അ-പു-തൃ-ബ) ഹരിതകപിശം നീപം (അ-ന-ദ്വി-ഏ) ദൃഷ്ട്വാ (ക്ത്വാ-അ) അനുകച്ഛം (അ) ആവിർഭൂതപ്രഥമമുകുളാഃ (ആ-സ്ത്രീ-ദ്വി-ബ) കന്ദളീഃ (ഈ-സ്ത്രീ-ദ്വി-ബ) ജഗ്ദ്ധ്വാ (ക്ത്വാ-അ) അരണ്യേഷു (അ-ന-സ-ബ) അധികസുരഭിം (ഇ-പു-ദ്വി-ഏ) ഉർവ്വ്യാഃ (ഈ-സ്ത്രീ-ഷ-ഏ) ഗന്ധം (അ-പു-ദ്വി-ഏ) ആഘ്രായ (ല്യ-അ) ച (അ) ജലലവമുചഃ (ച-പു-ഷ-ഏ) തേ (യുഷ്മദ്-ഷ-ഏ) മാർഗ്ഗം (അ-പു-ദ്വി-ഏ) സൂചയിഷ്യന്തി (ലൃട്-പ-പ-പ്ര-പു-ബ)

സാരംഗങ്ങൾ, അർദ്ധരൂഢങ്ങളായ കേസരങ്ങളെക്കൊണ്ടു് ഹരിതകപിശമായിരിക്കുന്ന നീപത്തെ ദർശിച്ചിട്ടും കച്ഛംതോറും ആവിർഭൂതപ്രഥമമുകുളകളായിരിക്കുന്ന കന്ദളികളെ ഭക്ഷിച്ചിട്ടും അരണ്യങ്ങളിൽ അധികസുരഭിയായിരിക്കുന്ന ഉർവ്വിയുടെ ഗന്ധത്തെ, ആഘ്രാണിച്ചിട്ടും ജലലവമുക്കായിരിക്കുന്ന നിന്റെ മാർഗ്ഗത്തെ സൂചിപ്പിക്കും.

സാരംഗങ്ങൾ=മദഗജങ്ങൾ. മാനുകൾക്കും വണ്ടുകൾക്കും സാരംഗങ്ങൾ എന്നുപറയാം. “സാരംഗശ്ചാതകേ ഭൃംഗേ കുരംഗേ ച മതംഗജേ” എന്നുവിശ്വകോശം. അർദ്ധരൂഢങ്ങൾ=അർദ്ധംരൂഢങ്ങൾ. അർദ്ധം=പകുതി. രൂഢങ്ങൾ=രോഹിച്ചവ. രോഹിക്ക=മുളയ്ക്കുക. കേസരങ്ങൾ=പൂക്കളുടെ അല്ലികൾ. ഹരിതകപിശം=ഹരിത

വും കപിശവും ആയുള്ളതു്. ഹരിതം=പച്ചിലനിറം. കപിശം=കറുത്ത മഞ്ഞച്ചനിറം. നീപം=കടമ്പു്. ദർശിക്ക=കാണുക. കച്ഛം=കര. ആവിർഭൂതപ്രഥമമുകുളകൾ=ആവിർഭൂതങ്ങളായ പ്രഥമമുകുളങ്ങളോടുകൂടിയവ. ആവിർഭൂതങ്ങൾ=ആവിർഭവിച്ചവ. ആവിർഭവിക്കുക=വെളിപ്പെടുക. പ്രഥമമുകുളങ്ങൾ=പ്രഥമങ്ങളായ മുകുളങ്ങൾ. പ്രഥമങ്ങൾ=ആദിയിൽഭവിച്ചവ. മുകുളങ്ങൾ=പൂമൊട്ടുകൾ. കന്ദളികൾ=മുളയ്ക്കുമ്പോൾതന്നെ പൂക്കളോടുകൂടിയ ഒരുതരം പുല്ലുകൾ. അരണ്യങ്ങൾ=കാടുകൾ. അധികസുരഭി=ഏററവും സുരഭി. സുരഭി=സുഗന്ധത്തോടുകൂടിയതു്. ഉർവ്വി=ഭൂമി. ഗന്ധം=മണം. ആഘ്രാണിക്കുക=മണത്തുക. ജലലവമുക്കു്=ജലലവത്തെ മോചിക്കുന്നതു്. ജലലവം=അല്പജലം. മോചിക്കുക=പൊഴിക്കുക. മാർഗ്ഗം=വഴി. സൂചിപ്പിക്ക=അറിയിക്കുക.

അല്ലയോ മേഘമെ! മദഗജങ്ങൾ (അല്ലെങ്കിൽ മാനുകൾ, അല്ലെങ്കിൽ വണ്ടുകൾ) പകുതിവിടർന്ന പൂമൊട്ടുകളാൽ പച്ചിലനിറത്തോടും കറുത്ത മഞ്ഞനിറത്തോടുംകൂടിയ കടമ്പുവൃക്ഷങ്ങളെ, നോക്കി ആനന്ദിച്ചും ചതുപ്പുനിലങ്ങളിൽ വളരുന്ന ആദിയിൽതന്നെ ഉണ്ടാകുന്ന പൂമൊട്ടുകളോടുകൂടിയ കന്ദളികൾ എന്ന തൃണവിശേഷങ്ങളെ ഭക്ഷിച്ചും (സാരംഗശബ്ദത്തിനു വണ്ടുകൾ എന്നർത്ഥമാകുമ്പോൾ അവ പൂക്കളിലെ തേൻകുടിച്ചും എന്നു അർത്ഥസംബന്ധം) പുതുമഴകൊണ്ടു കാടുകളിൽ വ്യാപിക്കുന്ന മണ്ണിൻെറ മനോഹരമായ ഗന്ധത്തെ മണത്തുനടന്നിട്ടു്, മഴവെള്ളം അല്പമായിച്ചൊരിഞ്ഞുകൊണ്ടു നീ പോയമാർഗ്ഗത്തെ അറിയിക്കും. അവ, മേൽപറഞ്ഞപ്രകാരം നടക്കുന്നതുകണ്ടാൽ നീ പോയവഴി അതാണെന്നു ഊഹിക്കാം അല്ലെങ്കിൽ നീ മഴവിഴ്ത്തിക്കൊണ്ടുപോയ വഴിയിൽ ആന മുതലായ ജന്തുക്കൾ അപ്രകാരം മണത്തുകൊണ്ടുനടക്കുമെന്നഭിപ്രായം.

ഉല്പശ്യാമി ദ്രുതമപി സഖേ! മൽപ്രിയാർത്ഥം യിയാസോഃ
കാലക്ഷേപം കകുഭസുരഭൌ പർവ്വതേപർവ്വതേ തേ
ശുക്ലാപാംഗൈഃ സജലനയനൈഃ സ്വാഗതീകൃത്യ കേകാഃ
പ്രത്യുദ്യാതഃ കഥമപി ഭവാൻ ഗന്തുമാശുവ്യവസ്യേൽ ൨൨

ഹേ സഖേ! (ഇ-പു-സം-പ്ര-ഏ) മൽപ്രിയാർത്ഥം (അ) ദ്രുതം (അ) യിയാസോഃ (ഉ-പു-ഷ-ഏ) അപി (അ) തേ (യുഷ്മദ്-ഷ-ഏ) കകുഭസുരഭൌ (ഇ-പു-സ-ഏ) പർവ്വതേ പർവ്വതേ (അ-പു-സ-ഏ) കാലക്ഷേപം (അ-പു-ദ്വി-ഏ) ഉല്പശ്യാമി (ലട്ട് പ-ഉ-പു-ഏ)

സജലനയനൈഃ ശുക്ലാംപാംഗൈഃ (അ-പു-തൃ-ബ) കേകാഃ (ആ-സ്ത്രീ-ദ്വി-ബ) സ്വാഗതികൃത്യ (ല്യ-അ) പ്രത്യുദ്യാതഃ (അ-പു-പ്ര-ഏ) ഭവാൻ (ത-പു-പ്ര-ഏ) ആശു (അ) ഗന്തും (തുമു-അ) വ്യവസ്യേൽ (ലിങ്-പ-പ്ര-പു-ഏ)

അല്ലയോ സഖേ! മൽപ്രിയത്തിനായിക്കൊണ്ടു യിയാസുവാണെങ്കിലും നിനക്കു, കകുഭസുരഭിയായിരിക്കുന്ന പർവ്വതത്തിങ്കൽ പർവ്വതത്തിങ്കൽ കാലക്ഷേപത്തെ ഞാൻ ഉദ്ദേശിക്കുന്നു. സജലനയനങ്ങളായ ശുക്ലാപാംഗങ്ങളാൽ കേകകളെ സ്വാഗതീകരിച്ചിട്ടു പ്രത്യുദ്യാതനായിരിക്കുന്ന ഭവാൻ വേഗത്തിൽ ഗമിക്കുന്നതിനായി വ്യവസിക്കണം.

മൽപ്രിയം=എന്റെ പ്രിയം. പ്രിയം=ഇഷ്ടം. യിയാസു=യാനംചെയ്യാനിച്ഛിക്കുന്നവൻ. യാനംചെയ്ക=പോക. ഇച്ഛിക്കുക=ആഗ്രഹിക്കുക, കകുഭങ്ങൾ=കുടകപ്പാലപ്പൂക്കൾ. സുരഭി=സുഗന്ധമുള്ളതു്. കാലക്ഷേപം=കാലത്തിന്റെ ക്ഷേപം. ക്ഷേപം=കഴിക്കൽ ഉദ്ദേശിക്കുക=പ്രതീക്ഷിക്കുക. (ഊഹിക്കുക എന്നർത്ഥം) സജലനയനങ്ങൾ=സജലങ്ങളായ നയനങ്ങളോടുകൂടിയവ. സജലങ്ങൾ=ജലത്തോടുകൂടിയവ. നയനങ്ങൾ=കണ്ണുകൾ. ആനന്ദബാഷ്പത്തോടുകൂടിയ കണ്ണുകളെന്നർത്ഥം ശുക്ലാപാംഗങ്ങൾ=മയിലുകൾ. കേകകൾ=മയിൽകരച്ചിലുകൾ. സ്വാഗതീകരിക്കുക=സ്വാഗതമാക്കിച്ചെയ്ക. സ്വാഗതം=സല്ക്കാരവാക്കു്. പ്രത്യുദ്യാതൻ=പ്രത്യുദ്യാനംചെയ്യപ്പെട്ടവൻ. പ്രത്യുദ്യാനംചെയ്ക=എതിരേല്ക്കുക. ഭവാൻ_അങ്ങു്. ഗമിക്കുക=പോകുക. വ്യവസിക്കുക_ഉത്സാഹിക്കുക.

ഹേ സ്നേഹിതാ! നി എന്റെ ഇഷ്ടത്തെച്ചെയ്യുന്നതിനായി പോകാൻ ആഗ്രഹിക്കുന്നവനാണെങ്കിലും കുടകപ്പാലപ്പൂക്കളുടെ മണം വീശുന്നതായ ഓരോ പർവ്വതത്തിലും നീ വളരെനേരം വിശ്രമിച്ചു് കാലതാമസംവരുത്തുമെന്നു ഞാൻ ഉദ്ദേശിക്കുന്നു. എന്നാൽ അങ്ങനെ ചെയ്യരുതു്. തങ്ങളുടെ ശബ്ദവിശേഷംകൊണ്ടു് നിനക്കു സ്വാഗതം പറയുന്ന മയിലുകളാൽ എതിരേല്ക്കപ്പെട്ടവനായിട്ടു, നി കാലതാമസംവരുത്താതെ വേഗത്തിൽ പോകുന്നതിനു് ഉത്സാഹിക്കണം.

പാണ്ഡുച്ഛായോപവനവൃതയഃ കേതകൈഃ സൂചിഭിന്നൈ-
ർന്നീഡാരംഭൈർഗൃഹബലിഭുജാമാകുലഗ്രാമചൈത്യാഃ
ത്വയ്യാസന്നേപരിണതഫലശ്യാമജംബൂവനാന്താഃ
സമ്പത്സ്യന്തേ കതിപയദിനസ്ഥായിഹംസാ ദശാർണ്ണാഃ ൨൩

ഹേ മേഘ (അ-പ-സം-പ്ര-ഏ) ത്വയി (യുഷ്മദ്-സ-ഏ) ആസന്നേ (അ-പു-സ-ഏ) ദശാർണ്ണാഃ (അ-പു-പ്ര-ബ) സൂചിഭിന്നൈഃ

കേതകൈഃ (അ-ന-തൃ-ബ) പാണ്ഡുച്ഛായോപവനവൃതയഃ (ഇ-സ്ത്രീ-പ്ര-ബ) ഗൃഹബലിഭുജാം (ജ-പു-ഷ-ബ) നീഡാരംഭൈഃ (അ-പു-തൃ-ബ) ആകുലഗ്രാമചൈത്യാഃ പരിണതഫലശ്യാമജംബൂവനാന്താഃ (അ-പു-പ്ര-ബ) കതിപയദിനസ്ഥായിഹംസാഃ (അ-പു-പ്ര-ബ) സംപത്സ്യന്തേ (ലൃട്-ആത്മ-പ-പ്ര-പു-ബ)

അല്ലയോ മേഘമെ, നി ആസന്നനായിരിക്കുമ്പോൾ, ദശാൎണ്ണങ്ങൾ, സൂചിഭിന്നങ്ങളായിരിക്കുന്ന കേതകങ്ങളാൽ പാണ്ഡുച്ഛായോപവനവൃതികളായി, ഗൃഹബലിഭുക്കുകളുടെ നിഡാരംഭങ്ങളെക്കൊണ്ടു് ആകുലഗ്രാമചൈത്യങ്ങളായി പരിണതഫലശ്യാമജംബൂവനാന്തങ്ങളായി കതിപയദിനസ്ഥായിഹംസങ്ങളായിട്ടു സമ്പദിക്കും.

ആസന്നൻ=അടുത്തവൻ. ദശാൎണ്ണങ്ങൾ=ദശാൎണ്ണദേശങ്ങൾ. സൂചിഭിന്നങ്ങൾ=സൂചികളാൽ ഭിന്നങ്ങൾ. സൂചികൾ=പൂമൊട്ടുകളുടെ അററങ്ങൾ. ഭിന്നങ്ങൾ=ഭേദിച്ചവ. ഭേദിക്ക=വിടിരുക. കേതകങ്ങൾ=കൈതപ്പൂക്കൾ. പാണ്ഡുച്ഛായോപവനവൃതികൾ=പാണ്ഡുച്ഛായകളായ ഉപവനവൃതികളോടുകൂടിയവ. പാണ്ഡുച്ഛായകൾ=വിളത്തനിറത്തോടുകൂടിയവ. ഉപവനവൃതികൾ=ഉപവനങ്ങളുടെ വൃതികൾ. ഉപവനങ്ങൾ=ഉദ്യാനങ്ങൾ. വൃതികൾ=വേലികൾ. ഗൃഹബലിഭുക്കുകൾ=കാകാദികളായ ഗ്രാമപക്ഷികൾ. നീഡാരംഭങ്ങൾ_നീഡങ്ങളുടെ ആരംഭങ്ങൾ. നീഡങ്ങൾ=കൂടുകൾ. ആരംഭങ്ങൾ=നിൎമ്മാണങ്ങൾ. ആകുലഗ്രാമചൈത്യങ്ങൾ=ആകുലങ്ങളായ ഗ്രാമചൈത്യങ്ങളോടു കൂടിയവ. ആകുലങ്ങൾ=സങ്കീൎണ്ണങ്ങൾ (കലന്നവ) ഗ്രാമചൈത്യങ്ങൾ=ഗ്രാമങ്ങളിലെ ചൈത്യങ്ങൾ. ചൈത്യങ്ങൾ=രഥ്യാവൃക്ഷങ്ങൾ=(തെരുവുകളിലെ മരങ്ങൾ) പരിണതഫലശ്യാമജംബൂവനാന്തങ്ങൾ=പരിണതഫലങ്ങളാൽ ശ്യാമങ്ങളായ ജംബൂവനങ്ങളെക്കൊണ്ടു അന്തങ്ങളായുള്ളവ. പരിണതഫലങ്ങൾ=പഴുത്തകായ്കൾ. ശ്യാമങ്ങൾ=കറുത്തവ. ജംബൂവനങ്ങൾ=ഞാവൽകാടുകൾ. അന്തങ്ങൾ=രമ്യങ്ങൾ. കതിപയദിനസ്ഥായിഹംസങ്ങൾ=കതിപയദിനങ്ങളിൽ സ്ഥായികളായ ഹംസങ്ങളോടുകൂടിയവ. കതിപയദിനങ്ങൾ=ഏതാനുംദിവസങ്ങൾ. സ്ഥായികൾ=സ്ഥിതിചെയ്യുന്നവ. സ്ഥിതിചെയ്ക=ഇരിക്കുക. ഹംസങ്ങൾ=അരയന്നങ്ങൾ. സമ്പദിക്കുക=ഭവിക്കുക.

അല്ലയോ മേഘമേ, നീ ദശാൎണ്ണരാജ്യത്തു ചെല്ലുമ്പോൾ അവിടം അററംമാത്രം വിടിൎന്ന കൈതപ്പൂക്കളാൽ, വിളത്തനിറത്തോടുകൂടിയ ഉദ്യാനവേലികളോടുകൂടിയതായും കാക്ക മുതലായ നാട്ടുപക്ഷികൾ അവിടവിടെ കൂടുകെട്ടിയിട്ടുള്ള തെരുമരങ്ങളോടുകൂടിയതാ

യും പഴുത്ത കായ്ക്കൾ നിറഞ്ഞു നീലനിറം വീശുന്ന ഞാവൽകാടുകളാൽ രമ്യമായും, ഏതാനും ദിവസംമാത്രം താമസിക്കുന്ന അരയന്നങ്ങളോടുകൂടിയതായും കാണപ്പെടും.

തേഷാം ദിക്ഷു പ്രഥിതവിദിശാലക്ഷണാം രാജധാനീം
ഗത്വാ സദ്യഃ ഫലമവികലം കാമുകത്വസ്യ ലബ്ധാ
തീരോപാന്തസ്തനിതസുഭഗം പാസ്യസി സ്വാദു യസ്മാത്
സഭ്രൂഭംഗം മുഖമിവ പയോ വേത്രവത്യാശ്ചലോൎമ്മി

ദിക്ഷു (ശ-സ്ത്രീ-സ-ബ) പ്രഥിതവിദിശാലക്ഷണാം (ആ-സ്ത്രീ-ദ്വി-ഏ) തേഷാം (തച്ഛ-പു-ഷ-ബ) രാജധാനീം (ഈ-സ്ത്രീ-ദ്വി-ഏ) ഗത്വാ (ക്ത്വാ-അ) സദ്യഃ (അ) കാമുകത്വസ്യ (അ-ന-ഷ-ഏ) അവികലം ഫലം (അ-ന-ദ്വി-ഏ) ലബ്ധാ (ലുട്-പ-പ-പ്ര-പു-ഏ) യസ്മാൽ (യച്ഛ-ന-പ-ഏ) സ്വാദു (ഉ-ന-ദ്വി-ഏ) ചലോൎമ്മി (ഇ-ന-ദ്വി-ഏ) വേത്രവത്യാഃ (ഈ-സ്ത്രീ-ഷ-ഏ) പയഃ (സ-ന-ദ്വി-ഏ) സഭ്രൂഭംഗം മുഖം (അ-ന-ദ്വി-ഏ) ഇവ (അ) തീരോപാന്തസ്തനിതസുഭഗം (ക്രി-വി) പാസ്യസി (ലൃട്-പ-പ-മ-പു-ഏ)

ദിക്കുകളിൽ പ്രഥിതവിദിശാലക്ഷണയായിരിക്കുന്ന അവയുടെ രാജധാനിയെ, ഗമിച്ചിട്ടു് പൊടുന്നനവേ കാമുകത്വത്തിന്റെ അവികലമായ ഫലത്തെ നീ ലഭിക്കും. യാതൊന്നു ഹേതുവായിട്ടു്, സ്വാദുവായി ചലോൎമ്മിയായിരിക്കുന്ന വേത്രവതിയുടെ പയസ്സിനെ, സഭ്രൂഭംഗമായ മുഖത്തേ എന്നപോലെ തീരോപാന്തസ്തനിതസുഭഗമാകുംവണ്ണം നീ പാനംചെയ്യും.

പ്രഥിതവിദിശാലക്ഷണാ=പ്രഥിതയായ വിദിശ എന്ന ലക്ഷണത്തോടുകൂടിയതു്. പ്രഥിതാ=പ്രസിദ്ധ. ലക്ഷണം=നാമം. അവ=ദശാൎണ്ണങ്ങൾ ദശാൎണ്ണരാജ്യം എന്നൎത്ഥം. ഗമിക്ക=പ്രാപിക്കുക. കാമുകത്വം=കാമുകന്റെ അവസ്ഥ. കാമുകൻ=വിലാസി (രസികൻ എന്നൎത്ഥം) അവികലം=സമഗ്രം (മുഴുവൻ) സ്വാദു=മധുരമായതു്. ചലോൎമ്മി=ചലകളായിരിക്കുന്ന ഊൎമ്മികളോടുകൂടിയതു്. ചലകൾ=ഇളകുന്നവ. ഊൎമ്മികൾ=തിരകൾ. വേത്രവതി=ഒരുനദി. പയസ്സു്=ജലം. സഭ്രൂഭംഗം=ഭ്രൂഭംഗത്തോടുകൂടിയതു്. ഭ്രൂഭംഗം=പുരികം ചുളിച്ചൽ തീരോപാന്തസ്തനിതസുഭഗം=തീരോപാന്തത്തിലെ സ്തനിതത്താൽ സുഭഗം. തീരോപാന്തം=തീരത്തിന്റെ ഉപാന്തം. തീരം=കര. സ്തനിതം=ഇടിമുഴക്കം. സുഭഗം=സുന്ദരം. പാനംചെയ്ക=കുടിക്കുക.

ലോകത്തിൽ പ്രസിദ്ധപ്പെട്ട, വിദിശ എന്ന പേരോടുകൂടിയ, ആ ദശാൎണ്ണരാജ്യത്തിന്റെ രാജധാനിയെ നീ പ്രാപിക്കുമ്പോൾ, ക്ഷണേന രസികത്വത്തിന്റെ സമ്പൂൎണ്ണമായ ഫലം നിനക്കു ലഭിക്കാൻ ഇടയാകും. എന്തെന്നാൽ, മധുരവും ഇളകുന്ന തിരമാലകളോടുകൂടിയതുമായ വേത്രവതിയുടെ ജലത്തെ, ദന്തപീഡകൊണ്ടു പുരികംചുളിക്കുന്ന ഒരു സുന്ദരിയുടെ അധരത്തെ എന്നപോലെ, തീരപ്രദേശത്തിൽ സന്തോഷസൂചകമായ ചെറിയ ഇടികളെമുഴക്കിക്കൊണ്ടു നിനക്കു കുടിക്കാം.

നീചൈരാഖ്യം ഗിരിമധിവസേസ്തത്ര വിശ്രാമഹേതോ
സ്ത്വൽസമ്പൎക്കാൽ പുളകിതമിവ, പ്രൗഢപുഷ്പൈഃകദംബൈഃ
യഃ പണ്യസ്ത്രീരതിപരിമളോദ്ഗാരിഭിൎന്നാഗരാണാ-
മുദ്ദാമാനി പ്രഥയതി ശിലാവേശ്മഭിൎയ്യൌവനാനി ൨൬

ഹേ മേഘ (അ-പു-സം-പ്ര-ഏ)തത്ര (അ) വിശ്രാമഹേതോഃ (ഉ-പു-ഷ-ഏ)പ്രൌഢപുഷ്പൈഃ കദംബൈഃ (അ-പു-തൃ-ബ) ത്വൽസമ്പൎക്കാൽ (അ-പു-പ-ഏ) പുളകിതം (അ-പു-ദ്വി-ഏ) ഇവ (അ) സ്ഥിതം നീചൈരാഖ്യം(അ-പു-ദ്വി-ഏ) ഗിരിം (ഇ-പു-ദ്വി-ഏ) അധിവസേഃ (ലിങ്-പ-മ-പു-ഏ) യഃ (യച്ഛ-പു-പ്ര ഏ) പണ്യസ്ത്രീരതിപരിമളോദ്ഗാരിഭിഃ ശിലാവേശ്മഭിഃ (ന-ന തൃ-ബ) നാഗരാണാം (അ-പു-ഷ-ബ) ഉദ്ദാമാനി യൌവനാനി (അ-ന-ദ്വി-ബ)പ്രഥയതി (ലട്-പ-പ-പ്ര-പു-ഏ)

അല്ലയോ മേഘമേ, അവിടെ വിശ്രമത്തിനായിട്ടു് പ്രൌഢപുഷ്പങ്ങളായ കദംബങ്ങളെക്കൊണ്ടു് ത്വൽസമ്പൎക്കം ഹേതുവായിട്ടു പുളകിതമൊ എന്നു തോന്നുമാറു സ്ഥിതമായ നീചൈരാഖ്യമായ ഗിരിയെ അധിവസിക്കുക! യാവനൊരുത്തൻ, പണ്യസ്ത്രീരതിപരിമളോദ്ഗാരികളായിരിക്കുന്ന ശിലാവേശ്മങ്ങളെക്കൊണ്ടു്, നാഗരന്മാരുടെ ഉദ്ദാമങ്ങളായ യൌവനങ്ങളെ പ്രഥനംചെയ്യുന്നു.

വിശ്രാമം=വിശ്രമം. തളൎച്ചതീൎക്കൽ എന്നൎത്ഥം. (പാണിനീയവിധിപ്രകാരം വിശ്രമ എന്നല്ലാതെ വിശ്രാമ എന്നുവരാൻ പാടില്ലാത്തതാണു്. എന്നാലും ചന്ദ്രവ്യാകരണത്തിൽ വികല്പേനവൃദ്ധി അനുവദിച്ചിട്ടുണ്ടു്) പ്രൌഢപുഷ്പങ്ങൾ=പ്രൌഢങ്ങളായ പുഷ്പങ്ങളോടുകൂടിയതു്. പ്രൌഢങ്ങൾ=വിലസിയവ. പുഷ്പങ്ങൾ= പൂക്കൾ. കദംബങ്ങൾ=കടമ്പുകൾ. ത്വൽസമ്പൎക്കം=നിന്റെ സമ്പൎക്കം. സമ്പൎക്കം=ചേൎച്ച. പുളകിതം=സഞ്ജാതപുളകം. (രോമാ

ഞ്ചത്തോടുകൂടിയതെന്നുസാരം) സ്ഥിതം=സ്ഥിതിചെയ്യുന്നതു്. സ്ഥിതിചെയ്ക=ഇരിക്കുക. നീചൈരാഖ്യം=നീചൈസ്സെന്നുപേരുള്ളതു്. ഗിരി=പർവതം. അധിവസിക്കുക=പാൎക്കുക. ഗിരിയെ അധിവസിക്കുക എന്നതിന്നു് ഗിരിയിൽ വസിക്കുക എന്നൎത്ഥം. യാവനൊരുത്തൻ=യാതൊരു നീചൈസ്സ്. പണ്യസ്ത്രീരതിപരിമളോദ്ഗാരികൾ=പണ്യസ്ത്രീകളുടെ രതിപരിമളത്തെ ഉദ്ഗിരണം ചെയ്യുന്നവ. പണ്യസ്ത്രീകൾ=വേശ്യാസ്ത്രീകൾ രതിപരിമളം=രതിയുടെ ഗന്ധം. ഉദ്ഗിരണംചെയ്യുക=പുറപ്പെടുവിക്കുക. ശിലാവേശ്മങ്ങൾ=ശിലാഗുഹകൾ. നാഗരന്മാർ=പൌരന്മാർ. ഉദ്ദാമങ്ങൾ=ഉൽകടങ്ങൾ. പ്രൌഢങ്ങളെന്നൎത്ഥം. പ്രഥനംചെയ്ക=കീൎത്തിക്കുക. (പ്രസിദ്ധപ്പെടുത്തുക)

അല്ലയോ മേഘമേ, നീ അവിടെ തളൎച്ചതീൎക്കുന്നതിനായിട്ടു്, നിന്റെ സംസൎഗ്ഗംകൊണ്ടു രോമാഞ്ചം കൊണ്ടതാണോ എന്നു തോന്നുമാറു് വിലസിയപൂക്കളുള്ള കദംബുകളോടുകൂടി സ്ഥിതിചെയ്യുന്ന നീചൈസ്സെന്ന പൎവതത്തിൽ വസിക്കുക. ആ മലയിലുള്ള ഗുഹകളിൽനിന്നു പുറപ്പെടുന്ന രതിപരിമളം, അവിടെയുള്ള പൌരന്മാരുടെ യൌവനത്തിളപ്പിനെ പ്രഖ്യാപനം ചെയ്യുന്നു.

വിശ്രാന്തഃ സൻ വ്രജ! വനനദീതീരജാതാനി സിഞ്ച-
ന്നുദ്യാനാനാം നവജലകണൈൎയ്യൂഥികാജാലകാനി
ഗണ്ഡസ്വേദാപനയനരുജാക്ലാന്തകണ്ണോൽപലാനാം
ഛായാദാനാൽ ക്ഷണപരിചിതഃ പുഷ്പലാവീമുഖാനാം. ൨൬

വിശ്രാന്തഃ (അ-പു-പ്ര-ഏ) സൻ (ത-പു-പ്ര-ഏ) വനനദീതീരജാതാനി (അ-ന-ദ്വി-ബ) ഉദ്യാനാനാം (അ-ന-ഷ-ബ) യൂഥികാജാലകാനി (അ-ന-ദ്വി-ബ) നവജലകണൈഃ (അ-പു-തൃ-ബ) സിഞ്ചൻ (ത-പു-പ്ര-ഏ) ഗണ്ഡസ്വേദാപനയനരുജാക്ലാന്തകണ്ണോൽപലാനാം-പുഷ്പലാവീമുഖാനാം (അന-ഷ-ബ) ഛായാദാനാൽ (അ-ന-പ-ഏ) ക്ഷണപരിചിതഃ (അ-പു-പ്ര-ഏ) ത്വം (യുഷ്മദ്-പ്ര-ഏ) വ്രജ (ലോട്-പ-പ-മ-പു-ഏ)

വിശ്രാന്തനായി സന്നായിട്ടു്, വനനദീതീരജാതങ്ങളായ ഉദ്യാനങ്ങളെസംബന്ധിച്ച യൂഥികാജാലകങ്ങളെ നവജലകണങ്ങളെക്കൊണ്ടു സിഞ്ചന്നായിട്ടു്, ഗണ്ഡസ്വേദാപനയനരുജാക്ലാന്തകണ്ണോല്പലങ്ങളായ പുഷ്പലാവീമുഖങ്ങൾക്കു ഛായാദാനം ഹേതുവായിട്ടു ക്ഷണപരിചിതനായിട്ടു്, നീ വ്രജിച്ചാലും.

വിശ്രാന്തൻ=വിശ്രമിച്ചവൻ. വിശ്രമിക്കുക=തളർച്ചതീർക്കുക. സൻ=ഭവിച്ചിയങ്ങുന്നവൻ. വനനദീതീരജാതങ്ങൾ=വനനദീതീരങ്ങളിൽ ജാതങ്ങൾ. വനനദീതീരങ്ങൾ=വനനദികളുടെ തീരങ്ങൾ. വനനദികൾ=കാട്ടാറുകൾ. തീരങ്ങൾ=കരകൾ. ജാതങ്ങൾ=ജനിച്ചവ. ജനിക്ക=ഉണ്ടാകുക. ഉദ്യാനങ്ങൾ=ഉപവനങ്ങൾ. യൂഥികാജാലകങ്ങൾ=കുറുമൊഴിമുല്ലപ്പൂമൊട്ടുകൾ. നവജലകണങ്ങൾ=പുതിയനീർത്തുള്ളികൾ. സിഞ്ചൻ=സേചിച്ചിയങ്ങുന്നവൻ. സേചിക്ക=നനയ്ക്കുക. ഗണ്ഡസ്വേദാപനയനരുജാക്ലാന്തകർണ്ണോല്പലങ്ങൾ=ഗണ്ഡസ്വേദത്തിന്റെ അപനയനത്തിന്റെ രുജഹേതുവായിട്ട്, ക്ലാന്തങ്ങളായകർണ്ണോല്പലങ്ങളോടുകൂടിയവ. ഗണ്ഡസ്വേദം=ഗണ്ഡങ്ങളിലെസ്വേദം. ഗണ്ഡങ്ങൾ=കവിൾത്തടങ്ങൾ. സ്വേദം=വിയർപ്പ്. അപനയനം=മാർജ്ജനം (തുടച്ചുകളയുക.) രുജ=പീഡ. ക്ലാന്തങ്ങൾ=വാടിയവ. കർണ്ണോല്പലങ്ങൾ=കാതുകളിൽ തിരുകിയിരിക്കുന്ന ഉല്പലങ്ങൾ. ഉല്പലങ്ങൾ=ചെങ്ങഴന്നീർപൂക്കൾ. പുഷ്പലാവീമുഖങ്ങൾ=പുഷ്പലാവികളുടെ മുഖങ്ങൾ. പുഷ്പലാവികൾ=പൂവിറുക്കുന്നവർ. ഛായാദാനം=ഛായയുടെദാനം. ഛായ=നിഴൽ. ദാനം=കൊടുപ്പ്. ക്ഷണപരിചിതൻ=ക്ഷണനേരത്തേക്കു പരിചിതൻ. പരിചിതൻ=പരിചയിച്ചവൻ. വ്രജിക്കുക=പുറപ്പെടുക.

മേഘമേ! നീ അവിടെ കുറേനേരം വിശ്രമിച്ചതിനുശേഷം, അവിടെനിന്നും പുറപ്പെട്ട്, കാട്ടാറുകരകളിലുള്ള പൂന്തോട്ടങ്ങളിൽ വളരുന്ന കുറുമൊഴിമുല്ലയുടെ പൂമൊട്ടുകളെ പുതിയനീർത്തുള്ളികൾ വീഴ്ത്തി നനച്ചിട്ട്, കവിൾത്തടങ്ങളിലെ വിയർപ്പുകൾ തുടയ്ക്കുകകൊണ്ടു കൈയുടെ മർദ്ദനമേറ്റുവാടിയ അവതംസപുഷ്പങ്ങളോടുകൂടിയ പുഷ്പഹാരിണികളുടെ മുഖങ്ങളിൽ നിഴൽ വീശി അല്പകാലം അവരുടെ പരിചയത്തെ സമ്പാദിച്ചുകൊണ്ടു വേഗത്തിൽ ഗമിച്ചാലും!

വക്രഃ പന്ഥാ യദപി ഭവതഃ പ്രസ്ഥിതസ്യോത്തരാശാം
സൌധോത്സംഗപ്രണയവിമുഖോ മാസ്മ ഭൂരുജ്ജയിന്യാഃ
വിദ്യുദ്ദാമസ്ഫുരിതചകിതൈസ്തത്ര പൌരാംഗനാനാം
ലോലാപാങ്ഗൈര്യദി നരമസേ ലോചനൈർവഞ്ചിതോസി

ഉത്തരാശാം (ആ-സ്ത്രീ-ദ്വി=ഏ) പ്രസ്ഥിതസ്യ (അ-പു-ഷ-ഏ) ഭവതഃ (ത-പു-ഷ-ഏ) പന്ഥാഃ (ന-പു-പ്ര-ഏ) വക്രഃ (അ-പു-പ്ര-ഏ) യദപി (അ) ഉജ്ജയിന്യാഃ (ഈ-സ്ത്രീ-ഷ-ഏ) സൌധോത്സംഗപ്രണയവിമുഖഃ (അ-പു-പ്ര-ഏ) മാ-സ്മ (അ) ഭൂഃ (ലുങ്-പ-പ-മ-പു-ഏ) തത്ര (അ) വിദ്യുദ്ദാമസ്ഫുരിതചകി

തൈഃ ലോലാപാംഗൈഃ (അ-ന-തൃ-ബ) പൗരാംഗനാനാം (അ-സ്ത്രീ-ഷ-ബ) ലോചനൈഃ (അ-ന-തൃ-ബ) ന (അ) രമസേ (ലട്-ആത്മ-പ-മ-പു-ഏ) യദി (അ) ത്വം (യുഷ്മദ്-പ്ര-ഏ) വഞ്ചിതഃ (അ-പു-പ്ര-ഏ) അസി (ലട്ട്-പ-പ-മ-പു-ഏ)

ഉത്തരാശയെക്കുറിച്ചു പ്രസ്ഥിതനായിരിക്കുന്ന ഭവാന്റെ പന്ഥാവു്, വക്രമാണെങ്കിലും, ഉജ്ജയിനിയുടെ സൗധോത്സംഗപ്രണയവിമുഖനായി ഭവിക്കരുതേ. അവിടെ വിദ്യുദ്ദാമസ്ഫുരിതചകിതങ്ങളായി ലോലാപാംഗങ്ങളായിരിക്കുന്ന പൗരാംഗനമാരുടെ ലോചനങ്ങളെക്കൊണ്ടു രമിക്കുന്നില്ലയെങ്കിൽ, നീ വഞ്ചിതനായി ഭവിക്കുന്നു.

ഉത്തരാശ=വടക്കേദിക്കു്. പ്രസ്ഥിതൻ=പ്രസ്ഥാനംചെയ്തവൻ. ഭവാൻ=അങ്ങു്. പന്ഥാവു്=മാൎഗ്ഗം. വക്രം=വളഞ്ഞതു്. ചുററിപ്പോകേണ്ടതുകൊണ്ടു ദൂരമുള്ളതു് എന്നൎത്ഥം. ഉജ്ജയിനി=ഉജ്ജയിനീനഗരം. സൗധോത്സംഗപ്രണയവിമുഖൻ=സൗധോത്സംഗങ്ങളിലുള്ള പ്രണയത്തിൽ വിമുഖൻ. സൗധോത്സംഗങ്ങൾ=സൗധങ്ങളുടെ ഉത്സംഗങ്ങൾ. സൗധങ്ങൾ=മാളികകൾ. ഉത്സംഗങ്ങൾ=ഉപരിഭാഗങ്ങൾ. പ്രണയം=പരിചയം. വിമുഖൻ=താല്പൎയ്യമില്ലാത്തവൻ. അവിടം=ഉജ്ജയിനി. വിദ്യുദ്ദാമസ്ഫുരിതചകിതങ്ങൾ=വിദ്യുദ്ദാമസ്ഫുരിതങ്ങൾ ഹേതുവായിട്ടു ചകിതങ്ങൾ. വിദ്യുദ്ദാമസ്ഫുരിതങ്ങൾ=വിദ്യുദ്ദാമങ്ങളുടെ സ്ഫുരിതങ്ങൾ. വിദ്യുദ്ദാമങ്ങൾ=വിദ്യുല്ലതകൾ. സ്ഫുരിതങ്ങൾ=സ്ഫുരണങ്ങൾ. (പ്രകാശങ്ങളെന്നൎത്ഥം.) ചകിതങ്ങൾ=ഭയപ്പെട്ടവ (ഇളകുന്നവ.) ലോലാപാങ്ഗങ്ങൾ=ലോലങ്ങളായിരിക്കുന്ന അപാംഗങ്ങളോടുകൂടിയവ. ലോലങ്ങൾ=ചഞ്ചലങ്ങൾ. അപാംഗങ്ങൾ=കടാക്ഷങ്ങൾ. പൗരാംഗനമാർ=നാഗരസ്ത്രീകൾ. ലോചനങ്ങൾ=കണ്ണുകൾ. രമിക്കുക=ആനന്ദിക്കുക. വഞ്ചിതൻ=വഞ്ചിക്കപ്പെട്ടവൻ. ജന്മസാഫല്യംവരുത്താത്തമൂഢൻ എന്നുസാരം.

വടക്കോട്ടു നേരേപുറപ്പെട്ടിരിക്കുന്ന നീ അല്പമൊന്നു വളഞ്ഞുപോകേണ്ടിവരുമെങ്കിലും, ഉജ്ജയിനിപ്പട്ടണത്തിലെ മേടകളുടെ മേൽഭാഗത്തുള്ള കാഴ്ചകാണേണ്ടാ എന്നു വിചാരിക്കരുതേ. അവിടെ, മിന്നലൊളിവീശുമ്പോൾ, പേടിക്കുന്നതും, ഇളകുന്ന കടാക്ഷങ്ങളോടുകൂടിയതുമായ നാഗരസ്ത്രീകളുടെ കണ്ണുകൾ നിന്റെ മനസ്സിനെ സന്തോഷിപ്പിക്കുന്നില്ലെങ്കിൽ നീ ജന്മസാഫല്യം വരുത്താത്ത മൂഢൻതന്നെയാണു്.

വീചിക്ഷോഭസ്തനിതവിഹഗശ്രേണികാഞ്ചീഗുണായാഃ
സംസർപ്പന്ത്യാഃ സ്ഖലിതസുഭഗം ദർശിതാവർത്തനാഭേഃ
നിർവിന്ധ്യായാഃ പഥി ഭവ രസാഭ്യന്തരഃ സന്നിപത്യ
സ്ത്രീണാമാദ്യം പ്രണയവചനം. വിഭ്രമോ ഹി പ്രിയേഷു ൨൮

പഥി (ന-പു-സ-ഏ) വീചിക്ഷോഭസ്തനിതവിഹഗശ്രേണികാഞ്ചീഗുണായാഃ (ആ-സ്ത്രീ-ഷ-ഏ) സ്ഖലിതസുഭഗം (ക്രി-വി) സംസർപ്പന്ത്യാഃ (ഈ-സ്ത്രീ-ഷ-ഏ) ദർശിതാവർത്തനാഭേഃ (ഇ-സ്ത്രീ-ഷ-ഏ) നിർവിന്ധ്യായാഃ (ആ-സ്ത്രീ-ഷ-ഏ) സന്നിപത്യ (ല്യ-അ) രസാഭ്യന്തരഃ (അ-പു-പ്ര-ഏ) ഭവ (ലോട്-പ-പ-മ-പു-ഏ) സ്ത്രീണാം (ഈ-സ്ത്രീ-ഷ-ഏ) പ്രിയേഷു (അ-പു-സ-ബ) വിഭ്രമഃ (അ-പു-പ്ര-ഏ) ആദ്യം പ്രണയവചനം (അ-ന-പ്ര-ഏ) ഹി (അ)

പന്ഥാവിങ്കൽ വീചിക്ഷോഭസ്തനിതവിഹഗശ്രേണികാഞ്ചീഗുണയായി സ്ഖലിതസുഭഗമാകുംവണ്ണം സംസർപ്പന്തിയായി ദർശിതാവർത്തനാഭിയായിരിക്കുന്ന നിർവിന്ധ്യയ്ക്കു് സന്നിപതിച്ചിട്ടു്, രസാഭ്യന്തരനായി ഭവിച്ചാലും! സ്ത്രീകൾക്കു പ്രിയന്മാരിൽ വിഭ്രമം ആദ്യമായ പ്രണയവചനമാകുന്നുവല്ലോ.

പന്ഥാവ്=വഴി. വീചിക്ഷോഭസ്തനിതവിഹഗശ്രേണികാഞ്ചീഗുണ=വീചിക്ഷോഭസ്തനിതവിഹഗശ്രേണിയാകുന്ന കാഞ്ചീഗുണത്തോടുകൂടിയവൾ. വീചിക്ഷോഭസ്തനിതവിഹഗശ്രേണി=വീചിക്ഷോഭത്താൽ സ്തനിതയായിരിക്കുന്ന വിഹഗശ്രേണി. വീചിക്ഷോഭം=വീചികളുടെ ക്ഷോഭം. വീചികൾ=തിരമാലകൾ. ക്ഷോഭം=ഇളക്കം. സ്തനിത=ശബ്ദിക്കുന്നതു്. വിഹഗശ്രേണി=വിഹഗങ്ങളുടെ ശ്രേണി. വിഹഗങ്ങൾ=ജലപക്ഷികൾ. അരയന്നം മുതലായവ. ശ്രേണി=സമൂഹം. കാഞ്ചീഗുണം=ഉടഞാൺ. സ്ഖലിതസുഭഗം=സ്ഖലിതത്താൽ സുഭഗമായതു്. സ്ഖലിതം=കാലിടച്ച്. തട്ടിത്തട്ടിലുള്ള ഒഴുക്ക് എന്നർത്ഥം. സുഭഗം=സുന്ദരം. സംസർപ്പന്തി=സംസർപ്പിക്കുന്നവൾ. സംസർപ്പിക്കുക=സഞ്ചരിക്കുക. ദർശിതാവർത്തനാഭി=ദർശിതമായിരിക്കുന്ന ആവർത്തനാഭിയോടുകൂടിയവൾ. ദർശിതം=കാണിക്കപ്പെട്ടതു്. ആവർത്തനാഭി=ആവർത്തമായ നാഭി. ആവർത്തം=നീർച്ചുഴി. നിർവിന്ധ്യ=നിർവിന്ധ്യയെന്ന നദി. സന്നിപതിക്ക=സമീപത്തുചെല്ലുക. രസാഭ്യന്തരൻ=രസം അഭ്യന്തരത്തിലുള്ളവൻ. രസം=ജലം. അഭ്യന്തരം=അന്തർഭാഗം. രസം=ശൃംഗാരം എന്നുമാകാം. [രസംകൊണ്ടു അഭ്യന്തരൻ എന്നുമാവാം. അഭ്യന്തരൻ=ഉററസ്നേഹമുള്ളവൻ എന്നർത്ഥം.] പ്രിയന്മാർ=ഇഷ്ട

ന്മാർ, ഭൎത്താക്കന്മാരെന്നും. വിഭ്രമം=വിലാസം. പ്രണയവചനം=സ്നേഹവാക്ക്.

നീ പോകുംവഴിയിൽ, തിരകളുടെ ഇളക്കംകൊണ്ടു ശബ്ദിക്കുന്ന ജലപക്ഷികളുടെ നിരയാകുന്ന ഉടഞ്ഞാണോടുകൂടിയവളായി, സ്ഖലിതംകൊണ്ടു് (കാലിടച്ചുകൊണ്ടു്, നദീപക്ഷത്തിൽ തട്ടിത്തട്ടിയൊഴുകുകകൊണ്ടു്) മനോഹരമാകുംവണ്ണം സഞ്ചരിക്കുന്നവളായി ചുഴിയാകുന്ന നാഭി കാണിക്കുന്നവളായി (സ്ത്രീപക്ഷത്തിൽ ചുഴിപോലെയുള്ള നാഭി എന്നൎത്ഥം) രിക്കുന്ന നിൎവിന്ധ്യാനദിയുടെ സമീപത്തിൽ ചെന്നു്, രസത്തെ അനുഭവിച്ചാലും. (രസം വെള്ളമെന്നും ശൃംഗാരരസമെന്നും) സ്ത്രീകൾ ഭൎത്താക്കന്മാരെക്കാണുമ്പോൾ, അവരുടെ ആദ്യമായ പ്രണയവാക്കുകൾ, ഓരോ വിലാസങ്ങളാണല്ലോ. വിലാസങ്ങൾ കാട്ടി രസിപ്പിച്ചതിനുമേൽ മാത്രമേ, വല്ലതും സ്നേഹസൂചകമായ വാക്കു് പറയുകയുള്ളൂ എന്നൎത്ഥം. ഇവിടെ നിൎവിന്ധ്യാനദിയെ, ഉടഞ്ഞാൺ കുലുക്കി നാഭിച്ചുഴിയും കാട്ടി അലഞ്ഞാടിയ ഒരു പ്രണയിനിയാക്കി കല്പിച്ചിരിക്കുന്നു.

വേണീഭൂതപ്രതനുസലിലാസാവതീതസ്യ സിന്ധുഃ
പാണ്ഡുച്ഛായാതടരുഹതരുഭ്രംശിഭിൎജ്ജീൎണ്ണപൎണ്ണൈഃ
സൌഭാഗ്യം തേ സുഭഗ! വിരഹാവസ്ഥയാ വ്യഞ്ജയന്തീ
കാൎശ്യം യേന ത്യജതി വിധിനാ സ ത്വയൈവോപപാദ്യഃ ൨൯

വേണീഭൂതപ്രതനുസലിലാ (ആ-സ്ത്രീ-പ്ര-ഏ) തടരുഹതരുഭ്രംശിഭിഃ (ന-ന-തൃ-ബ) ജീൎണ്ണപൎണ്ണൈഃ (അ-ന-തൃ-ബ) പാണ്ഡുച്ഛായാ (ആ-സ്ത്രീ-പ്ര-ഏ) ഹേ സുഭഗ! (അ-പു-സം-പ്ര-ഏ) വിരഹാവസ്ഥയാ (ആ-സ്ത്രീ-തൃ-ഏ) അതീതസ്യ (അ-പു-ഷ-ഏ) തേ (യുഷ്മദ്-ഷ-ഏ) സൌഭാഗ്യം (അ-ന-ദ്വി-ഏ) വ്യഞ്ജയന്തീ (ഈ-സ്ത്രീ-പ്ര-ഏ) അസൌ (അദഃ ശ-സ്ത്രീ-പ്ര-ഏ) സിന്ധുഃ (ഉ-സ്ത്രീ-പു-ഏ) യേന (യച്ഛ-പു-തൃ-ഏ) വിധിനാ (ഇ-പു-തൃ-ഏ) കാൎശ്യം (അ-ന-ദ്വി-ഏ) ത്യജതി (ലട് പ-പ-പ്ര-പു-ഏ) സഃ (തച്ഛ-പു-പ്ര-ഏ) ത്വയാ (യുഷ്മദ് തൃ-ഏ) ഏവ (അ) ഉപപാദ്യഃ (അ-പു-പ്ര-ഏ)

വേണീഭൂതപ്രതനുസലിലയായി, തടതരുഭ്രംശികളായിരിക്കുന്ന ജീൎണ്ണപൎണ്ണങ്ങളെക്കൊണ്ടു പാണ്ഡുച്ഛായയായി, അല്ലയോ സുഭഗ! വിരഹാവസ്ഥകൊണ്ടു് അതീതനായിരിക്കുന്ന നിന്റെ സൌഭാഗ്യത്തെ വ്യഞ്ജയന്തിയായിരിക്കുന്ന ഈ സിന്ധു, യാതൊരു വിധികൊണ്ടു് കാൎശ്യത്തെ ത്യജിക്കുന്നു അതു നിന്നാൽതന്നെ ഉപപാദ്യമായി ഭവിക്കുന്നു.

വേണീഭൂതപ്രതനുസലില=വേണീഭൂതമായ പ്രതനുസലിലത്തോടുകൂടിയവൾ. വേണീഭൂതം=വേണിയായിഭവിച്ചതു്. വേണി=ചാൽഒഴുക്കു്. (ഇരുവശവും കരകൂടീട്ടു് വീതികുറഞ്ഞ നീരൊഴുക്കെന്നസാരം) വേണീഭൂതമായ കേശപാശത്തോടുകൂടിയവളെന്നും ധ്വനി. പ്രതനുസലിലം=പ്രതനുവായസലിലം. പ്രതനു=അല്പം. സലിലം=വെള്ളം. തടരുഹതരുഭ്രംശികൾ=തടരുഹതരുക്കളിൽനിന്നുഭ്രംശിക്കുന്നവ. തടരുഹതരുക്കൾ=തടത്തിൽമുളച്ചതരുക്കൾ. തടം=കര. തരുക്കൾ=വൃക്ഷങ്ങൾ ഭ്രംശിക്ക=വീഴുക. ജീണ്ണപണ്ണങ്ങൾ=പഴുത്ത ഇലകൾ. പാണ്ഡുച്ഛായ=വെള്ളനിറത്തോടുകൂടിയവൾ (വിളറിയവൾഎന്നും) സുഭഗൻ=സുന്ദരൻ. വിരഹാവസ്ഥ=വേർപാടുകൊണ്ടു ദുഃഖിച്ചിരിക്കുന്ന അവസ്ഥ. അതീതൻ=താമസിച്ചുവന്നവൻ. സൌഭാഗ്യം=കാമ്യത്വം. അനുരാഗപാത്രമാകാനുള്ള യോഗ്യത എന്നത്ഥം. വ്യഞ്ജയന്തി=വ്യഞ്ജിപ്പിക്കുന്നവൾ. വ്യഞ്ജിപ്പിക്ക=വെളിപ്പെടുത്തുക. സിന്ധു=നദി. വിധി=കമ്മം. അല്ലെങ്കിൽ അനുഷ്ഠാനം. കാശ്യം=മെലിവു്. (വെള്ളത്തിന്റെ കുറവു് എന്നഭാവം) ത്യജിക്ക=ഉപേക്ഷിക്കുക. ഉപപാദ്യം=ചെയ്യപ്പെടുവാൻ യോഗ്യം.

വെള്ളം വററിക്കുറഞ്ഞു് ചാലായി ഒഴുകുന്നതും, കരയ്ക്കുനിൽക്കുന്ന മരങ്ങളിൽനിന്നുവീഴുന്ന പഴുത്ത ഇലകളെക്കൊണ്ടു വെളുത്തനിറത്തോടുകൂടിയതും താമസിച്ചുവന്നെത്തിയനിന്നെ അനുരാഗത്തിനു പാത്രമാക്കത്തക്കവണ്ണം വിരഹദുഃഖത്തോടുകൂടിയ ഒരു സ്ത്രീയെപ്പോലെ—അതായതു് ജടകെട്ടിയതലമുടിയോടുകൂടി വിളറിയ ഒരു സ്ത്രീയെപ്പോലെ-യിരിക്കുന്നതുമായ ഈ നദി പുഷ്ടിയെപ്രാപിക്കുന്നതിനു ഏതൊന്നാണോ ചെയ്യേണ്ടതു് അതു നീ തന്നെ ചെയ്യേണ്ടിയിരിക്കുന്നു. (വിരഹത്താൽ മെലിഞ്ഞ ഒരു സ്ത്രീയുടെ ശരീരം നന്നാകണമെങ്കിൽ ഭത്താവിന്റെ സ്നേഹവും സാന്നിധ്യവും ആവശ്യമായിരിക്കുന്നതുപോലെ വൃഷ്ടിയാൽ നദിയെ പോഷിപ്പിക്കണം എന്നുധ്വനി)

പ്രാപ്യാവന്തീനുദയനകഥാകോവിദഗ്രാമവൃദ്ധാൻ
പൂവ്വോദ്ദിഷ്ടാമനുസര പുരീം ശ്രീവിശാലാം വിശാലാം
സ്വല്പീഭൂതേ സുചരിതഫലേ സ്വർഗ്ഗിണാം ഗാം ഗതാനാം
ശേഷൈഃ പുണ്യൈർഹൃതമിവ ദിവഃ കാന്തിമൽ ഖണ്ഡമേകം. ൩൦

ഉദയനകഥാകോവിദഗ്രാമവൃദ്ധാൻ (അ-പു-ദ്വി-ഏ) അവന്തീൻ (ഇ-പു-ദ്വി-ബ) പ്രാപ്യ (ല്യ-അ) ശ്രീവിശാലാം (ആ-സ്ത്രീ-ദ്വി-ഏ) സുചരിതഫലേ-സ്വല്പീഭൂതേ (അ-ന-സ-ഏ) ഗാം (ഓ-സ്ത്രീ-ദ്വി-ഏ) ഗതാനാം (അ-പു-ഷ-ബ) സ്വർഗ്ഗിണാം

(ന-പു-ഷ-ബ) ശേഷൈഃ പുണ്യൈഃ (അ-ന-തൃ-ബ) ഹൃതം (അ-ന-ദ്വി-ഏ) ദിവഃ (വ-സ്ത്രീ-ഷ-ഏ) കാന്തിമൽ (ത-ന-ദ്വി-ഏ) ഏകം ഖണ്ഡം (അ-ന-ദ്വി-ഏ) ഇവ (അ) സ്ഥിതാം (ആ-സ്ത്രീ-ദ്വി-ഏ) വിശാലാം (ആ-സ്ത്രീ-ദ്വി-ഏ) പുരീം (ഈ-സ്ത്രീ-ദ്വി-ഏ) അനുസര (ലൊട് പ-പ-മ-പു-ഏ)

ഉദയനകഥാകോവിദഗ്രാമവൃദ്ധങ്ങളായ അവന്തികളെപ്രാപിച്ചിട്ടു് പൂർവ്വോദ്ദിഷ്ടയായി, ശ്രീവിശാലയായി, സുചരിതഫലം സ്വല്പീഭൂതമായിരിക്കുംസമയത്തിങ്കൽ, ഗോവിനെ ഗതന്മാരായ സ്വർഗ്ഗികളുടെ ശേഷങ്ങളായ പുണ്യങ്ങളെക്കൊണ്ടു ഹൃതമായ ദ്യോവിന്റെ കാന്തിമത്തായി ഏകമായ ഖണ്ഡം എന്നപോലെ സ്ഥിതയായിരിക്കുന്ന വിശാലയായ പുരിയെ അനുസരിച്ചാലും!

ഉദയനകഥാകോവിദഗ്രാമവൃദ്ധങ്ങൾ = ഉദയനകഥാകോവിദന്മാരായ ഗ്രാമവൃദ്ധന്മാരോടുകൂടിയവ. ഉദയനകഥാകോവിദന്മാർ=ഉദയനകഥകളുടെ കോവിദന്മാർ. ഉദയനകഥകൾ=ഉദയനന്റെ കഥകൾ. ഉദയനൻ=വത്സരാജൻ. കഥകൾ=വാസവദത്താഹരണം മുതലായ അത്ഭുതോപാഖ്യാനങ്ങൾ. കോവിദന്മാർ=തജ്ജ്ഞന്മാർ. ഗ്രാമവൃദ്ധന്മാർ=ഗ്രാമങ്ങളിലെ വൃദ്ധന്മാർ. ഗ്രാമങ്ങൾ=നാട്ടുമ്പുറങ്ങൾ-വൃദ്ധന്മാർ=വയസ്സധികമുള്ളവർ. അവന്തികൾ=അവന്തിരാജ്യം-രാജ്യങ്ങളെപ്പറയുമ്പോൾ ബഹുവചനം ഉപയോഗിക്കുക സംസ്കൃതത്തിലെനടപ്പാകുന്നു. പൂർവ്വോദ്ദിഷ്ട=പൂർവ്വം ഉദ്ദിഷ്ട. പൂർവ്വം=മുമ്പിൽ. ഉദ്ദിഷ്ട=ഉദ്ദേശിക്കപ്പെട്ടതു്. ഉദ്ദേശിക്ക=പറയുക. "സൌധോത്സംഗപ്രണയവിമുഖോ മാസ്മ ഭൂരുജ്ജയിന്യാഃ" എന്നു മുമ്പു പറയപ്പെട്ടതെന്നുസാരം. ശ്രീവിശാല=സമ്പത്തുകൾ നിറഞ്ഞതു്. സുചരിതഫലം=സുചരിതത്തിന്റെഫലം-സുചരിതം=സുകൃതം. സ്വല്പീഭൂതം=സ്വല്പീഭവിച്ചതു്. സ്വല്പീഭവിക്കുക=സ്വല്പമായിത്തീരുക. ഗോവു്=ഭൂമി. ഗതന്മാർ=ഗമിച്ചവർ. ഗമിക്ക=പ്രാപിക്കുക. സ്വർഗ്ഗികൾ=സ്വർഗ്ഗസ്ഥന്മാർ. ശേഷങ്ങൾ=അനുഭവിച്ചതിന്റെ ശേഷമുള്ളവ. പുണ്യങ്ങൾ=സുകൃതങ്ങൾ. ഹൃതം=ഹരിക്കപ്പെട്ടതു്. ഹരിക്ക=കൊണ്ടുപോരിക. ദ്യോവ്=സ്വർഗ്ഗം, കാന്തിമത്തു്=കാന്തിയുള്ളതു്. ഏകം അനുഭവിച്ചവയിൽനിന്നും അന്യമായതു്. "ഏകേ മുഖ്യാന്യകേവലാഃ" എന്നമരം. ഖണ്ഡം=ഭാഗം. സ്ഥിത=സ്ഥിതിചെയ്യുന്നതു്. സ്ഥിതിചെയ്ക=ഇരിക്കുക. വിശാലയായപുരി=ഉജ്ജയിനി. അനുസരിക്കുക=പ്രാപിക്കുക.

വാസവദത്താഹരണം മുതലായ ഉദയനന്റെ വീരകഥകളെക്കുറിച്ചു അറിയുന്നവരായ ഗ്രാമവൃദ്ധന്മാരോടുകൂടിയതായ അവന്തിരാജ്യത്തെ പ്രാപിച്ചിട്ടു്, മുമ്പേ നിന്നോടു പറഞ്ഞതും,

സമ്പത്തുകൾ നിറഞ്ഞതും, എന്നല്ല, സുകൃതം മിക്കവാറും അനുഭവിച്ചൊട്ടങ്ങിയതിനുശേഷം ഭൂമിയെ പ്രാപിച്ച സ്വർഗ്ഗസ്ഥന്മാർ, അവരുടെ ശേഷിച്ച സുകൃതംകൊണ്ടു ഭൂമിയിലേക്കു കൊണ്ടുപോന്ന സ്വർഗ്ഗത്തിന്റെ അന്ന്യമായ ഒരു ഭാഗമാണോ എന്നുതോന്നുമാറു് സ്ഥിതിചെയ്യുന്നതും, ആയ ഉജ്ജയിനീപട്ടണത്തിൽ നീ പ്രവേശിച്ചാലും!

ദീർഘീകുർവ്വൻ പടുമദകലം, കൂജിതം സാരസാനാം
പ്രത്യൂഷേഷു സ്ഫുടിതകമലാമോദമൈത്രീകഷായഃ
യത്ര സ്ത്രീണാം ഹരതി സുരതഗ്ലാനിമംഗാനുകൂലഃ
ശിപ്രാവാതഃ പ്രിയതമ ഇവ പ്രാർത്ഥനാചാടുകാരഃ ൩൧

യത്ര (അ) പ്രത്യൂഷേഷു (അ-പു-സ-ബ) പടു (ഉ-ന-പ്ര-ഏ) മദകലം (അ-ന-ദ്വി-ഏ) സാരസാനാം (അ-പു-ഷ-ബ) കൂജിതം (അ-ന-ദ്വി-ഏ) ദീർഘീകുർവ്വൻ (ത-പു-പ്ര-ഏ) സ്ഫുടിതകമലാമോദമൈത്രീകഷായഃ (അ-പു-പ്ര-ഏ) അംഗാനുകൂലഃ (അ-പു-പ്ര-ഏ) ശിപ്രാവാതഃ (അ-പു-പ്ര-ഏ) പ്രാർത്ഥനാചാടുകാരഃ (അ-പു-പ്ര-ഏ) പ്രിയതമഃ (അ-പു-പ്ര-ഏ) ഇവ (അ) സ്ത്രീണാം (ഈ-സ്ത്രീ-ഷ-ബ) സുരതഗ്ലാനിം (ഇ-സ്ത്രീ-ദ്വി-ഏ) ഹരതി (ലട്-പ-പ-പു-പ്ര-ഏ)

യാതൊന്നിങ്കൽ പ്രത്യൂഷങ്ങളിൽ പടുവായി മദകലമായിരിക്കുന്ന സാരസങ്ങളുടെ കൂജിതത്തെ ദീർഘീകുർവ്വത്തായി സ്ഫുടിതകമലാമോദമൈത്രീകഷായമായി അംഗാനുകൂലമായിരിക്കുന്ന ശിപ്രാവാതം, പ്രാർത്ഥനാചാടുകാരനായിരിക്കുന്ന പ്രിയതമൻ എന്നപോലെ, സ്ത്രീകളുടെ സുരതഗ്ലാനിയേ ഹരിക്കുന്നു.

യാതൊന്നു്=വിശാലയായപുരി. പ്രത്യൂഷങ്ങൾ=പ്രഭാതങ്ങൾ. പടു=പ്രസ്ഫുടം. ഏറ്റവും സ്പഷ്ടമായതെന്നർത്ഥം. മദകലം=മദം ഹേതുവായിട്ടു കലം. മദം=മനോവികാരവിശേഷം. കലം=അവ്യക്തമധുരം. സാരസങ്ങൾ=വണ്ടാരങ്കോഴികൾ അല്ലെങ്കിൽ അരയന്നങ്ങൾ. "ചക്രാംഗഃ സാരസോ ഹംസഃ" എന്നു ശബ്ദാർണ്ണവം. കൂജിതം=കൂകൽ. ദീർഘീകുർവ്വത്തു്=ദീർഘകരിച്ചുകൊണ്ടിരിക്കുന്നതു്. ദീർഘീകരിക്കുക=ദീർഘമാക്കിച്ചെയ്യുക. വളരെനേരത്തേക്കു നിലനിർത്തുക എന്നർത്ഥം. സ്ഫുടിതകമലാമോദമൈത്രീകഷായം=സ്ഫുടിതകമലാമോദമൈത്രിഹേതുവായിട്ടു കഷായം സ്ഫുടിതകമലാമോദമൈത്രി=സ്ഫുടിതകമലാമോദത്തിന്റെ മൈത്രി. സ്ഫുടിതകമലാമോദം=സ്ഫുടിതങ്ങളായ കമലങ്ങളുടെ ആമോദം.

സ്ഫുടിതങ്ങൾ=വികസിതങ്ങൾ വിടിന്നവ എന്നൎത്ഥം. കമലങ്ങൾ=താമരപ്പൂക്കൾ. ആമോദം=വാസന. മൈത്രി=സംസർഗ്ഗം. കഷായം=സുരഭിലം. സുഗന്ധത്തോടുകൂടിയതെന്നൎത്ഥം. (പ്രിയതമപക്ഷത്തിൽ അനേകഗന്ധസംയോഗംകൊണ്ടു മനോഹരമായ ഗന്ധത്തോടുകൂടിയവൻ എന്നൎത്ഥം) അംഗാനുകൂലം=അംഗത്തിനു അനുകൂലം. അംഗം=ശരീരം. അനുകൂലം=ഹിതം (പ്രിയതമപക്ഷത്തിൽ ഗാഢാലിംഗനത്താൽ ശരീരസുഖത്തെ ഉണ്ടാക്കുന്നവനെന്നൎത്ഥം) ശിപ്രാവാതം=ശിപ്രാനദിയിൽ തട്ടിവരുന്ന കാററു്. പ്രാൎത്ഥനാചാടുകാരൻ=പ്രാൎത്ഥനയിങ്കൽ ഇഷ്ടവാക്കിനെപ്പറയുന്നവൻ. ആഗ്രഹത്തെ സാധിക്കണമെന്നപേക്ഷിച്ചിട്ടു്, ഇഷ്ടവാക്കുകളെപ്പറയുന്നവൻ എന്നൎത്ഥം. പ്രിയതമൻ=ഭൎത്താവു്. സുരതഗ്ലാനി=സുരതം ഹേതുവായി ഉണ്ടായ ഗ്ലാനി. ഗ്ലാനി=തളൎച്ച്. ഹരിക്കുക=ശമിപ്പിക്കുക.

ആ വിശാലപുരിയിൽ പ്രഭാതംതോറും ശിപ്രാനദിയിൽ തട്ടിവരുന്ന കാററു്, സ്പഷ്ടവും മദത്താൽ മധുരവുമാകുംവണ്ണമുള്ള വണ്ടാരങ്കോഴികളുടെ കൂകലിനെ വളരെനേരം നിലനിൎത്തിക്കൊണ്ടും (കാററടങ്ങുന്നതുവരെ വണ്ടാരങ്കോഴികൾ കൂകിക്കൊണ്ടിരിക്കുമെന്നു പ്രസിദ്ധി) വിടിന്ന താമരപ്പൂക്കളുടെ ദൂരവ്യാപിയായ ഗന്ധം കലൎന്നും ശരീരത്തിനു ഹിതമായും വീശീട്ടു്, നാനാഗന്ധങ്ങളാൽ മനോഹരനായി, ആലിംഗനാദികളിൽ സുഖിപ്പിച്ചു വീണ്ടുമുള്ള രതിപ്രാൎത്ഥനയിൽ· ചാടുവാക്യങ്ങളെ പറയുന്നവനായിരിക്കുന്ന പ്രിയതമനെന്നപോലെ, സ്ത്രീകളുടെ സുരതഖേദത്തെ ശമിപ്പിക്കുന്നു.

ജാലോദ്ഗീൎണ്ണൈരുപചിതവപുഃ കേശസംസ്കാരധൂപൈർ-
ബന്ധുപ്രീത്യാ ഭവനശിഖിഭിൎദ്ദത്തനൃത്യോപഹാരഃ
ഹർമ്മ്യേഷ്വസ്യാഃ കുസുമസുരഭിഷ്വദ്ധ്വഖേദം നയേഥാ
ലക്ഷ്മീം പശ്യൻ ലളിതവനിതാപാദരാഗാങ്കിതേഷു. ൩൨

ത്വം(യുഷ്മദ്-പ്ര-ഏ) ജാലോദ്ഗീൎണ്ണൈഃ കേശസംസ്കാരധൂപൈഃ (അ-പു-തൃ-ബ) ഉപചിതവപുഃ (സ-പു-പ്ര-ഏ) ബന്ധുപ്രീത്യാ (ഇ-സ്ത്രീ-തൃ-ഏ) ഭവനശിഖിഭിഃ(ന-പു-തൃ-ബ) ദത്തനൃത്യോപഹാരഃ(അ-പു-പ്ര-ഏ) കുസുമസുരഭിഷു (ഇ-ന-സ-ബ) ലളിതവനിതാപാദരാഗാങ്കിതേഷു (അ ന-സ-ബ) ഹർമ്മ്യേഷു (അ-ന-സ-ബ) അസ്യാഃ (ഇദംശ-സ്ത്രീ-ഷ-ഏ)ലക്ഷ്മീം (ഈ-സ്ത്രീ-ദ്വി-ഏ) പശ്യൻ (ത-പു-പ്ര-ഏ) അദ്ധ്വഖേദം (അ പു-ദ്വി-ഏ) നയേഥാഃ (ലിങ്-ആത്മ-പ-മ-പു-ഏ)

നീ, ജാലോദ്ഗീർണ്ണങ്ങളായ കേശസംസ്കാരധൂപങ്ങളെക്കൊണ്ടു്, ഉപചിതവപുസ്സായിട്ടു്, ബന്ധുപ്രീതിഹേതുവായിട്ടു്, ഭവനശിഖികളാൽ ദത്തനൃത്യോപഹാരനായിട്ടു്, കുസുമസുരഭികളായി ലളിതവനിതാപാദരാഗാങ്കിതങ്ങളായിരിക്കുന്ന ഹർമ്മ്യങ്ങളിൽ ഇതിന്റെ ലക്ഷ്മിയെ പശ്യന്നായിട്ടു് അദ്ധ്വഖേദത്തെ നയിച്ചാലും!

ജാലോദ്ഗീർണ്ണങ്ങൾ=ജാലങ്ങളുടെ ഉദ്ഗീർണ്ണങ്ങൾ. ജാലങ്ങൾ=കിളിവാതിലുകൾ. ഉദ്ഗീർണ്ണങ്ങൾ=നിർഗ്ഗതങ്ങൾ, വെളിയിലേക്കു പുറപ്പെട്ടവ എന്നർത്ഥം. കേശസംസ്കാരധൂപങ്ങൾ=കേശസംസ്കാരത്തിനായിക്കൊണ്ടുള്ള ധൂപങ്ങൾ. കേശസംസ്കാരം=കേശത്തിന്റെ സംസ്കാരം. കേശം=തലമുടി (സ്ത്രീകളുടെ) സംസ്കാരം=വാസനാകരണം (സുഗന്ധപ്പെടുത്തലെന്നർത്ഥം.) ധൂപങ്ങൾ=പുകകൾ. ഉപചിതവപുസ്സ്=ഉപചിതമായ വപുസ്സോടുകൂടിയവൻ. ഉപചിതം=ഉപചയിക്കപ്പെട്ടതു്. ഉപചയിക്ക=പോഷിപ്പിക്ക. വപുസ്സ്=ശരീരം. ബന്ധുപ്രീതി=ബന്ധുവാണെന്നുള്ള പ്രീതി. ബന്ധു=ഉപകർത്താവു്. പ്രീതി=സന്തോഷം. ഭവനശിഖികൾ=ഭവനങ്ങളിലെ ശിഖികൾ. ശിഖികൾ=മയിലുകൾ (വളർത്തുമയിലുകൾ എന്നർത്ഥം.) ദത്തനൃത്യോപഹാരൻ=ദത്തമായ നൃത്യോപഹാരത്തോടുകൂടിയവൻ. ദത്തം=ദാനംചെയ്യപ്പെട്ടതു്. നൃത്യോപഹാരം=നൃത്യമാകുന്ന ഉപഹാരം. നൃത്യം=നൃത്തം, നടനമെന്നർത്ഥം. ഉപഹാരം=അടിയറക്കാഴ്ച. കുസുമസുരഭികൾ=കുസുമങ്ങളാൽ സുരഭികൾ. കുസുമങ്ങൾ=പുഷ്പങ്ങൾ. സുരഭികൾ=സുഗന്ധികൾ=നല്ല ഗന്ധത്തോടുകൂടിയവ എന്നർത്ഥം. ലളിതവനിതാപാദരാഗാങ്കിതങ്ങൾ=ലളിതവനിതമാരുടെ പാദരാഗങ്ങളാൽ അങ്കിതങ്ങൾ. ലളിതവനിതമാർ=ലളിതകളായ വനിതമാർ. ലളിതകൾ=സുന്ദരികൾ. വനിതമാർ=സ്ത്രീകൾ. പാദരാഗങ്ങൾ=പാദങ്ങളിലെ രാഗങ്ങൾ. പാദങ്ങൾ=കാലുകൾ. രാഗങ്ങൾ=ലാക്ഷാരസങ്ങൾ. (ചെമ്പഞ്ഞിച്ചാറുകൾ) അങ്കിതങ്ങൾ=അടയാളപ്പെട്ടവ. ഹർമ്മ്യങ്ങൾ=മാളികകൾ. ഇതു്=വിശാലാനഗരി. ലക്ഷ്മീ=സമ്പദ്വിലാസം. പശ്യൻ=ദർശിച്ചിയങ്ങുന്നവൻ. ദർശിക്ക=കാണുക. അദ്ധ്വഖേദം=അദ്ധ്വഗമനംകൊണ്ടുള്ളഖേദം. അദ്ധ്വഗമനം=വഴിയാത്ര ഖേദം=തളർച്ച. നയിക്ക=ശമിപ്പിക്കുക.

അവിടെ, സ്ത്രീജനങ്ങൾ, തലമുടിയെ വാസനപ്പെടുത്തുന്ന പുക, ജനാലകളിൽക്കൂടി വെളിയിലേക്കുവരുന്നതിനെ സ്വീകരിച്ചു്, ശരീരത്തെ പോഷിപ്പിച്ചുകൊണ്ടും ബന്ധുവാണെന്നുള്ള സ്നേഹത്താൽ വളർത്തുമയിലുകൾ മുമ്പിൽനിന്നു നൃത്തംചെയ്തു് ഉപ

ചരിക്കുന്നതുകണ്ടാനന്ദിച്ചും, പുഷ്പങ്ങളുടെ സുഗന്ധം വിശുന്നതും. സുന്ദരിമാരുടെ കാലടികളിലെ ചെമ്പഞ്ഞിച്ചാറുപതിഞ്ഞ അടയാളങ്ങളുള്ളതുമായ മാളികകളിൽ വസിച്ചു്, ആ പട്ടണത്തിൻെറ സമ്പൽസമൃദ്ധിയെ നോക്കിനോക്കി നി വഴിയാത്രകൊണ്ടുള്ള തളർച്ചയെ ശമിപ്പിച്ചാലും!

ഭർത്തുഃ കണ്ഠച്ഛവിരിതി ഗണൈഃ സാദരം വീക്ഷ്യമാണഃ
പുണ്യം യായാസ്ത്രിഭുവനഗുരോർദ്ധാമ ചണ്ഡീശ്വരസ്യ
ധൂതോദ്യാനം കുവലയരജോഗന്ധിഭിർഗ്ഗന്ധവത്യാ-
സ്തോയക്രീഡാനിരതയുവതിസ്നാനതിക്തൈർമരുദ്ഭിഃ. ൩൩

ഭർത്തുഃ (ഋ-പു-ഷ-ഏ) കണ്ഠച്ഛവിഃ (ഇ-സ്ത്രീ-പ്ര-ഏ) ഇതി (അ) ഗണൈഃ (അ-പു-തൃ-ബ) സാദരം (ക്രി-വി) വീക്ഷ്യമാണഃ (അ-പു-പ്ര-ഏ) കുവലയരജോഗന്ധിഭിഃ (ന-പു-തൃ-ബ) തോയക്രീഡാനിരതയുവതിസ്നാനതിക്തൈഃ (അ-പു തൃ-ബ ഗന്ധവത്യാഃ (ഈ-സ്ത്രീ-ഷ-ഏ) മരുദ്ഭിഃ (ത-പു-തൃ-ബ) ധൂതോദ്യാനം (അ-ന-ദ്വി-ഏ) ത്രിഭുവനഗുരോഃ (ഉ-പു-ഷ-ഏ) ചണ്ഡീശ്വരസ്യ (അ-പു-ഷ-ഏ) പുണ്യം (അ-ന-ദ്വി-ഏ) ധാമ (ന-ന-ദ്വി-ഏ) യായാഃ (ലിങ്-പ-പ-മ-പു-ഏ)

ഭർത്താവിൻെറ കണ്ഠച്ഛവി എന്നിങ്ങനെ ഗണങ്ങളാൽ, സാ രമാകുംവണ്ണം വീക്ഷ്യമാണനായിട്ടു്, കുവലയരജോഗന്ധികളായി തോയക്രീഡാനിരതയുവതിസ്നാനതിക്തങ്ങളായിരിക്കുന്ന ഗന്ധവ യുടെ മരുത്തുകളാൽ, ധൂതോദ്യാനമായിരിക്കുന്ന ത്രിഭുവനഗുരുവാ ചണ്ഡീശ്വരൻെറ പുണ്യമായ ധാമത്തെ യാനം ചെയ്താലും!

ഭർത്താവു=സ്വാമി. (ശിവൻ എന്നർത്ഥം) കണ്ഠച്ഛവി=കണ്ഠത്ത ൻെറ ഛവി. കണ്ഠം=കഴുത്തു്. ഛവി=ശോഭ. ഗണങ്ങൾ=ഭ്ര ഗണങ്ങൾ. സാദരം=ആദരത്തോടുകൂടെ. ആദരം=വണക്കം. വീ ക്ഷ്യമാണൻ=വീക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നവൻ. വീക്ഷിക്ക നോക്കുക. കുവലയരജോഗന്ധികൾ=കുവലയരജോഗന്ധമുള്ളവ. കുവലയരജോഗന്ധം=കുവലയരജസ്സുകളുടെ ഗന്ധം. കുവലയരജ സ്സുകൾ=കുവലയങ്ങളുടെ രജസ്സുകൾ കുവലയങ്ങൾ=ആമ്പൽ ക്കൾ. രജസ്സുകൾ=പൂമ്പൊടികൾ. തോയക്രീഡാനിരതയുവ സ്നാനതിക്തങ്ങൾ=തോയക്രീഡാനിരതകളായ യുവതികളുടെ സ്നാ ത്താൽ തിക്തങ്ങൾ. തോയക്രീഡാനിരതകൾ=തോയക്രീ യിൽനിരതകൾ. തോയക്രീഡ=ജലക്രീഡ. നിരതകൾ=താല്പര്യത്തോടുകൂടിയവർ. യുവതികൾ=തരുണികൾ. സ്നാനം=(സ്നാനീയം)

ച്ചുകളിക്കാനുള്ള ചന്ദനം മുതലായതു്. തിക്തങ്ങൾ=സുഗന്ധത്തോടുകൂടിയവ "കടുതിക്തകഷായാസ്തു സൗരഭേ ച പ്രകീർത്തിതാഃ" എന്നു ഹലായുധവചനമുണ്ടു്. ഗന്ധവതി=ഗന്ധവതിഎന്ന നദി. മരുത്തുകൾ=വായുക്കൾ. ഗന്ധവതിയുടെ മരുത്തുകൾ എന്നുവച്ചാൽ ഗന്ധവതിയിൽ തട്ടി വീശുന്ന മരുത്തുകളെന്നർത്ഥം. ധൂതോദ്യാനം=ധൂതങ്ങളായ ഉദ്യാനങ്ങളോടുകൂടിയതു്. ധൂതങ്ങൾ=ധൂനനം ചെയ്യപ്പെട്ടതു്. ധൂനനംചെയ്ക=ഇളക്കുക. ഉദ്യാനങ്ങൾ=പൂങ്കാവുകൾ. ത്രിഭുവനഗുരു=ത്രിഭുവനത്തിനു ഗുരു. ത്രിഭുവനം=മൂന്നുലോകങ്ങളുടെ സമാഹാരം. ഗുരു=നാഥൻ. ചണ്ഡീശ്വരൻ=ശിവൻ. പുണ്യം=പരിശുദ്ധം. ധാമം=സ്ഥാനം (മഹാകാളം) യാനംചെയ്ക=പ്രാപിക്കുക. "മർത്ത്യലോകേ മഹാകാളം ദൃഷ്ട്വാ കാമമവാപ്നുയാൽ" എന്നു സ്കാന്ദപുരാണം.

നീ പോകുന്നവഴിയിൽ, ത്രൈലോക്യേശ്വരനായ പരമശിവന്റെ പരിശുദ്ധവാസസ്ഥാനമായ മഹാകാളത്തെ സന്ദർശിക്കണം. അതു പുണ്യസ്ഥലമെന്നു മാത്രമല്ല, സുഖവാസയോഗ്യവുമാണു്. ആമ്പൽപൂമ്പൊടികളുടെ മണത്തോടും ജലക്രീഡയ്ക്കായി ഇറങ്ങുന്ന സുന്ദരിമാർ കുളിക്കുമ്പോൾ ദേഹത്തിൽ തേയ്ക്കുന്ന ചന്ദനം മുതലായ സുഗന്ധവസ്തുക്കളുടെ പരിമളത്തോടുംകൂടിയതായി, ഗന്ധവതിനദിയിൽനിന്നുവരുന്ന വായു അവിടുത്തെ ഉദ്യാനങ്ങളിൽ എപ്പോഴും വീശിക്കൊണ്ടിരിക്കുന്നു. നീ ആ പുണ്യക്ഷേത്രത്തിൽ എത്തുമ്പോൾ ഭൂതഗണങ്ങൾ തങ്ങളുടെ സ്വാമിയായ ശിവന്റെ കഴുത്തിലെ കറുപ്പാണോ എന്നു് സംശയിച്ചു് ബഹുമാനത്തോടെ നോക്കും.

അപ്യന്യസ്മിൻ ജലധര! മഹാകാളമാസാദ്യ കാലേ
സ്ഥാതവ്യം തേ നയനവിഷയം യാവദാത്യേതി ഭാനുഃ
കുർവൻ സന്ധ്യാബലിപടഹതാം ശൂലിനഃ ശ്ലാഘനീയാം
ആമന്ദ്രാണാം ഫലമവികലം ലപ്സ്യസേ ഗർജ്ജിതാനാം. ൩൮

ഹേ ജലധര! (അ-പു-സം-പ്ര-ഏ) മഹാകാളം (അ-ന-ദ്വി-ഏ) അന്യസ്മിൻ (അ-പു-സ-ഏ) കാലേ (അ-പു-സ-ഏ) ആസാദ്യ (ല്യ-അ) അപി (അ) ഭാനുഃ (ഉ-പു-പ്ര-ഏ) യാവൽ (അ) തേ (യുഷ്മദ്-ഷ-ഏ) നയനവിഷയം (അ-ന-ദ്വി-ഏ) അത്യേതി (ലട്-പ-പ-പ്ര-പു-ഏ) താവൽ (അ) സ്ഥാതവ്യം (അ-ന-പ്ര-ഏ) തത്ര (അ) ശ്ലാഘനീയാം (ആ-സ്ത്രീ ദ്വി-ഏ) ശൂലിനഃ (ന-പു-ഷ-ഏ) സന്ധ്യാബലിപടഹതാം (ആ-സ്ത്രീ-ദ്വി-ഏ) കുർവൻ (ത-പു-പ്ര-ഏ) ത്വം (യുഷ്മദ്-പ്ര-ഏ) ആമന്ദ്രാണാം—ഗർജ്ജിതാനാം

(അ-ന-ഷ-ബ) അവികലം ഫലം (അ-ന-ദ്വി-ഏ) ലപ്സ്യസേ (ലൃട്-ആത്മ-മ-പു-ഏ)

അല്ലയോ ജലധരമെ! മഹാകാലത്തെ അന്യമായ കാലത്തിൽ പ്രാപിച്ചിരുന്നാലും, ഭാനു യാതൊരുകാലത്തിൽ നിന്റെ നയനവിഷയത്തെ അതിയാനം ചെയ്യുന്നു. അക്കാലംവരെ സ്ഥാതവ്യമാകുന്നു. അവിടെ ശ്ലാഘനീയയായിരിക്കുന്ന ശൂലിയുടെ സന്ധ്യാബലിപടഹതയെ കുർവന്നായിട്ട്, നീ ആമന്ദ്രങ്ങളായ ഗർജ്ജിതങ്ങളുടെ അവികലമായ ഫലത്തെ ലഭിക്കും.

ജലധരം=മേഘം. മഹാകാളം=മഹാകാളം എന്ന പുണ്യക്ഷേത്രം. അന്യമായകാലം=സന്ധ്യ ഒഴിച്ചുള്ളകാലം. ഭാനു=സൂര്യൻ. നയനവിഷയം=നയനങ്ങൾക്ക് വിഷയം. നയനങ്ങൾ=കണ്ണുകൾ. വിഷയം=ഗോചരം. അതിയാനംചെയ്യുക=അതിക്രമിക്കുക. സ്ഥാതവ്യം=സ്ഥിതിചെയ്യാൻ യോഗ്യം. സ്ഥിതിചെയ്ക=ഇരിക്കുക. ശ്ലാഘനീയ=ശ്ലാഘിക്കപ്പെടുവാൻ അർഹ. ശ്ലാഘിക്ക=പ്രശംസിക്ക. ശൂലി=ശിവൻ. സന്ധ്യാബലിപടഹത=സന്ധ്യാബലിപടഹത്തിന്റെ അവസ്ഥ. സന്ധ്യാബലിപടഹം=സന്ധ്യാബലിയിലുള്ള പടഹം. സന്ധ്യാബലി=സന്ധ്യയിലെ ബലി. ബലി=പൂജ. പടഹം=പെരുമ്പറ. കുർവൻ=ചെയ്തിയങ്ങുന്നവൻ. ആമന്ദ്രങ്ങൾ=അല്പം മന്ദ്രങ്ങൾ. മന്ദ്രങ്ങൾ=മുഴക്കമുള്ളവ. ഗർജ്ജിതങ്ങൾ=മേഘനിർഘോഷങ്ങൾ. (ഇടികൾ) അവികലം=സമ്പൂർണ്ണം. ലഭിക്കും=പ്രാപിക്കും.

ഹേ മേഘമേ! നീ മഹാകാളപുണ്യക്ഷേത്രത്തിൽ എത്തുന്നത് ഒരു പക്ഷേ സന്ധ്യയൊഴിച്ചുള്ള സമയത്തായിരുന്നാലും അസ്തമയസന്ധ്യവരെ താമസിക്കണം. അവിടെ സന്ധ്യാപൂജാസമയത്ത് പെരുമ്പറയടിക്കുക പതിവുണ്ട്. നീ അല്പാല്പം ഗർജ്ജിച്ച് പൂജാകാലത്തിലെ പെരുമ്പറയുടെ സ്ഥാനം നിർവഹിച്ചാൽ അതുമൂലം നിന്റെ ഗർജ്ജനത്തിന് അളവററ ഫലം സിദ്ധിക്കും.

പാദന്യാസൈഃ ക്വണിതരശനാസ്തത്ര ലീലാവധൂതൈ
രത്നച്ഛായാഖചിതവലിഭിശ്ചാമരൈഃ ക്ലാന്തഹസ്താഃ
വേശ്യാസ്ത്വത്തോ നഖപദസുഖാൻ പ്രാപ്യ വർഷാഗ്രബിന്ദു
നാമോക്ഷ്യന്തേ ത്വയി മധുകരശ്രേണിദീർഘാൻ കടാക്ഷാൻ ൩൫

തത്ര (അ) പാദന്യാസൈഃ (അ-പു-തൃ-ബ) ക്വണിതരശനാഃ (ആ-സ്ത്രീ-പ്ര-ബ) ലീലാവധൂതൈഃ (അ-ന-

(അ-ന-തൃ-ബ) രത്നഛായാഖചിതവലഭിഃ (ഇ-ന-തൃ-ബ) ചാമരൈഃ (അ-ന തൃ-ബ) ക്ലാന്തഹസ്താഃ (ആ-സ്ത്രീ-പ്ര-ബ) വേശ്യാഃ (ആ-സ്ത്രീ-പ്ര-ബ) ത്വത്തഃ (തസി-അ) നഖപദസുഖാൻ (അ-പു-ദ്വി-ബ) വർഷാഗ്രബിന്ദൂൻ (ഉ-പു-ദ്വി-ബ) പ്രാപ്യ (ല്യ-അ) ത്വയി (യുഷ്മദ്-സ-ഏ) മധുകരശ്രേണിദീർഘാൻ-കടാക്ഷാൻ വ-ം (അ-പു-ദ്വി-ബ) ആമോക്ഷ്യന്തേ (ലൃട്-ആത്മ-പ്ര-പു-ബ)

ആ അവസരത്തിൽ പാദന്യാസങ്ങളെക്കൊണ്ടു് ക്വണിതരശനകളും ലീലാവധൂതങ്ങളായി രത്നഛായാഖചിതവലികളായ ചാമരങ്ങളാൽ ക്ലാന്തഹസ്തകളുമായ വേശ്യകൾ, നിങ്കൽനിന്നും നഖപദസുഖങ്ങളായ വർഷാഗ്രബിന്ദുക്കളെ പ്രാപിച്ചിട്ടു്, നിന്നിൽ മധുകരശ്രേണിദീർഘങ്ങളായ കടാക്ഷങ്ങളെ ആമോചിക്കും.

ആ അവസരം=സന്ധ്യാകാലം. പാദന്യാസങ്ങൾ=കാലടിവയ്പുകൾ. ക്വണിതരശനകൾ=ക്വണിതകളായ രശനകളോടുകൂടിയവർ. ക്വണിതകൾ=ശബ്ദിക്കുന്നവ. രശനകൾ=ഉടഞ്ഞാണുകൾ. ലീലാവധൂതങ്ങൾ=ലീലഹേതുവായിട്ടു് അവധൂതങ്ങൾ. ലീല=വിലാസം. അവധൂതങ്ങൾ=അവധൂനനംചെയ്യപ്പെട്ടവ. അവധൂനനം ചെയ്ക=ഇളക്കുക. രത്നഛായാഖചിതവലികൾ=രത്നഛായകളാൽ ഖചിതകളായ വലികളോടുകൂടിയവ. രത്നഛായകൾ=രത്നങ്ങളുടെ ഛായകൾ. രത്നങ്ങൾ=കങ്കണമണികൾ. (കൈവളകളിലെ രത്നങ്ങൾ എന്നൎത്ഥം) ഛായകൾ=കാന്തികൾ. ഖചിതകൾ=അലങ്കരിക്കപ്പെട്ടവ. വലികൾ=ചാമരദണ്ഡങ്ങൾ "വലിശ്ചാമരദണ്ഡേചജരാവിശ്ലഥചർമ്മണി" എന്നു് വിശ്വവചനം. ചാമരങ്ങൾ=ബാലവ്യജനങ്ങൾ. (വെഞ്ചാമരങ്ങൾ) ക്ലാന്തഹസ്തകൾ=ക്ലാന്തങ്ങളായ ഹസ്തങ്ങളോടുകൂടിയവർ. ക്ലാന്തങ്ങൾ=തളൎന്നവ. ഹസ്തങ്ങൾ=കൈകൾ. ചാമരാദികൾ കൈയ്യിൽ ധരിച്ചുകൊണ്ടുചെയ്യുന്ന നൃത്തത്തിനു് ദേശികനൃത്തം എന്നുപേർ. "ഖഡ്ഗകന്ദുകവസ്ത്രാദിദണ്ഡികാചാമരസ്രജഃ വീണാഞ്ചധൃത്വായൽകുര്യുർനൃത്യം തദ്ദേശികം വിദുഃ" (നൃത്യസർവ്വസ്വം) നഖപദസുഖങ്ങൾ നഖപദങ്ങളിൽ സുഖങ്ങൾ. നഖപദങ്ങൾ=നഖക്ഷതങ്ങൾ. നഖങ്ങളേററുണ്ടായ വ്രണങ്ങളെന്നൎത്ഥം. സുഖങ്ങൾ=സുഖകരങ്ങൾ. "സുഖഹേതൗസുഖേസുഖം" (ശബ്ദാർണ്ണവം) വർഷാഗ്രബിന്ദുക്കൾ= വർഷത്തിന്റെ അഗ്രബിന്ദുക്കൾ. അഗ്രബിന്ദുക്കൾ=പ്രഥമബിന്ദുക്കൾ. ആദിയിൽ വീഴുന്ന മഴത്തുള്ളികളെന്നൎത്ഥം. മധുകരശ്രേണിദീർഘങ്ങൾ=മധുകരശ്രേണിപോലെ ദീർഘങ്ങൾ. മധുകരശ്രേണി=മധുകരങ്ങളുടെ ശ്രേണി. മധുകരങ്ങൾ=വണ്ടുകൾ. ശ്രേണി=വരി. ദീർഘങ്ങൾ=നെടിയവ.

കടാക്ഷങ്ങൾ=കടക്കണ്ണുകൊണ്ടുള്ള നോട്ടങ്ങൾ. ആമോചിക്കുക=അണിയിക്കുക.

സന്ധ്യാകാലത്തിൽ മഹാകാലക്ഷേത്രത്തിൽ വന്നു് ചുവടുവയ്പുകൾകൊണ്ടു് ഉടഞ്ഞാൺമണികളെ കിലുക്കിയും, കൈവളകളിലെ രത്നപ്രഭകൾ നിഴലാടി വിളങ്ങുന്ന കൈപ്പിടികളോടുകൂടിയതും കളിയായി അങ്ങോട്ടുമിങ്ങോട്ടും ആട്ടുന്നതുമായ വെഞ്ചാമരങ്ങളെ വഹിക്കകൊണ്ടു് തളന്ന കൈകളോടുകൂടിയും ഭഗവാന്റെ തിരുമുമ്പിൽ നൃത്തമാടുന്ന വേശ്യകൾ, നഖക്ഷതങ്ങളിലെ നീററലിനെ തണുപ്പിക്കുന്ന ആദ്യമായ മഴത്തുള്ളികൾ നീ പൊഴിക്കുന്നതേററു സന്തോഷത്തോടെ, വണ്ടിൻനിരപോലെ മനോഹരങ്ങളായ കടാക്ഷമാലകൾ നിന്നിൽ അണിയും.

പശ്ചാദുച്ചൈർഭുജതരുവനം മണ്ഡലേനാഭിലീനഃ
സാന്ധ്യം തേജഃ പ്രതിനവജപാപുഷ്പരക്തം ദധാനഃ
നൃത്യാരംഭേ ഹര പശുപതേരാർദ്രനാഗാജിനേച്ഛാം
ശാന്തോദ്വേഗസ്തിമിതനയനം ദൃഷ്ടഭക്തിർഭവാന്യാ. ൩൬

പശ്ചാൽ (അ) പശുപതേഃ (ഇ-പു-ഷ-ഏ) നൃത്യാരംഭേ (അ-പു-സ-ഏ) പ്രതിനവജപാപുഷ്പരക്തം-സാന്ധ്യം (അ-ന-ദ്വി-ഏ) തേജഃ (സ-ന-ദ്വി-ഏ) ദധാനഃ (അ പു-പ്ര-ഏ) ഉച്ചൈർഭുജതരുവനം (അ-ന-ദ്വി-ഏ) മണ്ഡലേന (അ-ന-തൃ-ഏ) അഭിലീനഃ (അ-പു-പ്ര-ഏ) ഭവാന്യാ (ഈ-സ്ത്രീ-തൃ-ഏ) ശാന്തോദ്വേഗസ്തിമിതനയനം (ക്രി-വി) ദൃഷ്ടഭക്തിഃ (ഇ-പു-പ്ര-ഏ) പശുപതേഃ (ഇ-പു-ഷ-ഏ) ആർദ്രനാഗാജിനേച്ഛാം (ആ-സ്ത്രീ-ദ്വി-ഏ) ഹര (ലോട്-പര-പ-മ-പു-ഏ)

പിന്നീടു്, പശുപതിയുടെ നൃത്യാരംഭത്തിൽ പ്രതിനവജപാപുഷ്പരക്തമായി സാന്ധ്യമായിരിക്കുന്ന തേജസ്സിനെ ദധാനനായിട്ടു്, ഉച്ചൈർഭുജതരുവനത്തെ മണ്ഡലംകൊണ്ടു് അഭിലീലനായിട്ടു്, ഭവാനിയാൽ ശാന്തോദ്വേഗസ്തിമിതനയനമാകുംവണ്ണം, ദൃഷ്ടഭക്തിയായിട്ടു് പശുപതിയുടെ ആർദ്രനാഗാജിനേച്ഛയെ ഹരിച്ചാലും.

പശുപതി=ശിവൻ. നൃത്യാരംഭം=നൃത്യത്തിന്റെ ആരംഭം. നൃത്യം=നടനം. പ്രതിനവജപാപുഷ്പരക്തം=പ്രതിനവമായ ജപാപുഷ്പംപോലെ രക്തം. പ്രതിനവം=പുതിയതു്. ജപാപുഷ്പം=ചെമ്പരത്തിപ്പൂവു്. രക്തം=ചുവന്നതു്. സാന്ധ്യം=സന്ധ്യയിങ്കൽഭവിച്ചതു്. തേജസ്സ്=ശോഭ. ദധാനൻ=ധരിച്ചിരിക്കുന്നവൻ. ധരിക്ക=വഹി

ക്കുക. ഉച്ചൈർഭുജതരുവനം=ഉച്ചൈസ്സായിരിക്കുന്നഭുജതരുവനം- ഉച്ചൈസ്സ്=ഉന്നതം. ഭുജതരുവനം=ഭുജതരുക്കളുടെവനം. ഭുജതരുക്കൾ=ഭുജങ്ങളാകുന്ന തരുക്കൾ. ഭുജങ്ങൾ=കൈകൾ. തരുക്കൾ=വൃക്ഷങ്ങൾ. വനം=കാട്ടു്. മണ്ഡലം=വൃത്താകൃതി. ലീനൻ=പററിച്ചേർന്നിരിക്കുന്നവൻ. ഭവാനി=പാർവതി. ശാന്തോദ്വേഗസ്തിമിതനയനം =ശാന്തമായഉദ്വേഗത്താൽസ്തിമിതങ്ങളായനയനങ്ങളോടുകൂടിയതു്. ശാന്തം=ശമിച്ചതു്. ഉദ്വേഗം=സംഭ്രമം. സ്തിമിതങ്ങൾ=നിശ്ചലങ്ങൾ. നയനങ്ങൾ=കണ്ണുകൾ. ദൃഷ്ടഭക്തി=ദൃഷ്ടയായഭക്തിയോടുകൂടിയവൻ. ദൃഷ്ട=ദർശിക്കപ്പെട്ടതു്. ദർശിക്ക=കാണുക. ഭക്തി=ഭഗവാങ്കലുള്ള അനുരാഗവിശേഷം. ആർദ്രനാഗാജിനേച്ഛ=ചോരഇററുന്ന (പുതിയ) ആനത്തോലിലുള്ള ആഗ്രഹം. ഹരിക്ക=ഇല്ലാതെയാക്കുക.

ഗജാസുരനെക്കൊന്നതുമുതൽ അവൻെറ ചോരയിററുന്ന തുകൽ ഭഗവാൻ നൃത്തസമയത്തു കയ്യിൽ ധരിക്കുകപതിവുണ്ടെന്നു പറയപ്പെട്ടിരിക്കുന്നു. നീ കൈകളിൽ ചുററിപ്പററി ഇരുന്നുകൊണ്ടാൽ ആനത്തോലുപോലെ തോന്നപ്പെടുന്നതുകൊണ്ടു്, ശിവൻ ആനത്തോലിനെ ആഗ്രഹിക്കയില്ലെന്നഭിപ്രായം.

ആനത്തോൽ പരമശിവൻ എടുക്കുമ്പോൾ പാർവതി ഭയത്താൽ, സംഭ്രമിക്കപതിവാണു്. നീ കൈകളിൽ ചുററിപ്പററിയിരുന്നു് ആനത്തോലിൻെറ സ്ഥാനംവഹിച്ചാൽ പാർവതി സംഭ്രമിക്കാതെ കണ്ണുകൾ ഉറപ്പിച്ചുനോക്കി, ഭഗവാനിൽ നിനക്കുള്ള ഭക്തിയെക്കുറിച്ചു് അഭിനന്ദിക്കുമെന്നു ശാന്തോദ്വേഗ...ഇത്യാദിയുടെ അർത്ഥമാകുന്നു.

അനന്തരം ശിവൻ സന്ധ്യാനൃത്തം ആരംഭിക്കുമ്പോൾ, നീ ചെമ്പരത്തിപ്പൂവുപോലെ ചെമന്ന സാന്ധ്യതേജസ്സിനെ വഹിച്ചുകൊണ്ടു, തടിച്ചുനീണ്ടവയും അസംഖ്യങ്ങളുമായ ശിവൻെറ കൈകളെ വൃത്താകൃതിയിൽ ചുററിപ്പററിച്ചേർന്നിരിക്കണം. അങ്ങിനെ ചേർന്നിരുന്നു, ആനത്തോൽ വഹിക്കുന്നതിനുള്ള ശിവൻെറ ആശയെ നീ ഇല്ലാതെയാക്കീട്ടു്, നിനക്കു ശിവങ്കലുള്ള ഭക്തിയെ പാർവതീദേവി, പതിവായി ആനത്തോൽ കാണുമ്പോൾ ചെയ്യുന്നതുപോലെ സംഭ്രമിക്കാതെ സമാധാനത്തോടെ സൂക്ഷിച്ചുനോക്കുമാറാക്കിച്ചെയ്താലും!

ഗച്ഛന്തീനാം രമണവസതിം യോഷിതാം തത്ര നക്തം
രുദ്ധാലോകേ നരപതിപഥേ സൂചിഭേദ്യൈസ്തമോഭിഃ
സൌദാമിന്യാ കനകനികഷസ്നിഗ്ദ്ധയാ ദർശയോർവീം
തോയോത്സർഗ്ഗസ്തനിതമുഖരോ മാ സ്മ ഭൂർവിക്ലബാസ്താഃ

തത്ര (അ) നക്തം (അ) രമണവസതിം (ഇ-സ്ത്രീ-ദ്വി-ഏ) ഗച്ഛന്തീനാം (ഈ-സ്ത്രീ-ഷ-ബ) യോഷിതാം (ത-സ്ത്രീ-ഷ-ബ) സൂചിഭേദ്യൈഃ (അ-ന-തൃ-ബ) തമോഭിഃ (സ-ന-തൃ-ബ) രുദ്ധാലോകേ- നരപതിപഥേ (അ-പു-സ-ഏ) കനകനികഷസ്നിഗ്ദ്ധയാ (ആ-സ്ത്രീ-തൃ-ഏ) സൌദാമിന്യാ (ഈ-സ്ത്രീ- തൃ-ഏ) ഉർവീം (ഈ-സ്ത്രീ-ദ്വി-ഏ) ദർശയ (ലോട്.പ-പ-മ-പു-ഏ) ത്വം (യുഷ്മദ്-പ്ര-ഏ) തോയോത്സർഗ്ഗസ്തനിതമുഖരഃ (അ-പു-പ്ര-ഏ) മാ-സ്മ (അ) ഭൂഃ (ലുങ്-പ-പ-മ-പു-ഏ-) താഃ (ത്ച്ഛ-സ്ത്രീ-പ്ര-ബ) വിക്ലബാഃ (ആ-സ്ത്രീ-പ്ര-ബ)

അവിടെ രാത്രിയിൽ രമണവസതികളെക്കുറിച്ച്, ഗച്ഛന്തികളായിരിക്കുന്ന യോഷിത്തുകൾക്ക് സൂചിഭേദ്യങ്ങളായ തമസ്സുകളാൽ രുദ്ധാലോകമായിരിക്കുന്ന നരപതിപഥത്തിങ്കൽ, കനകനികഷസ്നിഗ്ദ്ധയായ സൌദാമിനിയാൽ, ഉർവിയെ ദർശിപ്പിച്ചാലും! നീ തോയോത്സർഗ്ഗസ്തനിതമുഖരനായി ഭവിക്കരുതേ. അവർ, വിക്ലബകളാകുന്നു.

രമണവസതികൾ=രമണന്മാരുടെ വസതികൾ. രമണന്മാർ=ഭർത്താക്കന്മാർ. വസതികൾ=ഭവനങ്ങൾ. ഗച്ഛന്തികൾ=ഗമിച്ചുകൊണ്ടിരിക്കുന്നവർ. ഗമിക്കുക=പോകുക. യോഷിത്തുകൾ=സ്ത്രീകൾ. സൂചിഭേദ്യങ്ങൾ=സൂചികളാൽ ഭേദിക്കപ്പെടത്തക്കവ. സൂചിപ്പഴുതുപോലും ഇല്ലാത്തവിധത്തിൽ തിങ്ങിയവ എന്നർത്ഥം. തമസ്സുകൾ=ഇരുട്ടുകൾ. രുദ്ധാലോകം=രോധിക്കപ്പെട്ട ആലോകത്തോടുകൂടിയതു്. രോധിക്ക=തടുക്കുക. ആലോകം=ദർശനം. നരപതിപഥം=രാജപാത. കനകനികഷസ്നിഗ്ദ്ധം=കനകനികഷം എന്നപോലെ സ്നിഗ്ദ്ധത്തോടുകൂടിയതു്. കനകനികഷം=കനകത്തിന്റെ നികഷം. കനകം=സ്വർണ്ണം. നികഷം=ഉരകല്ലിലെ വര. സ്നിഗ്ദ്ധം=തേജസ്സ്. "സ്നിഗ്ദ്ധന്തുമസൃണേസാന്ദ്രേരമ്യേക്ലീബേചതേജസി" (ശബ്ദാർണ്ണവം) സൌദാമിനി=മിന്നൽ. ഉർവി=ഭൂമി. ദർശിപ്പിക്ക=കാണിക്കുക തോയോത്സർഗ്ഗസ്തനിതമുഖരൻ=തോയോത്സർഗ്ഗസ്തനിതങ്ങളാൽ മുഖരൻ. തോയോത്സർഗ്ഗസ്തനിതങ്ങൾ=തോയോത്സർഗ്ഗവും സ്തനിതവും. തോയോത്സർഗ്ഗം=തോയത്തിന്റെ ഉത്സർഗ്ഗം. തോയം=വെള്ളം. ഉത്സർഗ്ഗം=വീഴ്ത്തൽ. സ്തനിതം=ഇടിമുഴക്കം മുഖരൻ=ശബ്ദമുണ്ടാക്കുന്നവൻ. അവർ=ആ സ്ത്രീകൾ. വിക്ലബകൾ=ഭയമുള്ളവർ.

അവിടെ, രാത്രിയിൽ, ഭർത്താക്കന്മാരുടെ ഭവനങ്ങളിലേക്കു പോകുന്ന സുന്ദരികൾ, കൂരിരുട്ടുകൊണ്ടു വഴികാണാതെ

ബുദ്ധിമുട്ടുമ്പോൾ, അവൾക്കു തങ്കരേഖകൾപോലെയുള്ള മിന്നൽപിണറുകൾ വീശി, നീ വഴി കാണിച്ചുകൊടുക്കണം. എന്നാൽ മഴയും ഇടിയുംകൊണ്ടു ശബ്ദമുണ്ടാക്കാൻ തുടങ്ങരുതു്. ആ സ്ത്രീകൾ വളരെ ഭയമുള്ള കൂട്ടരാണു്. നീ അങ്ങനെ തുടങ്ങിയാൽ അവർ പേടിക്കും.

താം കസ്യാംശ്ചിദ് ഭവനവലഭൗ സുപ്തപാരാവതായാം
നീത്വാ രാത്രിം ചിരവിലസനാൽ ഖിന്നവിദ്യുൽകളത്രഃ
ദൃഷ്ടേ സൂര്യേ പുനരപി ഭവാൻ വാഹയേദധ്വശേഷം
മന്ദായന്തേ ന ഖലു സുഹൃദാമഭ്യുപേതാർത്ഥകൃത്യാഃ ൩൯

ചിരവിലസനാൽ (അ-ന-പ-ഏ) ഖിന്നവിദ്യുൽകളത്രഃ (അ-പു-പ്ര-ഏ) ഭവാൻ (ത-പു-പ്ര-ഏ) സുപ്തപാരാവതായാം (ആ-സ്ത്രീ-സ-ഏ) കസ്യാംശ്ചിൽ (കിംശ-സ്ത്രീ-സ-ഏ-ചിദന്തം) ഭവനവലഭൗ (ഇ-സ്ത്രീ-സ-ഏ) താം (ത-ച്ഛ-സ്ത്രീ-ദ്വി-ഏ) രാത്രിം (ഇ-സ്ത്രീ-ദ്വി-ഏ) നീത്വാ (ക്ത്വാ-അ) സൂര്യേ-ദൃഷ്ടേ (അ-പു-സ-ഏ) പുനഃ- അപി (അ) അധ്വശേഷം (അ-പു-ദ്വി-ഏ) വാഹയേൽ (ലിങ്-പ-പ-പ്ര-പു-ഏ) സുഹൃദാം (ദ-പു-ഷ-ബ) അഭ്യുപേതാർത്ഥകൃത്യാഃ (അ-പു-പ്ര-ബ) ന (അ) മന്ദായന്തേ (ലട്-ആത്മ-പ-പ്ര-പു-ബ) ഖലു (അ)

ചിരവിലസനം ഹേതുവായിട്ടു് ഖിന്നവിദ്യുൽകളത്രനായിരിക്കുന്ന ഭവാൻ, സുപ്തപാരാവതയായിരിക്കുന്ന ഒരു വലഭിയിങ്കൽ ആ രാത്രിയെ നയിച്ചിട്ടു്, സൂര്യൻ ദൃഷ്ടനായിരിക്കും സമയത്തിങ്കൽ, പിന്നെയും അധ്വശേഷത്തെ വഹിക്കണം. സുഹൃത്തുക്കളുടെ അഭ്യുപേതാർത്ഥകൃത്യന്മാർ, മന്ദന്മാരാകുന്നില്ലതന്നെ.

ചിരവിലസനം=വളരെക്കാലമുള്ള വിലസനം. വിലസനം=പ്രകാശിക്കൽ. ഖിന്നവിദ്യുൽകളത്രൻ=ഖിന്നമായ വിദ്യുൽകളത്രത്തോടുകൂടിയവൻ. ഖിന്നം=തളർന്നതു്. വിദ്യുൽകളത്രം=വിദ്യുത്താകുന്ന കളത്രം. വിദ്യുത്ത്=മിന്നൽ. കളത്രം=ഭാര്യ. ഭവാൻ=അങ്ങു്. സുപ്തപാരാവതാ=സുപ്തങ്ങളായിരിക്കുന്ന പാരാവതങ്ങളോടുകൂടിയതു്. സുപ്തങ്ങൾ=സ്വപിച്ചവ. സ്വപിക്കുക=ഉറങ്ങുക. പാരാവതങ്ങൾ=മാടപ്രാവുകൾ. വലഭി=ഭവനത്തിന്റെ മേച്ചിൽപുറം. നയിക്കുക=കഴിച്ചുകൂട്ടുക. ദൃഷ്ടൻ=ദർശിക്കപ്പെട്ടവൻ. ദർശിക്കുക=കാണുക. അധ്വശേഷം=അധ്വാവിന്റെ ശേഷം. അധ്വാവ്=വഴി. വഹിക്കുക=കടക്കുക. സുഹൃത്തുക്കൾ=ബന്ധുക്കൾ. അഭ്യുപേതാർത്ഥകൃത്യന്മാർ=അഭ്യുപേതയായ അർത്ഥകൃത്യയോടുകൂടി

യവർ. അഭ്യുപേത=അഭ്യുപഗമിക്കപ്പെട്ടതു്. അഭ്യുപഗമിക്ക=അംഗീകരിക്കുക. അർത്ഥകൃത്യാ=അർത്ഥത്തിന്റെ കൃത്യ. അർത്ഥം=പ്രയോജനം. കൃത്യ=ക്രിയ. മന്ദന്മാർ=ഉദാസീനന്മാർ.

വളരെനേരം വിലസുക (മിന്നുക) കൊണ്ടു ക്ഷീണിച്ച വിദ്യുത്താകുന്ന കളത്രത്തോടുകൂടിയവനായ നീ, വളർത്തുപ്രാവുകൾ ഉറങ്ങുന്ന ഒരു ഗൃഹത്തിന്റെ മേച്ചിൽപ്പുറത്തു ചേർന്നിരുന്നു് ആ രാത്രി കഴിച്ചുകൂട്ടീട്ടു്, സൂര്യ്യൻ ഉദിക്കുമ്പോൾ പിന്നെയും പുറപ്പെട്ടു് ശേഷമുള്ള വഴിയെ കടക്കണം. ബന്ധുക്കളുടെ കാര്യ്യം കയ്യേററിരിക്കുന്നവർ ഒരിക്കലും ഉദാസീനന്മാരാകുന്നില്ല.

തസ്മിൻ കാലേ നയനസലിലം യോഷിതാം ഖണ്ഡിതാനാം
ശാന്തിം നേയം പ്രണയിഭിരതോ വർത്മ ഭാനോസ്ത്യജാശു
പ്രാലേയാസ്രം കമലവദനാൽ സോഽപി ഹർത്തും നളിന്യാഃ
പ്രത്യാവൃത്തസ്ത്വയി കരരുധി സ്യാദനല്പാഭ്യസൂയഃ ൩൯

തസ്മിൻ (തച്ഛ-പു-സ-ഏ) കാലെ (അ-പു-സ-ഏ) പ്രണയിഭിഃ (ന-പു-തൃ-ബ) ഖണ്ഡിതാനാം (ആ-സ്ത്രീ-ഷ-ബ) യോഷിതാം (ത-സ്ത്രീ-ഷ-ബ)നയനസലിലം (അ-ന-പ്ര-ഏ) ശാന്തിം (ഇ-സ്ത്രീ-ദ്വി-ഏ) നേതവ്യം (അ-ന-പ്ര-ഏ) അതഃ (തസി-അ) ഭാനോഃ (ഉ-പു ഷ-ഏ) വർത്മ (ന-ന-ദ്വി-ഏ) ആശു (അ) ത്യജ (ലോട്-പ-പ-മ-പു-ഏ) സഃ (തച്ഛ-പു-പ്ര-ഏ) അപി (അ) നളിന്യാഃ (ഈ-സ്ത്രീ-ഷ-ഏ) കമലവദനാൽ (അ-ന-പ ഏ) പ്രാലേയാസ്രം (അ-ന-ദ്വി-ഏ) ഹർത്തും (തുമു-അ) പ്രത്യാവൃത്തഃ (അ-പു-പ്ര-ഏ) ത്വയി (യുഷ്മദ്-സ-ഏ) കരരുധി (ധ-പു-സ-ഏ) അനല്പാഭ്യസൂയഃ (അ-പു-പ്ര-ഏ) സ്യാൽ (ലിങ്-പ-പ്ര-ഏ)

ആ കാലത്തിൽ, പ്രണയികളാൽ ഖണ്ഡിതകളായ യോഷിത്തുകളുടെ നയനസലിലം ശാന്തിയെ നേതവ്യമാകുന്നു. ഇതു ഹേതുവായിട്ടു് ഭാനുവിന്റെ വർത്മാവിനെ വേഗത്തിൽ ത്യജിച്ചാലും! അവനും, നളിനിയുടെ കമലവദനത്തിൽനിന്നും പ്രാലേയാസ്രത്തെ ഹരിക്കാനായിക്കൊണ്ടു്, പ്രത്യാവൃത്തനായിട്ടു് നീ കരരുത്തായിരിക്കും സമയത്തിങ്കൽ അനല്പാഭ്യസൂയനായി ഭവിക്കും.

ആ കാലം=പ്രഭാതകാലം. പ്രണയികൾ=പ്രിയതമന്മാർ. ഖണ്ഡിതകൾ=പുരുഷൻ പരസ്ത്രീസംസർഗ്ഗം ചെയ്തതറിഞ്ഞിട്ടു് ഈർഷ്യാകഷായിതയായവൾ. “ജ്ഞാതേന്ന്യാസംഗവികൃതേഖണ്ഡി

ൎഷ്യാകഷായിതാ” (ദശരൂപകം) യോഷിത്തുകൾ=സ്ത്രീകൾ. നയനസലിലം=കണ്ണുനീരു്. ശാന്തി=ശമം. നേതവ്യം=നയിക്കപ്പെടാൻ അൎഹം. നയിക്ക=പ്രാപിപ്പിക്കുക. ഭാനു=സൂൎയ്യൻ. വൎത്മാവു്=വഴി. ത്യജിക്ക=ഉപേക്ഷിക്കുക. അവൻ=സൂൎയ്യൻ. നളിനി=താമരപ്പൊയ്ക. കമലവദനം=കമലമാകുന്ന വദനം. കമലം=താമര. വദനം=മുഖം. പ്രാലേയാസ്രം=പ്രാലേയമാകുന്ന അസ്രം. പ്രാലേയം=മഞ്ഞു്. അസ്രം=കണ്ണുനീരു്. ഹരിക്കുക=തുടയ്ക്കുക. പ്രത്യാവൃത്തൻ=തിരിച്ചുവന്നവൻ. കരരുത്ത്=കരത്തെ രോധിക്കുന്നവൻ. കരം=കൈയ് (രശ്മി.) രോധിക്കുക=തടുക്കുക. അനല്പാഭ്യസൂയൻ=അനല്പയായ അഭ്യസൂയയോടുകൂടിയവൻ. അനല്പ=അല്പയല്ലാത്തതു്. അഭ്യസൂയ=വിദ്വേഷം.

പ്രഭാതകാലത്തിൽ, അന്യഗൃഹങ്ങളിൽനിന്നു വരുന്ന ഭൎത്താക്കന്മാർ ഈൎഷ്യാകലഹത്തോടുകൂടിയ ഭാൎയ്യമാരുടെ കണ്ണുനീർ തുടച്ചു ആശ്വസിപ്പിക്കേണ്ടവരാണു്. അതുകൊണ്ടു് നീ സൂൎയ്യന്റെ വഴിവിട്ടു് വേഗം പൊയ്ക്കൊള്ളണം. എന്തെന്നാൽ, അദ്ദേഹം, സ്വപത്നിയായ താമരപ്പൊയ്കയുടെ താമരപ്പൂക്കളായ മുഖങ്ങളിൽനിന്നും മഞ്ഞുതുള്ളികളാകുന്ന കണ്ണുനീരുകളെ തുടച്ചുകളവാനായിട്ടാണു വരുന്നതു്. അപ്പോൾ നീ കരത്തെത്തടുത്താൽ അദ്ദേഹത്തിനു് അനല്പമായ വിദ്വേഷം ഉണ്ടാകും.

“ആത്മാനഞ്ചാൎക്കമീശാനം വിഷ്ണും വാദ്വേഷ്ടിയോജനഃ
ശ്രേയാംസി തസ്യ നശ്യന്തി രൗരവഞ്ച ഭവേദ്ധ്രുവം” എന്നു പ്രമാണമുള്ളതുകൊണ്ടു്, വിശേഷിച്ചും ആദിത്യന്റെ അപ്രീതി സമ്പാദിക്കരുതു് എന്നഭിപ്രായം.

ഗംഭീരായാഃ പയസി സരിതശ്ചേതസീവ പ്രസന്നേ
ഛായാത്മാഽപി പ്രകൃതിസുഭഗേ ലപ്സ്യതേ തേ പ്രവേശം
തസ്മാദസ്യാഃ കുസുമവിശദാന്യൎഹസി ത്വം ന ധൈൎയ്യാ-
ന്മോഘീകൎത്തും ചടുലശഫരോദ്വൎത്തനപ്രേക്ഷിതാനി. ൪൦

ഗംഭീരായാഃ (അ-സ്ത്രീ-ഷ-ഏ) പ്രസന്നേ (അ-ന-സ-ഏ) ചേതസി (സ-ന-സ-ഏ-) ഇവ (അ) പയസി (സ ന-സ-ഏ) പ്രകൃതിസുഭഗഃ (അ-പു-പ്ര-ഏ) തേ (യുഷ്മദ്-ഷ-ഏ) ഛായാത്മാ (ന-പു-പ്ര-ഏ) അപി (അ) പ്രവേശം (അ-പു-ദ്വി-ഏ) ലപ്സ്യതേ (ലൃട്-ആത്മ-പ-മ-പു-ഏ) തസ്മാൽ (തദ്-ന-പ-ഏ) അസ്യാഃ (ഇദം-സ്ത്രീ-ഷ-ഏ) കുമുദവിശദാനി (അ-ന-ദ്വി-ബ) ചടുലശഫരോദ്വൎത്തനപ്രേക്ഷിതാനി (അ-ന-ദ്വി-ബ) ധൈൎയ്യാൽ (അ-ന-പ-ഏ) മോഘീകൎത്തും (തുമു-അ) ന (അ) അൎഹസി (ലട്-പ-പ-മ-പു-ഏ.)

ഗംഭീരയുടെ പ്രസന്നമായ ചേതസ്സുപോലെയിരിക്കുന്ന പയസ്സിങ്കൽ പ്രകൃതിസുഭഗനായ നീ ഛായാത്മാവായിട്ടെങ്കിലും പ്രവേശത്തെ ലഭിക്കും. അതു ഹേതുവായിട്ടു് ഇവളുടെ കുമുദവിശദങ്ങളായ ചടുലശഫരോദ്വൎത്തനപ്രേക്ഷിതങ്ങളെ ധൈൎയ്യത്താൽ മോഘീകരിക്കുന്നതിനു നീ അൎഹിക്കുന്നില്ല.

പ്രസന്നം=തെളിഞ്ഞതു്; നിൎമ്മലമായതെന്നൎത്ഥം. ചേതസ്സ്=മനസ്സ്. പയസ്സ്=വെള്ളം. പ്രകൃതിസുഭഗൻ=പ്രകൃത്യാ തന്നെ സുഭഗൻ. പ്രകൃതി=സ്വഭാവം. സുഭഗൻ=സുന്ദരൻ. ഛായാത്മാവു്=ഛായയാകുന്ന ആത്മാവോടുകൂടിയവൻ. ഛായ=നിഴൽ. ആത്മാവു്=ശരീരം. ഇവൾ=ഗംഭീരാനദി. കുമുദവിശദങ്ങൾ=കുമുദംപോലെ വിശദങ്ങൾ. കുമുദം=വെള്ളാമ്പൽ. വിശദങ്ങൾ=ധവളങ്ങൾ; വെളുത്തവ എന്നൎത്ഥം. ചടുലശഫരോദ്വൎത്തനപ്രേക്ഷിതങ്ങൾ=ചടുലശഫരോദ്വൎത്തനങ്ങളാകുന്ന പ്രേക്ഷിതങ്ങൾ. ചടുലശഫരോദ്വൎത്തനങ്ങൾ=ചടുലങ്ങളായ ശഫരോദ്വൎത്തനങ്ങൾ ചടുലങ്ങൾ=ശീഘ്രങ്ങൾ. ശഫരോദ്വൎത്തനങ്ങൾ=ശഫരങ്ങളുടെ ഉദ്വൎത്തനങ്ങൾ. ശഫരങ്ങൾ=മീനങ്ങൾ. ഉദ്വൎത്തനങ്ങൾ=ലുണ്ഠനങ്ങൾ (വെട്ടലുകൾ.) പ്രേക്ഷിതങ്ങൾ=നോട്ടങ്ങൾ. ധൈൎയ്യം=ധാൎഷ്ട്യം. മോഘീകരിക്കുക=മോഘമാക്കിച്ചെയ്യുക. മോഘം=വിഫലം.

ഗംഭീരയുടെ, തെളിഞ്ഞ മനസ്സുപോലെയിരിക്കുന്ന ജലത്തിൽ സ്വഭാവേന സുന്ദരനായ നീ നിഴലിച്ചിട്ടെങ്കിലും പ്രവേശിക്കാതെയിരിക്കയില്ല. അതുകൊണ്ടു് ആമ്പൽപൂവുപോലെ വെണ്മയുള്ളതായ അതിവേഗത്തിലുള്ള മീനുകളുടെ വെട്ടിക്കളികളാകുന്ന അവളുടെ നോക്കുകളെ നീ ഫലപ്പെടുത്താതെ ഗൎവ്വത്താൽ ഒഴിഞ്ഞുപൊയ്ക്കളയരുതു്.

തസ്യാഃ കിഞ്ചിൽ കരധൃതമിവ പ്രാപ്തവാനീരശാഖം
നീത്വാ നീലം സലിലവസനം മുക്തരോധോനിതംബം
പ്രസ്ഥാനം തേ കഥമപി സഖേ ലംബമാനസ്യ ഭാവി
ജ്ഞാതാസ്വാദോ വിവൃതജഘനാം കോ വിഹാതും സമൎത്ഥഃ

ഹേ സഖേ (ഇ-പു-സം-പ്ര-ഏ) പ്രാപ്തവാനീരശാഖം (അ-ന-ദ്വി-ഏ) കിഞ്ചിൽ (അ) കരധൃതം (അ-ന-ദ്വി-ഏ) ഇവ (അ) സ്ഥിതം (അ-ന-ദ്വി-ഏ) മുക്തരോധോനിതംബം (അ-ന-ദ്വി-ഏ) നീലം (അ-ന-ദ്വി-ഏ) തസ്യാഃ (തച്ഛ-സ്ത്രീ-ഷ-ഏ) സലിലവസനം (അ-ന-ദ്വി-ഏ) നീത്വാ(ക്ത്വാ-അ) ലംബമാനസ്യ (അ-പു-ഷ-ഏ) തേ (യുഷ്മദ്-ഷ-ഏ) പ്രസ്ഥാനം (അ-ന-പ്ര-ഏ) കഥമപി (അ) ഭാവി (അ-ന-പ്ര-ഏ) ജ്ഞാതാ

സ്വാദഃ (അ-പു-പ്ര-ഏ) കഃ (കിം-ശ-പു-പ്ര-ഏ) വിവൃതജഘനാം (ആ-സ്ത്രീ-ദ്വി-ഏ) വിഹാതും (തുമു-അ) സമൎത്ഥഃ (അ-പു-പ്ര-ഏ)

അല്ലയോ സഖേ! പ്രാപ്തവാനീരശാഖമായി അല്പം കരധൃതം എന്നപോലെ സ്ഥിതമായി, മുക്തരോധോനിതംബമായി നീലമായിരിക്കുന്ന അവളുടെ സലിലവസനത്തെ നയിച്ചിട്ട്, ലംബമാനനായിരിക്കുന്ന നിന്റെ പ്രസ്ഥാനം പണിപ്പെട്ട ഭാവിയായിരിക്കും. ജ്ഞാനാസ്വാദനായ ആരൊരുത്തൻ വിവൃതജഘനയെ ഉപേക്ഷിക്കാനായിക്കൊണ്ടു സമൎത്ഥനായി ഭവിക്കുന്നു.

സഖാവ്=ഇഷ്ടൻ. പ്രാപ്തവാനീരശാഖം=പ്രാപ്തമായ വാനീരശാഖയോടുകൂടിയത്. പ്രാപ്തം=പ്രാപിക്കപ്പെട്ടത്. പ്രാപിക്ക=എത്തിച്ചേരുക. വാനീരശാഖ=വാനീരത്തിന്റെ ശാഖ. വാനീരം=ആറ്റുവഞ്ഞി. ശാഖ=കൊമ്പ്. കരധൃതം=കരത്താൽ ധൃതം കരം=കയ്യ്. ധൃതം=ധരിക്കപ്പെട്ടത്. ധരിക്ക=പിടിക്കുക. സ്ഥിതം=സ്ഥിതിചെയ്യുന്നത്. സ്ഥിതിചെയ്ക=ഇരിക്കുക. മുക്തരോധോനിതംബം=മുക്തമായ രോധോനിതംബത്തോടുകൂടിയത്. മുക്തം=മോചിക്കപ്പെട്ടത്. മോചിക്ക=കൈവിടുക. രോധോനിതംബം=രോധസ്സാകുന്ന നിതംബം. രോധസ്സ്=കര. നിതംബം=അരക്കെട്ട്. നീലം=നീലനിറത്തോടുകൂടിയത്. സലിലവസനം=സലിലമാകുന്ന വസനം. സലിലം=വെള്ളം. വസനം=വസ്ത്രം. നയിക്കുക=ഗ്രഹിക്കുക. ലംബമാനൻ=തൂങ്ങുന്നവൻ. (കുടിച്ചവെള്ളത്തിന്റെ ഭാരംകൊണ്ട് സഞ്ചാരലാഘവമില്ലാത്തവനെന്നൎത്ഥം.) സ്ത്രീപക്ഷത്തിൽ ജഘനത്തെആശ്രയിച്ചവൻ എന്നൎത്ഥം. പ്രസ്ഥാനം=യാത്ര. ഭാവി=ഭവിക്കാൻപോകുന്നത്. ജ്ഞാതാസ്വാദൻ=ജ്ഞാതമായ ആസ്വാദത്തോടുകൂടിയവൻ. ജ്ഞാതം=അറിയപ്പെട്ടത്. ആസ്വാദം=രുചി. അല്ലെങ്കിൽ രസം. വിവൃതജഘന=വിവൃതമായ ജഘനത്തോടുകൂടിയവൾ. വിവൃതം=വിവരിക്കപ്പെട്ടത്. വിവരിക്കുക=പ്രകാശിപ്പിക്കുക. ജഘനം=അരക്കെട്ടിന്റെ മുൻഭാഗം. സമൎത്ഥൻ=ശക്തൻ.

ഹേ സ്നേഹിത ആറ്റുവഞ്ഞിക്കൊമ്പ്, താഴ്ന്നുവന്നു മുങ്ങിക്കിടക്കുകകൊണ്ട്, കൈകൊണ്ടു തെല്ലൊന്നു താങ്ങിയിരിക്കുന്നതുപോലെ കാണപ്പെടുന്നതും, കരയാകുന്ന അരക്കെട്ടിൽനിന്നു നീങ്ങിയതും, നീലനിറമുള്ളതുമായ, ആ ഗംഭീരയുടെ ജലമാകുന്ന വസ്ത്രത്തെ ഹരിച്ചിട്ട് ജഘനപ്രദേശത്തെ ആശ്രയിച്ചാൽ അവിടെനിന്നു വിട്ടുമാറി യാത്രതുടരുവാൻ വളരെ വിഷമമായിത്തീരും. രസ

ത്തെ അനുഭവിച്ചറിഞ്ഞവർ ആരെങ്കിലും പ്രകാശിതമായ ജഘനത്തോടുകൂടിയ സ്ത്രീയെ ഉപേക്ഷിച്ചുപോകുമോ?

ആററുവഞ്ചിക്കൊമ്പു മുങ്ങിക്കിടക്കുന്നതും നീലനിറത്തോടുകൂടിയതുമായ ഗംഭീരാനദിയിലെ വെള്ളം, താപശാന്തിക്കായി നീ കുടിച്ചിട്ടു് കരയിൽ തങ്ങിനിന്നാൽ വെള്ളത്തിന്റെ ഭാരത്താൽ ആകാശത്തിൽ ഉയരാനും വേഗത്തിൽ യാത്രതുടരാനും എളുപ്പമില്ല. എന്നു പ്രകൃതമായ അൎത്ഥം.

ത്വന്നിഷ്യന്ദോച്ഛ്വസിതവസുധാഗന്ധസമ്പൎക്കരമ്യഃ
സ്രോതോരന്ധ്രധ്വനിതസുഭഗം ദന്തിഭിഃ പീയമാനഃ
നീചൈൎവാസ്യത്യുപജിഗമിഷോൎദ്ദേവപൂൎവം ഗിരിം തേ
ശീതോ വായുഃ പരിണമയിതാ കാനനോദുംബരാണാം. ൪൨

ത്വന്നിഷ്യന്ദോച്ഛ്വസിതവസുധാഗന്ധസമ്പൎക്കരമ്യഃ (അ-പു-പ്ര-ഏ) സ്രോതോരന്ധ്രധ്വനിതസുഭഗം (ക്രി-വി) ദന്തിഭിഃ (ന-പു-തൃ-ബ) പീയമാനഃ (അ-പു-പ്ര-ഏ) കാനനോദുംബരാണാം (അ-ന-ഷ-ബ) പരിണമയിതാ (ഋ-പു-പ്ര-ഏ) ശീതഃ (അ-പു-പ്ര-ഏ) വായുഃ (ഉ-പു-പ്ര-ഏ) ദേവപൂൎവം (അ-പു-ദ്വി-ഏ) ഗിരിം (ഇ-പു-ദ്വി-ഏ) ഉപജിഗമിഷോഃ (ഉ-പു-ഷ-ഏ) തേ (യുഷ്മദ്-ഷ-ഏ) നീചൈഃ (അ) വാസ്യതി (ലൃട്-പ-പ-പ്ര-പു-ഏ)

ത്വന്നിഷ്യന്ദോഛ്വസിതവസുധാഗന്ധസമ്പൎക്കരമ്യമായി, സ്രോതോരന്ധ്രധ്വനിതസുഭഗമാകുംവണ്ണം ദന്തികളാൽ പീയമാനമായി, കാനനോദുംബരങ്ങളുടെ പരിണമയിതാവായി ശീതമായിരിക്കുന്ന വായു ദേവപൂൎവമായ ഗിരിയെ ഉപജിഗമിഷുവായിരിക്കുന്ന നിന്നെ നീചൈസ്സായി വാനം ചെയ്യും.

ത്വന്നിഷ്യന്ദോഛ്വസിതവസുധാഗന്ധസമ്പൎക്കരമ്യം=ത്വന്നിഷ്യന്ദോഛ്വസിതയായ വസുധയുടെ ഗന്ധത്തിന്റെ സമ്പൎക്കത്താൽ രമ്യമായിരിക്കുന്നതു്. ത്വന്നിഷ്യന്ദോഛ്വസിത=ത്വന്നിഷ്യന്ദത്താൽ ഉഛ്വസിത=ത്വന്നിഷ്യന്ദം=നിന്റെ നിഷ്യന്ദം. നിഷ്യന്ദം=മഴവീഴ്ത്തൽ. ഉഛ്വസിത=ഉഛ്വസിച്ചതു്. ഉഛ്വസിക്ക=വീൎക്കുക. വസുധ=ഭൂമി. ഗന്ധം=മണം. സമ്പൎക്കം=സംബന്ധം. രമ്യം=സുഗന്ധത്തോടുകൂടിയതു്. സ്രോതോരന്ധ്രധ്വനിതസുഭഗം=സ്രോതോരന്ധ്രങ്ങളിലെധ്വനിതത്താൽ സുഭഗം. സ്രോതോരന്ധ്രങ്ങൾ=സ്രോതസ്സിന്റെ രന്ധ്രങ്ങൾ. സ്രോതസ്സ്=ഘ്രാണേന്ദ്രിയം. (“സ്രോതോംബുവേഗേന്ദ്രിയയോഃ”എന്നുഅമരം.)

രന്ധ്രങ്ങൾ=ദ്വാരങ്ങൾ. ധ്വനിതം=ശബ്ദം. സുഭഗം=മനോഹരം. ദന്തികൾ=ആനകൾ. പീയമാനം=പാനം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നതു്. പാനംചെയ്ക=കുടിക്കുക. കാനനോദുംബരങ്ങൾ=കാനനത്തിലെ ഉദുംബരങ്ങൾ കാനനം=കാടു്. ഉദുംബരങ്ങൾ=അത്തിമരത്തിന്റെ കായ്കൾ. പരിണമയിതാവു്=പരിണമിപ്പിക്കുന്നതു്. പരിണമിപ്പിക്ക=പഴപ്പിക്കുക. ശീതം=തണുത്തതു്. ദേവപൂൎവ്വമായഗിരി=ദേവശബ്ദംമുമ്പിൽ ഉള്ളഗിരി. ദേവഗിരി എന്നൎത്ഥം. ഉപജിഗമിഷു=ഉപഗമിക്കാൻ ഇച്ഛിക്കുന്നവൻ. ഉപമിക്ക=പ്രാപിക്കുക. നീചൈസ്സ്=പതുക്കെ. വാനംചെയ്ക=വീശുക.

നീ പൊഴിച്ച മഴകൊണ്ടു്, ആവി ഉയരുന്നഭൂമിയുടെ ഗന്ധം കലരുകയാൽ മനോഹരമായും, നാറീട്ടു മൂക്കിൽനിന്നു ശബ്ദം പുറപ്പെടുവിക്കകൊണ്ടു മനസ്സിനു ആനന്ദം തരുന്നവിധത്തിൽ, ആനകൾ ഉള്ളിലേക്കു ശ്വാസിക്കുന്നതായി കാട്ടിലെ അത്തിമരങ്ങളുടെ കായ്കളെ പഴപ്പിക്കുന്നതായിരിക്കുന്ന തണുത്തകാററു്, ദേവഗിരിയിലേക്കു പോകുന്ന നിന്നെ പതുക്കെപ്പതുക്കെ തലോടും. മേൽപറഞ്ഞപ്രകാരമുള്ള മന്ദവായു നീ പോകുന്നവഴിയിൽ വീശിക്കൊണ്ടിരിക്കുമെന്നൎത്ഥം.

തത്ര സ്കന്ദം നിയതവസതിം പുഷ്പമേഘീകൃതാത്മാ
പുഷ്പാസാരൈഃ സ്നപയതു ഭവാൻ വ്യോമഗംഗാജലാർദ്രൈഃ
രക്ഷാഹേതോൎന്നവശശിഭൃതാ വാസവീനാം ചമൂനാം
അത്യാദിത്യം ഹുതവഹമുഖേ സംഭൃതം തദ്ധി തേജഃ ൪൨

വിഭക്തിയും അന്വയവും—തത്ര (അ) നിയതവസതിം (ഇ-പു-ദ്വി-ഏ) സ്കന്ദം (അ-പു-ദ്വി-ഏ) പുഷ്പമേഘീകൃതാത്മാ (ന-പു-പ്ര-ഏ) വ്യോമഗംഗാജലാർദ്രൈഃ പുഷ്പാസാരൈഃ (അ-പു-തൃ-ബ) ഭവാൻ (ത-പു-പ്ര-ഏ) സ്നപയതു (ലോട്-പ-പ-പ്ര-പു-ഏ) തൽ (തച്ഛ-ന-പ്ര-ഏ) വാസവീനാം (ഈ-സ്ത്രീ-ഷ-ബ) ചമൂനാം (ഊ-സ്ത്രീ-ഷ-ബ) രക്ഷാഹേതോഃ (ഉ-പു-ഷ-ഏ) നവശശിഭൃതാ (ത-പു-തൃ-ഏ) ഹുതവഹമുഖേ (അ-ന-സ-ഏ) സംഭൃതം (അ-ന-പ്ര-ഏ) അത്യാദിത്യം (അ-ന-പ്ര-ഏ) തേജഃ (സ-ന-പ്ര-ഏ) ഹി (അ)

അതിങ്കൽ നിയതവസതിയായിരിക്കുന്ന സ്കന്ദനെ പുഷ്പമേഘീകൃതാത്മാവായിട്ടു വ്യോമഗംഗാജലാർദ്രങ്ങളായ പുഷ്പസാരങ്ങളെക്കൊണ്ടു്, ഭവാൻ സ്നപിപ്പിക്കണം. അതു്, വാസവികളായിരിക്കുന്ന ചമൂക്കളുടെ രക്ഷയ്ക്കായിട്ടു്, നവശശിഭൃത്തിനാൽ ഹുതവഹമുഖത്തിങ്കൽ സംഭൃതമായ അത്യാദിത്യമായ തേജസ്സാകുന്നുവല്ലോ.

അതു്=ദേവഗിരി. നിയതവസതി=നിയതയായ വസതിയോടുകൂടിയവൻ. നിയത=നിശ്ചിത. വസതി=വാസംഅല്ലെങ്കിൽസാന്നിധ്യം. സ്കന്ദൻ=സുബ്രഹ്മണ്യൻ. പുഷ്പമേഘീകൃതാത്മാവു്=പുഷ്പമേഘീകൃതമായ ആത്മാവോടുകൂടിയവൻ. പുഷ്പമേഘീകൃതം=പുഷ്പമേഘമാക്കിച്ചെയ്യപ്പെട്ടതു്. പുഷ്പമേഘം=പുഷ്പങ്ങളുടെമേഘം. പുഷ്പങ്ങൾ=പൂക്കൾ. പൂമഴപൊഴിക്കുന്ന മേഘം എന്നർത്ഥം. ആത്മാവു്=ശരീരം (കാമരൂപനാകകൊണ്ടു പുഷ്പമേഘമായി മാറുന്നതിനു പ്രായസമില്ലെന്നഭിപ്രായം.) വ്യോമഗംഗാജലാർദ്രം=വ്യോമഗംഗാജലത്താൽ ആർദ്രം. വ്യോമഗംഗാജലം=വ്യോമഗംഗയുടെജലം. വ്യോമഗംഗ=ആകാശഗംഗ. ജലം=വെള്ളം. ആർദ്രം=നനഞ്ഞതു്. പുഷ്പാസാരങ്ങൾ=പൂമഴകൾ. ഭവാൻ=അങ്ങ്. സ്നപിപ്പിക്ക=കുളിപ്പിക്കുക. അഭിഷേകംചെയ്ക എന്നർത്ഥം. അതു്=സുബ്രഹ്മണ്യരൂപത്തിൽ അവിടെക്കാണുന്നതു്. വാസവികൾ=വാസവനെ സംബന്ധിച്ചവ. വാസവൻ=ഇന്ദ്രൻ. ചമൂക്കൾ=സേനകൾ. നവശശിഭൃത്ത്=ചന്ദ്രക്കലയെ ധരിക്കുന്നവൻ (ശിവൻ) ഹുതവഹമുഖം=ഹുതവഹന്റെ മുഖം. ഹുതവഹൻ=അഗ്നി. സംഭൃതം=സംഭരിക്കപ്പെട്ടതു്. സംഭരിക്കുക=സഞ്ചയിക്കുക. ഉരുക്കൂട്ടിവയ്ക്കുക എന്നർത്ഥം. അത്യാദിത്യം=ആദിത്യനെ അതിക്രമിച്ചതു് ആദിത്യൻ=സൂർയ്യൻ. അതിക്രമിക്കുക=കവിയുക.

ആ ദേവഗിരിയിൽ നിത്യവും സന്നിധാനംചെയ്തരുളുന്ന സുബ്രഹ്മണ്യനെ, നീ ഒരു പുഷ്പമേഘമായിനിന്നുകൊണ്ടു്, ആകാശഗംഗാജലത്താൽ നനഞ്ഞപൂക്കളെ തൂകി അഭിഷേകം കഴിക്കണം. സുബ്രഹ്മണ്യരൂപത്തിൽ പരിണമിച്ചിരിക്കുന്ന ആ ദിവ്യമൂർത്തി, പരമേശ്വരനാൽ ഇന്ദ്രസേനകളുടെ രക്ഷയ്ക്കായി, അഗ്നിമുഖത്തിൽ സമർപ്പിക്കപ്പെട്ടിരിക്കുന്ന തന്റെ തേജസ്സാണു്.

ജ്യോതിർല്ലേഖാവലയി ഗളിതം, യസ്യ ബർഹം ഭവാനീ
പുത്രപ്രേമ്ണാ കുവലയദളപ്രാപി കർണ്ണേ കരോതി
ധൌതാപാംഗം ഹരശശിരുചാ പാവകേസ്തം മയൂരം
പശ്ചാദദ്രിഗ്രഹണഗുരുഭിർഗ്ഗർജ്ജിതൈർന്നർത്തയേഥാഃ

വിഭക്തിയും അന്വയവും—ജ്യോതിർല്ലേഖാവലയി (ന-ന-ദ്വി-ഏ) ഗളിതം (അ-ന-പ്ര-ഏ) യസ്യ (യച്ഛ്-പു-ഷ-ഏ) ബർഹം (ന-ന-ദ്വി-ഏ) ഭവാനീ (ഈ-സ്ത്രീ-പ്ര-ഏ) പുത്രപ്രേമ്ണാ (ന-ന-തൃ-ഏ) കുവലയദളപ്രാപി കർണ്ണേ (അ-പു-സ-ഏ) കരോതി (ലട്-പ-പ-പ്ര-പു-ഏ) (കുവലയദളപ്രാപി, എന്നു് ക്രിയാവിശേഷണമായിട്ടും ആകാം.) ഹരശശിരുചാ (ച-സ്ത്രീ-തൃ-ഏ) ധൌതാപാ

ങ്ഗം (അ-പു-ദ്വി-ഏ) പാവകേഃ (ഇ-പു-ഷ-ഏ) തം (തച്ഛ-പു-ദ്വി-ഏ) മയൂരം (അ-പു-ദ്വി-ഏ) പശ്ചാൽ (അ) അദ്രിഗ്രഹണഗുരുഭിഃ (ഉ-ന-തൃ-ബ) ഗർജ്ജിതൈഃ (അ-ന-തൃ-ബ) നർത്തയേഥാഃ (ലിങ്-ആത്മ-പ-മ-പു-ഏ)

ജ്യോതിർല്ലേഖാവലയിയായി ഗളിതമായിരിക്കുന്ന യാതൊന്നിന്റെ ബർഹം പുത്രപ്രേമം ഹേതുവായിട്ടു്, കുവലയദളപ്രാപികർണ്ണത്തിങ്കൽ ധരിക്കുന്നു ഹരശശിരുക്കു ഹേതുവായി ധൗതാപാംഗമായിരിക്കുന്ന പാവകിയുടെ ആ മയൂരത്തെ പിന്നീടു് അദ്രിഗ്രഹണഗുരുക്കളായിരിക്കുന്ന ഗർജ്ജിതങ്ങളെക്കൊണ്ടു നർത്തനം ചെയ്യിച്ചാലും!

ജ്യോതിർല്ലേഖാവലയി=ജ്യോതിർല്ലേഖകളുടെ വലയത്തോടുകൂടിയതു്. ജ്യോതിർല്ലേഖകൾ=ജ്യോതിസ്സിന്റെ ലേഖകൾ. ജ്യോതിസ്സ്=തേജസ്സ്. ലേഖകൾ=വരികൾ. വലയം=മണ്ഡലം. ഗളിതം=ഗളിച്ചതു്. ഗളിക്ക=താനെ വീഴുക. യാതൊന്നു്=മയൂരം. ബർഹം=മയിൽപ്പീലി. പുത്രപ്രേമം=പുത്രങ്കലുള്ള സ്നേഹം. പുത്രൻ=മകൻ, സുബ്രഹ്മണ്യൻ. പ്രേമം=സ്നേഹം. കുവലയദളപ്രാപികർണ്ണം=കുവലയദളപ്രാപിയായിരിക്കുന്ന കർണ്ണം. കുവലയദളപ്രാപി=കുവലയദളങ്ങളെ പ്രാപിക്കുന്നതു്. കുവലയദളങ്ങൾ=കുവലയത്തിന്റെ ദളങ്ങൾ. കുവലയം=കരിങ്കുവളപ്പൂവു്. ദളങ്ങൾ=ഇതളുകൾ. പ്രാപിക്കുക=ധരിക്കുക. കർണ്ണം=കാതു്. ഹരശശിരുക്കു്=ഹരശശിയുടെ രുക്കു്. ഹരശശി=ഹരന്റെ ശശി. ഹരൻ=ശിവൻ. ശശി=ചന്ദ്രൻ. ശിവൻ ശിരസ്സിൽ ധരിച്ചിരിക്കുന്ന ചന്ദ്രൻ എന്നർത്ഥം. ധൗതാപാംഗം=ധൗതങ്ങളായ അപാംഗങ്ങളോടുകൂടിയതു്. ധൗതങ്ങൾ=ഏററവും ധവളങ്ങൾ. വെളുപ്പേറിയവ എന്നർത്ഥം. അപാംഗം=കടക്കണ്ണു്. പാവകി=സുബ്രഹ്മണ്യൻ. മയൂരം=മയിൽ. അദ്രിഗ്രഹണഗുരുക്കൾ=അദ്രിയുടെ ഗ്രഹണംഹേതുവായിട്ടു ഗുരുക്കൾ. അദ്രി=പർവതം. ദേവഗിരി എന്നർത്ഥം. ഗ്രഹണം=സ്വീകാരം. ഗുഹാദ്വാരങ്ങളിൽക്കൂടിയുള്ള ഗ്രഹണം എന്നർത്ഥം. ഗർജ്ജിതങ്ങൾ=അലർച്ചകൾ. നർത്തനം=നൃത്തം.

തേജസ്സേറിയ വട്ടപ്പുള്ളികളുള്ളതും തനിയെ പൊഴിഞ്ഞുവീണതുമായ യാതൊരു മയിലിന്റെ പീലികളെ പാർവതീദേവി, പുത്രനായ സുബ്രഹ്മണ്യനെക്കുറിച്ചുള്ള സ്നേഹത്താൽ കരിങ്കുവളപ്പൂക്കളെ അണിയാറുള്ള കാതുകളിൽ ധരിക്കുന്നുവോ, ശിവന്റെ തലയിലെ ചന്ദ്രക്കലയുടെ വെളിച്ചത്താൽ വെണ്മയേറിയ കടക്കണ്ണുകളുള്ള സുബ്രഹ്മണ്യവാഹനമായ ആ മയിലിനെ, അല്ലയോ മേഘ

മേ! നീ സുബ്രഹ്മണ്യസ്വാമിക്കു പുഷ്പാഭിഷേകംചെയ്തതിനുശേഷം പൎവ്വതഗുഹകളിൽ മാറെറാലിക്കൊള്ളുകകൊണ്ടു് വൎദ്ധിച്ച മുഴക്കത്തോടുകൂടിയ ഗൎജ്ജിതങ്ങളാൽ നൃത്തംചെയ്യിച്ചാലും!

ആരാധ്യൈനം ശരവണഭവം ദേവമുല്ലംഘിനാദ്ധ്വാ
സിദ്ധദ്വന്ദ്വൈർജലകണഭയാദ്വീണിഭിർമുക്തമാർഗ്ഗഃ
വ്യാലംബേഥാഃ സുരഭിതനയാലംഭജാം മാനയിഷ്യൻ
സ്രോതോമൂൎത്ത്യാ ഭുവി പരിണതാം രന്തിദേവസ്യ കീൎത്തിം. ൪൯

ഏനം (ഏതച്ഛ-പു-ദ്വി-ഏ) ശരവണഭവം (അ-പു-ദ്വി-ഏ) ദേവം (അ-പു-ദ്വി-ഏ) ആരാധ്യ (ല്യ-അ) വീണിഭിഃ (ന-പു-തൃ-ബ) സിദ്ധദ്വന്ദ്വൈഃ (അ-ന-തൃ-ബ) ജലകണഭയാൽ (അ-ന-പ-ഏ) മുക്തമാർഗ്ഗഃ (അ-പു-പ്ര-ഏ) ഉല്ലംഘിതാദ്ധ്വാ (ന-പു-പ്ര-ഏ) സുരഭിതനയാലംഭജാം (ആ-സ്ത്രീ ദ്വി-ഏ) ഭുവി (ഈ-സ്ത്രീ സ-ഏ) സ്രോതോമൂൎത്ത്യാ (ഇ-സ്ത്രീ-തൃ-ഏ) പരിണതാം (ആ-സ്ത്രീ-ദ്വി-ഏ) രന്തിദേവസ്യ (അ-പു-ഷ-ഏ) കീൎത്തിം (ഇ-സ്ത്രീ-ദ്വി-ഏ) മാനയിഷ്യൻ (ത-പു-പ്ര-ഏ) വ്യാലംബേഥാഃ (ലിങ്-ആത്മ-ഠ-മ-പു-ഏ)

ഈ ശരവണഭവനായ ദേവനെ ആരാധിച്ചിട്ടു്, വീണികളായ സിദ്ധദ്വന്ദ്വങ്ങളാൽ ജലകണഭയം ഹേതുവായിട്ടു് മുക്തമാർഗ്ഗനായിട്ടു് ഉല്ലംഘിതാദ്ധ്വാവായി സുരഭിതനയാലംഭജയും ഭുവിങ്കൽ സ്രോതോമൂൎത്തിയായിട്ടു് പരിണതയുമായ രന്തിദേവന്റെ കീൎത്തിയെ മാനയിഷ്യന്നായിട്ടു് വ്യാലംബിച്ചാലും!

ശരവണഭവൻ=ശരങ്ങളുടെ വനത്തിൽനിന്നു ഭവിച്ചവൻ. സുബ്രഹ്മണ്യൻ.(ശരങ്ങൾ ഒരുതരം തൃണങ്ങളാകുന്നു) ആരാധിക്ക=പൂജിക്കുക. വീണികൾ=വീണകളുള്ളവർ സിദ്ധദ്വന്ദ്വങ്ങൾ=സിദ്ധന്മാരുടെ ദ്വന്ദ്വങ്ങൾ. ദ്വന്ദ്വങ്ങൾ=മിഥുനങ്ങൾ. (ഒരാണും ഒരു പെണ്ണും ചേന്നതു മിഥുനം) ജലകണഭയം=ജലകണങ്ങളിലുള്ള ഭയം. ജലകണങ്ങൾ=വെള്ളത്തുള്ളികൾ. (വെള്ളത്തുള്ളികൾ വീണയിൽ വീണാൽ കമ്പികളുടെ ശബ്ദത്തിനു കുറവുവരുമെന്നുള്ള ഭയം എന്നൎത്ഥം) മുക്തമാർഗ്ഗൻ=മുക്തമായ മാൎഗ്ഗത്തോടുകൂടിയവൻ. മുക്തം=മോചിക്കപ്പെട്ടതു്. മോചിക്ക=ഉപേക്ഷിക്കുക. മാർഗ്ഗം=വഴി. ഉല്ലംഘിതാദ്ധ്വാവു്=ഉല്ലംഘിതമായ അദ്ധ്വാവോടുകൂടിയവൻ. ഉല്ലംഘിതം=ഉല്ലംഘിക്കപ്പെട്ടതു്. ഉല്ലംഘിക്ക=കടക്കുക. അദ്ധ്വാവു്=വഴി. സുരഭിതനയാലംഭജ=സുരഭിതനയകളുടെ ആലംഭത്തിൽനിന്നു ജനിച്ചതു്. സുരഭിതനയകൾ=പശുക്കൾ. ആലംഭം=വധം. ഭുവു്=ഭൂമി. സ്രോതോമൂൎത്തി=

സ്രോതസ്സാകുന്ന മൂൎത്തിയോടുകൂടിയതു്. സ്രോതസ്സ്=പ്രവാഹം. മൂൎത്തി=ശരീരം. പരിണത=പരിണമിച്ചതു്. പരിണമിക്ക=ആയിത്തീരുക. രന്തിദേവൻ=ദശപുരത്തെ വാണിരുന്ന ഒരു രാജാവു്. മാനയിഷ്യൻ=മാനിക്കാൻ തുടങ്ങുന്നവൻ. മാനിക്ക=സല്ക്കരിക്കുക. വ്യാലംബിക്കുക=തൂങ്ങിയിറങ്ങുക.

രന്തിദേവൻ അനവധി യാഗങ്ങൾ ചെയ്തിട്ടുണ്ടെന്നും, ആ യാഗങ്ങളിൽ വധിച്ച പശുക്കളുടെ തോൽ ഉരിച്ചു് ഒരുസ്ഥലത്തു കൂട്ടിയിട്ടുവെന്നും തോലുകളിൽനിന്നും ഇറ്റുവീണൊഴുകിയ നദിയാണു ചർമണ്വതി എന്നും പുരാണകഥ. ചർമണ്വതി പരിശുദ്ധയാകയാൽ അതിലിറങ്ങി വെള്ളംകുടിച്ചിട്ടു പോകണമെന്നാണു മേഘത്തോടു പറയുന്നതു്. നദിയെ രന്തിദേവന്റെ കീൎത്തിയാക്കി കല്പിച്ചിരിക്കുന്നു.

ഹേ മേഘമെ, നീ സുബ്രഹ്മണ്യനെ പൂജിച്ചിട്ടു്, വീണ കയ്യിലുള്ള സിദ്ധസ്ത്രീപുരുഷന്മാരാൽ, വെള്ളത്തുള്ളി വീണകളിൽ വീഴുമെന്നുള്ള ഭയത്താൽ ഒഴിഞ്ഞുമാറപ്പെട്ട മാൎഗ്ഗത്തോടുകൂടിയവനായിപ്പോയി, യാഗപശുക്കളെ വധിച്ച കുരുതിക്കളത്തിലുണ്ടായി പ്രവാഹരൂപത്തിലായതും രന്തിദേവന്റെ കീൎത്തിയോ എന്നു തോന്നുമാറിരിക്കുന്നതും ആയ ചർമ്മണ്വതീനദിയെ മാനിച്ചു് അതിൽ ഇറങ്ങി വെള്ളം കുടിക്കണം

ത്വയ്യാദാതും ജലമവനതേ ശാർങ്ഗിണോ വൎണ്ണചൗരേ
തസ്യാഃ സിന്ധോഃ പൃഥുമപി തനും ദൂരഭാവാൽ പ്രവാഹം.
പ്രേക്ഷിഷ്യന്തേ ഗഗനഗതയോ നൂനമാവർജ്ജ്യദൃഷ്ടീ-
രേകം മുക്താഗുണമിവ ഭുവഃ സ്ഥൂലമദ്ധ്യേന്ദ്രനീലം. ൪൬

ശാർങ്ങിണഃ (ന-പു-ഷ-ഏ) വൎണ്ണചൗരേ (അ-പു-സ-ഏ) ത്വയി (യുഷ്മദ്-സ-ഏ) ജലം (അ ന-ദ്വി-ഏ) ആദാതും (തുമു-അ) അവനതേ (അ-പു-സ-ഏ) പൃഥും (ഉ-പു-ദ്വി-ഏ) അപി (അ) ദൂരഭാവാൽ (അ-പു-പ-ഏ) തനും (ഉ-പു-ദ്വി-ഏ) തസ്യാഃ (തച്ഛ-സ്ത്രീ-ഷ-ഏ) സിന്ധോഃ (ഉ-സ്ത്രീ-ഷ-ഏ) പ്രവാഹം (അ-പു-ദ്വിഏ) ഗഗനഗതയഃ (ഇ-പു-പ്ര-ബ) ദൃഷ്ടീഃ (ഇ-സ്ത്രീ-ദ്വി-ബ) ആവൎജ്ജ്യ (ല്യ-അ) ഏകം-സ്ഥൂലമദ്ധ്യേന്ദ്രനീലം (അ-പു-ദ്വി-ഏ) ഭുവഃ (ഊ-സ്ത്രീ-ഷ-ഏ) മുക്താഗുണം (അ-പു-ദ്വി-ഏ, ഇവ (അ) പ്രേക്ഷിഷ്യന്തേ (ലൃട്-ആത്മ-പ-പ്ര-പു-ബ) നൂനം (അ)

ശാർങ്ഗിയുടെ വർണ്ണചൌരനായിരിക്കുന്ന നീ ജലത്തെ ആദാനം ചെയ്യാനായിക്കൊണ്ടു്, അവനതനായിരിക്കും സമയത്തിങ്കൽ, പൃഥുവായിരുന്നിട്ടും ദൂരഭാവം ഹേതുവായി തനുവായിരിക്കുന്ന ആ സിന്ധുവിന്റെ പ്രവാഹത്തെ, ഗഗനഗതികൾ, ദൃഷ്ടികളെ ആവർജ്ജിച്ചിട്ടു്, ഏകമായി സ്ഥൂലമദ്ധ്യേന്ദ്രനീലമായിരിക്കുന്ന ഭുവിന്റെ മുക്താഗുണത്തെ എന്നപോലെ പ്രേക്ഷിക്കും; നിശ്ചയം.

ശാർങ്ഗി=വിഷ്ണുഭഗവാൻ. വർണ്ണചൌരൻ=വർണ്ണത്തിന്റെ ചൌരൻ. വർണ്ണം=കാന്തി. ചൌരൻ=മോഷ്ടാവു്. (അപഹരിച്ചവൻ) ആദാനംചെയ്ക=സ്വീകരിക്കുക. അവനതൻ=അവനമിച്ചവൻ. അവനമിക്ക=താഴുക. പൃഥു=വലുതു്. ദൂരഭാവം=ദൂരത്തിൽ ഭവിപ്പു എന്നുള്ളതു്. തനു=ചെറിയതു്. സിന്ധു=നദി. പ്രവാഹം=ഒഴുക്കു്. ഗഗനഗതികൾ=ആകാശത്തിൽ സഞ്ചരിക്കുന്നവർ. സിദ്ധഗന്ധർവ്വാദികളെന്നർത്ഥം. ദൃഷ്ടികൾ=കണ്ണുകൾ. ആവർജ്ജിക്ക=കീഴ്പോട്ടുതാഴ്ത്തുക. ഏകം=ഏകയഷ്ടികം—ഒററ ഇഴയുള്ളതെന്നർത്ഥം സ്ഥൂലമദ്ധ്യേന്ദ്രനീലം=സ്ഥൂലമായ മദ്ധ്യേന്ദ്രനീലത്തോടുകൂടിയതു്. സ്ഥൂലം=വലുതായതു്. മദ്ധ്യേന്ദ്രനീലം=മദ്ധ്യത്തിങ്കലെ ഇന്ദ്രനീലം. മദ്ധ്യം=മദ്ധ്യഭാഗം. ഇന്ദ്രനീലം=ഇന്ദ്രനീലരത്നം. ഭുവു്=ഭൂമി. മുക്താഗുണം=മുത്തുമാല. പ്രേക്ഷിക്കുക=കാണുക.

വിഷ്ണുഭഗവാന്റെ ശരീരകാന്തിയെപ്പോലും ജയിച്ച കാന്തിയോടുകൂടിയവനായ നീ വെള്ളംകുടിക്കാനായി താഴുന്ന അവസരത്തിൽ, വളരെ വലുതാണെങ്കിലും ദൂരത്താകകൊണ്ടു ചെറുതായി തോന്നുന്ന ആ നദിയുടെ പ്രവാഹത്തെ, ആകാശത്തിൽ സഞ്ചരിക്കുന്നവരായ സിദ്ധഗന്ധർവ്വാദികൾ, ഒററയിഴയിലുള്ളതും മദ്ധ്യത്തിൽ വലിയ ഒരു ഇന്ദ്രനീലക്കല്ലു കോർത്തതുമായ, ഭൂമിയുടെ മുത്തുമാലയാണോ എന്നു സംശയിച്ചു കുനിഞ്ഞു സൂക്ഷിച്ചുനോക്കും.

താമുത്തീർയ്യ വ്രജ പരിചിതഭ്രൂലതാവിഭ്രമാണാം
പക്ഷ്മോൽക്ഷേപാദുപരിവിലസൽകൃഷ്ണശാരപ്രഭാണാം
കുന്ദക്ഷേപാനുഗമധുകരശ്രീമുഷാമാത്മബിംബം
പാത്രീകുർവ്വൻ ദശപുരവധൂനേത്രകൌതൂഹലാനാം ൪൯

താം (തച്ഛബ്ദസ്ത്രീ-ദ്വി-ഏ) ഉത്തീർയ്യ (ല്യ-അ) പരിചിതഭ്രൂലതാവിഭ്രമാണാം (അ-പു-ഷ-ബ) പക്ഷ്മോൽക്ഷേപാൽ (അ-പു-പ്ര-ഏ) ഉപരിവിലസൽകൃഷ്ണശാരപ്രഭാണാം (അ-ന-ഷ-ബ) കുന്ദക്ഷേപാനുഗമധുകരശ്രീമുഷാം (ഷ-ന-ഷ-ബ) ദശപുരവധൂനേത്രകൌതൂഹലാനാം (അ-ന-ഷ-ബ) ആത്മബിം

ബം (അ-പു-ദ്വി-ഏ) പാത്രീകുർവൻ (ത-പു-പ്ര-ഏ) വ്രജ (ലോട്-പ-പ-മ-പു-ഏ.)

അതിനെ ഉത്തരിച്ചിട്ട്, പരിചിതഭ്രൂലതാവിഭ്രമങ്ങളായി, പക്ഷ്മോൽക്ഷേപം ഹേതുവായിട്ട്, ഉപരിവിലസൽകൃഷ്ണശാരപ്രഭങ്ങളായി കുന്ദക്ഷേപാനുഗമധുകരശ്രീമുട്ടുകളായിരിക്കുന്ന ദശപുരവധൂനേത്രകൗതൂഹലങ്ങൾക്കു ആത്മബിംബത്തെ പാത്രീകുർവന്നായിട്ടു വ്രജിച്ചാലും!

അതു്=ചർമണ്വതീനദി. ഉത്തരിക്കുക=കടക്കുക. പരിചിതഭ്രൂലതാവിഭ്രമങ്ങൾ=പരിചിതങ്ങളായ ഭ്രൂലതാവിഭ്രമങ്ങളോടുകൂടിയവ. പരിചിതങ്ങൾ=പരിചയിച്ചവ. പരിചയിക്കുക=ശീലിക്കുക. ഭ്രൂലതാവിഭ്രമങ്ങൾ=ഭ്രൂലതകളുടെ വിഭ്രമങ്ങൾ. ഭ്രൂലതകൾ=ലതകൾപോലെയിരിക്കുന്ന ഭ്രൂക്കൾ. ലതകൾ=വള്ളികൾ. ഭ്രൂക്കൾ=പുരികങ്ങൾ. വിഭ്രമങ്ങൾ=വിലാസങ്ങൾ. പക്ഷ്മോൽക്ഷേപം=പക്ഷ്മങ്ങളുടെ ഉൽക്ഷേപം. പക്ഷ്മങ്ങൾ=കണ്ണിമകൾ. ഉൽക്ഷേപം=ഉയർത്തൽ. ഉപരിവിലസൽകൃഷ്ണശാരപ്രഭങ്ങൾ=ഉപരിഭാഗത്തിങ്കൽ വിലസന്തികളായ കൃഷ്ണശാരപ്രഭകളോടുകൂടിയവ. ഉപരിഭാഗം=മേൽഭാഗം. വിലസന്തികൾ=ശോഭിച്ചുകൊണ്ടിരിക്കുന്നവ. കൃഷ്ണശാരപ്രഭകൾ=കൃഷ്ണകളും ശാരകളുമായ പ്രഭകൾ. കൃഷ്ണകൾ=കറുത്തവ. ശാരകൾ=ശബളവർണ്ണകൾ. കറുത്തു ചുവന്നു വെളുത്തിരിക്കുന്നവ എന്നർത്ഥം. “കൃഷ്ണരക്തസിതാഃ ശാരാഃ” എന്നു യാദവവാക്യമുണ്ട്. ശാരശബ്ദത്തിൽനിന്നുതന്നെ കൃഷ്ണമെന്ന അർത്ഥംകൂടി സിദ്ധിക്കുമെന്നിരിക്കെ കൃഷ്ണശാരാ എന്നു വിശേഷിച്ചുപറഞ്ഞതു് കൃഷ്ണത്വത്തിന്റെ ആധിക്യത്തെ കാണിക്കുന്നതിനാകുന്നു. കുന്ദക്ഷേപാനുഗമധുകരശ്രീമുട്ടുകൾ=കുന്ദക്ഷേപാനുഗങ്ങളായ മധുകരങ്ങളുടെ ശ്രീയെ മോഷണംചെയ്യുന്നവ. കുന്ദക്ഷേപാനുഗങ്ങൾ=കുന്ദക്ഷേപങ്ങളെ അനുഗമിക്കുന്നവ. കുന്ദക്ഷേപങ്ങൾ=കുന്ദങ്ങളുടെ ക്ഷേപങ്ങൾ. കുന്ദങ്ങൾ=കുരുക്കുത്തി മുല്ലപ്പൂക്കൾ. ക്ഷേപങ്ങൾ=അങ്ങോട്ടുമിങ്ങോട്ടുമുള്ള ആട്ടങ്ങൾ. അനുഗമിക്ക=അനുസരിക്കുക. മധുകരങ്ങൾ=വണ്ടുകൾ. ശ്രീ=ശോഭ. ദശപുരവധൂനേത്രകൗതൂഹലങ്ങൾ=ദശപുരവധുക്കളുടെ നേത്രകൗതൂഹലങ്ങൾ. ദശപുരവധുക്കൾ=ദശപുരത്തിലെ വധുക്കൾ. ദശപുരം=രന്തിദേവന്റെ രാജധാനി. വധുക്കൾ=സ്ത്രീകൾ. നേത്രകൗതൂഹലങ്ങൾ=നേത്രങ്ങളുടെ കൗതൂഹലങ്ങൾ. നേത്രങ്ങൾ=കണ്ണുകൾ. കൗതൂഹലങ്ങൾ=കൗതുകങ്ങൾ. കൗതുകത്തോടുകൂടിയുള്ള ദർശനങ്ങൾ എന്നു സാരം. ആത്മബിംബം=തന്റെ ബിംബം. ബിംബം=ശ

രീരം. പാത്രീകുൎവൻ=പാത്രീകരിക്കുന്നവൻ. പാത്രീകരിക്കുക=പാത്രമാക്കിച്ചെയ്യുക. വ്രജിക്കുക=പോകുക.

നീ ചൎമ്മണ്വതീനദിയെക്കടന്നു്, ദശപുരത്തിലെ സുന്ദരിമാരുടെ പുരികവല്ലിക്കളികൾ ശീലിച്ചിട്ടുള്ളവയും, കൺപീലികളെ ഉയൎത്തുകകൊണ്ടു മേലോട്ടുവീശുന്ന നാനാവൎണ്ണങ്ങളോടുകൂടിയവയും, അങ്ങോട്ടുമിങ്ങോട്ടുമാടുന്ന മുല്ലപ്പൂമൊട്ടുകളെ തുടൎന്നു പറന്നുകൊണ്ടിരിക്കുന്ന വണ്ടുകളെപ്പോലെ ശോഭിക്കുന്നവയും, ആയ, കൌതുകത്തോടുകൂടിയ ദൎശനങ്ങൾക്കു നിന്റെ ശരീരത്തെ പാത്രമാക്കിച്ചെയ്തിട്ടു് യാത്രതുടൎന്നാലും!

ബ്രഹ്മാവൎത്തം ജനപദമഥ ഛായയാ ഗാഹമാനഃ
ക്ഷേത്രം ക്ഷത്രപ്രധനപിശുനം കൌരവം തദ്ഭജേഥാഃ
രാജന്യാനാം സിതശരശതൈൎയ്യത്ര ഗാണ്ഡീവധന്വാ
ധാരാപാതൈസ്ത്വമിവ കമലാന്യഭ്യവൎഷൻ മുഖാനി.

അഥ (അ) ബ്രഹ്മാവൎത്തം-ജനപദം (അ-പു-ദ്വി-ഏ) ഛായയാ (ആ-സ്ത്രീ-തൃ-ഏ). ഗാഹമാനഃ (അ-പു-പ്ര-ഏ) ക്ഷത്രപ്രധനപിശുനം (അ-ന-ദ്വി-ഏ) തത് (തച്ഛ-ന ദ്വി-ഏ) കൌരവം—ക്ഷേത്രം (അ-ന-ദ്വി-ഏ) ഭജേഥാഃ (ലിങ്-ആത്മ-മ-പു-ഏ) യത്ര (അ) ഗാണ്ഡീവധന്വാ (ന-പു-പ്ര-ഏ) സിതശരശതൈഃ (അ-ന-തൃ ഏ) രാജന്യാനാം (അ-പു-ഷ-ബ) മുഖാനി (അ-ന-ദ്വി-ബ) ധാരാപാതൈഃ (അ-പു-തൃ-ബ) കമലാനി (അ-ന-ദ്വി-ബ) ത്വം (യുഷ്മദ്-പ്ര-ഏ) ഇവ (അ) അഭ്യവൎഷൻ (ലങ്-പ-പ-പ്ര-പു-ഏ)

അനന്തരം ബ്രഹ്മാവൎത്തം എന്ന ജനപദത്തെ, ഛായകൊണ്ടു ഗാഹമാനനായിട്ടു്, ക്ഷത്രപ്രധനപിശുനമായിരിക്കുന്ന ആ കൌരവമായ ക്ഷേത്രത്തെ ഭജിച്ചാലും! യാതൊന്നിങ്കൽ ഗാണ്ഡീവധന്വാവു്, സിതശരശതങ്ങളെക്കൊണ്ടു്, രാജന്യന്മാരുടെ മുഖങ്ങളെ ധാരാപാതങ്ങളെക്കൊണ്ടു കമലങ്ങളെ നീ എന്നപോലെ അഭിവൎഷിച്ചു.

ബ്രഹ്മാവൎത്തം=സരസ്വതി, ദൃഷദ്വതി, ദേവനദി ഇവയുടെ നടുവിൽ കിടക്കുന്ന ഒരു രാജ്യം. ജനപദം=രാജ്യം. ഛായ=നിഴൽ. ഗാഹമാനൻ=പ്രവേശിച്ചിയങ്ങുന്നവൻ. ക്ഷത്രപ്രധനപിശുനം=ക്ഷത്രപ്രധനത്തെ സൂചിപ്പിക്കുന്നതു്. ക്ഷത്രപ്രധനം=ക്ഷത്രിയന്മാരുടെ പ്രധനം. പ്രധനം=യുദ്ധം. സൂചിപ്പിക്ക=അറിയിക്കുക. കൌരവം=കുരുക്കളെ സംബന്ധിച്ചതു്. കുരുക്കളെ

സംബന്ധിച്ച ക്ഷേത്രം=കുരുക്ഷേത്രം. ഭജിക്കുക=പ്രവേശിക്കുക. യാതൊന്നു്=കുരുക്ഷേത്രം. ഗാണ്ഡിവ ധന്വാവു്=ഗാണ്ഡീവമാകുന്ന ധനുസ്സു് (വില്ലു്) ഉള്ളവൻ അർജ്ജുനൻ എന്നൎത്ഥം. സിതശരശതങ്ങൾ=സിതങ്ങളായ ശരശതങ്ങൾ. സിതങ്ങൾ=മൂൎച്ചയുള്ളവ. ശരശതങ്ങൾ=ശരങ്ങളുടെ ശതങ്ങൾ. അനവധി അമ്പുകൾ എന്നൎത്ഥം. രാജന്യന്മാർ=ക്ഷത്രിയന്മാർ. ധാരാപാതങ്ങൾ=ധാരാവൎഷങ്ങൾ. കമലങ്ങൾ=താമരകൾ. അഭിവൎഷിക്കുക=നേരേ വൎഷിക്കുക.

അനന്തരം ബ്രഹ്മാവൎത്തം എന്നു പ്രസിദ്ധമായ പുണ്യഭൂമിയെ നിഴൽകൊണ്ടു പ്രവേശിച്ചിട്ടു് (നിന്റെ നിഴൽ ബ്രഹ്മാവൎത്തത്തിൽ പതിപ്പിച്ചിട്ടു് എന്നൎത്ഥം) തലയോട്ടികളും എല്ലുകളുംമററും കിടക്കുകകൊണ്ടു് പണ്ടു യുദ്ധമുണ്ടായ സ്ഥലമാണെന്നു ഇന്നും കണ്ടാൽ അറിയാവുന്നതായ കുരുക്ഷേത്രത്തെ പ്രാപിച്ചാലും! അവിടെവച്ചുണ്ടായ പാണ്ഡവകൌരവയുദ്ധത്തിലാണല്ലൊ ഗാണ്ഡിവധന്വാവായ അർജ്ജുനൻ നീ ധാരാവൎഷത്തെ താമരകളുടെനേൎക്കു് എങ്ങനെയൊ അതുപോലെ, മൂൎച്ചയുള്ള അമ്പുകളെ ക്ഷത്രിയന്മാരുടെ മുഖങ്ങൾക്കു നേരേ വൎഷിച്ചതു്.

ഹിത്വാ ഹാലാമഭിമതരസാം രേവതീലോചനാങ്കാം
ബന്ധുപ്രീത്യാ സമരവിമുഖോ, ലാംഗലീ യാഃ. സിഷേവേ
കൃത്വാ താസാമഭിഗമമപാം സൌമ്യസാരസ്വതീനാ-
മന്തഃശുദ്ധസ്ത്വമപി ഭവിതാ വൎണ്ണമാത്രേണ കൃഷ്ണഃ ൪൯

ബന്ധുപ്രീത്യാ (ഇ-സ്ത്രീ-തൃ-ഏ) സമരവിമുഖഃ (അ-പു-പ്ര-ഏ) ലാംഗലീ (ന-പു-പ്ര-ഏ) അഭിമതരസാം (ആ-സ്ത്രീ-ദ്വി-ഏ) രേവതീലോചനാങ്കാം (ആ-സ്ത്രീ-ദ്വി-ഏ) ഹലാം (ആ-സ്ത്രീദ്വി-ഏ) ഹിത്വാ (ക്ത്വാ-അ) യാഃ (യൽ-സ്ത്രീ ദ്വി-ബ) സിഷേവേ (ലിട്-ആത്മ-പ-പ്ര-പു-ഏ) ഹേസൌമ്യ (അ-പു-സം-പ്ര-ഏ) താസാം (തൽ-സ്ത്രീ-ഷ-ബ) സാരസ്വതീനാം. (ഈ-സ്ത്രീ-ഷ-ബ) അപാം (പ-സ്ത്രീ-ഷ-ബ) അഭിഗമം (അ-പു-ദ്വി-ഏ) കൃത്വാ (ക്ത്വാ-അ) ത്വം (യുഷ്മദ്-പ്ര-ഏ) അപി (അ) അന്തഃശുദ്ധഃ (അ-പു-പ്ര-ഏ) വൎണ്ണമാത്രേണ (അ-ന-തൃ-ഏ) കൃഷ്ണഃ (അ-പു-പ്ര-ഏ) ഭവിതാ (ലട്-പ-പ-പ്ര-പു-ഏ)

ബന്ധുപ്രീതിഹേതുവായി സമരവിമുഖനായ ലാംഗലി അഭിമതരസയായി രേവതീലോചനാങ്കയായ ഹാലയെ ഉപേക്ഷിച്ചിട്ടു്, യാതൊന്നുകളെ സേവിച്ചുവോ, അല്ലയോ സൌമ്യ! ആ സരസ്വതിയുടെ അപ്പുകളുടെ അഭിഗമത്തെ ചെയ്തിട്ടു് നീയും അന്തഃശുദ്ധനായി, വൎണ്ണമാത്രംകൊണ്ടു കൃഷ്ണനായി ഭവിക്കും.

ബന്ധുപ്രീതി=ബന്ധുക്കളെക്കുറിച്ചുള്ള പ്രീതി പ്രീതി=സ്നേഹം സമരവിമുഖൻ=സമരത്തിങ്കൽ വിമുഖൻ. സമരം=യുദ്ധം. വിമുഖൻ=ഇഷ്ടമില്ലാത്തവൻ. ലാംഗലി=ബലഭദ്രൻ. അഭിമതരസ=അഭിമതമായ രസത്തോടുകൂടിയതു്. അഭിമതം=ഇഷ്ടം. രസം=രുചി രേവതീലോചനാങ്ക=രേവതീലോചനങ്ങളാകുന്ന അങ്കത്തോടുകൂടിയതു്. രേവതീലോചനങ്ങൾ=രേവതിയുടെ ലോചനങ്ങൾ. രേവതി =ബലഭദ്രപത്നി. ലോചനങ്ങൾ=കണ്ണുകൾ. അങ്കം=അടയാളം. ഹാല=മദ്യം. യാതൊന്നുകൾ=യാതൊരു സരസ്വതീജലങ്ങൾ. സേവിക്കുക=കുടിക്കുക. സൌമ്യൻ=സുഭഗൻ. അപ്പുകൾ=ജലം. അഭിഗമം=പാനം. അന്തഃശുദ്ധൻ=അന്തർഭാഗത്തിങ്കൽ—അന്തരാത്മാവിൽ—ശുദ്ധിയുള്ളവൻ. വർണ്ണമാത്രം=കേവലം വർണ്ണം. വർണ്ണം=നിറം. കൃഷ്ണൻ=കറുത്തനിറമുള്ളവൻ.

ബലഭദ്രൻ പാണ്ഡവകൌരവയുദ്ധം ആരംഭിച്ചപ്പോൾ രണ്ടുകൂട്ടരും ബന്ധുക്കളാകയാൽ യുദ്ധത്തിൽ ഭാഗഭാക്കാകേണ്ടാ എന്നു വിചാരിച്ചു് തീർത്ഥാടനത്തിനുപോയി. പോകുംവഴി നൈമിശവനത്തിൽചെന്നപ്പോൾ പുരാണപാഠകനായ സൂതൻ അദ്ദേഹത്തെക്കണ്ടിട്ടു് എഴുന്നേൽക്കായ്കയാൽ കോപിച്ചു് അവനെ നിഗ്രഹിച്ചു. അതുമൂലം ഉണ്ടായ പാപത്തെ നശിപ്പിക്കുന്നതിനു സരസ്വതീനദിയിലെ ജലത്താൽ സ്നാനപാനങ്ങളാചരിച്ചുവെന്നു പുരാണകഥ. ഈ കഥയിൽ ബലഭദ്രനു ഉണ്ടായ ശുദ്ധിയെ ആസ്പദമാക്കിയാണു് മേഘത്തോടു പറയുന്നതു്.

മഹാഭാരതയുദ്ധകാലത്തു്, ബന്ധുക്കളെ ഹിംസിക്കുന്നതിലുള്ള വൈമുഖ്യത്താൽ ബലഭദ്രൻ, രുചികരവും രേവതിയാൽ പാനപാത്രത്തിലൊഴിച്ചുകൊടുക്കപ്പെടുന്നതാകകൊണ്ടു്, വിശേഷിച്ചും ആനന്ദകരവുമായ മദത്തെ ഉപേക്ഷിച്ചിട്ടു്, അതായതു് മദ്യപാനരസത്തെ നിരസിച്ചിട്ടു്, ഏതൊരു പുണ്യതീർത്ഥത്തെ പാനംചെയ്തു പാപങ്ങളെ നശിപ്പിച്ചുവോ, ആ സരസ്വതീനദിയിലെ വെള്ളം നീയും കുടിച്ചാൽ, നിനക്കു അകത്തു ശുദ്ധിയുണ്ടാകും. കറുപ്പുനിറം കേവലം പുറമേ കാണപ്പെടുക മാത്രമേയുള്ളു.

തസ്മാദ് ഗച്ഛേരനുകനഖലം ശൈലരാജാവതീർണ്ണാം
ജഹ്നോഃ കന്യാം സഗരതനയസ്വർഗ്ഗസോപാനപംക്തിം
ഗൌരീവക്ത്രഭ്രുകുടിരചനാം യാ വിഹസ്യേവ ഫേനൈഃ
ശംഭോഃ കേശഗ്രഹണമകരോദിന്ദുലഗ്നോർമ്മിഹസ്താ ൫൦

തസ്മാദ് (അ-ന-പ-ഏ) അനുകനഖലം (അ) ശൈ

ലരാജാവതീൎണ്ണാം (ആ-സ്ത്രീ-ദ്വി-ഏ) സഗരതനയസ്വൎഗ്ഗസോപാനപംക്തിം (ഇ-സ്ത്രീ-ദ്വി-ഏ) ജഹ്നോഃ (ഉ-പു-ഷ-ഏ) കന്യാം (ആ-സ്ത്രീ-ദ്വി-ഏ) യാ (യദ്-സ്ത്രീ-പ്ര-ഏ) ഗൌരീവക്ത്രഭ്രുകുടിരചനാം (ആ-സ്ത്രീ-ദ്വി-ഏ) ഫേനൈഃ (അ-ന-തൃ-ബ) വിഹസ്യ (ല്യ-അ) ഇവ (അ) ഇന്ദുലഗ്നോൎമ്മിഹസ്താ (ആ-സ്ത്രീ-പ്ര-ഏ) ശംഭോഃ (ഉ-പു-ഷ-ഏ) കേശഗ്രഹണം (അ-ന-ദ്വി-ഏ) അകരോൽ (ലങ്-പ-പ്ര-പു-ഏ)

നീ അതിൽനിന്നു് കനഖലത്തിനുസമീപത്തിൽ ശൈലരാജാവതീൎണ്ണയും സഗരതനയസ്വൎഗ്ഗസോപാനപംക്തിയും ആയ ജഹ്നുവിന്റെ കന്യയേ ഗമിക്കണം. യാവളൊരുത്തി ഗൌരീവക്ത്രഭ്രുകുടിരചനയെ ഫേനങ്ങളെക്കൊണ്ടു വിഹസിച്ചിട്ടെന്നപോലെ ഇന്ദുലഗ്നോൎമ്മിഹസ്തയായിട്ടു ശംഭുവിന്റെ കേശഗ്രഹണത്തെ ചെയ്തുവോ,

അതു്=കുരുക്ഷേത്രം. കനഖലം=കനഖലമെന്ന പൎവ്വതം. ശൈലരാജാവതീൎണ്ണ=ശൈലരാജനിൽനിന്നു അവതീൎണ്ണ. ശൈലരാജൻ=ഹിമവാൻ. അവതീൎണ്ണ=അവതരിച്ചവൾ. അവതരിക്ക=ഇറങ്ങുക. സഗരതനയസ്വൎഗ്ഗസോപാനപംക്തി=സഗരതനയന്മാൎക്കു സ്വൎഗ്ഗസോപാനപംക്തി. സഗരതനയന്മാർ=സഗരന്റെ തനയന്മാർ. സഗരൻ=സൂൎയ്യവംശത്തിലെ ഒരുരാജാവു്. തനയന്മാർ=പുത്രന്മാർ. സ്വൎഗ്ഗസോപാനപംക്തി=സ്വൎഗ്ഗത്തേക്കുള്ള സോപാനങ്ങളുടെ പംക്തി. സോപാനങ്ങൾ=കോണിപ്പടികൾ. പംക്തി=നിര. ജഹ്നു=ഒരുമഹൎഷി. കന്യ=പുത്രി (ഗംഗ.) ഗമിക്ക=പ്രാപിക്ക. യാവളൊരുത്തി=യാതൊരുഗംഗ. ഗൌരീവക്ത്രഭ്രുകുടിരചന=ഗൌരീവക്ത്രത്തിന്റെ ഭ്രുകുടിരചന. ഗൌരീവക്ത്രം=ഗൌരിയുടെ വക്ത്രം. ഗൌരി=പാൎവ്വതി. വക്ത്രം=മുഖം. ഭ്രുകുടിരചന=ഭ്രുകുടിയുടെ രചന. ഭ്രുകുടി=പുരികംചുളുക്കൽ. രചന=കരണം (ചെയ്ക.) ഫേനങ്ങൾ=പത (നുര)കൾ. വിഹസിക്ക=പരിഹസിക്ക. ഇന്ദുലഗ്നോൎമ്മിഹസ്ത=ഇന്ദുലഗ്നങ്ങളായ ഊൎമ്മിഹസ്തങ്ങളോടുകൂടിയവൾ. ഇന്ദുലഗ്നങ്ങൾ=ഇന്ദുവിൽ ലഗ്നങ്ങൾ. ഇന്ദു=ചന്ദ്രൻ. ലഗ്നങ്ങൾ=ചേൎന്നവ. ഊൎമ്മിഹസ്തങ്ങൾ=ഊൎമ്മികളാകുന്ന ഹസ്തങ്ങൾ. ഊൎമ്മികൾ=തിരകൾ. ഹസ്തങ്ങൾ=കൈകൾ. ശംഭു=ശിവൻ. കേശഗ്രഹണം=കേശങ്ങളുടെ ഗ്രഹണം. കേശങ്ങൾ=തലമുടികൾ. ഗ്രഹണം=പിടിയ്ക്ക.

നീ കുരുക്ഷേത്രത്തിൽനിന്നു്, കനഖലത്തിനു സമീപം ഹിമവാനിൽനിന്നു് ഇറങ്ങുന്നവളും, കപിലകോപാഗ്നിയിൽ ദഹിച്ചുപോയ സഗരപുത്രന്മാൎക്കു സ്വൎഗ്ഗത്തേയ്ക്കു കയറുന്നതിനു കോണി

പ്പടിയായിത്തീൎന്നവളും ജഹ്നുപുത്രിയുമായ ഗംഗയിൽ പോകണം. ഈ ഗംഗ സപത്നിയായ പാൎവതി പുരികംചുളുക്കുന്നതിനെ നുരകളെക്കൊണ്ടു പരിഹസിച്ചുകൊണ്ടെന്നപോലെ, തന്റെ തിരകളാകുന്ന കൈകൾ ശിവശിരോഭൂഷണമായ ചന്ദ്രനിൽ ചേൎത്തുകൊണ്ടു് അദ്ദേഹത്തിന്റെ തലമുടിയ്ക്കു പിടിച്ചവളാണു്. (ഭഗീരഥന്റെ പ്രാൎത്ഥനയാൽ സ്വൎല്ലോകത്തിൽനിന്നുവീണ ഗംഗയേ ശിവനാണു ശിരസ്സുകൊണ്ടു താങ്ങിയതു്.)

തസ്യാഃ പാതും സുരഗജ ഇവ വ്യോമ്നി പശ്ചാൎദ്ധലമ്ബീ
ത്വം ചേദച്ഛസ്ഫടികവിശദം തൎക്കയേസ്തിൎയ്യഗംഭഃ
സംസൎപ്പന്ത്യാ സപദി ഭവതഃ സ്രോതസിച്ഛായയാസൗ
സ്യാദസ്ഥാനോപഗതയമുനാസംഗമേവാഭിരാമാ ൫൧

ത്വം (യുഷ്മദ്-പ്ര-ഏ) സുരഗജഃ (അ-പു-പ്ര-ഏ) ഇവ (അ) വ്യോമ്നി (ന്-ന-സ-ഏ) പശ്ചാൎദ്ധലമ്ബീ (ന-പു-പ്ര-ഏ) അച്ഛസ്ഫടികവിശദം (അ-ന-ദ്വി-ഏ) തസ്യാഃ (തദ്-സ്ത്രീ-ഷ-ഏ) തിൎയ്യക് (ച-ന-ദ്വി-ഏ) അംഭഃ (സ-ന-ദ്വി-ഏ) പാതും (തുമു-അ) തൎക്കയേഃ (ലിങ്-പ-പ്ര-പു-ഏ) ചേത് (അ) സപദി (അ) സ്രോതസി (സ-ന-സ-ഏ) സംസൎപ്പന്ത്യാ (ഈ-സ്ത്രീ തൃ-ഏ) ഭവതഃ (ത-പു-ഷ-ഏ) അസൗ (അസദ് സ്ത്രീ-പ്ര-ഏ) അസ്ഥാനോപഗതയമുനാസംഗമാ (ആ-സ്ത്രീ-പ്ര-ഏ) ഇവ (അ) അഭിരാമാ (ആ-സ്ത്രീ-പ്ര-ഏ) സ്യാത് (ലിങ്-പര-പ്ര-പു-ഏ)

നീ സുരഗജമെന്നപോലെ വ്യോമത്തിൽ പശ്ചാൎദ്ധലമ്ബിയായിട്ടു സ്ഫടികവിശദമായ അവളുടെ തിൎയ്യക്കായ അംഭസ്സിനെ പാനംചെയ്വാനായിക്കൊണ്ടു തൎക്കിക്കുന്നു എങ്കിൽ, ഉടനെ സ്രോതസ്സിൽ സംസൎപ്പന്തിയായ ഭവാന്റെ ഛായയാൽ ഇവൾ അസ്ഥാനോപഗതയമുനാസംഗമ എന്നപോലെ അഭിരാമയായി ഭവിക്കും.

സുരഗജം=ദിഗ്ഗജം. വ്യോമം=ആകാശം. പശ്ചാൎദ്ധലമ്ബി=പശ്ചാൎദ്ധംകൊണ്ടു ലമ്ബിക്കുന്നവൻ. പശ്ചാൎദ്ധം=പശ്ചാത്തായ അൎദ്ധം. പശ്ചാത്ത്=പിന്നിലുള്ളതു്. അൎദ്ധം=പകുതി. ലമ്ബിക്ക=ആശ്രയിക്ക. (പിൻഭാഗംകൊണ്ടു് ആകാശത്തിൽനിന്നുകൊണ്ടു മുൻഭാഗംകൊണ്ടു കീഴോട്ടു കുനിഞ്ഞെന്നു സാരം) സ്ഫടികവിശദം=സ്ഫടികംപോലെ വിശദം. സ്ഫടികം=പളുങ്കു്. വിശദം=നിൎമ്മലം. അവൾ=ഗംഗ. തിൎയ്യക്=വിലങ്ങത്തിലൊഴുകുന്നതു്. അംഭസ്സ്=ജലം. പാനംചെയ്ക=കുടിക്ക. തൎക്കിക്ക=വിചാരിക്ക (ആഗ്രഹിക്ക എന്നു സാരം.) സ്രോതസ്സ്=പ്രവാഹം. സംസൎപ്പന്തി=സംസൎപ്പിക്കുന്നതു്. സംസൎപ്പിക്ക=വ്യാപി

ക്ക. ഭവാൻ=നീ=മേഘം. ഛായ=നിഴൽ. ഇവൾ=ഈ ഗംഗ. അസ്ഥാനോപഗതയമുനാസങ്ഗമാ=അസ്ഥാനോപഗതമായ യമുനാസംഗമത്തോടുകൂടിയവൾ. അസ്ഥാനോപഗതം=അസ്ഥാനത്തിൽ ഉപഗതം. അസ്ഥാനം=തെററായസ്ഥാനം (പ്രയാഗമൊഴിച്ചുള്ള ഒരു സ്ഥലം) ഉപഗതം=പ്രാപ്തം. യമുനാസംഗമം=യമുനയോടുള്ള സംഗമം. സംഗമം=ചേച്ച്. അഭിരാമ=മനോഹര.

നീ പിൻഭാഗംകൊണ്ടു് ആകാശത്തിൽനിന്നുകൊണ്ടു മുൻഭാഗംകൊണ്ടു താണു്, സ്ഫടികനിൎമ്മലമായി വിലങ്ങത്തിൽ ഒഴുകുന്ന ഗംഗാജലം കുടിക്കയാണെങ്കിൽ ഉടനെ നിൻെറ നിഴൽപ്രവാഹത്തിൽ വ്യാപിച്ചു് സ്ഥാനംതെററി യമുന വന്നുചേൎന്നാലുണ്ടാകുന്നതുപോലെയുള്ള ഒരു ഭംഗി ആ നദിക്കു സിദ്ധിക്കും.

ആസീനാനാം സുരഭിതശിലം നാഭിഗന്ധൈർമ്മൃഗാണാം
തസ്യാ ഏവ പ്രഭവമചലം പ്രാപ്യ ഗൌരം തുഷാരൈഃ
വക്ഷ്യസ്യധ്വശ്രമവിനയനേ തസ്യ ശൃങ്ഗേ നിഷണ്ണഃ
ശോഭാം ശുഭ്രത്രിനയനവൃഷോൽഖാതപങ്കോപമേയാം ൫൨

ആസീനാനാം—മൃഗാണാം (അ-പു-ഷ-ബ) നാഭിഗന്ധൈഃ (അ-പു-തൃ-ബ) സുരഭിതശിലം (അ-പു-ദ്വി-ഏ) തസ്യാഃ (തദ്-സ്ത്രീ-ഷ-ഏ) ഏവ (അ) പ്രഭവം (അ-പു-ദ്വി-ഏ) തുഷാരൈഃ (അ-പു-തൃ-ബ) ഗൌരം—അചലം (അ-പു-ദ്വി-ഏ) പ്രാപ്യ (ല്യ-അ) അധ്വശ്രമവിനയനേ (അ-ന-സ-ഏ) തസ്യ (തച്ഛ-പു-ഷ-ഏ) ശൃംഗേ (അ-ന-സ-ഏ) നിഷണ്ണഃ (അ-പു-പ്ര-ഏ) ശുഭ്രത്രിനയനവൃഷോൽഖാതപങ്കോപമേയാം ശോഭാ-(ആ-സ്ത്രീ-ദ്വി-ഏ) വക്ഷ്യസി (ലൃട്-പര-മ-പു-ഏ)

ആസീനങ്ങളായ മൃഗങ്ങളുടെ നാഭിഗന്ധങ്ങളാൽ സുരഭിതശിലവും അവളുടെതന്നെ പ്രഭവവും തുഷാരങ്ങളാൽ ഗൌരവുമായ അചലത്തെ പ്രാപിച്ചിട്ടു് അധ്വശ്രമവിനയനമായ അവൻെറ ശൃംഗത്തിൽ നിഷണ്ണനായിട്ടു് ശുഭ്രത്രിനയനവൃഷോൽഖാതപങ്കോപമേയമായ ശോഭയെ നീ വഹിക്കും.

ആസീനങ്ങൾ=കിടക്കുന്നവ. മൃഗങ്ങൾ=കസ്തൂരിമാനുകൾ. നാഭിഗന്ധങ്ങൾ=നാഭിയുടെ ഗന്ധങ്ങൾ. നാഭി=കസ്തൂരി ഇരിക്കുന്ന അംഗം. ഗന്ധം=സൌരഭ്യം. നാഭി എന്നതിനു തന്നെ കസ്തൂരി എന്നൎത്ഥവുമുണ്ടു്. സുരഭിതശിലം=സുരഭിതകളായ ശിലകളോടുകൂടിയതു്. സുരഭിതകൾ=സുരഭികളാക്കിച്ചെയ്യപ്പെട്ടവ. സുരഭികൾ=സുഗന്ധമുള്ളവ. ശിലകൾ=കല്ലുകൾ. അവൾ=ഗംഗ. പ്രഭവം=ഉത്ഭവസ്ഥാനം. തുഷാരങ്ങൾ=മഞ്ഞുകൾ · ഗൌരം=വെളു

അതിരിക്കുന്നതു്. അചലം=പൎവതം (ഹിമവാൻ) അദ്ധ്വശ്രമവിനയനം=അദ്ധ്വശ്രമത്തിന്റെ വിനയനം. അദ്ധ്വശ്രമം=അദ്ധ്വാവു നിമിത്തമുള്ള ശ്രമം. അദ്ധ്വാവു=വഴി. ശ്രമം=ക്ഷീണം. വിനയനം=വിനയിക്കുന്നതിനുള്ള സാധനം. വിനയിക്ക=നീക്കുക. അവൻ=ഹിമവാൻ. ശൃംഗം=കൊടുമുടി. നിഷണ്ണൻ=നിഷദിക്കുന്നവൻ. നിഷദിക്ക=ഇരിക്കുക. ശുഭ്രത്രിനയനവൃഷോൽഖാതപങ്കോപമേയ=ശുഭ്രത്രിനയനവൃഷോൽഖാതപങ്കത്തോടു് ഉപമേയ. ശുഭ്രത്രിനയനവൃഷോൽഖാതപങ്കം=ശുഭ്രത്രിനയന വൃഷോൽഖാതമായ പങ്കം. ശുഭ്രത്രിനയനവൃഷോൽഖാതം=ശുഭ്രത്രിനയനവൃഷത്താൽ ഉൽഖാതം. ശുഭ്രത്രിനയനവൃഷം=ശുഭ്രമായത്രിനയനവൃഷം. ശുഭ്രം=വെളുത്തതു്. ത്രിനയനവൃഷം=ത്രിനയനന്റെ വൃഷം. ത്രിനയനൻ=ശിവൻ. വൃഷം=കാള. ഉൽഖാതം=ഉൽഖനനംചെയ്യപ്പെട്ടതു്. ഉൽഖനനംചെയ്ക=കുഴിച്ചെടുക്കുക. പങ്കം=ചെളി. ഉപമേയ=ഉപമിക്കപ്പെടുവാൻ യോഗ്യ. ഉപമിക്ക=ഒപ്പമാക്കിപ്പറയുക. ശോഭ=കാന്തി. വഹിക്ക=ധരിക്ക.

കസ്തൂരിമാനുകൾ കിടക്കയാൽ സൗരഭ്യമുള്ള ശിലാതലങ്ങളോടുകൂടിയതും ഗംഗയുടെ ഉത്ഭവസ്ഥാനവും മഞ്ഞുകൊണ്ടു വെളുത്തതുമായ ഹിമവാനിൽ എത്തി വഴി ക്ഷീണംമാറുന്ന അതിന്റെ കൊടുമുടിയിൽ ഇരിക്കുന്ന നീ ശിവന്റെ വെള്ളക്കാള കുത്തിക്കുഴിച്ചു കൊമ്പിലെടുത്തിട്ടുള്ള ചെളിപോലെ ശോഭിയ്ക്കും. മേഘത്തിനുമുമ്പു ഗംഗയോടു ബന്ധമുണ്ടായിട്ടുള്ളതിനാലും ഹിമവാൻ അവളുടെ ഉൽപത്തിസ്ഥാനമാണെന്നു പറഞ്ഞിരിക്കുന്നതിനാലും ശ്വശുരഗൃഹത്തിൽ ഉള്ള സുഖാനുഭവം കിട്ടുമെന്ന കാൎയ്യം ധ്വനിക്കുന്നു.

തം ചേദ്വായൗ സരതി സരളസ്കന്ധസംഘട്ടജന്മാ
ബാധേതോല്ക്കാക്ഷപിതചമരീബാലഭാരോ ദവാഗ്നിഃ
അൎഹസ്യേനം ശമയിതുമലം വാരിധാരാസഹസ്രൈ-
രാപന്നാൎത്തിപ്രശമനഫലാഃ സമ്പദോഹ്യുത്തമാനാം. ൫൨

വായൗ (ഉ-പു-സ-ഏ) സരതി (ത-പു-സ-ഏ) സരളസ്കന്ധസംഘട്ടജന്മാ (ന്-പു-പ്ര-ഏ) ഉൽക്കാക്ഷപിതചമരീവാലഭാരഃ (അ-പു-പ്ര-ഏ) ദവാഗ്നിഃ (ഇ-പു-പ്ര-ഏ) തം (തച്ഛ-പു-ദ്വി-ഏ) ബാധേത (ലിങ്-ആത്മ-പ്ര-പു-ഏ) ചേത് (അ) വാരിധാരാസഹസ്രൈഃ (അ-ന തൃ-ബ) ഏനം (അ-പു-ദ്വി-ഏ) അലം (അ) ശമയിതും (തുമു-അ) അൎഹസി (ലട്-പര-മ-പു-ഏ) ഉത്തമാനാം (അ-പു-ഷ-ബ) സമ്പദഃ (ദ-സ്ത്രീ-പ്ര-ബ-) ആപന്നാൎത്തിപ്രശമനഫലാഃ (ആ-സ്ത്രീ പ്ര-ബ) ഹി (അ)

വായു സരത്തായിരിക്കുമ്പോൾ സരളസ്കന്ധസംഘട്ടജന്മാവും ഉൽക്കാക്ഷപിതചമരീവാലഭാരവുമായ ദവാഗ്നി അതിനെ ബാധിക്കയാണെങ്കിൽ നീ വാരിധാരാസഹസ്രങ്ങളെക്കൊണ്ടു് ഇതിനെ ഏററവും ശമിപ്പിക്കുവാനായിക്കൊണ്ടു് അർഹിക്കുന്നു. ഉത്തമന്മാരുടെ സമ്പത്തുകൾ ആപന്നാർത്തിപ്രശമനഫലകളാണല്ലോ.

സരത്തു്=സരിക്കുന്നതു്. സരിക്ക=ഗമിക്ക (വീശുക) സരളസ്കന്ധസംഘട്ടജന്മാവു്=സരളസ്കന്ധസംഘട്ടത്തിൽനിന്നു് ജന്മത്തോടുകൂടിയതു്. സരളസ്കന്ധസംഘട്ടം=സരളസ്കന്ധങ്ങളുടെ സംഘട്ടം. സരളസ്കന്ധങ്ങൾ=സരളങ്ങളുടെ സ്കന്ധങ്ങൾ. സരളങ്ങൾ=ചരളമരങ്ങൾ. സ്കന്ധങ്ങൾ=ചുവടുമുതൽ ശാഖകൾവരെയുള്ള ഭാഗങ്ങൾ. (തടി) സംഘട്ടം=സംഘർഷം. (കൂട്ടിഉരയുക) ജന്മം=ജനനം (ഉൽഭവം) ഉൽക്കാക്ഷപിതചമരീവാലഭാരം=ഉൽക്കാക്ഷപിതമായ ചമരീവാലഭാരത്തോടുകൂടിയതു്. ഉൽക്കാക്ഷപിതം=ഉൽക്കകളെക്കൊണ്ടു് ക്ഷപിതം. ഉൽക്കകൾ=പൊരികൾ. ക്ഷപിതം=ക്ഷപിപ്പിക്കപ്പെട്ടതു്. ക്ഷപിപ്പിക്ക=നശിപ്പിക്ക. ചമരീവാലഭാരം=ചമരികളുടെ വാലഭാരം. ചമരികൾ=പെൺചമരിമൃഗങ്ങൾ. വാലഭാരം=വാലങ്ങളുടെ ഭാരം. വാലങ്ങൾ=വാലിലേ രോമങ്ങൾ. ഭാരം=ചുമടു്. ദവാഗ്നി=കാട്ടുതീ. ബാധിയ്ക്ക=ഉപദ്രവിക്ക. വാരിധാരാസഹസ്രങ്ങൾ=വാരിധാരകളുടെ സഹസ്രങ്ങൾ. വാരിധാരകൾ=ജലധാരകൾ. സഹസ്രങ്ങൾ=ആയിരങ്ങൾ. (അനേകായിരം ജലധാരകളെന്നു് സാരം.) ഇതു്=കാട്ടുതീ. ശമിപ്പിക്ക=അടക്കുക. (കെടുത്തുക.) അർഹിക്ക=അർഹനായി ഭവിക്ക. അർഹൻ=യോഗ്യൻ. ഉത്തമന്മാർ=ശ്രേഷ്ഠന്മാർ. സമ്പത്തുകൾ=സമൃദ്ധികൾ. ആപന്നാർത്തിപ്രശമനഫലകൾ=ആപന്നാർത്തിപ്രശമനമാകുന്ന ഫലത്തോടുകൂടിയവ. ആപന്നാർത്തിപ്രശമനം=ആപന്നന്മാരുടെ ആർത്തിപ്രശമനം. ആപന്നന്മാർ=ആപത്തിൽ അകപ്പെട്ടവർ. ആർത്തിപ്രശമനം=ആർത്തിയുടെ പ്രശമനം. ആർത്തി=ദുഃഖം. പ്രശമനം=ശമിപ്പിക്കൽ. ഫലം=പ്രയോജനം.

അപ്പോൾ, കാററടിച്ചു് ചരളമരങ്ങളുടെ തടികൾ കൂട്ടി ഉരഞ്ഞു് കാട്ടുതീയുണ്ടായി. പൊരികളെക്കൊണ്ടു് ചമരിമൃഗങ്ങളുടേ വാൽരോമങ്ങളെല്ലാം നശിപ്പിച്ചുകൊണ്ടു് ഹിമവാനെ ബാധിക്കയാണെങ്കിൽ, നീ, ധാരാളം മഴപെയ്തു അതിനെ കെടുത്തണം. സജ്ജനങ്ങൾക്കു് സമ്പത്തുണ്ടായാൽ അതിന്റെ പ്രയോജനം ആപത്തിൽ അകപ്പെട്ടവരുടെ ദുഃഖം ശമിപ്പിക്കയാണെല്ലോ. ഇവിടെ വിശേഷത്തെ സാമാന്യംകൊണ്ടു് സമർത്ഥിക്കുന്നതിനാൽ അർത്ഥാന്തരന്യാസം.

യേ സംരംഭോൽപതനരഭസാഃ സ്വാങ്ഗഭങ്ഗായ തസ്മിൻ
മുക്താദ്ധ്വാനം സപദി ശരഭാ ലങ്ഘയേയുർഭവന്തം
താൻ കുർവീഥാസ്തുമുലകരകാവൃഷ്ടിപാതാവകീർണ്ണാൻ
കേ വാ നസ്യുഃ പരിഭവപദം നിഷ്ഫലാരംഭയത്നാഃ ൫൮

തസ്മിൻ (തദ്-പു-സ-ഏ) സംരംഭോൽപതനരഭസാഃ (അ-പു-പ്ര-ബ) യേ (യദ്-പു-പ്ര-ബ) ശരഭാഃ (അ-പു-പ്ര-ബ) മുക്താദ്ധ്വാനം (ന-പു-ദ്വി-ഏ) ഭവന്തം (ത-പു-ദ്വി-ഏ) സപദി (അ) സ്വാങ്ഗഭങ്ഗായ (അ-പു ച-ഏ) ലങ്ഘയേയുഃ (ലിങ്.പര-പ്ര-പു-ബ) താൻ (തദ്-പു-ദ്വി-ബ) തുമുലകരകാവൃഷ്ടിപാതാവകീർണ്ണാൻ (അ-പു-ദ്വി-ബ) കുർവീഥാഃ (ലിങ്-ആത്മ-മ പു-ഏ) നിഷ്ഫലാരംഭയത്നാഃ (അ-പു-പ്ര-ബ) കേ (കിം-പു-പ്ര-ബ) വാ (അ) പരിഭവപദം (അ-ന-പ്ര-ഏ) ന (അ) സ്യുഃ (ലിങ്-പര-പ്ര-പു-ബ)

അതിൽ സംരംഭോൽപതനരഭസങ്ങളായ യാവചില ശരഭങ്ങൾ മുക്താധ്വാവായ ഭവാനെ പെട്ടെന്ന് സ്വാങ്ഗഭങ്ഗത്തിനായിക്കൊണ്ടു ലംഘിച്ചേക്കാമോ, അവയെ തുമുലകരകാവൃഷ്ടിപാതാവകീർണ്ണങ്ങളാക്കി ചെയ്യണം. നിഷ്ഫലാരംഭയത്നന്മാരായ ഏവർ പരിഭവപദമായി തീരുകയില്ല?

അതു്=ഹിമവാൻ. സംരംഭോൽപതനരഭസങ്ങൾ=സംരംഭത്താൽ ഉൽപതനരഭസങ്ങൾ. സംരംഭം=കോപം. ഉപൽപതനരഭങ്ങസൾ=ഉൽപതനത്തിൽ രഭസത്തോടുകൂടിയവ. ഉൽപതനം=ഉൽപതിക്ക എന്ന ക്രിയ (മേല്പോട്ടുചെല്ലുക.) രഭസം=വേഗം. (ധൃതി) ശരഭങ്ങൾ=എട്ടടിമാനുകൾ. മുക്താദ്ധ്വാവ്=മുക്തമായ അദ്ധ്വാവോടുകൂടിയവൻ. മുക്തം=മോചിക്കപ്പെട്ടതു്. മോചിക്ക=ഉപേക്ഷിക്ക. അദ്ധ്വാവ്=വഴി. ഭവാൻ=നീ. ലങ്ഘിക്ക=ആക്രമിക്ക. അവ=ശരഭങ്ങൾ. തുമുലകരകാവൃഷ്ടിപാതാവകീർണ്ണങ്ങൾ=തുമുലകരകാവൃഷ്ടിപാതത്താൽ അവകീർണ്ണങ്ങൾ. തുമുലകരകാവൃഷ്ടിപാതം=തുമുലകരകാവൃഷ്ടികയുടെ പാതം. തുമുലകരകാവൃഷ്ടി=തുമുലകരകകളുടെ വൃഷ്ടി. തുമുലകരകകൾ=തുമുലകളായ കരകകൾ. തുമുലകൾ=സങ്കുലകൾ (കലശലായിട്ടുള്ളവ) കരകകൾ=ആലിപ്പഴങ്ങൾ. വൃഷ്ടി=വർഷം. പാതം=പതനം. (വീഴ്ച) അവകീർണ്ണങ്ങൾ=അവകിരണംചെയ്യപ്പെട്ടവ. അവകിരണംചെയ്ക=വിക്ഷേപിക്ക. (ഓടിക്ക എന്നസാരം.) നിഷ്ഫലാരംഭയത്നന്മാർ=നിഷ്ഫലാരംഭത്തിൽ യത്നത്തോടുകൂടിയവർ. നിഷ്ഫലാരംഭം=നിഷ്ഫലമായ ആരംഭം. നിഷ്ഫലം=ഫലമില്ലാത്തതു്. ആരംഭം=ഉദ്യമം.

യത്നം=പ്രയത്നം. പരിഭവപദം=പരിഭവത്തിന്റെ പദം. പരിഭവം=നിരാകരണം. പദം=സ്ഥാനം (വിഷയം)

ആ ഹിമവാനിൽ അവയുടെ വഴി വിട്ടു പോകുന്ന നിന്നെ ശരഭങ്ങൾ കോപത്തോടെ ഉൽപതിച്ചു് പെട്ടെന്നു ആക്രമിക്കയാണെങ്കിൽ നീ ധാരാളം ആലിപ്പഴങ്ങൾ വൎഷിച്ചു് അവയെ ഓടിച്ചുകളയണം. ആവശ്യമില്ലാത്ത കാൎയ്യങ്ങളിൽ പ്രയത്നിക്കുന്നവർ ആരായാലും അവൎക്കു ഇടിവു പററാതെയിരിക്കയില്ല.

അലങ്കാരം മുൻപദ്യത്തിലെപ്പോലെ അൎത്ഥാന്തരന്യാസം.

തത്ര വ്യക്തം ദൃഷദി ചരണന്യാസമൎദ്ധേന്ദുമൌലേഃ
ശശ്വത് സിദ്ധൈരുപചിതബലിം ഭക്തിനമ്രഃ പരിയാഃ
യസ്മിൻ ദൃഷ്ടേ കരണവിശമാദൂൎദ്ധ്വമുദ്ധൂതപാപാഃ
സംകല്പന്തേ സ്ഥിരഗണപദപ്രാപ്തയേ ശ്രദ്ദധാനാഃ ൫൭

തത്ര (അ) ദൃഷദി (ദ-സ്ത്രീ-സ-ഏ) വ്യക്തം (അ-ന-പ്ര-ഏ) ശശ്വൽ (അ) സിദ്ധൈഃ (അ-പു-തൃ-ബ) ഉപചിതബലിം (ഇ-പു-ദ്വി-ഏ) അൎദ്ധേന്ദുമൌലേഃ (ഇ-പു-ഷ-ഏ) ചരണന്യാസം (അ-പു-ദ്വി-ഏ) ഭക്തിനമ്രഃ (അ-പു-പ്ര-ഏ) പരീയാഃ (ലിങ്-പര-മ-പു-ഏ) യസ്മിൻ (യച്ഛ-പു-സ-ഏ) ദൃഷ്ടേ (അ-പു-സ-ഏ) ശ്രദ്ദധാനാഃ-ഉദ്ധൂതപാപാഃ (അ-പു-പ്ര-ബ) കരണവിഗമാത് (അ-പു-പ-ഏ) ഊൎദ്ധ്വം (അ) സ്ഥിരഗണപദപ്രാപ്തയേ (ഇ-സ്ത്രീ-ച-ഏ) സംകല്പന്തേ (ലട്-ആ-പ്ര-പു-ബ)

അവിടെ ദൃഷത്തിൽ വ്യക്തവും എപ്പോഴും സിദ്ധന്മാരാൽ ഉപചിതബലിയും ആയ അൎദ്ധേന്ദുമൌലിയുടെ ചരണന്യാസത്തെ ഭക്തിനമ്രനായിട്ടു പരിഗമിക്കേണം. യാതൊന്നു ദൃഷ്ടമായിരിക്കുമ്പോൾ ശ്രദ്ദധാനന്മാർ ഉദ്ധൂതപാപന്മാരായിട്ടു് കരണവിഗമത്തിൽനിന്നു് ഊൎദ്ധ്വം സ്ഥിരഗണപദപ്രാപ്തിയ്ക്കായിക്കൊണ്ടു സങ്കല്പിക്കുന്നു.

അവിടം=ആ ഹിമവാൻ. വ്യക്തം=തെളിഞ്ഞതു്. സിദ്ധന്മാർ=യോഗികൾ. ഉപചിതബലി=ഉപചിതമായ ബലിയോടുകൂടിയതു്. ഉപചിത=ഉപചയിക്കപ്പെട്ടതു്. ഉപചിയിക്ക=ചെയ്ക. ബലി=പൂജ. അൎദ്ധേന്ദുമൌലി=അൎദ്ധേന്ദുമൌലിയിൽ ഉള്ളവൻ. അൎദ്ധേന്ദു=അൎദ്ധനായ ഇന്ദു. അൎദ്ധൻ=പകുതി. ഇന്ദു=ചന്ദ്രൻ. മൌലി=ശിരസ്സു്. ചരണന്യാസം=പാദന്യാസം-കാൽചുവടു്. ഭക്തിനമ്രൻ=ഭക്തികൊണ്ടു നമ്രൻ. നമ്രൻ=അവനതൻ. പരിഗമിക്ക=ചുററുംഗമിക്ക (പ്രദക്ഷിണംചെയ്ക) യാതൊന്നു്=യാതൊരു ചരണന്യാസം. ദൃഷ്ടം=കാണപ്പെട്ടതു്. ശ്രദ്ദധാനന്മാർ=ശ്രദ്ധിക്കുന്നവർ.

ശ്രദ്ധിക്ക=വിശ്വസിക്ക. ഉദ്ധൂതപാപന്മാർ=ഉദ്ധൂതമായ പാപത്തോടുകൂടിയവർ. ഉദ്ധൂതം=ഉദ്ധൂനനം ചെയ്യപ്പെട്ടതു്. ഉദ്ധൂനനംചെയ്ക=നിരസിക്ക. കരണവിഗമം=കരണത്തിന്റെ വിഗമം. കരണം=ശരീരം. വിഗമം=പോക്കു് (നാശം) സ്ഥിരഗണപദപ്രാപ്തി=സ്ഥിരഗണപദത്തിന്റെപ്രാപ്തി സ്ഥിരഗണപദം=സ്ഥിരമായ ഗണപദം. സ്ഥിരം=ശാശ്വതം. ഗണപദം=ഗണങ്ങളുടെ പദം. ഗണങ്ങൾ=ശിവഭൃതങ്ങൾ. പദം=സ്ഥാനം സങ്കല്പിയ്ക്ക=സമർത്ഥന്മാരായിത്തീരുക.

ആ ഹിമവാനിൽ ഒരുകല്ലിൽ തെളിഞ്ഞുകിടക്കുന്നതും യോഗികൾ എപ്പോഴും പൂജിക്കുന്നതുമായ ശിവന്റെ കാൽച്ചുവടിനെ നീ ഭക്തിപൂർവം നമസ്കരിച്ചു പ്രദക്ഷിണം ചെയ്യണം. അതുകണ്ടാൽ വിശ്വാസമുള്ള ആളുകൾക്കു പാപമെല്ലാം നീങ്ങുകയും ദേഹം നശിക്കുമ്പോൾ ശാശ്വതമായ ഗണങ്ങളുടെ സ്ഥാനം ലഭിക്കുകയുംചെയ്യും.

ശബ്ദായന്തേ മധുരമനിലൈഃ കീചകാഃ പൂർയ്യമാണാഃ
സംസക്താഭിസ്ത്രിപുരവിജയോ ഗീയതേ കിന്നരീഭിഃ
നിർഹ്രാദസ്തേ മുരജ ഇവ ചേൽ കന്ദരേഷു ധ്വനിഃ സ്യാ-
ത്സംഗീതാർത്ഥോ നനു പശുപതേസ്തത്ര ഭാവീ സമഗ്രഃ ൫൬

അനിലൈഃ (അ-പു-തൃ-ബ) പൂർയ്യമാണാഃ (അ-പു-പ്ര-ബ) കീചകാഃ (അ-പു-പ്ര-ബ) മധുരം (ക്രി.വി) ശബ്ദായന്തേ (ലട്-ആത്മ-പ്ര-പു-ബ) സംസക്താഭിഃ (ആ-സ്ത്രീ-തൃ-ബ) കിന്നരീഭിഃ (ആ-സ്ത്രീ-തൃ-ബ) ത്രിപുരവിജയഃ (അ-പു-പ്ര-ഏ-) ഗീയതേ(ലട്-ആത്മ പ്ര-പു-ഏ) കന്ദരേഷു (അ-പു-സ-ബ) തേ (യുഷ്മദ്-ഷ-ഏ) നിർഹ്രാദഃ (അ-പു-പ്ര-ഏ) മുരജേ-(അ-ന-സ-ഏ) ധ്വനിഃ (ഇ-പു-പ്ര-ഏ) ഇവ (അ) സ്യാത്(ലിങ്-പര പ്ര-ഏ) ചേത് (അ) തത്ര (അ) പശുപതേഃ (ഇ-പു-ഷ-ഏ) സംഗീതാർത്ഥഃ (അ-പു-പ്ര-ഏ) സമഗ്രഃ (അ-പു-പ്ര-ഏ) ഭാവീ- (ന-പു-പ്ര-ഏ)

അനിലങ്ങളാൽ പൂർയ്യമാണങ്ങളായ കീചകങ്ങൾ മധുരമായി ശബ്ദിക്കുന്നു. സംസക്തകളായ കിന്നരികളാൽ ത്രിപുരവിജയം ഗാനംചെയ്യപ്പെടുന്നു. കന്ദരങ്ങളിൽ നിന്റെ നിർഹ്രാദം മുരജത്തിലുള്ള ധ്വനിപോലെ ഭവിക്കയാണെങ്കിൽ അവിടെ പശുപതിക്കു് സംഗീതാർത്ഥം സമഗ്രമായി ഭാവിയാകുന്നു.

അനിലങ്ങൾ=വായുക്കൾ. പൂർയ്യമാണങ്ങൾ=പൂരണം ചെയ്യപ്പെടുന്നവ. പൂരണംചെയ്ക=നിറയ്ക്കുക. കീചകങ്ങൾ=സുഷിരങ്ങളുള്ള ഒരുതരം മുളകൾ. മധുരം=മനോഹരം. സംസക്തകൾ=ഒരുമിച്ചുചേർന്നവർ. കിന്നരിമാർ=കിന്നരസ്ത്രീകൾ. ത്രിപുരവിജയം=ത്രി

പുരത്തിന്റെ വിജയം. ത്രിപുരം=മൂന്നുപുരം. വിജയം=വിജയകഥ. ഗാനംചെയ്യുക=പാടുക. കന്ദരങ്ങൾ=ഗുഹകൾ. നിർഹ്രാദം=ഇടിമുഴക്കം. മുരജം=ഒരുമാതിരി വാദ്യം. ധ്വനി=ശബ്ദം. അവിടം=ആ ശിവപാദന്യാസസ്ഥലം. പശുപതി=ശിവൻ. സംഗീതാർത്ഥം=സംഗീതമാകുന്ന അർത്ഥം. അർത്ഥം=വസ്തു. സമഗ്രം=സമ്പൂർണ്ണം. ഭാവി=ഭവിക്കുവാൻപോകുന്നതു്.

ആ ശിവപാദന്യാസസ്ഥലത്തിൽ കാററു സുഷിരങ്ങളിൽ കയറി പുറപ്പെടുന്ന കീചകങ്ങളുടെ ശബ്ദങ്ങളാകുന്ന വംശവാദ്യനാദവും ഒരുമിച്ചുചേർന്ന കിന്നരിമാരുടെ ത്രിപുരവിജയഗാനവും നടക്കുന്നുണ്ടു്. നിന്റെ ഇടിമുഴക്കംകൂടി ഗുഹകളിൽ മൃദംഗധ്വനിപോലെ ഉണ്ടായാൽ ശിവനു് സംഗീതം പൂർണ്ണമാകും.

പ്രാലേയാദ്രേരുപതടമതിക്രമ്യ താംസ്താൻ വിശേഷാൻ
ഹംസദ്വാരം ഭൃഗുപതിയശോവർത്മ യൽ ക്രൗഞ്ചരന്ധ്രം
തേനോദീചീം ദിശമനുസരേസ്തിര്യ്യഗായാമശോഭീ
ശ്യാമഃ പാദോ ബലിനിയമനാഭ്യുദ്യതസ്യേവ വിഷ്ണോഃ

പ്രാലേയാദ്രേഃ (ഇ-പു-ഷ-ഏ) ഉപതടം (അ) താൻ-താൻ (തച്ഛ-പു-ദ്വി-ബ) വിശേഷാൻ (അ-പു-ദ്വി-ബ) അതിക്രമ്യ (ല്യ-അ) ഹംസദ്വാരം (അ-ന-പ്ര-ഏ) ഭൃഗുപതിയശോവർത്മ (ന-ന-പ്ര-ഏ) യത് (യച്ഛ-ന-പ്ര-ഏ) ക്രൗഞ്ചരന്ധ്രം (അ-ന-പ്ര-ഏ) അസ്തി (ലട് പര-പ്ര-പു-ഏ) തേന (അ-ന-തൃ-ഏ) ബലിനിയമനാഭ്യുദ്യതസ്യ (അ-പു-ഷ-ഏ) വിഷ്ണോഃ (ഉ-പു-ഷ-ഏ) ശ്യാമഃ (അ-പു-പ്ര-ഏ) പാദഃ (അ-പു-പ്ര-ഏ) ഇവ (അ) തിര്യ്യഗായാമശോഭീ (ന-പു-പ്ര-ഏ) ഉദീചീം (ഈ-സ്ത്രീ-ദ്വി-ഏ) ദിശം (ശ-സ്ത്രീ-ദ്വി-ഏ) അനുസരേഃ (ലിങ്-പര-മ-പു-ഏ)

നീ പ്രാലേയാദ്രിയുടെ ഉപതടം അതതുവിശേഷങ്ങളെ അതിക്രമിച്ചിട്ടു്, ഹംസദ്വാരവും ഭൃഗുപതിയശോവർത്മവുമായ യാതൊരു ക്രൗഞ്ചരന്ധ്രമുണ്ടോ, അതിൽകൂടി ബലിനിയമനാഭ്യുദ്യതനായ വിഷ്ണുവിന്റെ ശ്യാമമായ പാദമെന്നപോലെ തിര്യ്യഗായാമശോഭിയായിട്ടു് ഉദീചിയായ ദിക്കിനെ അനുസരിച്ചാലും.

പ്രാലേയാദ്രി=ഹിമവാൻ. ഉപതടം=തടത്തിനു സമീപം. തടം=താഴ്വര. വിശേഷങ്ങൾ=കാണേണ്ട പദാർത്ഥങ്ങൾ. അതിക്രമിക്ക=കടക്കുക. ഹംസദ്വാരം=ഹംസങ്ങളുടെ ദ്വാരം. ഹംസങ്ങൾ=ആരയന്നങ്ങൾ. ദ്വാരം=പ്രവേശനമാർഗ്ഗം. ഭൃഗുപതിയശോവർത്മം=ഭൃഗുപതിയുടെ യശോവർത്മം. ഭൃഗുപതി=പരശുരാമൻ. യശോവർത്മം=യശസ്സിനുള്ള വർത്മം. യശസ്സു്=കീർത്തി. വർത്മം=

മാൎഗ്ഗം. ക്രൌഞ്ചരന്ധ്രം=ക്രൌഞ്ചത്തിന്റെ രന്ധ്രം. ക്രൌഞ്ചം=ക്രൌഞ്ചമെന്ന പൎവ്വതം. രന്ധ്രം=ദ്വാരം. അതു്=ആ ക്രൌഞ്ചദ്വാരം. ബലിനിയമനാഭ്യുദ്യതൻ=ബലിനിയമനത്തിൽ അഭ്യുദ്യതൻ. ബലിനിയമനം=ബലിയുടെ നിയമനം. ബലി=മഹാബലി. നിയമനം=ബന്ധനം. അഭ്യുദ്യതൻ=ഉദ്യുക്തൻ. ശ്യാമം=ശ്യാമളനിറത്തിലുള്ളതു്. പാദം=കാൽ. തിൎയ്യഗായാമശോഭി=തിൎയ്യഗായാമംകൊണ്ടു ശോഭിക്കുന്നതു്. തിൎയ്യഗായാമം=തിൎയ്യക്കായുള്ള ആയാമം. തിൎയ്യക്കു്=വിലങ്ങത്തിലുള്ളതു്. ആയാമം=നീളം. ഉദീചി=വടക്കേതു്. അനുസരിക്ക=ഗമിക്ക.

നീ ഹിമവൽപൎവ്വതത്തിന്റെ തടത്തിനു സമീപത്തുള്ള അതതു വിശേഷങ്ങളെല്ലാം കടന്നു അരയന്നങ്ങളുടെ പോക്കുവരവിനുള്ള വഴിയും പരശുരാമന്റെ കീൎത്തിക്കു കാരണവുമായ ക്രൌഞ്ചപൎവ്വതത്തിന്റെ ദ്വാരത്തിൽക്കൂടി പൎവ്വതത്തിനു വിലങ്ങത്തിൽ ശരീരത്തെ നീട്ടി, വാമനാവതാരത്തിൽ മഹാബലിയെ പിടിച്ചുകെട്ടുവാൻ ഒരുങ്ങിയിരിക്കുന്ന വിഷ്ണുവിന്റെ ശ്യാമളമായ കാലുപോലെ ശോഭയോടുകൂടി വടക്കോട്ടുപോക—പണ്ടു് ശിവന്റെ അടുക്കൽനിന്നു ധനുൎവ്വേദം അഭ്യസിച്ചുകൊണ്ടിരിക്കുന്നകാലത്തു് സുബ്രഹ്മണ്യനോടുള്ള സ്പൎദ്ധയാൽ പരശുരാമൻ ഒരു ബാണംകൊണ്ടു് നിഷ്പ്രയാസം ക്രൌഞ്ചപൎവ്വതത്തെ ഭേദിച്ചു വലിയ കീൎത്തിമാനായിത്തീൎന്നു എന്നു കഥ.

ഗത്വാ ചോൎദ്ധ്വം ദശമുഖഭുജോച്ഛ്വാസിതപ്രസ്ഥസന്ധേഃ
കൈലാസസ്യ ത്രിദശവനിതാദൎപ്പണസ്യാതിഥിഃ സ്യാഃ
ശൃംഗോച്ഛ്രായൈഃ കുമുദവിശദൈൎയ്യോ വിതത്യ സ്ഥിതഃ ഖം
രാശീഭൂതഃ പ്രതിദിനമിവ ത്ര്യംബകസ്യാട്ടഹാസഃ ൫൮

ഊൎദ്ധ്വം (അ) ഗത്വാ (ക്ത്വാ-അ) ദശമുഖഭുജോച്ഛ്വാസിതപ്രസ്ഥസന്ധേഃ (ഇ-പു-ഷ-ഏ) ത്രിദശവനിതാദൎപ്പണസ്യ (അ-പു-ഷ-ഏ) കൈലാസസ്യ (അ-പു-ഷ-ഏ) അതിഥിഃ (ഇ-പു-പ്ര-ഏ) സ്യാഃ (ലിങ്-പര-മ-പു-ഏ) ച (അ) യഃ (യദ്-പു-പ്ര-ഏ) കുമുദവിശദൈഃ (അ-പു-തൃ-ബ) ശൃംഗോച്ഛ്രായൈഃ (അ-പു-തൃ-ബ) ഖം (അ-ന-ദ്വി-ഏ) വിതത്യ (ല്യ-അ) പ്രതിദിനം (അ) രാശീഭൂതഃ (അ-പു-പ്ര-ഏ) ത്ര്യംബകസ്യ (അ-പു-ഷ-ഏ) അട്ടഹാസഃ (അ-പു-പ്ര-ഏ) ഇവ (അ) സ്ഥിതഃ (അ-പു-പ്ര-ഏ)

നീ മേല്പോട്ടുപോയിട്ടു് ദശമുഖഭുജോച്ഛ്വാസിതപ്രസ്ഥസന്ധിയും ത്രിദശവനിതാദൎപ്പണവുമായ കൈലാസത്തിന്റെ അതിഥിയായി ഭവിക്കയുംവേണം. യാവനൊരുത്തൻ കുമുദവിശദങ്ങളായ

ശൃംഗോച്ഛ്റായങ്ങളെക്കൊണ്ടു ഖത്തെ വിതനിച്ചിട്ടു് പ്രതിദിനം രാശീഭൂതമായ ത്ര്യംബകന്റെ അട്ടഹാസമെന്നപോലെ സ്ഥിതമായിരിക്കുന്നു.

ദശമുഖഭുജോച്ഛ്വാസിതപ്രസ്ഥസന്ധി=ദശമുഖഭുജോച്ഛ്വാസിതങ്ങളായ പ്രസ്ഥസന്ധികളോടുകൂടിയവനു. ദശമുഖഭുജോച്ഛ്വാസിതങ്ങൾ=ദശമുഖഭുജങ്ങളാൽ ഉച്ഛ്വാസിതങ്ങൾ. ദശമുഖഭുജങ്ങൾ=ദശമുഖന്റെ ഭുജങ്ങൾ. ദശമുഖൻ=പത്തുമുഖമുള്ളവൻ-രാവണൻ. ഭുജങ്ങൾ=കൈകൾ. ഉച്ഛ്വാസിതങ്ങൾ=ഉച്ഛ്വസിപ്പിക്കപ്പെട്ടവ. ഉച്ഛ്വസിപ്പിക്ക=വേർപെടുത്തുക. (ഇളക്കുക) പ്രസ്ഥസന്ധികൾ=പ്രസ്ഥങ്ങളുടെ സന്ധികൾ. പ്രസ്ഥങ്ങൾ=സാനുക്കൾ. സന്ധികൾ ചേർപ്പുകൾ. ത്രിദശവനിതാദർപ്പണം=ത്രിദശവനിതമാർക്കു ദർപ്പണം. ത്രിദശവനിതമാർ=ത്രിദശന്മാരുടെ വനിതമാർ. ത്രിദശന്മാർ=ദേവന്മാർ. വനിതമാർ=സ്ത്രീകൾ. ദർപ്പണം=കണ്ണാടി. അതിഥി=വിരുന്നുകാരൻ. യാവനൊരുത്തൻ=യാതൊരുകൈലാസം. കുമുദവിശദങ്ങൾ=കുമുദങ്ങൾപോലെ വിശദങ്ങൾ. കുമുദങ്ങൾ=ആമ്പൽപൂക്കൾ. വിശദങ്ങൾ=ധവളങ്ങൾ. ശൃംഗോച്ഛ്റായങ്ങൾ=ശൃംഗങ്ങളുടെ ഉച്ഛ്റായങ്ങൾ. ശൃംഗങ്ങൾ=കൊടുമുടികൾ. ഉച്ഛ്റായങ്ങൾ=ഔന്നത്യങ്ങൾ. ഖം=ആകാശം. വിതനിയ്ക്കു=വ്യാപിയ്ക്കു. പ്രതിദിനം=ദിവസംതോറും. രാശീഭൂതം=രാശിയായിഭവിച്ചതു്-കൂട്ടംകൂടിയതു്. ത്ര്യംബകൻ=മൂന്നു് അംബകങ്ങളോടുകൂടിയവൻ. അംബകങ്ങൾ=കണ്ണുകൾ (ത്ര്യംബകൻ=ശിവൻ) അട്ടഹാസം=കലശലായ ഹാസം. ഹാസം=ചിരി

നീ ക്രൗഞ്ചദ്വാരം കടന്നു് മേൽപോട്ടു പോയി രാവണൻ തന്റെ ഇരുപതുകൈകൾകൊണ്ടു് പൊക്കിഎടുത്തു അമ്മാനമാടിയപ്പോൾ ഇളകിപ്പോയിട്ടുള്ള സാനുസന്ധികളോടുകൂടിയതും, ദേവസ്ത്രീകൾക്കു കണ്ണാടിയുമായ കൈലാസത്തിന്റെ അതിഥിയായിത്തീരണം. ആ കൈലാസം ആകാശത്തിൽ വ്യാപിച്ചിരിക്കുന്ന ഉയർന്നകൊടുമുടികളോടുകൂടി ശിവന്റെ വലിയ ചിരി എല്ലാം കൂട്ടംകൂടിക്കിടക്കുന്നതാണോ എന്നു തോന്നുമാറാണിരിക്കുന്നതു്.

ഉൽപശ്യാമി ത്വയി തടഗതേ സ്നിഗ്ദ്ധഭിന്നാഞ്ജനാഭേ
സദ്യഃകൃത്തദ്വിരദദശനച്ഛേദഗൗരസ്യ തസ്യ
ശോഭാമദ്രേഃ സ്തിമിതനയനപ്രേക്ഷണീയാം ഭവിത്രീ-
മംസന്യസ്തേ സതി ഹലഭൃതോ മേചകേ വാസസീവ. ൬൰

സ്നിഗ്ദ്ധഭിന്നാഞ്ജനാഭേ (അ-പു-സ-ഏ) ത്വയി (യുഷ്മദ്-സ-ഏ) തടഗതേ (അ-പു-സ-ഏ) സദ്യഃകൃത്തദ്വിരദദശനച്ഛേദഗൗരസ്യ (അ-പു-ഷ-ഏ) തസ്യ (അ-പു-ഷ-ഏ) അദ്രേ

(ഇ-പു-ഷ-ഏ) മേചകേ (അ-ന-സ-ഏ) വാസസി (അ-ന-സ-ഏ) അംസന്യസ്തേ (അ-ന-സ-ഏ) ഹലഭൃതഃ (ത-പു-ഷ-ഏ) ഇവ (അ) സ്തിമിതനയനപ്രേക്ഷണീയാം (ആ-സ്ത്രീ-ദ്വി-ഏ) ശോഭാം (ആ-സ്ത്രീ-ദ്വി-ഏ) ഭവിത്രീം (ഈ-സ്ത്രീ-ദ്വി-ഏ) ഉല്പശ്യാമി (ലട്-പര-ഉ-പു-ഏ)

സ്നിഗ്ദ്ധഭിന്നാഞ്ജനാഭനായ നീ തടഗതനായിരിക്കുമ്പോൾ സദ്യഃകൃത്തദ്വിരദദശനച്ഛേദഗൗരമായ ആ അദ്രിക്കു മേചകമായ വാസസ്സ് അംസന്യസ്തമായിരിക്കുമ്പോൾ ഹലഭൃത്തിനെന്നപോലെ സ്തിമിതനയനപ്രേക്ഷണീയയായ ശോഭയെ ഭവിത്രിയായി ഞാൻ ഉൽപ്രേക്ഷിക്കുന്നു.

സ്നിഗ്ദ്ധഭിന്നാഞ്ജനാഭൻ=സ്നിഗ്ദ്ധഭിന്നാഞ്ജനത്തിന്റെ ആഭ പോലെയുള്ള ആഭയോടുകൂടിയവൻ. സ്നിഗ്ദ്ധഭിന്നാഞ്ജനം=സ്നിഗ്ദ്ധഭിന്നമായ അഞ്ജനം. സ്നിഗ്ദ്ധഭിന്നം=സ്നിഗ്ദ്ധവും ഭിന്നവുമായിട്ടുള്ളതു്. സ്നിഗ്ദ്ധം=മസൃണം=എണ്ണമയമുള്ളതു്. ഭിന്നം=ഭേദിക്കപ്പെട്ടതു്. ഭേദിയ്ക്ക=മുറിയ്ക്ക. അഞ്ജനം=മഷി. ആഭ=ശോഭ. തടഗതൻ=തടത്തെ ഗതൻ. തടം=സാനു. ഗതൻ=ഗമിച്ചവൻ. സദ്യഃകൃത്തദ്വിരദദശനച്ഛേദഗൗരൻ=സദ്യഃകൃത്തദ്വിരദദശനച്ഛേദം പോലെ ഗൗരൻ. സദ്യഃകൃത്തദ്വിരദദശനച്ഛേദം=സദ്യഃകൃത്തമായ ദ്വിരദദശനച്ഛേദം. സദ്യഃകൃത്തം=ഉടനെ കൃത്തം. കൃത്തം=കർത്തനംചെയ്യപ്പെട്ടതു്. കർത്തനംചെയ്ക=മുറിയ്ക്ക. ദ്വിരദദശനച്ഛേദം=ദ്വിരദദശനത്തിന്റെ ച്ഛേദം. ദ്വിരദദശനം=ദ്വിരദത്തിന്റെ ദശനം. ദ്വിരദം=രണ്ടു രദങ്ങളുള്ളതു്. രദങ്ങൾ=വലിയ പല്ലുകൾ. (ദ്വിരദം=ആന) ദശനം=പല്ലു്. ഇവിടെ ആനയുടെ കൊമ്പാണു്.) വാസ്തവത്തിൽ ആനയ്ക്കു കൊമ്പില്ല. കൊമ്പെന്നു പറയുന്നതു് വലിയ രണ്ടു പല്ലുതന്നെയാണു്. അതുകൊണ്ടു് സംസ്കൃതത്തിൽ പല്ലിന്റെ പര്യായങ്ങൾതന്നെ ആനക്കൊമ്പിനും പ്രയോഗിക്കുന്നു.) ഛേദം=മുറി. (മുറിച്ചഭാഗമെന്നു സാരം) ഗൗരം=ഗൗരവർണ്ണം. അതു്=ആ കൈലാസം. മേചകം=കൃഷ്ണവർണ്ണം. വാസസ്സ്=വസ്ത്രം. അംസന്യസ്തം=അംസത്തിൽ ന്യസ്തം. അംസം=തോൾ. ന്യസ്തം=ന്യസിക്കപ്പെട്ടതു്. ഹലഭൃത്തു്=ഹലത്തെ ഭരിക്കുന്നവൻ. ഹലം=കലപ്പ. ഭരിക്ക=ധരിക്ക. (ഹലഭൃത്തു്=ബലരാമൻ) സ്തിമിതനയനപ്രേക്ഷണീയ=സ്തിമിതനയനങ്ങളാൽ പ്രേക്ഷണീയ. സ്തിമിതനയനങ്ങൾ=സ്തിമിതങ്ങളായ നയനങ്ങൾ. സ്തിമിതങ്ങൾ=നിശ്ചലങ്ങൾ. നയനങ്ങൾ=കണ്ണുകൾ. പ്രേക്ഷണീയ=പ്രേക്ഷണംചെയ്യപ്പെടേണ്ടതു്. പ്രേക്ഷണംചെയ്ക=കാണുക. സ്തിമിതനയനന്മാരാൽ പ്രേക്ഷണീയ എന്നുമാകാം. സ്തിമിതനയനന്മാർ=സ്തിമിതങ്ങളായ നയനങ്ങളോടുകൂടിയവർ. സ്തിമിതങ്ങൾ=നിശ്ചല

ങ്ങൾ=അടയ്ക്കുകയും തുറക്കുകയുമില്ലാത്തവ- സ്തിമിതനയനന്മാർ=ദേവന്മാർ. ശോഭ=ഭംഗി. ഭവിത്രി=ഭവിക്കാൻ പോകുന്നതു്. ഉൽപ്രേക്ഷിക്ക=ഊഹിക്കുക.

എണ്ണചേർത്തു കുഴച്ച മഷിപോലെ കറുത്തിരിക്കുന്ന നീ സാനുപ്രദേശത്തിൽ ഇരിക്കുമ്പോൾ, ഉടനെ മുറിച്ച ആനക്കൊമ്പുപോലെ വെളുത്ത പർവതത്തിനു, കറുത്ത വസ്ത്രം തോളിൽ ഇടുമ്പോൾ ബലരാമനു് എന്നപോലെ കണ്ണു ചിമ്മാതെ കാണേണ്ടതായ ഒരു ഭംഗി ഉണ്ടാകുമെന്നു ഞാൻ ഊഹിക്കുന്നു.

ഹിത്വാ തസ്മിൻ ഭുജഗവലയം ശംഭുനാ ദത്തഹസ്താ
ക്രീഡാശൈലേ യദി ച വിചരേൽ പാദചാരേണ ഗൗരീ
ഭംഗീഭക്ത്യാ വിരചിതവപുഃ സ്തംഭിതാന്തർജ്ജലൗഘഃ
സോപാനത്വം കുരു മണിതടാരോഹണായാഗ്രയായീ. ൩൦

തസ്മിൻ (തദ -പു-സ-ഏ) ക്രീഡാശൈലേ (അ-പു-സ-ഏ) ശംഭുനാ (ഉ-പു-തൃ-ഏ) ഭുജഗവലയം (അ-പു-ദ്വി-ഏ) ഹിത്വാ (ക്ത്വാ-അ) ദത്തഹസ്താ (ആ-സ്ത്രീ-പ്ര-ഏ) ഗൗരീ (ഈ-സ്ത്രീ-പ്ര-ഏ) പാദചാരേണ (അ-പു-തൃ-ഏ) വിചരേൽ (ലിങ്-പര-പ്ര-പു-ഏ) യദി (അ) ത്വം (യുഷ്മദ്-പ്ര-ഏ) അഗ്രയായീ (ന-പു-പ്ര-ഏ) സ്തംഭിതാന്തർജ്ജലൗഘഃ (അ-പു പ്ര-ഏ) ഭങ്ഗീഭക്ത്യാ (ഇ-സ്ത്രീ-തൃ-ഏ) വിരചിതവപുഃ (സ-പു-പ്ര-ഏ) മണിതടാരോഹണായ (അ-ന-ച-ഏ) സോപാനത്വം (അ-ന-ദ്വി-ഏ) കുരു (ലോട്-പര-മ-പു-ഏ)

ആ ക്രീഡാശൈലത്തിൽ ശംഭുവിനാൽ ഭുജഗവലയത്തെ ഉപേക്ഷിച്ചിട്ടു ദത്തഹസ്തയായിട്ടു ഗൗരി പാദചാരത്താൽ വിചരിക്കയാണെങ്കിൽ നീ അഗ്രയായിയായി സ്തംഭിതാന്തർജ്ജലൗഘനും ഭംഗിഭക്തിയാൽ വിരചിതവപുസ്സുമായിട്ടു മണിതടാരോഹണത്തിനായി സോപാനത്വത്തെ ചെയ്ക.

ക്രീഡാശൈലം=ക്രീഡയ്ക്കായിട്ടുള്ള ശൈലം. ക്രീഡ=കളി. ശൈലം=പർവതം (കൈലാസം പാർവതീപരമേശ്വരന്മാരുടെ ക്രീഡാശൈലമാണെന്നു സാരം) ശംഭു=ശിവൻ. ഭുജഗവലയം=ഭുജഗമാകുന്ന വലയം. ഭുജഗം=സർപ്പം. വലയം=വള. ദത്തഹസ്ത=ദത്തമായ ഹസ്തത്തോടുകൂടിയവൾ. ദത്തം=ദാനം ചെയ്യപ്പെട്ടതു്. ഹസ്തം=കൈ. പാദചാരം=കാൽനട. വിചരിക്ക=സഞ്ചരിക്ക. അഗ്രയായി=അഗ്രത്തിൽ യാനംചെയ്യുന്നവൻ. അഗ്രം=മുൻപു്. യാനംചെയ്ക=ഗമിക്ക. സ്തംഭിതാന്തർജ്ജലൗഘൻ=സ്തംഭിതമായ അന്തർജ്ജലൗഘത്തോടുകൂടിയവൻ. സ്തംഭിതം=സ്തംഭിപ്പിക്കപ്പെട്ടതു്.

അന്തൎജ്ജലൌഘം=അന്തൎഭാഗത്തിലുള്ള ജലൌഘം അന്തൎഭാഗം=ഉള്ള്. ജലൌഘം=ജലസമൂഹം. ഭംഗീഭക്തി=ഭംഗികളുടെ ഭക്തി. ഭംഗികൾ=പടികൾ (കല്പടപോലെയുള്ള ആകൃതി) ഭക്തി=രചന. വിരചിതവപുസ്സ്=വിരചിതമായ വപുസ്സോടുകൂടിയവൻ. വിരചിതം=വിരചിക്കപ്പെട്ടതു്. വിരചിക്ക=നിൎമ്മിക്ക. വപുസ്സ്=ശരീരം. മണിതടാരോഹണം=മണിതടത്തിന്റെ ആരോഹണം. മണിതടം=മണിമയമായ തടം. മണിമയം=രത്നമയം. തടം=സാനുപ്രദേശം. ആരോഹണം=കയററം. സോപാനത്വം=സോപാനത്തിന്റെ അവസ്ഥ. സോപാനം=കോണിപ്പടി.

ആ കൈലാസം പാൎവ്വതീപരമേശ്വരന്മാരുടെ ക്രീഡാശൈലമാണു്. അതിനാൽ പാൎവ്വതി ഭയപ്പെട്ടുമെന്നു വിചാരിച്ചു സൎപ്പവളകളെല്ലാം മാററിയ ശിവനാൽ കൈ കൊടുക്കപ്പെട്ടു്, ആ ദേവി കാൽനടയായി അവിടെ സഞ്ചരിക്കയാണെങ്കിൽ നീ മുൻപേപോയി ഉള്ളിലുള്ള വെള്ളം സ്തംഭിപ്പിച്ചു, ശരീരത്തെ പടികളുടെ ആകൃതിയിൽ ആക്കി ആ ദേവിക്കു രത്നമയമായ പൎവ്വതതടത്തിൽ കയറുന്നതിനു കോണിപ്പടിയായിത്തീരത്തക്കവണ്ണം കിടക്കണം.

തത്രാവശ്യം വലയകുലിശോദ്ഘട്ടനോദ്ഗീൎണ്ണതോയം
നേഷ്യന്തി ത്വാം സുരയുവതയോ യന്ത്രധാരാഗൃഹത്വം
താഭ്യോ മോക്ഷസ്തവ യദി സഖേ ഘൎമ്മലബ്ധസ്യ ന സ്യാൽ
ക്രീഡാലോലാഃ ശ്രവണപരുഷൈൎഗ്ഗൎജ്ജിതൈൎഭായയേസ്താഃ.

തത്ര (അ) സുരയുവതയഃ (ഇ-സ്ത്രീ-പ്ര-ബ) വലയകുലിശോദ്ഘട്ടനോദ്ഗീൎണ്ണതോയം(അ-പു-ദ്വി-ഏ)ത്വാം(യുഷ്മദ്-ദ്വി-ഏ) അവശ്യം (അ) യന്ത്രധാരാഗൃഹത്വം (അ-ന-ദ്വി-ഏ) നേഷ്യന്തി (ലൃട്-പര-പ്ര-പ-പു-ബ) ഹേ സഖേ (ഇ-പു-സം-പ്ര-ഏ) ഘൎമ്മലബ്ധസ്യ (അ-പു-ഷ-ഏ) തവ (യുഷ്മദ്-ഷ-ഏ) താഭ്യഃ (തദ്-സ്ത്രീ-പ-ബ) മോക്ഷഃ (അ-പു-പ്ര-ഏ) ന (അ) സ്യാൽ(ലിങ്-പര-പ്ര-പു-ഏ) യദി (അ) ക്രീഡാലോലാഃ (ആ-സ്ത്രീ-ദ്വി-ബ)താഃ (തദ്-സ്ത്രീ-ദ്വി-ബ) ശ്രവണപരുഷൈഃ (അ-ന-തൃ-ബ) ഗൎജ്ജിതൈഃ (അ-ന-തൃ-ബ) ഭായയേഃ (ലിങ്-പ-മ-പു-ഏ)

അവിടെ സുരയുവതികൾ വലയകുലിശോദ്ഘട്ടനോദ്ഗീൎണ്ണതോയനായ നിന്നെ തീൎച്ചയായും യന്ത്രധാരാഗൃഹത്വത്തെ നയിക്കും. ഘൎമ്മലബ്ധനായ നിനക്കു് അവരിൽനിന്നു മോക്ഷം ഉണ്ടാകയില്ലഎങ്കിൽ ക്രീഡാലോലകളായ അവരെ ശ്രവണപരുഷങ്ങളായ ഗൎജ്ജിതങ്ങളെക്കൊണ്ടുഭയപ്പെടുത്തണം.

അവിടം=ആ കൈലാസം. സുരയുവതികൾ=സുരന്മാരുടെ യുവതികൾ. സുരന്മാർ=ദേവന്മാർ. യുവതികൾ=യൌവനമുള്ള സ്ത്രീകൾ. വലയകുലിശോദ്ഘട്ടനോദ്ഗീർണ്ണതോയൻ=വലയകുലിശോദ്ഘട്ടനത്താൽ ഉദ്ഗീർണ്ണതോയൻ. വലയകുലിശോദ്ഘട്ടനം=വലയകുലിശങ്ങളെക്കൊണ്ടുള്ള ഉദ്ഘട്ടനം. വലയകുലിശങ്ങൾ=വലയങ്ങളുടെ കുലിശങ്ങൾ. വലയങ്ങൾ=വളകൾ. കുലിശങ്ങൾ=കോടികൾ (പല്ലുകൾ അല്ലെങ്കിൽ മുനകൾ.) ഉദ്ഘട്ടനം=സംഘർഷണം=ഉരസൽ. ഉദ്ഗീർണ്ണതോയൻ=ഉദ്ഗീർണ്ണമായ തോയത്തോടുകൂടിയവൻ. ഉദ്ഗീർണ്ണം=ഉദ്ഗിരണംചെയ്യപ്പെട്ടതു്. ഉദ്ഗിരണംചെയ്ക=കക്കുക. തോയം=വെള്ളം. യന്ത്രധാരാഗൃഹത്വം=യന്ത്രധാരാഗൃഹത്തിന്റെ അവസ്ഥ. യന്ത്രധാരാഗൃഹം=യന്ത്രമയമായ ധാരാഗൃഹം. ധാരാഗൃഹം=ജലധാര പുറപ്പെടുന്ന ഗൃഹം. നയിക്ക=പ്രാപിപ്പിക്ക. ഘർമ്മലബ്ധൻ=ഘർമ്മത്തിൽ ലബ്ധൻ. ഘർമ്മം=വേനൽക്കാലം.ലബ്ധൻ=ലഭിക്കപ്പെട്ടവൻ. അവർ=ആസുരയുവതികൾ. മോക്ഷം=മോചനം=വിടുതൽ. ക്രീഡാലോലകൾ=ക്രീഡയിൽ ലോലകൾ. ക്രീഡ=കളി. ലോലകൾ=വളരെ താല്പര്യമുള്ളവർ. ശ്രവണകടുക്കൾ=ശ്രവണങ്ങൾക്കു കടുക്കൾ. ശ്രവണങ്ങൾ=ചെവികൾ. കടുക്കൾ=ദുസ്സഹങ്ങൾ. ഗർജ്ജിതങ്ങൾ=ഇടിമുഴക്കങ്ങൾ. ഭയപ്പെടുത്തുക=പേടിപ്പിക്കുക.

ആ കൈലാസത്തിൽ ദേവസ്ത്രീകൾ പാർവതിയ്ക്കു കയറിപ്പോകുവാൻ കോണിപ്പടിയായി കിടക്കുന്ന നിന്നെ തങ്ങളുടെ കൈവളകളുടെ പല്ലുകൾകൊണ്ടുരച്ചു വെള്ളം കക്കിച്ചു് യന്ത്രമയമായ ഒരു ധാരാഗൃഹമാക്കി വച്ചുകൊള്ളും. പക്ഷേ വേനൽക്കാലത്തു കിട്ടിയ നിന്നെ അവർ എളുപ്പത്തിൽ വിട്ടില്ലെന്നു വന്നേക്കാം. അങ്ങനെ ആണെങ്കിൽ കളിയിൽ ആസക്തിയോടുകൂടി മതിമറന്നു നിൽക്കുമ്പോൾ കടുത്ത ഇടിവെട്ടി അവരെ ഭയപ്പെടുത്തി രക്ഷപ്പെട്ടുകൊള്ളണം.

ഹേമാംഭോജപ്രസവി സലിലം മാനസസ്യാദദാനഃ
കുർവൻ കാമം ക്ഷണമുഖപടപ്രീതിമൈരാവതസ്യ
ധുന്വൻ കല്പദ്രുമകിസലയാന്യംശുകാനീവ വാതൈ-
ർന്നാനാചേഷ്ടൈർജലദ ലലിതൈന്നിർവിശേസ്തംനഗേന്ദ്രം ൬൨

ഹേജലദ (അ-പു-സം-പ്ര-ഏ) ഹേമാംഭോജപ്രസവി (ന-ന ദ്വി-ഏ) മാനസസ്യ (അ-ന-ഷ-ഏ) സലിലം (അ-ന-ദ്വി-ഏ) ആദദാനഃ (അ-പു-പ്ര-ഏ) ഐരാവതസ്യ (അ-പു-ഷ-ഏ) ക്ഷണമുഖപടപ്രീതിം (ഇ-സ്ത്രീ-ദ്വി-ഏ) കുർവൻ (ത-പു-പ്ര-ഏ) കല്പദ്രുമകിസലയാനി (അ-ന-ദ്വി-ബ) അംശുകാനി (അ-ന-ദ്വി-ബ)

ഇവ (അ) വാതൈഃ (അ-പു-തൃ-ബ) ധുന്വൻ (ത-പു-പ്ര-ഏ) നാനാചേഷ്ടൈഃ ലളിതൈഃ (അ-ന-തൃ-ബ) തം (തദ്-പു-ദ്വി-ഏ) നഗേന്ദ്രം (അ-പു-ദ്വി-ഏ) കാമം (അ) നിൎവ്വിശേഃ (ലിങ്-പര-മ-പു-ഏ)

അല്ലയോ ജലദമേ നീ ഹേമാംഭോജപ്രസവിയായ മാനസത്തിന്റെ സലിലത്തെ ആദദാനനായിട്ടും ഐരാവതത്തിന്നു് ക്ഷണമുഖപടപ്രീതിയെ കുൎവ്വന്നായിട്ടും കല്പദ്രുമകിസലയങ്ങളെ അംശുകങ്ങളേപ്പോലെ ധുന്വന്നായിട്ടും നാനാചേഷ്ടങ്ങളായ ലളിതങ്ങളെക്കൊണ്ടു് ആ നഗേന്ദ്രനെ ഇഷ്ടംപോലെ നിൎവ്വേശിക്കുക.

ജലദം=മേഘം. ഹേമാംഭോജപ്രസവി=ഹേമാംഭോജങ്ങളുടെ പ്രസവി. ഹേമാംഭോജങ്ങൾ=ഹേമമയങ്ങളായ അംഭോജങ്ങൾ. ഹേമമയങ്ങൾ=സ്വൎണ്ണമയങ്ങൾ. അഭോജങ്ങൾ=താമരപ്പൂക്കൾ. പ്രസവി=ജനകം. മാനസം=മാനസമെന്ന സരസ്സു്. സലിലം=ജലം. ആദദാനൻ=ആദാനം ചെയ്യുന്നവൻ. ആദാനംചെയ്ക=സ്വീകരിക്ക. ഐരാവതം=ഇന്ദ്രന്റെ വാഹനമായ ആന. ക്ഷണമുഖപടപ്രീതി=ക്ഷണനേരത്തേയ്ക്കുള്ള മുഖപടപ്രീതി. മുഖപടപ്രീതി=മുഖപടംകൊണ്ടുള്ള പ്രീതി. മുഖപടം=നെററിപ്പട്ടു്. പ്രീതി=സന്തോഷം. കുൎവ്വൻ=ഉണ്ടാക്കുന്നവൻ. കല്പദ്രുമകിസലയങ്ങൾ=കല്പദ്രുമങ്ങളുടെ കിസലയങ്ങൾ. കല്പദ്രുമങ്ങൾ=കല്പവൃക്ഷങ്ങൾ. കിസലയങ്ങൾ=തളിരുകൾ. അംശുകങ്ങൾ=സൂക്ഷ്മവസ്ത്രങ്ങൾ (നേരിയവസ്ത്രങ്ങൾ) ധുന്വൻ=ധൂനനം ചെയ്യുന്നവൻ ധൂനനംചെയ്ക=ഇളക്കുക. നാനാചേഷ്ടങ്ങൾ=നാനാവിധകളായ ചേഷ്ടകളോടുകൂടിയവ. ചേഷ്ടകൾ=വ്യാപാരങ്ങൾ. ലളിതങ്ങൾ=ക്രീഡകൾ. നിൎവ്വേശിക്ക=അനുഭവിക്ക.

നി ആ കൈലാസത്തിന്റെ വിരുന്നുകാരന്റെ സ്ഥാനത്തിൽ സ്വൎണ്ണത്താമരപ്പൂക്കളുള്ള മാനസസരസ്സിലെ വെള്ളം കുടിച്ചും, ശിവദൎശനത്തിനായി ഇന്ദ്രനെ വഹിച്ചുകൊണ്ടോ, തനിയേയോ അവിടെ എത്തുന്ന ഐരാവതത്തിന്നു് അല്പനേരത്തേയ്ക്കു നെററിപ്പട്ടുകെട്ടിയാലുണ്ടാകുന്ന സന്തോഷം നൽകിക്കൊണ്ടു് അതിന്റെ മുൻഭാഗത്തു ഒട്ടിയും കല്പകവൃക്ഷത്തിന്റെ ഇളംതളിരുകളെ നേരിയ വസ്ത്രങ്ങളെ എന്നപോലെ കാററുകൊണ്ടു ഇളക്കിയും, വിവിധങ്ങളായ വിനോദവ്യാപാരങ്ങളോടുകൂടി ആ പൎവ്വതത്തെ ഇഷ്ടംപോലെ അനുഭവിക്കണം.

തസ്യോത്സങ്ഗേ പ്രണയിന ഇവ സ്രസ്തഗങ്ഗാദുകൂലാം
ന ത്വം ദൃഷ്ട്വാ ന പുനരളകാം ജ്ഞാസ്യസേ കാമചാരിൻ

യാ വഃ കാലേ വഹതി സലിലോദ്ഗാരമുച്ചൈൎവിമാനാ
മുക്താജാലഗ്രഥിതമളകം കാമിനീവാഭ്രവൃന്ദം.

ഹേ കാമചാരിൻ (ന-പു-സം-പ്ര-ഏ) പ്രണയിനഃ (ന-പു-ഷ-ഏ) ഇവ (അ) തസ്യ (തദ്-പു-ഷ-ഏ) സ്രസ്തഗംഗാദുകൂലാം (ആ-സ്ത്രീ-ദ്വി-ഏ) അളകാം (ആ-സ്ത്രീ-ദ്വി-ഏ) ദൃഷ്ട്വാ (ക്ത്വാ-അ) ത്വം (യുഷ്മ-പ്ര-ഏ) ന (അ) ജ്ഞാസ്യസേ (ലൃട്-ആത്മ-മ-പു-ഏ) ഇതി ന (അ) ഉച്ചൈൎവിമാനാ (ആ-സ്ത്രീ-പ്ര-ഏ) യാ (യദ്-സ്ത്രീ-പ്ര-ഏ) വഃ (യുഷ്മദ്-ഷ-ബ) കാലേ (അ-പു-സ-ഏ) സലിലോദ്ഗാരം അഭ്രവൃന്ദം (അ-ന-ദ്വി-ഏ) കാമിനീ (ഈ-സ്ത്രീ-പ്ര-ഏ) മുക്താജാലഗ്രഥിതം (അ-പു-ദ്വി-ഏ) അളകം (അ-പു-ദ്വി-ഏ) ഇവ (അ) വഹതി (ലട്-പര-പ്ര-പു-ഏ)

അല്ലയോ കാമചാരിയായുള്ളവനേ പ്രണയിയുടെ എന്നപോലെ അവന്റെ ഉത്സങ്ഗത്തിൽ സ്രസ്തഗംഗാദുകൂലയായ അളകയെക്കണ്ടിട്ടു നീ അറിയാതിരിക്കയില്ല. ഉച്ചൈൎവിമാനയായ യാതൊന്നു നിങ്ങളുടെ കാലത്തിൽ സലിലോദ്ഗാരമായ അഭ്രവൃന്ദത്തെ കാമിനീ മുക്താജാലഗ്രഥിതമായ അളകത്തെ എന്നപോലെ വഹിക്കുന്നു.

കാമചാരി=കാമംപോലെ ചരിക്കുന്നവൻ. കാമം=ഇഷ്ടം. ചരിക്ക=സഞ്ചരിക്ക. പ്രണയി=പ്രണയമുള്ളവൻ=ഭൎത്താവു്. അവൻ=കൈലാസപൎവതം. ഉത്സംഗം=മടി. സ്രസ്തഗംഗാദുകൂല=സ്രസ്തമായ ഗംഗാദുകൂലത്തോടുകൂടിയവൾ. സ്രസ്തം=സ്രംസിച്ചതു്. സ്രംസിയ്ക്കു=അഴിഞ്ഞുവീഴുക. ഗംഗാദുകൂലം=ദുകൂലംപോലെയുള്ള ഗംഗ. ദുകൂലം=വെൺപട്ടു്. ഗംഗയാകുന്ന ദുകൂലമെന്നു കാമിനിപക്ഷത്തിൽ.) അളക=അളകാപുരി. അളകാപുരിയാകുന്ന കാമിനി എന്നു സാരം. ഉച്ചൈൎവിമാന=ഉച്ചൈസ്സുകളായ വിമാനങ്ങളോടുകൂടിയതു്. ഉച്ചൈസ്സുകൾ=ഉന്നതങ്ങൾ. വിമാനങ്ങൾ=ഏഴുനില മാളികകൾ. യാതൊന്നു=യാതൊരു അളക. നിങ്ങൾ=മേഘങ്ങൾ. കാലം=സമയം. മേഘങ്ങളുടെ സമയം=വൎഷകാലം. സലിലോദ്ഗാരം=സലിലത്തെ ഉദ്ഗിരണംചെയ്യുന്നതു്. സലിലം=ജലം. ഉദ്ഗിരണംചെയ്യു=ഉദ്വമിക്ക. അഭ്രവൃന്ദം=മേഘപടലം. കാമിനി=സുന്ദരി. മുക്താജാലഗ്രഥിതം=മുക്താജാലങ്ങളാൽ ഗ്രഥിതം. മുക്താജാലങ്ങൾ=മുക്താസരങ്ങൾ. ഗ്രഥിതം=ഗ്രഥനംചെയ്യപ്പെട്ടതു്. ഗ്രഥനംചെയ്യു=കെട്ടുക. (മുത്തുകൊണ്ടുള്ള തൊങ്ങൽ തൂക്കിയിട്ടുള്ളതെന്നു സാരം.) അളകം=കുറുനിര. വഹിക്ക=ധരിയ്ക്കു.

അല്ലയോ ഇഷ്ടംപോലെ സഞ്ചരിക്കുന്ന മേഘമേ! ആ കൈലാസപൎവതത്തിന്റെ തടത്തിൽ കിഴ്പ്പോട്ട് ഒഴുകുന്ന ഗംഗയോടുകൂടിയ അളകാപുരിയെ ഒരു ഭൎത്താവിന്റെ മടിയിൽ, അഴിഞ്ഞുവീണ വെൺപട്ടോടുകൂടിയ ഒരു കാമിനിയെ എന്നപോലെ കാണുമ്പോൾ നീ അറിയാതിരിക്കയില്ല. എന്തെന്നാൽ നീ ഇതിനുമുമ്പും അവിടെ പോയിട്ടുണ്ടാവാം. വൎഷകാലത്തിൽ ആ അളക ഉന്നതങ്ങളായ തന്റെ ഏഴുനിലമാളികകളുടെ മുകളിൽ മഴചൊരിയുന്ന മേഘവൃന്ദത്തെ, ഒരു സുന്ദരി മുത്തുസരങ്ങൾ തൂക്കിയിട്ടുള്ള കുറുനിരയെ എന്നപോലെ വഹിക്കാറുണ്ട്. ആ കൂട്ടത്തിൽ നീയും വല്ലപ്പോഴും ഉൾപ്പെട്ടിരിക്കുമല്ലോ.

പൂൎവമേഘം കഴിഞ്ഞു.

ഉത്തരമേഘം

വിദ്യുത്വന്തം ലളിത്വനിതാഃ സേന്ദ്രചാപം സചിത്രാഃ
സംഗീതായ പ്രഹതമുരജാഃ സ്നിഗ്ദ്ധഗംഭിരഘോഷം
അന്തസ്തോയം മണിമയഭുവസ്തുംഗമഭ്രംലിഹാഗ്രാഃ
പ്രാസാദാസ്ത്വാം തുലയിതുമലം യത്ര തൈസ്തൈൎവിശേഷൈഃ ൧

യത്ര (അ) ലളിതവനിതാഃ സചിത്രാഃ (അ-പു-പ്ര-ബ) സംഗീതായ (അ-ന-ച-ഏ) പ്രഹതമുരജാഃ (അ-പു-പ്ര-ബ) മണിമയഭുവഃ (ഊ-പു-പ്ര-ബ) അഭ്രംലിഹാഗ്രാഃ പ്രാസാദാഃ (അ-പു-പ്ര-ബ) വിദ്യുത്വന്തം (ത-പു-ദ്വി-ഏ) സേന്ദ്രചാപം (അ-പു-ദ്വി-ഏ) സ്നിഗ്ദ്ധഗംഭീരഘോഷം അന്തസ്തോയം തുംഗം (അ-പു-ദ്വി-ഏ) ത്വാം (യുഷ്മദ്-ദ്വി-ഏ) തൈഃ തൈഃ (തദ്-പു-തൃ-ബ) തുലയിതും (തു·മു-അ) അലം (അ)

യാതൊരിടത്തു ലളിതവനിതങ്ങളും സചിത്രങ്ങളും സംഗീതത്തിനായി പ്രഹതമുരജങ്ങളും മണിമയഭൂക്കളും അഭ്രംലിഹാഗ്രങ്ങളുമായ പ്രാസാദങ്ങൾ വിദ്യുത്വാനും സേന്ദ്രചാപനും സ്നിഗ്ദ്ധഗംഭീരഘോഷനും അന്തസ്തോയനും തുംഗനുമായ നിന്നെ അതതു വിശേഷങ്ങളെക്കൊണ്ടു തുലനംചെയ്യാൻ ശക്തങ്ങളാണ്.

യാതൊരിടം=യാതൊരു് അളകാപുരി. ലളിതവനിതങ്ങൾ=ലളിതകളായ വനിതകളോടുകൂടിയവ ലളിതകൾ=സുന്ദരികൾ. വനിതകൾ=സ്ത്രീകൾ. സചിത്രങ്ങൾ=ചിത്രങ്ങളോടുകൂടിയവ. സംഗീതം=സദിരു്. പ്രഹതമുരജങ്ങൾ=പ്രഹതങ്ങളായ മുരജങ്ങളോടുകൂടിയവ. പ്രഹതങ്ങൾ=പ്രഹരിക്കപ്പെട്ടവ. പ്രഹരിയ്ക്കു=അടിയ്ക്കു. മുരജങ്ങൾ=മൃദംഗങ്ങൾ. മണിമയഭൂക്കൾ=മണിമയങ്ങളായ ഭൂക്കളോടുകൂടിയവ. മണിമയങ്ങൾ=രത്നമയങ്ങൾ. ഭൂക്കൾ=തറകൾ. അഭ്രംലിഹാഗ്രങ്ങൾ=അഭ്രംലിഹങ്ങളായ അഗ്രങ്ങളോടുകൂടിയവ. അഭ്രംലിഹങ്ങൾ=അഭ്രത്തെ ലേഹനം ചെയ്യുന്നവ. അഭ്രം=ആകാശം. ലേഹനംചെയ്യു=നക്കുക. (ഇവിടെ തൊടുക)അഗ്രം=അററം (മുകൾഭാഗം)പ്രാസാദങ്ങൾ=മാളികകൾ. വിദ്യുത്വാൻ=വിദ്യുത്തുകളോടുകൂടിയവൻ. വിദ്യുത്തുകൾ=മിന്നലുകൾ. സേന്ദ്രചാപൻ=ഇന്ദ്രചാപത്തോടുകൂടിയവൻ. ഇന്ദ്രചാപം=മഴവില്ലു്. സ്നിഗ്ദ്ധഗംഭീരഘോഷൻ=സ്നിഗ്ദ്ധവും ഗംഭീരവുമായ ഘോഷത്തോടുകൂടിയവൻ. സ്നിഗ്ദ്ധം=മധുരം. ഗംഭീരം=മുഴങ്ങുന്നതു്. ഘോഷം=ശബ്ദം. അന്തസ്തോയം=അന്തർഭാഗത്തിൽ തോയമുള്ളവൻ. അന്തർഭാഗം=ഉൾഭാഗം. തോയം=ജലം. തുംഗൻ=ഉയർന്നവൻ. വിശേഷങ്ങൾ=ധർമ്മങ്ങൾ.

ആ അളകാപുരത്തിൽ പല സംഗതികളിലും നിന്നോടു സാദൃശ്യമുള്ള മാളികകൾ ഉണ്ടു്. നിന്നിൽ മിന്നലുകൾ ഉള്ളതിനു പകരം അവയിൽ സുന്ദരിമാരായ സ്ത്രീകൾ ഉണ്ടു്. അവയിലുള്ള അനവധി വിചിത്രങ്ങൾ നിനക്കു് അലങ്കാരമായിരിക്കുന്ന മഴവില്ലിനു സമമാണു്. നിനക്കു് മധുരഗംഭീരമായ ഇടിമുഴക്കമുണ്ടെങ്കിൽ അവയിൽ സംഗീതത്തിനായി അടിക്കുന്ന മൃദംഗങ്ങളുടെ ധ്വനി ഉണ്ടു്. നിന്റെ ഉള്ളിലുള്ള വെള്ളത്തോടു് അവയിലുള്ള രത്നത്തറകൾ കിടപിടിക്കും. നിനക്കു് ഉയർച്ച കൂടുതലുള്ളതുപോലെ തന്നെ അവയുടെ അഗ്രങ്ങളും ആകാശത്തു തൊടുന്നവയാണു്. അതിനാൽ നിനക്കു് അവിടെ ചെന്നാൽ തക്ക സുഹൃത്തുകൾക്കു കുറവുണ്ടാകയില്ലെന്നു സാരം. മേഘത്തിനും പ്രാസാദങ്ങൾക്കും ബിംബപ്രതിബിംബഭാവം ഉള്ളതിനാലും വാചകശബ്ദം പ്രയോഗിച്ചിരിക്കുന്നതിനാലും ഉപമ.

ഹസ്തേ ലീലാകമലമളകേ ബാലകുന്ദാനുവിദ്ധം
നീതാ ലോധ്രപ്രസവരജസാ പാണ്ഡുതാമാനനേ ശ്രീഃ
ചൂഡാപാശേ നവകുരവകം ചാരു കർണ്ണേ ശിരീഷം
സീമന്തേ ച ത്വദുപഗമജം യത്ര നീപം വധൂനാം. ൨

യത്ര (അ) വധൂനാം (ഊ-സ്ത്രീ-ഷ-ബ) ഹസ്തേ (അ-പു-സ-ഏ) ലീലാകമലം (അ-ന-പ്ര-ഏ) അളകേ (അ-പു-സ-ഏ) ബാലകുന്ദാനുവിദ്ധം (അ-ന-പ്ര-ഏ) ആനനേ (അ-ന-സ-ഏ) ലോധ്രപ്രസവരജസാ (സ-ന-തൃ-ഏ) പാണ്ഡുതാം (ആ-സ്ത്രീ-ദ്വി-ഏ) നീതാ (ആ-സ്ത്രീ-പ്ര-ഏ) ശ്രീഃ (ഈ-സ്ത്രീ-പ്ര-ഏ) ചൂഡാപാശേ (അ-പു-സ-ഏ) നവകുരവകം (അ-ന-പ്ര-ഏ) കർണ്ണേ (അ-പു-സ-ഏ) ചാരു (ഉ-ന-പ്ര-ഏ) ശിരീഷം (അ-ന-പ്ര-ഏ) സീമന്തേ (അ-പു-സ-ഏ) ത്വദുപഗമജം (അ-ന-പ്ര-ഏ) നീപം (അ-ന-പ്ര-ഏ) ച (അ) ഭൂഷണാനി (അ-ന-പ്ര-ബ) ഭവന്തി (ലട്-പര-പ-പ്ര-ബ)

യാതൊരിടത്തു് വധുക്കൾക്കു ഹസ്തത്തിൽ ലീലാകമലവും അളകത്തിൽ ബാലകുന്ദാനുവിദ്ധവും ആനനത്തിൽ ലോധ്രപ്രസവരജസ്സിനാൽ പാണ്ഡുതയെ നീതയായ ശ്രീയും ചൂഡാപാശത്തിൽ നവകുരവകവും കർണ്ണത്തിൽ ചാരുവായ ശിരീഷവും സീമന്തത്തിൽ ത്വദുപഗമജമായ നീപവും ഭൂഷണങ്ങളായി ഭവിക്കുന്നു.

യാതൊരിടം=അളകാപുരം. വധുക്കൾ=സ്ത്രീകൾ. ഹസ്തം=കൈ. ലീലാകമലം=ലീലക്കായിട്ടുള്ളകമലം. ലീല=കളി. കമലം=താമരപ്പൂവു്. അളകം=കുറുനിര. ബാലകുന്ദാനുവിദ്ധം=ബാലകുന്ദങ്ങളുടെ അനുവിദ്ധം. ബാലകുന്ദങ്ങൾ=പുതിയ മുല്ലപ്പൂക്കൾ. അനുവിദ്ധം=അനുവേധം=സംസർഗ്ഗം. ആനനം=മുഖം. ലോധ്രപ്രസവരജസ്സ്=ലോധ്രപ്രസവത്തിന്റെ രജസ്സ്. ലോധ്രപ്രസവം=ലോധ്രത്തിന്റെ പ്രസവം. ലോധ്രം=പാച്ചോററി. പ്രസവം=പൂവു്. രജസ്സ്=പൊടി. പാണ്ഡുത=പാണ്ഡുവിന്റെ അവസ്ഥ. പാണ്ഡു=വിളറിയതു്. ശ്രീ=കാന്തി. ചൂഡാപാശം=കേശപാശം നവകുരവകം=നവമായ കുരവകം. നവം=പുതിയതു്. കുരവകം=ചെങ്കുറിഞ്ഞിപ്പൂവു്. കർണ്ണം=കാതു്. ചാരു=മനോഹരം. ശിരീഷം=വാകപ്പൂവു്. സീമന്തം=ഉച്ചി. ത്വദുപഗമജം=ത്വദുപഗമംകൊണ്ടു ജനിച്ചതു്. ത്വദുപഗമം=നിന്റെ ഉപഗമം. നീ=മേഘം. ഉപഗമം=വരവു്. നീപം=കടമ്പിൻപൂ. ഭൂഷണങ്ങൾ=അലങ്കാരങ്ങൾ.

ആ അളകാപുരത്തിൽ സ്ത്രീകൾ ശരൽക്കാലത്തിൽ കൈയിൽ കളിത്താമരപ്പൂവും ഹേമന്തത്തിൽ അളകത്തിൽ പുതിയ മുല്ലപ്പൂവും അണിയുന്നു. ശിശിരർത്തുവിൽ പാച്ചോററിപ്പൂവിന്റെ പൊടികൊണ്ടു മുഖം മിനുക്കുന്നു. വസന്തകാലത്തിൽ അവരുടെ അലങ്കാരം കേശപാശത്തിൽ ചെങ്കുറിഞ്ഞിപ്പൂവാണു്. ഗ്രീഷ്മത്തിൽ കാതുകളിൽ ധരിക്കുന്ന വാകപ്പൂവു് അവർക്കു ശോഭാജനകമായി

രിക്കും. വൎഷാകാലത്തിലുണ്ടാകുന്ന കടമ്പിൻപൂ അവരുടെ സീമന്തത്തെ അലങ്കരിക്കുന്നു.

യസ്യാം യക്ഷാഃ സിതമണിമയാന്യേത്യ ഹൎമ്മ്യസ്ഥലാനി
ജ്യോതിച്ഛായാകുസുമരചിതാന്യുത്തമസ്ത്രീസഹായാഃ
ആസേവന്തേ മധു രതിഫലം കല്പവൃക്ഷപ്രസൂതം
ത്വദ്ഗംഭീരധ്വനിഷു ശനകൈഃ പുഷ്കരേഷ്വാഹതേഷു. ൩

യസ്യാം (യദ്-സ്ത്രീ-സ-ഏ) യക്ഷാഃ (അ-പു-പ്ര-ബ) ഉത്തമസ്ത്രീസഹായാഃ (അ-പു-പ്ര-ബ) സിതമണിമയാനി ജ്യോതിച്ഛായാകുസുമരചിതാനി ഹർമ്മ്യസ്ഥലാനി (അ-ന-ദ്വി-ബ) ഏത്യ (ല്യ-അ) ത്വദ്ഗംഭീരധ്വനിഷു (ഇ-ന-സ-ബ) പുഷ്കരേഷു (അ-ന-സ-ബ) ശനകൈഃ (അ) ആഹതേഷു (അ-ന-സ-ബ) കല്പവൃക്ഷപ്രസൂതം രതിഫലം (അ-ന-ദ്വി-ഏ) മധു (ഉ-ന-ദ്വി-ഏ) ആസേവന്തേ (ലട്-ആത്മ-പ്ര-പു-ബ)

യാതൊന്നിൽ യക്ഷന്മാർ ഉത്തമസ്ത്രീസഹായന്മാരായിട്ടു് സിതമണിമയങ്ങളും ജ്യോതിച്ഛായാകുസുമരചിതങ്ങളുമായ ഹർമ്മ്യസ്ഥലങ്ങളെ പ്രാപിച്ചിട്ടു് ത്വദ്ഗംഭീരധ്വനികളായ പുഷ്കരങ്ങൾ സാവധാനത്തിൽ ആഹതങ്ങളായിരിക്കും സമയത്തിൽ കല്പവൃക്ഷപ്രസൂതവും രതിഫലവുമായ മധുവിനെ ആസേവിക്കുന്നു.

യാതൊന്നു്=അളകാപുരി. യക്ഷന്മാർ=ഒരുവക ദേവയോനികൾ. ഉത്തമസ്ത്രീസഹായന്മാർ=ഉത്തമസ്ത്രീകളാകുന്ന സഹായരോടുകൂടിയവർ. സഹായർ=കൂട്ടുകാർ. സിതമണിമയങ്ങൾ=സിതമണികളെക്കൊണ്ടു നിർമ്മിക്കപ്പെട്ടവ. സിതമണികൾ=സ്ഫടികങ്ങൾ അല്ലെങ്കിൽ ചന്ദ്രകാന്തക്കല്ലുകൾ. ജ്യോതിച്ഛായാകുസുമരചിതങ്ങൾ=ജ്യോതിച്ഛായാകുസുമങ്ങളാൽ രചിതങ്ങൾ. ജ്യോതിച്ഛായാകുസുമങ്ങൾ=ജ്യോതിച്ഛായകളാകുന്ന കുസുമങ്ങൾ. ജ്യോതിച്ഛായകൾ=ജ്യോതിസ്സുകളുടെ ഛായകൾ. ജ്യോതിസ്സുകൾ=നക്ഷത്രങ്ങൾ. ഛായകൾ=പ്രതിബിംബങ്ങൾ. രചിതങ്ങൾ=പരിഷ്കൃതങ്ങൾ=അലങ്കരിക്കപ്പെട്ടവ. ഹർമ്മ്യസ്ഥലങ്ങൾ=മാളികപ്പുറങ്ങൾ. ത്വദ്ഗംഭീരധ്വനികൾ=നിന്നെപ്പോലെ ഗംഭീരധ്വനികൾ. നീ=മേഘം. ഗംഭീരധ്വനികൾ=ഗംഭീരമായ ധ്വനിയോടുകൂടിയവ. ഗംഭീരം=മുഴക്കമുള്ളതു്. ധ്വനി=ശബ്ദം. പുഷ്കരങ്ങൾ=ഒരുവക വാദ്യങ്ങൾ. ആഹതങ്ങൾ=ആഹനിക്കപ്പെട്ടവ. ആഹനിയ്ക്കു=അടിക്കു. കല്പവൃക്ഷപ്രസൂതം=കല്പവൃക്ഷത്തിൽനിന്നു പ്രസൂതം. പ്രസൂതം=ഉണ്ടായതു്, രതിഫലം=രതിയാകുന്ന ഫലത്തോടുകൂടിയതു്. രതി=അ

നരാഗവൃദ്ധി (രതിഫലമെന്നുപേരുള്ളതു്.) മധു=മദ്യം. ആസേവിക്ക=പാനംചെയ്ക.

ആ അളകാപുരിയിൽ യക്ഷന്മാർ ഉത്തമസ്ത്രീകളോടുകൂടി സ്ഫടികക്കല്ലുകൊണ്ടുള്ള തറയോടുകൂടിയതും നക്ഷത്രങ്ങളുടെ പ്രതിബിംബങ്ങളാകുന്ന പൂപ്പട വിതറിയിട്ടുള്ളവയുമായ മാളികപ്പുറങ്ങളിൽചെന്നു നിന്റെ സംഗീതധ്വനി മുഴങ്ങുമ്പോൾ കല്പവൃക്ഷത്തിൽനിന്നുണ്ടായതും അനുരാഗത്തെ വർദ്ധിപ്പിക്കുന്നതും അതുകൊണ്ടുതന്നെ രതിഫലമെന്നു പേരുള്ളതുമായ മദ്യം സേവിക്കുന്നു. ഉദാത്താലങ്കാരം.

മന്ദാകിന്യാഃ സലിലശിശിരൈഃ സേവ്യമാനാ മരുദ്ഭിർ
മ്മന്ദാരാണാമനുതടരുഹാം ഛായയാ വാരിതോഷ്ണാഃ
അന്വേഷ്ടവ്യൈഃ കനകസികതാമുഷ്ടിനിക്ഷേപഗൂഢൈഃ
സംക്രീഡന്തേ മണിഭിരമരപ്രാർത്ഥിതാ യത്ര കന്യാഃ ൪

യത്ര (അ) അമരപ്രാർത്ഥിതാഃ കന്യാഃ (ആ-സ്ത്രീ-പ്ര-ബ) മന്ദാകിന്യാഃ (ഈ-സ്ത്രീ-ഷ ഏ) സലിലശിശിരൈഃ (അ-പു-തൃ-ബ) മരുദ്ഭിഃ (ത-പു-തൃ-ബ) സേവ്യമാനാഃ (ആ-സ്ത്രീ-പ്ര-ബ) അനുതടരുഹാം (ഹ-പു-ഷ-ബ) മന്ദാരാണാം (അ-പു-ഷ-ബ) ഛായയാ (ആ-സ്ത്രീ-തൃ ഏ) വാരിതോഷ്ണാഃ (ആ-സ്ത്രീ-പ്ര-ബ) കനകസികതാമുഷ്ടിനിക്ഷേപഗൂഢൈഃ അന്വേഷ്ടവ്യൈഃ (അ-പു-തൃ-ബ) മണിഭിഃ (ഇ-പു-തൃ-ബ) സംക്രീഡന്തേ (ലട്-ആത്മ-പ്ര-പു-ബ)

യാതൊന്നിങ്കൽ അമരപ്രാർത്ഥിതകളായ കന്യകകൾ മന്ദാകിനിയുടെ സലിലശിശിരങ്ങളായ മരുത്തുകളാൽ സേവ്യമാനകളും അനുതടരുട്ടുകളുമായ മന്ദാരങ്ങളുടെ ഛായയാൽ വാരിതോഷ്ണകളുമായിട്ടു്, കനകസികതാമുഷ്ടിനിക്ഷേപഗൂഢങ്ങളും അന്വേഷ്ടവ്യങ്ങളുമായ മണികളെകൊണ്ടു് സംക്രീഡിക്കുന്നു.

യാതൊന്നു്=അളകാപുരി അമരപ്രാർത്ഥിതകൾ=അമരന്മാരാൽ പ്രാർത്ഥിതകൾ. അമരന്മാർ=ദേവന്മാർ. പ്രാർത്ഥിതകൾ=പ്രാർത്ഥിക്കപ്പെട്ടവർ. പ്രാർത്ഥിക്ക=അപേക്ഷിയ്ക്ക. കന്യകകൾ=പെൺകുട്ടികൾ. മന്ദാകിനി=ആകാശഗംഗ. സലിലശിശിരങ്ങൾ=സലിലംകൊണ്ടു് ശിശിരങ്ങൾ. സലിലം=ജലം. ശിശിരങ്ങൾ=തണുത്തവ. (വെള്ളത്തിൽതട്ടി തണുത്തവ എന്നുസാരം.) മരുത്തുകൾ=വായുക്കൾ. സേവ്യമാനകൾ=സേവിക്കപ്പെടുന്നവർ. സേവിക്ക=ശുശ്രൂഷിക്ക. അനുതടരുട്ടുകൾ=അനുതടം രോഹണം ചെയ്തിട്ടുള്ളവ. അനുതടം=തടത്തിൽ. തടം=തീരം. രോഹണംചെയ്ക=മുളച്ചുണ്ടാക. മന്ദാരങ്ങൾ=ഒരുവക ദേവവൃക്ഷങ്ങൾ.

ഛായ=തണൽ. വാരിതോഷ്ണകൾ=വാരിതമായ ഉഷ്ണത്തോടുകൂടിയവർ. വാരിതം=വാരണംചെയ്യപ്പെട്ടതു്. വാരണംചെയ്ക=തടുക്കുക. ഉഷ്ണം=ചൂടു്. കനകസികതാമുഷ്ടിനിക്ഷേപഗൂഢങ്ങൾ=കനകസികതാമുഷ്ടിനിക്ഷേപത്താൽ ഗൂഢങ്ങൾ. കനകസികതാമുഷ്ടിനിക്ഷേപം=കനകസികതാമുഷ്ടിയുടെ നിക്ഷേപം. കനകസികതാമുഷ്ടി=കനകസികതയുടെ മുഷ്ടി. കനകസികത=കനകമയിയായസികത. കനകമയി=സ്വർണ്ണമയി. സികത=മണൽ. മുഷ്ടി=പിടി. നിക്ഷേപിക്ക=ഇടുക. ഗൂഢങ്ങൾ=ഗൂഹനംചെയ്യപ്പെട്ടവ. ഗൂഹനംചെയ്ക=മറയ്ക്ക. മണികൾ=രത്നങ്ങൾ. സംക്രീഡനംചെയ്ക=കളിക്ക.

ആ അളകാപുരിയിൽ ദേവന്മാർപോലും ആഗ്രഹിക്കുന്ന സുന്ദരിമാരായ യക്ഷകന്യകകൾ ഗംഗാതീരത്തിൽ മന്ദാരവൃക്ഷങ്ങളുടെ തണലിൽ തണുത്ത ഇളംകാററുമേററുകൊണ്ടു അവിടെയുള്ള തങ്കമണലിൽ രത്നങ്ങൾ ഒളിച്ചു് ഭാഗ്യക്കുറി കളിക്കുന്നു.

നീവീബന്ധോച്ഛ്വാസനശിഥിലം യത്ര ബിംബാധരാണാം
ക്ഷൗമം രാഗാദനിഭൃതകരേഷ്വാക്ഷിപത്സു പ്രിയേഷു
അർച്ചിസ്തുങ്ഗാനഭിമുഖമപി പ്രാപ്യ രത്നപ്രദീപാൻ
ഹ്രീമൂഢാനാം ഭവതി വിഫലപ്രേരണാ ചൂർണ്ണമുഷ്ടിഃ ൭

യത്ര (അ) അനിഭൃതകരേഷു പ്രിയേഷു (അ-പു-സ-ബ) നീവീബന്ധോച്ഛ്വാസനശിഥിലം. ക്ഷൌമം (അ-ന-ദ്വി-ഏ) രാഗാത് (അ-പ-പ-ഏ) ആക്ഷിപത്സു (ത-പു-സ-ബ) ഹ്രീമൂഢാനാം ബിംബാധരാണാം (ആ-സ്ത്രീ-ഷ-ബ) ചൂർണ്ണമുഷ്ടിഃ (ഇ-സ്ത്രീ-പ്ര-ഏ) അർച്ചിസ്തുംഗാൻ രത്നപ്രദീപാൻ (അ-പു-ദ്വി-ബ) അഭിമുഖം (ക്രി-വി) പ്രാപ്യ (ല്യ-അ) അപി (അ) വിഫലപ്രേരണാ (ആ-സ്ത്രീ-പ്ര-ഏ) ഭവതി (ലട് പര-പ്ര-പു-ഏ).

യാതൊരിടത്തു് അനിഭൃതകരന്മാരായ പ്രിയന്മാർ നീവീബന്ധോച്ഛ്വാസനശിഥിലമായ ക്ഷൗമത്തെ രാഗത്താൽ ആക്ഷിപത്തുകളായിരിക്കുമ്പോൾ ഹ്രീമൂഢകളായ ബിംബാധരകളുടെ ചൂർണ്ണമുഷ്ടി അർച്ചിസ്തുംഗങ്ങളായ രത്നപ്രദീപങ്ങളെ അഭിമുഖമായി പ്രാപിച്ചിട്ടും വിഫലപ്രേരണയായി ഭവിക്കുന്നു.

യാതൊരിടം=അളകാപുരി. അനിഭൃതകരന്മാർ=അനിഭൃതമായ കരത്തോടുകൂടിയവർ. അനിഭൃതം=അടങ്ങിയിരിക്കാത്തതു് (ചപലം.) കരം=കൈ. പ്രിയന്മാർ=ഭർത്താക്കന്മാർ. നീവീബന്ധോച്ഛ്വാസനശിഥിലം=നീവീബന്ധോച്ഛ്വാസനത്താൽ ശിഥിലം.

നീവീബന്ധോച്ഛ്വാസനം=നീവീബന്ധത്തിന്റെ ഉച്ഛ്വാസനം. നീവീബന്ധം=നീവിയാകുന്ന ബന്ധം. നീവി=വസ്ത്രത്തിന്റെ കുത്തു്. (ഗ്രന്ഥി) ഉച്ഛ്വാസനം=അഴിക്കൽ. ശിഥിലം=ഇളകിയതു്. (ഉറപ്പില്ലാത്തതു്.) ക്ഷൗമം=വെൺപട്ടു്. രാഗം=അനുരാഗം. ആക്ഷിപത്തുകൾ=ആക്ഷേപിക്കുന്നവർ. ആക്ഷേപിക്ക=മാററുക. ഹ്രീമൂഢകൾ=ഹ്രീകൊണ്ടുമൂഢകൾ. ഹ്രീ=ലജ്ജ. മൂഢകൾ=മോഹിച്ചവർ. മോഹിയ്ക്ക=വിവേകമില്ലാതായിത്തീരുക. ബിംബാധരകൾ=ബിംബംപോലെയുള്ള അധരത്തോടുകൂടിയവർ. ബിംബം=തൊണ്ടിപ്പഴം. അധരം=ചുണ്ടു്. ചൂൎണ്ണമുഷ്ടി=ചൂൎണ്ണത്തിന്റെമുഷ്ടി. ചൂൎണ്ണം=പൊടി. (കുങ്കുമംമുതലായതു്) മുഷ്ടി=പിടി. അൎച്ചിസ്തുംഗങ്ങൾ=അൎച്ചിസ്സുകൊണ്ടു തുംഗങ്ങൾ. അൎച്ചിസ്സ്=ശിഖ. തുംഗങ്ങൾ=ഉയൎന്നവ. രത്നപ്രദീപങ്ങൾ=രത്നമയങ്ങളായ പ്രദീപങ്ങൾ. പ്രദീപങ്ങൾ=വിളക്കുകൾ. അഭിമുഖം=എതിർ. പ്രാപിക്ക=ചെല്ലുക (എത്തുക.) വിഫലപ്രേരണ=വിഫലമായ പ്രേരണയോടുകൂടിയതു്. വിഫലം=നിഷ്ഫലം. പ്രേരണ=എറിയൽ.

അളകാപുരിയിൽ കൈ അടങ്ങിയിരിക്കാത്ത പ്രിയതമന്മാർ സുന്ദരിമാരുടെ പുടകക്കുത്തഴിച്ചു വസ്ത്രങ്ങൾ മാററുമ്പോൾ അവർ ലജ്ജകൊണ്ടു വ്യാകുലകളായിത്തീൎന്നു വാരിഎറിയുന്ന കുങ്കുമം മുതലായ പൊടികൾ വലിയ ശിഖകളോടുകൂടിയ രത്നവിളക്കുകളിൽ നേരേ ചെന്നെത്തുന്നുണ്ടെങ്കിലും ആ വിളക്കുകളെ കെടുത്തുവാൻ സാധിക്കാത്തതിനാൽ നിഷ്ഫലങ്ങളായിപ്പോകുന്നു.

നേത്രാ നീതാഃ സതതഗതിനാ യദ്വിമാനാഗ്രഭൂമീ-
രാലേഖ്യാനാം നവജലകണൈൎദ്ദോഷമുൽപാദ്യ സദ്യഃ
ശങ്കാസ്പൃഷ്ടാ ഇവ ജലമുചസ്ത്വാദൃശാ ജാലമാൎഗ്ഗൈ-
ൎധൂമോദ്ഗാരാനുകൃതിനിപുണാ ജൎജ്ജരാ നിഷ്പതന്തി. ൮

നേത്രാ (ഋ-പു-തൃ-ഏ) സതതഗതിനാ (ഇ-പു-തൃ-ഏ) യദ്വിമാനാഗ്രഭൂമിഃ (ഇ-സ്ത്രീ-ദ്വി-ബ) നീതാഃ (അ-പു-പ്ര-ബ) ത്വാദൃശാഃ (അ-പു-പ്ര-ബ) ജലമുചഃ (ച-പു-പ്ര-ബ) നവജലകണൈഃ (അ-പു-തൃ-ബ) ആലേഖ്യാനാം (അ-ന-ഷ-ബ) ദോഷം (അ-പു-ദ്വി-ഏ) ഉൽപാദ്യ (ല്യ-അ) സദ്യഃ (അ) ശങ്കാസ്പൃഷ്ടാഃ (അ-പു-പ്ര-ബ) ഇവ (അ) ധൂമോദ്ഗാരാനുകൃതിനിപുണാഃ ജൎജ്ജരാഃ (അ-പു-പ്ര-ബ) ജാലമാൎഗ്ഗൈഃ (അ-പു-തൃ-ബ) നിഷ്പതന്തി (ലട്-പര-പ്ര-പു-ബ)

നേതാവായ സതതഗതിയാൽ യദ്വിമാനാഗ്രഭൂമികളേ നീതരായ ത്വാദൃശരായ ജലമുക്കുകൾ നവജലകണങ്ങളെ

ക്കൊണ്ടു് ആലേഖ്യങ്ങൾക്കു ദോഷത്തെ ഉൽപാദിപ്പിച്ചിട്ടു് ഉടനെ ശങ്കാസ്പൃഷ്ടരെന്നപോലെ ധൂമോദ്ഗാരാനുകൃതിനിപുണരും ജജ്ജരരും ആയിട്ടു ജാലമാർഗ്ഗങ്ങളിൽക്കൂടി നിഷ്പതിക്കുന്നു.

നേതാവു്=നയിക്കുന്നവൻ. നയിക്ക=കൊണ്ടുപോവുക. സതതഗതി=സതതംഗതിയുള്ളവൻ. സതതം=എല്ലാപ്പോഴും. ഗതി=സഞ്ചാരം (സതതഗതി=വായു) യദ്വിമാനാഗ്രഭൂമികൾ=യദ്വിമാനത്തിന്റെ അഗ്രഭൂമികൾ. യദ്വിമാനങ്ങൾ=യാതൊന്നിലെ വിമാനങ്ങൾ. യാതൊന്നു്=അളക. വിമാനങ്ങൾ=മേടകൾ. അഗ്രഭൂമികൾ=മേൽതട്ടുകൾ. നീതർ=നയിക്കപ്പെട്ടവർ, നയിക്ക=പ്രാപിപ്പിക്ക. ത്വാദൃശർ=നിന്നെപ്പോലെയുള്ളവർ. ജലമുക്കുകൾ=മേഘങ്ങൾ. നവജലകണങ്ങൾ=നവങ്ങളായ ജലകണങ്ങൾ. നവങ്ങൾ=പുതിയവ. ജലകണങ്ങൾ=വെള്ളത്തുള്ളികൾ. ആലേഖ്യങ്ങൾ=ചിത്രങ്ങൾ. ദോഷം=കേടു്. ഉൽപാദിപ്പിക്ക=ഉണ്ടാക്കുക. ശങ്കാസ്പൃഷ്ടർ=ശങ്കയാൽ സ്പൃഷ്ടർ. ശങ്ക=സംശയം. (ഭയം)സ്പൃഷ്ടർ=സ്പർശിക്കപ്പെട്ടവർ ധൂമോദ്ഗാരാനുകൃതിനിപുണർ=ധൂമോദ്ഗാരാനുകൃതിയിൽ നിപുണർ. ധൂമോദ്ഗാരാനുകൃതി=ധൂമോദ്ഗാരത്തിന്റെ അനുകൃതി. ധൂമോദ്ഗാരം=ധൂമത്തിന്റെ ഉദ്ഗാരം ധൂമം=പുക. ഉദ്ഗാരം=പുറപ്പാടു്. അനുകൃതി=അനുകരണം നിപുണർ=നൈപുണ്യം (സാമർത്ഥ്യം) ഉള്ളവർ. ജജ്ജരർ=ചിന്നിച്ചിതറിയവർ. ജാലമാർഗ്ഗങ്ങൾ=ജാലങ്ങളാകുന്ന മാർഗ്ഗങ്ങൾ. ജാലങ്ങൾ=കിളിവാതലുകൾ. മാർഗ്ഗങ്ങൾ=വഴികൾ. നിഷ്പതിയ്ക്ക=പുറത്തുചാടുക.

ആ അളകാപുരിയിൽ നിന്നെപ്പോലെയുള്ള മേഘങ്ങൾ കാററുവാക്കിനു മാളികകളുടെ മേൽത്തട്ടുകൾക്കുള്ളിൽ കടന്നു അവിടെയുള്ള ചിത്രങ്ങളിലെല്ലാം വെള്ളത്തുള്ളികൾ പററിച്ചു അവയ്ക്കു കേടുവരുത്തിയിട്ടു് തങ്ങൾ കുററം ചെയ്തുപോയതിനാൽ ഭയപ്പെട്ടിട്ടെന്നപോലെ കിളിവാതലുകളിൽക്കൂടി ധൂമാകൃതിയിൽ ചിന്നിച്ചിതറി ഒളിച്ചു ചാടിപ്പോകുന്നു.

യത്ര സ്ത്രീണാം പ്രിയതമഭുജാലിംഗനോച്ഛ്വാസിതാനാ-
മംഗഗ്ലാനിം സുരതജനിതാം തന്തുജാലാവലമ്ബാഃ
ത്വത്സംരോധാപഗമവിശദൈശ്ചന്ദ്രപാദൈർന്നിശീഥേ
വ്യാലുമ്പന്തി സ്ഫുടജലലവസ്യന്ദിനശ്ചന്ദ്രകാന്താഃ ൭

യത്ര (അ) നിശീഥേ (അ-പു-സ-ഏ) ത്വൽസംരോധാപഗമവിശദൈഃ ചന്ദ്രപാദൈഃ (അ-പു-തൃ-ബ) സ്ഫുടജലലവസ്യന്ദിനഃ (ന-പു-പ്ര-ബ) തന്തുജാലാവലംബാഃ (അ-പു-പ്ര.ബ) ചന്ദ്രകാന്താഃ (അ-പു-പ്ര-ബ) പ്രിയതമാലിംഗനോച്ഛ്വാസിതാനാം (ആ-സ്ത്രീ-

ഷ-ബ) സ്ത്രീണാം (ഈ-സ്ത്രീ-ഷ-ബ) സുരതജനിതാം (ആ-സ്ത്രീ-ദ്വി-ഏ) അംഗഗ്ലാനിം (ഇ-സ്ത്രീ-ദ്വി-ഏ) വ്യാലുമ്പന്തി (ലട്-പര-പ്ര-പു-ബ)

യാതൊന്നിങ്കൽ നിശീഥത്തിൽ ത്വത്സംരോധാപഗമവിശദങ്ങളായ ചന്ദ്രപാദങ്ങളാൽ സ്ഫുടജലലവസ്യന്ദികളും തന്തുജാലാവലംബങ്ങളുമായ ചന്ദ്രകാന്തങ്ങൾ പ്രിയതമഭുജാലിംഗനോച്ഛ്വാസിതകളായ സ്ത്രീകളുടെ സുരതജനിതയായ അംഗഗ്ലാനിയേ വ്യാലോപിപ്പിക്കുന്നു.

യാതൊന്നു്=യാതൊരു അളകാപുരി. നിശീഥം=അർദ്ധരാത്രം. ത്വത്സംരോധാപഗമവിശദങ്ങൾ=ത്വത്സംരോധാപഗമത്താൽ വിശദങ്ങൾ. ത്വത്സംരോധാപഗമം=ത്വത്സംരോധത്തിന്റെ അപഗമം. ത്വത്സംരോധം=നിന്റെ സംരോധം. നീ=മേഘം. സംരോധം=ആവരണം (മൂടൽ) വിശദങ്ങൾ=നിർമ്മലങ്ങൾ=തെളിവുള്ളവ. ചന്ദ്രപാദങ്ങൾ=ചന്ദ്രന്റെ പാദങ്ങൾ. പാദങ്ങൾ=കിരണങ്ങൾ. സ്ഫുടജലലവസ്യന്ദികൾ=സ്ഫുടജലലവങ്ങളെ സ്യന്ദിപ്പിക്കുന്നവ. സ്ഫുടജലലവങ്ങൾ=സ്ഫുടങ്ങളായ ജലലവങ്ങൾ. സ്ഫുടങ്ങൾ=സ്പഷ്ടങ്ങൾ. ജലലവങ്ങൾ=വെള്ളത്തുള്ളികൾ. സ്യന്ദിപ്പിയ്ക്കു=ഒലിപ്പിക്കുക. തന്തുജാലാവലംബങ്ങൾ=തന്തുജാലമാകുന്ന അവലംബത്തോടുകൂടിയവ. തന്തുജാലം=തന്തുക്കളുടെ ജാലം. തന്തുക്കൾ=നൂലുകൾ. ജാലം=സമൂഹം. അവലംബം=ആശ്രയം. ചന്ദ്രകാന്തങ്ങൾ=ചന്ദ്രകാന്തമെന്ന കല്ലുകൾ. പ്രിയതമഭുജാലിംഗനോച്ഛ്വാസിതകൾ=പ്രിതമയഭുജാലിംഗനത്താൽ ഉച്ഛ്വാസിതകൾ. പ്രിയതമഭുജാലിംഗനം=പ്രിയതമന്മാരുടെ ഭുജാലിംഗനം. പ്രിയതമന്മാർ=ഭർത്താക്കന്മാർ. ഭുജാലിംഗനം=ഭുജങ്ങളെക്കൊണ്ടുള്ള ആലിംഗനം. ഭുജങ്ങൾ=കൈകൾ. ആലിംഗനം=കെട്ടിപ്പിടിക്കൽ. ഉച്ഛ്വാസിതകൾ=ഉച്ഛ്വസിപ്പിക്കപ്പെട്ടവർ. ഉച്ഛ്വസിപ്പിക്ക=ഉലയ്ക്കുക. സുരതജനിത=സുരതത്താൽ ജനിത. ജനിത=ജനിപ്പിക്കപ്പെട്ടതു്. അംഗഗ്ലാനി=അംഗത്തിന്റെ ഗ്ലാനി. അംഗം=ശരീരം. ഗ്ലാനി=തളർച്ച് (വാട്ടം) വ്യാലോപിപ്പിക്ക=നശിപ്പിക്ക=തീർക്കുക.

അളകാപുരത്തിൽ അർദ്ധരാത്രിസമയങ്ങളിൽ മേൽക്കട്ടിയിൽ തൂക്കിയിട്ടുള്ള ചന്ദ്രകാന്തങ്ങളിൽനിന്നു് മേഘാവരണം നീങ്ങിത്തെളിഞ്ഞ നിലാവേററു് വലിയ തുള്ളികളായിട്ടു ഒലിക്കുന്ന വെള്ളം വീഴുകയാൽ, പ്രിയതമന്മാരുടെ ഗാഢാലിംഗനത്താൽ ശരീരമുലഞ്ഞ സ്ത്രീകളുടെ ക്ഷീണം തീരുന്നു.

അക്ഷയ്യാന്തർഭവനനിധയഃ പ്രത്യഹം രക്തകണ്ഠൈ-
രുദ്ഗായദ്ഭിർദ്ധനപതിയശഃ കിന്നരൈർയ്യത്ര സാർദ്ധം

വൈഭ്രാജാഖ്യം വിബുധവനിതാവാരമുഖ്യാസഹായാ
ബദ്ധാലാപാബഹിരുപവനം കാമിനോ നിർവ്വിശന്തി. വ്യ

യത്ര (അ) അക്ഷയ്യാന്തർഭവനനിധയഃ (ഇ-പു-പ്ര-ബ) വിബുധവനിതാവാരമുഖ്യാസഹായാഃ (അ-പു-പ്ര-ബ) ബദ്ധാലാപാഃ (അ-പു-പ്ര-ബ)കാമിനഃ (ന-പു-പ്ര-ബ്) പ്രത്യഹം (അ) ധനപതിയശഃ (സ-ന-ദ്വി-ഏ) ഉദ്ഗായദ്ഭിഃ (ത-പു-തൃ-ബ) രക്തകണ്ഠൈഃ (അ-പു-തൃ-ബ) കിന്നരൈഃ (അ-പു-തൃ-ബ) സാർദ്ധം (അ)വൈഭ്രാജാഖ്യം ബഹിരുപവനം (അ-ന-ദ്വി-ഏ) നിർവ്വിശന്തി (ലട്-പര-പ്ര-പു-ബ)

യാതൊരിടത്തു് അക്ഷയ്യാന്തർഭവനനിധികളും വിബുധവനിതാവാരമുഖ്യാസഹായന്മാരുംബദ്ധാലാപന്മാരുമായ കാമികൾ ധനപതിയശസ്സിനെ ഉദ്ഗായത്തൃകളും രക്തകണ്ഠന്മാരുമായ കിന്നരന്മാരോടുകൂടി വൈഭ്രാജാഖ്യമായ ബഹിരുപവനത്തെ നിർവ്വേശിക്കുന്നു.

യാതൊന്നു=അളകാപുരി. അക്ഷയ്യാന്തർഭവനനിധികൾ=അക്ഷയ്യമായ അന്തർഭവനനിധികളോടുകൂടിയവർ. അക്ഷയ്യം=ക്ഷയിക്കപ്പെടുവാൻസാധിക്കാത്തതു്. അന്തർഭവനനിധികൾ=അന്തർഭവനത്തിലുള്ള നിധികൾ. അന്തർഭവനം=ഭവനത്തിന്റെ അന്തർഭാഗം. ഭവനം=ഗൃഹം. അന്തർഭാഗം=ഉൾഭാഗം. വിബുധവനിതാവാരമുഖ്യാസഹായർ=വിബുധവനിതാവാരമുഖ്യകളാകുന്ന സഹായരോടുകൂടിയവർ. വിബുധവനിതാവാരമുഖ്യകൾ=വിബുധവനിതകളാകുന്ന വാരമുഖ്യകൾ. വിബുധവനിതകൾ=വിബുധന്മാരുടെ വനിതകൾ. വിബുധന്മാർ=ദേവന്മാർ. വനിതകൾ=സ്ത്രീകൾ. വാരമുഖ്യകൾ=വേശ്യകൾ. സഹായർ=കൂട്ടുകാർ. ബദ്ധാലാപന്മാർ=ബദ്ധമായ ആലാപത്തോടുകൂടിയവർ. ബദ്ധം=ബന്ധിക്കപ്പെട്ടതു്. ആലാപം=സംഭാഷണം. കാമികൾ=കാമുകന്മാർ. ധനപതിയശസ്സ്=ധനപതിയുടെ യശസ്സ്. ധനപതി=കുബേരൻ യശസ്സ്=കീർത്തി. ഉദ്ഗായത്തൃകൾ=ഉദ്ഗാനം ചെയ്യുന്നവർ. ഉദ്ഗാനംചെയ്ക=ഉറക്കെ പാടുക. രക്തകണ്ഠന്മാർ=രക്തമായ കണ്ഠത്തോടുകൂടിയവർ. രക്തം=മധുരം. കണ്ഠം=കണ്ഠധ്വനി. കിന്നരന്മാർ=ഒരുവക ദേവയോനികൾ. വൈഭ്രാജാഖ്യം=വൈഭ്രാജമെന്നു പേരോടുകൂടിയതു്. (വിഭ്രാജനെന്ന ഗജേന്ദ്രൻനിമിത്തം ഉണ്ടായതിനാൽആണു് വൈഭ്രാജമെന്ന പേരുസിദ്ധിച്ചതു്) ബഹിരുപവനം=പുറത്തെഉപവനം. ഉപവനം=ഉദ്യാനം. നിർവ്വേശിക്ക=അനുഭവിക്ക.

ആ അളകാപുരിയിൽ തങ്ങളുടെ ഗൃഹത്തിനുള്ളിൽതന്നെ ഒടുക്കിയാലും ഒടുങ്ങാത്ത നിധികൾ ഉള്ള കാമുകന്മാർ, അപ്സരസ്സുകളാകുന്ന വേശ്യകളുമായി, ദിവസംതോറും അവിടത്തെ പുറത്തെ ഉദ്യാനമായ ചൈത്രരഥത്തിൽപോയി കുബേരന്റെ കീൎത്തിയെ ഗാന്ധാരഗ്രാമത്തിൽ ഉച്ചൈസ്സ്വരമായി പാടുന്ന കിന്നരന്മാരോടു കൂടി സുഖിക്കുന്നു.

ഗത്യുൽകമ്പാദളകപതിതൈൎയ്യത്ര മന്ദാരപുഷ്പൈഃ
പത്രച്ഛേദൈഃ കനകകമലൈഃ കൎണ്ണവിഭ്രംശിഭിശ്ച
മുക്താജാലൈഃ സ്തനപരിസരച്ഛിന്നസൂത്രൈശ്ച ഹാരൈ-
ൎന്നൈശോ മാൎഗ്ഗഃ സവിതുരുദയേ സൂച്യതേ കാമിനീനാം ൯

യത്ര (അ) കാമിനീനാം (ഈ-സ്ത്രീ-ഷ-ബ) നൈശഃ മാൎഗ്ഗഃ (അ-പു-പ്ര-ഏ) സവിതുഃ (ഋ-പു-ഷ-ഏ) ഉദയേ (അ-പു-സ-ഏ) ഗത്യുൽക്കമ്പാൽ (അ-പു-പ-ഏ) അളകപതിതൈഃ (അ-ന-തൃ-ബ) മന്ദാരപുഷ്പൈഃ (അ-ന-തൃ-ബ-) പത്രച്ഛേദൈഃ (അ-പു-തൃ-ബ) കൎണ്ണവിഭ്രംശിഭിഃ (ന-ന-തൃ-ബ) കനകകമലൈഃ (അ-ന-തൃ-ബ) മുക്താജാലൈഃ (അ-ന-തൃ-ബ) സ്തനപരിസരച്ഛിന്നസൂത്രൈഃ (അ-പു-തൃ-ബ) ഹാരൈഃ(അ-പു-തൃ-ബ-) ച (അ)സൂച്യതേ(ലട്-ആത്മ-പ്ര-പു-ഏ)

യാതൊരിടത്തു കാമിനികളുടെ നൈശമായ മാൎഗ്ഗം സവിതാവിന്റെ ഉദയത്തിൽ, ഗത്യുൽക്കമ്പത്താൽ അളകപതിതങ്ങളായ മന്ദാരപുഷ്പങ്ങളാലും പത്രച്ഛേദങ്ങളാലും കൎണ്ണവിഭ്രംശികളായ കനകകമലങ്ങളാലും മുക്താജാലങ്ങളാലും സ്തനപരിസരച്ഛിന്നസൂത്രങ്ങളായ ഹാരങ്ങളാലും സൂചിപ്പിക്കപ്പെടുന്നു.

യാതൊരിടം=അളകാപുരം. കാമിനികൾ=അഭിസാരികകൾ. (പ്രിയനെ അപേക്ഷിച്ചു സങ്കേതസ്ഥലത്തേക്കുപോകുന്ന സ്ത്രീകൾ) നൈശം=നിശയിലുള്ളതു്. നിശ=രാത്രി. മാൎഗ്ഗം=വഴി. സവിതാവു=സൂൎയ്യൻ. ഗത്യുൽകമ്പം=ഗതികൊണ്ടുള്ള ഉൽക്കമ്പം. ഗതി=ഗമനം. ഉൽക്കമ്പം=ചലനം. അളകപതിതങ്ങൾ=അളകങ്ങളിൽനിന്നു പതിതങ്ങൾ. അളകങ്ങൾ=കുറുനിരകൾ. പതിതങ്ങൾ=പതിച്ചവ. പതിയ്ക്കു=വീഴുക. മന്ദാരപുഷ്പങ്ങൾ=മന്ദാരമെന്ന ദേവവൃക്ഷത്തിന്റെപൂക്കൾ. പത്രച്ഛേദങ്ങൾ=പത്രങ്ങളുടെ ഛേദങ്ങൾ. പത്രങ്ങൾ=പത്തിക്കീറുകൾ. ഛേദങ്ങൾ=ശകലങ്ങൾ. കൎണ്ണവിഭ്രാശികൾ=കൎണ്ണങ്ങളിൽനിന്നു വിഭ്രംശിച്ചവ. കൎണ്ണങ്ങൾ=കാതുകൾ. വിഭ്രംശിക്കു=വീഴുക. കനകകമലങ്ങൾ=പൊന്താ

മരപ്പൂക്കൾ. മുക്താജാലങ്ങൾ=മുത്തുസരങ്ങൾ. സ്തനപരിസരച്ഛിന്നസൂത്രങ്ങൾ=സ്തനപരിസരച്ഛിന്നങ്ങളായ സൂത്രങ്ങളോടുകൂടിയവ. സ്തനപരിസരച്ഛിന്നങ്ങൾ=സ്തനപരിസരത്തിൽ ഛിന്നങ്ങൾ. സ്തനപരിസരം=സ്തനങ്ങളുടെ പരിസരം. സ്തനങ്ങൾ = കുചങ്ങൾ. പരിസരം=സമീപം. ഛിന്നങ്ങൾ=മുറിഞ്ഞുപോയവ. സൂത്രങ്ങൾ=നൂലുകൾ. ഹാരങ്ങൾ=മുത്തുമാലകൾ. സൂചിപ്പിക്ക=അറിയിക്ക.

ആ അളകാപുരത്തിൽ അഭിസാരികകൾ രാത്രിയിൽ സഞ്ചരിച്ചവഴി, സൂര്യൻ ഉദിക്കുമ്പോൾ, നടപ്പിൽ ഉണ്ടായ ഇളക്കത്താൽ കുറുനിരകളിൽനിന്നു വീണുപോയ മന്ദാരപ്പൂക്കളെക്കൊണ്ടും പത്തിക്കീറുകളുടെ ശകലങ്ങളെക്കൊണ്ടും കാതുകളിൽനിന്നു വീണുപോയിട്ടുള്ള തങ്കത്താമരപ്പൂക്കളെക്കൊണ്ടും ശിരസ്സിൽനിന്നു പതിച്ചിട്ടുള്ള മുത്തുസരങ്ങളെക്കൊണ്ടും, ഗതിവേഗംകൊണ്ടു് സ്തനങ്ങൾ ഇളകി അവയുടെ സമീപത്തിൽവച്ചു് ചരടുപൊട്ടി വീണിട്ടുള്ള മുത്തുമാലകളെക്കൊണ്ടും കണ്ടുപിടിക്കാൻ കഴിയും.

മത്വാ ദേവം ധനപതിസഖം യത്ര സാക്ഷാദ്വസന്തം
പ്രായശ്ചാപം ന വഹതി ഭയാന്മന്മഥഃ ഷട്പദജ്യം
സഭ്രൂഭംഗപ്രഹിതനയനൈഃ കാമിലക്ഷ്യേഷ്വമോഘൈ-
സ്തസ്യാരംഭശ്ചതുരവനിതാവിഭ്രമൈരേവ സിദ്ധഃ ൧൦

യത്ര (അ) മന്മഥഃ (അ-പു-പ്ര-ഏ) ധനപതിസഖം-ദേവം (അ-പു-ദ്വി-ഏ) സാക്ഷാത് (അ) വസന്തം (ത-പു-ദ്വി-ഏ) മത്വാ (ക്ത്വാ-അ) ഷട്പദജ്യം-ചാപം (അ-പു-ദ്വി-ഏ) പ്രായഃ (അ) ന (അ) വഹതി (ലട്-പര-പ്ര-പു-ഏ) തസ്യ (തദ്-പു-ഷ-ഏ) ആരംഭഃ (അ-പു-പ്ര-ഏ) സഭ്രൂഭംഗപ്രഹിതനയനൈഃ (അ-പു-തൃ-ബ) കാമിലക്ഷ്യേഷു (അ-ന-സ-ബ) അമോഘൈഃ (അ-പു-തൃ-ബ) ചതുരവനിതാവിഭ്രമൈഃ (അ-പു-തൃ-ബ) ഏവ (അ) സിദ്ധഃ (അ-പു-പ്ര-ഏ)

യാതൊന്നിൽ മന്മഥൻ ധനപതിസഖനായ ദേവനെ സാക്ഷാൽ വസന്നായി മനനംചെയ്തിട്ടു് ഷട്പദജ്യമായ ചാപത്തെ മിക്കവാറും വഹിക്കുന്നില്ല. അതിന്റെ ആരംഭം സഭ്രൂഭംഗപ്രഹിതനയനങ്ങളും കാമിലക്ഷ്യങ്ങളിൽ അമോഘങ്ങളുമായ ചതുരവനിതാവിഭ്രമങ്ങളെക്കൊണ്ടുതന്നെ സിദ്ധമായി ഭവിക്കുന്നു.

യാതൊന്നു്=അളകാപുരി. മന്മഥൻ=കാമദേവൻ. ധനപതിസഖൻ=ധനപതിയുടെ സഖാവു്. ധനപതി=കുബേരൻ. സഖാ

വു്=സുഹൃത്തു്. ദേവൻ=ശിവൻ. സാക്ഷാത്=പ്രത്യക്ഷനായി. വസൻ=വസിക്കുന്നവൻ. മനനംചെയ്ക=വിചാരിക്ക. (അറിയുക) ഷട്പദജ്യം=ഷട്പദങ്ങളാകുന്ന ജ്യായോടുകൂടിയതു്. ഷട്പദങ്ങൾ=വണ്ടുകൾ ജ്യാ=ഞാൺ. ചാപം=വില്ലു്. അതു്=ആ വില്ലു്. ആരംഭം=ഉദ്യമം. (ജോലി) സഭ്രൂഭംഗപ്രഹിതനയനങ്ങൾ=സഭ്രൂഭംഗമാകുംവണ്ണം പ്രഹിതനയനങ്ങൾ. സഭ്രൂഭംഗം=ഭ്രൂഭംഗത്തോടുകൂടിയതു്. ഭ്രൂഭംഗം=ഭ്രൂക്കളുടെ ഭംഗം. ഭ്രൂക്കൾ=പുരികങ്ങൾ. ഭംഗം=ചുളിപ്പു്. പ്രഹിതനയനങ്ങൾ=പ്രഹിതങ്ങളായ നയനങ്ങളോടുകൂയവ. പ്രഹിതങ്ങൾ=പ്രഹാനംചെയ്യപ്പെട്ടവ. പ്രഹാനംചെയ്ക=അയയ്ക്ക. നയനങ്ങൾ=കണ്ണുകൾ. കാമിലക്ഷ്യങ്ങൾ=കാമികളാകുന്ന ലക്ഷ്യങ്ങൾ. കാമികൾ=കാമുകന്മാർ. ലക്ഷ്യങ്ങൾ=ലാക്കുകൾ. അമോഘങ്ങൾ=മോഘങ്ങളല്ലാത്തവ. മോഹങ്ങൾ=നിഷ്ഫലങ്ങൾ. (അമോഘങ്ങൾ=സഫലങ്ങൾ.) ചതുരവനിതാവിഭ്രമങ്ങൾ=ചതുരവനിതമാരുടെ വിഭ്രമങ്ങൾ. ചതുരവനിതമാർ=ചതുരകളായ വനിതമാർ, ചതുരകൾ=സമർത്ഥകൾ. വനിതമാർ=സ്ത്രീകൾ. വിഭ്രമങ്ങൾ=വിലാസങ്ങൾ. സിദ്ധം=സിദ്ധിച്ചതു്.

ആ അളകാപുരത്തിൽ കുബേരന്റെ സഖാവായി ശിവൻ പ്രത്യക്ഷനായിട്ടുതന്നെ വസിക്കുന്നതറിഞ്ഞു് കാമദേവൻ തന്റെ പൂവില്ലെടുക്കാറില്ല. എങ്കിലും ചതുരകളായ സുന്ദരിമാർ പുരികം ചുളിച്ചുകൊണ്ടു് നോക്കുന്ന നോട്ടങ്ങൾകൊണ്ടു് ആ വില്ലിന്റെ പ്രയോജനം സിദ്ധിക്കുന്നുണ്ടു്. കാമാസ്ത്രസദൃശങ്ങളാണു് അവരുടെ നോട്ടങ്ങളെന്നു് സാരം.

വാസശ്ചിത്രം മധു നയനയോർവിഭ്രമാദേശദക്ഷം
പുഷ്പോദ്ഭേദം സഹ കിസലയൈർഭൂഷണാനാം വികല്പാൻ
ലാക്ഷാരാഗം ചരണകമലന്യാസയോഗ്യം ച യസ്യാ-
മേകഃ സൂതേ സകലമബലാമണ്ഡനം കല്പവൃക്ഷഃ ൧൧

യസ്യാം (യദ്-സ്ത്രീ-സ-ഏ) ചിത്രം (അ-ന-ദ്വി-ഏ) വാസഃ (സ-ന-ദ്വി-ഏ) നയനയോഃ (അ-ന-ഷ-ദ്വി) വിഭ്രമാദേശദക്ഷം (അ-ന-ദ്വി-ഏ; മധു (ഉ-ന-ദ്വി-ഏ) കിസലയൈഃ (അ-പു-തൃ-ബ) സഹ (അ) പുഷ്പോദ്ഭേദം (അ-പു-ദ്വി-ഏ) ഭൂഷണാനാം (അ-ന-ഷ-ബ) വികല്പാൻ (അ-പു-ദ്വി-ബ) ചരണകമലന്യാസയോഗ്യം (അ-പു-ദ്വി-ഏ) ലാക്ഷാരാഗം (അ-പു-ദ്വി.ഏ) ച (അ) സകലം-അബലാമണ്ഡനം (അ-ന-ദ്വി-ഏ) ഏകഃ-കല്പവൃക്ഷഃ (അ-പു-പ്ര-ഏ) സൂതേ (ലട്-ആത്മ-പ്ര-പു-ഏ.)

യാതൊന്നിങ്കൽ ചിത്രമായ വാസസ്സിനേയും നയനങ്ങൾക്കു് വിഭ്രമാദേശദക്ഷമായ മധുവിനേയും കിസലയങ്ങളോട്ടുകൂടിയ പുഷ്പോദ്ഭേദത്തേയും ഭൂഷണങ്ങളുടെ വികല്പങ്ങളേയും ചരണകമലന്യാസയോഗ്യമായ ലാക്ഷാരാഗത്തേയും സകലമായ അബലാമണ്ഡനത്തേയും ഒരു കല്പവൃക്ഷംതന്നെ സവിക്കുന്നു.

യാതൊന്നു്=യാതൊരു അളകാപുരി. ചിത്രം=നാനാവൎണ്ണം. വാസസ്സ്=വസ്ത്രം. നയനങ്ങൾ=കണ്ണുകൾ. വിഭ്രമാദേശദക്ഷം=വിഭ്രമാദേശത്തിൽ ദക്ഷം. വിഭ്രമാദേശം=വിഭ്രമങ്ങളുടെ ആദേശം. വിഭ്രമങ്ങൾ=വിലാസങ്ങൾ. ആദേശം=ഉപദേശം. ദക്ഷം=സമൎത്ഥം. കിസലയങ്ങൾ=തളിരുകൾ. പുഷ്പോദ്ഭേദം=പുഷ്പങ്ങളുടെ ഉദ്ഭേദം. പുഷ്പങ്ങൾ=പൂക്കൾ. ഉദ്ഭേദം=ഉത്ഭവം. ഭൂഷണങ്ങൾ=അലംകാരങ്ങൾ. വികല്പങ്ങൾ=വിശേഷങ്ങൾ (തരങ്ങൾ.) ചരണകമലന്യാസയോഗ്യം=ചരണകമലന്യാസത്തിനു യോഗ്യം. ചരണകമലന്യാസം=ചരണകമലങ്ങളിൽ ഉള്ള ന്യാസം. ചരണകമലങ്ങൾ=പാദപത്മങ്ങൾ. ന്യാസം=സമൎപ്പണം. യോഗ്യം=തക്കതു്. സകലം=സൎവ്വം. അബലാമണ്ഡനം=അബലകളുടെ മണ്ഡനം. അബലകൾ=സ്ത്രീകൾ. മണ്ഡനം=അലങ്കാരം. സവിക്ക=ജനിപ്പിക്ക.

അളകാപുരത്തിലുള്ള സ്ത്രീകൾക്കു പലനിറത്തിലുള്ള വസ്ത്രങ്ങൾ, കണ്ണുകൾക്കു വിലാസത്തെ ജനിപ്പിക്കുന്ന മദ്യം, പൂക്കൾ, തളിരുകൾ പലമാതിരി ആഭരണങ്ങൾ, കാലുകളിൽ തേയ്ക്കുന്നതിനുള്ള ചെമ്പഞ്ഞിച്ചാറു്, എന്നുവേണ്ട, സൎവ്വാലങ്കാരങ്ങളും കല്പവൃക്ഷം ഒന്നിൽനിന്നുതന്നെ കിട്ടുന്നു.

> തത്രാഗാരം ധനപതിഗൃഹാനുത്തരേണാസ്മദീയം
> ദൂരാല്ലക്ഷ്യം സുരപതിധനുശ്ചാരുണാ തോരണേന
> യസ്യോപാന്തേ കൃതകതനയഃ കാന്തയാ വൎദ്ധിതോ മേ
> ഹസ്തപ്രാപ്യസ്തബകനമിതോ ബാലമന്ദാരവൃക്ഷഃ. ൧൨

തത്ര (അ) ധനപതിഗൃഹാൻ (അ-പു-ദ്വി-ബ) ഉത്തരേണ (അ) സുരപതിധനുശ്ചാരുണാ (ഉ-പു-തൃ-ഏ) തോരണേന (അ-പു-തൃ-ഏ) അസ്മദീയം-അഗാരം (അ-ന-പ്ര-ഏ) ദൂരാത് (അ ന-പ-ഏ) ലക്ഷ്യം (അ-ന-പ്ര-ഏ) യസ്യ (അ-ന-ഷ-ഏ) ഉപാന്തേ (അ-പു-സ-ഏ) മേ (അസ്മ-ഷ-ഏ) കാന്തയാ (ആ-സ്ത്രീ-തൃ-ഏ) വൎദ്ധിതഃ (അ-പു-പ്ര-ഏ) കൃതകതനയഃ (അ-പു-പ്ര-ഏ) ഹസ്തപ്രാപ്യസ്തബകനമിതഃ ബാലമന്ദാരവൃക്ഷഃ (അ-പു-പ്ര-ഏ) അസ്തി (ലട്-പര-പ്ര-പു-ഏ)

അവിടെ ധനപതിഗൃഹത്തിന്നു് ഉത്തരഭാഗത്തു് സുരപതിധനുശ്ചാരുവായ തോരണത്തോടുകൂടി അസ്മദീയമായ അഗാരം ദൂരത്തുനിന്നു ലക്ഷ്യമാകുന്നു. യാതൊന്നിന്റെ ഉപാന്തത്തിൽ എന്റെ കാന്തയാൽ വർദ്ധിതനായ കൃതകതനയനും ഹസ്തപ്രാപ്യസ്തബകനമിതവുമായ ബാലമന്ദാരവൃക്ഷം ഉണ്ടു്.

അവിടം=അളകാപുരം. ധനപതിഗൃഹം=ധനപതിയുടെ ഗൃഹം. ധനപതി=കുബേരൻ. ഗൃഹം=ഭവനം. ഉത്തരഭാഗം=വടക്കുവശം. സുരപതിധനുശ്ചാരു=സുരപതിധനുസ്സുപോലെ ചാരു. സുരപതിധനുസ്സ്=സുരപതിയുടെ ധനുസ്സ്. സുരപതി=സുരന്മാരുടെ പതി. സുരന്മാർ=ദേവന്മാർ. പതി=നാഥൻ. (ഇന്ദ്രൻ) ധനുസ്സ്=വില്ല്. ചാരു=മനോഹരം. തോരണം=പുറത്തേവാതൽ. അസ്മദീയം=നമ്മെ (എന്നെ) സംബന്ധിച്ചതു്. അഗാരം=ഗൃഹം. ലക്ഷ്യം=ലക്ഷിക്കപ്പെടുവാൻകഴിയുന്നതു്. ലക്ഷിക്ക=കാണുക. യാതൊന്നു്=യാതൊരുഗൃഹം. ഉപാന്തം=സമീപം. കാന്ത=ഭാര്യ. വർദ്ധിതൻ=വർദ്ധിപ്പിക്കപ്പെട്ടവൻ. വർദ്ധിപ്പിക്ക=വളർത്തുക. കൃതകതനയൻ=കൃതകനായതനയൻ. കൃതകൻ=കൃത്രിമൻ. തനയൻ=പുത്രൻ ഹസ്തപ്രാപ്യസ്തബകനമിതം=ഹസ്തപ്രാപ്യസ്തബകങ്ങളാൽ നമിതം. ഹസ്തപ്രാപ്യസ്തബകങ്ങൾ = ഹസ്തപ്രാപ്യങ്ങളായ സ്തബകങ്ങൾ. ഹസ്തപ്രാപ്യങ്ങൾ=ഹസ്തംകൊണ്ടു് പ്രാപ്യങ്ങൾ. ഹസ്തം=കൈ. പ്രാപ്യങ്ങൾ=പ്രാപിക്കപ്പെടുവാൻ കഴിയുന്നവ. പ്രാപിക്ക=എത്തുക. സ്തബകങ്ങൾ=കുലകൾ. നമിതം=നമിപ്പിക്കപ്പെട്ടതു്. നമിപ്പിക്ക=താഴ്ത്തുക. ബാലമന്ദാരവൃക്ഷം=ബാലമായ മന്ദാരവൃക്ഷം. ബാലം=ചെറിയതു്. (ഇളയതു്); മന്ദാരവൃക്ഷം=മന്ദാരമെന്നവൃക്ഷം. (ദേവവൃക്ഷങ്ങളിൽ ഒന്നു്.)

ആ അളകാപുരിയിൽ കുബേരന്റെ കൊട്ടാരത്തിനു വടക്കുവശമായി മഴവില്ലുപോലെ വളഞ്ഞ പുറവാതലോടുകൂടി എന്റെ ഗൃഹം ദൂരത്തുനിന്നുതന്നെ കാണാം. ഗൃഹത്തിനു സമീപത്തായിത്തന്നെ എന്റെഭാര്യ പുത്രനെപ്പോലെ വാത്സല്യത്തോടുകൂടി വളർത്തിവരുന്നതും കൈക്കു് എത്തത്തക്കപൊക്കത്തിൽ കുലകൾ താണുകിടക്കുന്നതുമായ ഒരു മന്ദാരത്തൈയും നില്പുണ്ടു്.

വാപീ ചാസ്മിൻ മരതകശിലാബദ്ധസോപാനമാർഗ്ഗാ
ഹൈമൈശ്ഛന്നാ വികചകമലൈഃ സ്നിഗ്ധവൈഡൂര്യ്യനാളൈഃ
യസ്യാസ്തോയേ കൃതവസതയോ മാനസം സന്നികൃഷ്ടം
നാദ്ധ്യാസ്യന്തി വ്യപഗതശുചസ്ത്വാമപി പ്രേക്ഷ്യ ഹംസാഃ

അസ്മിൻ (ഇദം-ന-സ-ഏ) മരതകശിലാബദ്ധസോപാനമാർഗ്ഗാ (ആ-സ്ത്രീ-പ്ര-ഏ) സ്നിഗ്ധവൈഡൂര്യ്യനാളൈഃ—ഹൈ

മൈഃ-വികചകമലൈഃ (അ-ന-തൃ-ബ) ഛന്നാ (ആ-സ്ത്രീ-പ്ര-ഏ) വാപീ (ഈ-സ്ത്രീ-പ്ര-ഏ) ച (അ) അസ്തി (ലട്-പര-പ്ര-പു-ഏ) യസ്യാഃ (യദ്-സ്ത്രീ-ഷ-ഏ) തോയേ (അ-ന-സ-ഏ) കൃതവസതയഃ (ഇ-പു-പ്ര-ബ) ഹംസാഃ (അ-പു-പ്ര-ബ) ത്വാം (യുഷ്മദ്-ദ്വി-ഏ) പ്രേക്ഷ്യ (ല്യ-അ) അപി (അ) വ്യപഗതശുചഃ (ച-പു-പ്ര-ബ) സന്നികൃഷ്ടം-മാനസം (അ-ന-ദ്വി-ഏ) ന (അ) ആധ്യാസ്യന്തി (ലൃട്-പര-പ്ര-പു-ബ)

ഇവിടെ മരതകശിലാബദ്ധസോപാനമാൎഗ്ഗയും സ്നിഗ്ദ്ധവൈഡൂൎയ്യനാളങ്ങളും ഹൈമങ്ങളുമായ വികചകമലങ്ങളാൽ ഛന്നയും ആയ വാപിയുമുണ്ടു്. യാതൊന്നിന്റെ തോയത്തിൽ കൃതവസതികളായ ഹംസങ്ങൾ നിന്നെ പ്രേക്ഷിച്ചിട്ടും വ്യപഗതശുക്കുകളായിട്ടു സന്നികൃഷ്ടമായ മാനസത്തെ ആധ്യാനംചെയ്യുകയില്ല.

ഇവിടം=ഈ ഗൃഹം. മരതകശിലാബദ്ധസോപാനമാൎഗ്ഗ=മരതകശിലാബദ്ധമായ സോപാനമാൎഗ്ഗത്തോടുകൂടിയതു്. മരതകശിലാബദ്ധം=മരതകശിലകളാൽ ബദ്ധം. മരതകശിലകൾ=മരതകമയികളായ ശിലകൾ. മരതകമയികൾ=മരതകരത്നംകൊണ്ടുള്ളവ. ശിലകൾ=കല്ലുകൾ. ബദ്ധം=ബന്ധിക്കപ്പെട്ടതു്. സോപാനമാൎഗ്ഗം=സോപാനമാകുന്ന മാൎഗ്ഗം. സോപാനം=പടികളുടെ നിര. മാൎഗ്ഗം=വഴി. സ്നിഗ്ദ്ധവൈഡൂൎയ്യനാളങ്ങൾ=സ്നിഗ്ദ്ധങ്ങളായ വൈഡൂൎയ്യനാളങ്ങളോടുകൂടിയവ. സ്നിഗ്ദ്ധങ്ങൾ=കൊഴുപ്പുള്ളവ. വൈഡൂൎയ്യനാളങ്ങൾ=വൈഡൂൎയ്യമയങ്ങളായ നാളങ്ങൾ. വൈഡൂൎയ്യമയങ്ങൾ=വൈഡൂൎയ്യരത്നമയങ്ങൾ. നാളങ്ങൾ=തണ്ടുകൾ. ഹൈമങ്ങൾ=ഹേമമയങ്ങൾ. ഹേമം=സ്വൎണ്ണം. വികചകമലങ്ങൾ=വികചങ്ങളായ കമലങ്ങൾ. വികചങ്ങൾ=വിടൎന്നവ. കമലങ്ങൾ=താമരപ്പൂക്കൾ. ഛന്ന=മറഞ്ഞതു്. വാപി=കുളം. യാതൊന്നു്=യാതൊരു വാപി. തോയം=ജലം. കൃതവസതികൾ=കൃതയായ വസതിയോടുകൂടിയവർ. കൃത=ചെയ്യപ്പെട്ടതു്. വസതി=പാൎപ്പു്. ഹംസങ്ങൾ=അരയന്നങ്ങൾ. നീ=മേഘം. പ്രേക്ഷിക്ക=കാണുക. വ്യപഗതശുക്കുകൾ=വ്യപഗതയായ ശുക്കുകളോടുകൂടിയവർ. വ്യപഗതം=വിശേഷേണ അപഗതം. അപഗതം=നീങ്ങിയതു്. ശുക്=ശോകം (ദുഃഖം) സന്നികൃഷ്ടം=അടുത്തിരിക്കുന്നതു്. മാനസം=മാനസസരസ്സ്. ആധ്യാനിക്ക=ഉൽക്കണ്ഠയോടുകൂടി സ്മരിക്ക.

ആ ഗൃഹത്തിന്നടുത്തുതന്നെ മരതകരത്നങ്ങളെക്കൊണ്ടു കല്പടകെട്ടിയിട്ടുള്ളതും, വൈഡൂൎയ്യത്തണ്ടുകളോടുകൂടിയ തങ്കത്താമരപ്പൂക്കൾ നിറഞ്ഞതും ആയ ഒരു തടാകമുണ്ടു്. അതിൽ പാൎക്കുന്ന അരയ

ന്നങ്ങൾ, വർഷകാലത്തിൽപോലും സുഖമായിരിക്കുന്നതിനാൽ മാനസസരസ്സ് അടുത്താണെങ്കിലും അങ്ങോട്ടു പോകുവാൻ വിചാരിക്കുന്നില്ല.

തസ്യാസ്തീരെ രചിതശിഖരഃ പേശലൈരിന്ദ്രനീലൈഃ
ക്രീഡാശൈലഃ കനകകദളീവേഷ്ടനപ്രേക്ഷണീയഃ
മദ്ഗേഹിന്യാഃ പ്രിയ ഇതി സഖേ! ചേതസാ കാതരേണ
പ്രേക്ഷ്യോപാന്തസ്ഫുരിതതടിതം ത്വാം തമേവ സ്മരാമി.

തസ്യാഃ (തച്ഛ-ദ-സ്ത്രീ-ഷ-ഏ) തീരേ (അ-ന-സ-ഏ) പേശലൈഃ ഇന്ദ്രനീലൈഃ (അ-ന-തൃ-ബ), രചിതശിഖരഃ (അ-പു-പ്ര-ഏ) കനകകദളീവേഷ്ടനപ്രേക്ഷണീയഃ ക്രീഡാശൈലഃ (അ-പു-പ്ര-ഏ) സഖേ (ഇ-പു-സം-പ്ര-ഏ) ഉപാന്തസ്ഫുരിതതടിതം (ത-പു-ദ്വി-ഏ) ത്വാം (യുഷ്മദ്-ദ്വി-ഏ) പ്രേക്ഷ്യ (ല്യ-അ) മദ്ഗേഹിന്യാഃ (ഈ-സ്ത്രീ-ഷ-ഏ) പ്രിയഃ (അ-പു-പ്ര-ഏ) (അ) ഇതി കാതരേണ (അ-ന-തൃ-ഏ) ചേതസാ (സ-ന-തൃ-ഏ) തം (തദ്-ദ-പു-ദ്വി-ഏ) ഏവ (അ) സ്മരാമി (ലട്-പര-ഉ-പു-ഏ)

അതിന്റെ തിരത്തിൽ പേശലങ്ങളായ ഇന്ദ്രനീലങ്ങളാൽ രചിതശിഖരവും കനകകദളീവേഷ്ടനപ്രേക്ഷണീയവുമായ ക്രീഡാശൈലം ഉണ്ടു്. ഞാൻ ഉപാന്തസ്ഫുരിതതടിത്തായ നിന്നെ പ്രേക്ഷിച്ചിട്ടു്, മദ്ഗേഹിനിയ്ക്കു പ്രിയമായതിനാൽ കാതരമായ ചേതസ്സുകൊണ്ടു് അതിനെത്തന്നെ സ്മരിക്കുന്നു.

അതു്=വാപി. തീരം=കര. പേശലങ്ങൾ=മനോഹരങ്ങൾ. ഇന്ദ്രനീലങ്ങൾ=ഇന്ദ്രനീലരത്നങ്ങൾ. രചിതശിഖരം=രചിതമായ ശിഖരത്തോടുകൂടിയതു്. രചിതം=ഉണ്ടാക്കപ്പെട്ടതു്. ശിഖരം=കൊടുമുടി. കനകകദളീവേഷ്ടനപ്രേക്ഷണീയം=കനകകദളീവേഷ്ടനംകൊണ്ടു പ്രേക്ഷണീയമായിട്ടുള്ളതു്. കനകകദളീവേഷ്ടനം=കനകകദളികളെക്കൊണ്ടുള്ള വേഷ്ടനം. കനകകദളികൾ=കനകമയികളായ കദളികൾ. കനകമയികൾ=സ്വർണ്ണമയികൾ. കദളികൾ=വാഴകൾ. വേഷ്ടനം=കയ്യാല (വേലി) പ്രേക്ഷണീയം=പ്രേക്ഷിക്കപ്പെടേണ്ടതു്. പ്രേക്ഷിക്ക=കാണുക. (പ്രേക്ഷണീയം=സുന്ദരം) ക്രീഡാശൈലം=ക്രീഡയ്ക്കായിട്ടുള്ള ശൈലം. ക്രീഡ=കളി. ശൈലം=പർവ്വതം. ഉപാന്തസ്ഫുരിതതടിത്തു്=ഉപാന്തസ്ഫുരിതയായ തടിത്തോടുകൂടിയവൻ. ഉപാന്തസ്ഫുരിത=ഉപാന്തത്തിൽ സ്ഫുരിത. ഉപാന്തം=അരികുഭാഗം. സ്ഫുരിതം=സ്ഫുരിച്ചതു്. സ്ഫുരിക്ക=മിന്നുക. തടിത്തു്=മിന്നൽ. നീ=മേഘം. പ്രേക്ഷിക്ക=കാണുക. മദ്ഗേഹിനി=എന്റെ ഗേഹിനി. ഗേഹിനി=ഭാര്യ. പ്രിയം=ഇഷ്ടപ്പെട്ടതു്. കാതരം=ചഞ്ചലം. (ഇവിടെ ആനന്ദത്താൽ) ചേത

സ്സു്=മനസ്സു്. അതു്=ആ പൎവതം. സ്മരിക്ക=ഓൎക്കുക.

ആ തടാകത്തിന്റെ തിരത്തിൽ ഇന്ദ്രനിലക്കല്ലുകൾകൊണ്ടുണ്ടാക്കിയിട്ടുള്ള കൊടുമുടിയുള്ളതും ചുററും കനകമയങ്ങളായ വാഴകളെക്കൊണ്ടു വേലിയുള്ളതിനാൽ ഭംഗിയേറിയതുംആയ ഒരു ക്രീഡാപൎവതമുണ്ടു്. അരുകുഭാഗങ്ങളിൽ മിന്നൽമിന്നുന്നതിനെക്കാണുമ്പോൾ, എന്റെ ഭാൎയ്യയ്ക്കു് ഏററവും പ്രിയപ്പെട്ട ആ പൎവതത്തെ ഞാൻ സന്തോഷപൂൎവം ഓൎക്കുന്നു. (ഇവിടെ മേഘത്തെക്കണ്ടു് സദൃശമായ പൎവതത്തെ ഓൎക്കുന്നതിനാൽ സ്മൃതിമദലങ്കാരം.) മേഘത്തിന്റെ അരികുഭാഗങ്ങളിൽ മിന്നൽ മിന്നുന്നുണ്ടെന്നു പറഞ്ഞതു് കനകകദളിക്കയ്യാലയുടെ സദൃശ്യത്തിനുവേണ്ടിയാണു്.

രക്താശോകശ്ചലകിസലയഃ കേസരശ്ചാത്ര കാന്തഃ
പ്രത്യാസന്നൌ കുരവകവൃതേൎമ്മാധവീമണ്ഡപസ്യ
ഏകസ്സഖ്യാസ്തവ സ ഹമയാ വാമപാദാഭിലാഷീ
കാങ്ക്ഷത്യന്യോ വദനമദിരാം ദോഹദച്ഛദ്മനാഽസ്യാഃ ൧൭

അത്ര (അ) കുരവകവൃതേഃ (ഇ-പു-ഷ-ഏ) മാധവീമണ്ഡപസ്യ (അ-പു-ഷ-ഏ) പ്രത്യാസന്നൌ (അ-പു-പ്ര-ദ്വി) ചലകിസലയഃ-രക്താശോകഃ-കാന്തഃ-കേസരഃ (അ-പു-പ്ര-ഏ) ച (അ) സ്തഃ (ലട്-പര-പ്ര-പു-ദ്വി) ഏകഃ (അ പു-പ്ര-ഏ) മയാ (അസ്മദ്-തൃ-ഏ) സഹ (അ) ദോഹദച്ഛദ്മനാ (ന-ന-തൃ-ഏ) തവ (യുഷ്മദ്-ഷ-ഏ) സഖ്യാഃ (ഈ-സ്ത്രീ-ഷ-ഏ) വാമപാദാഭിലാഷീ (ന-പു-പ്ര-ഏ) അന്യഃ (അ-പു-പ്ര-ഏ) ദോഹദച്ഛദ്മനാ (ന-ന-തൃ-ഏ) അസ്യാഃ (ഇദം-സ്ത്രീ-ഷ-ഏ) വദനമദിരാം {ആ-സ്ത്രീ-ദ്വിഏ) കാങ്ക്ഷതി (ലട്-പര-പ്ര-പു-ഏ)

ഇതിൽ കുരവകവൃതിയായ മാധവീമണ്ഡപത്തിനു പ്രത്യാസന്നങ്ങളായി, ചലകിസലയമായ രക്താശോകവും കാന്തമായ കേസരവും ഉണ്ടു്. ഏകം എന്നോടുകൂടി ദോഹദച്ഛദ്മത്താൽ നിന്റെ സഖിയുടെ വാമപാദാഭിലാഷിയാകുന്നു. അന്യം ദോഹദച്ഛദ്മത്താൽ ഇവളുടെ വദനമദിരയെ കാങ്ക്ഷിക്കുന്നു.

ഇതു്=ക്രീഡാശൈലം. കുരവകവൃതി=കുരവകങ്ങളാകുന്ന വൃതിയോടുകൂടിയതു്. കുരവകങ്ങൾ=ചെങ്കുറിഞ്ഞികൾ. വൃതി=ആവരണം (വേലി മാധവീമണ്ഡപം=മാധവികളുടെ മണ്ഡപം. മാധവികൾ=ഒരുമാതിരി മുല്ലവള്ളികൾ. മണ്ഡപം=ഗൃഹം. പ്രത്യാസന്നങ്ങൾ=അടുത്തുനില്ക്കുന്നവ. ചലകിസലയം=ചലങ്ങളായ കിസല

യങ്ങളോടുകൂടിയതു്. ചലങ്ങൾ=ചഞ്ചലങ്ങൾ. കിസലയങ്ങൾ=തളിരുകൾ. രക്താശോകം=രക്തമായ അശോകം. രക്തം=ചുവന്നതു്. കാന്തം=മനോഹരം. കേസരം=പൂത്തിലഞ്ഞി. ഏകം=ഒന്നു്(രക്താശോകം) ദോഹദച്ഛദ്മം=ദോഹദമെന്ന ച്ഛദ്മം. ദോഹദം=വൃക്ഷലതാദികൾക്കു അകാലത്തിൽ പുഷ്പഫലാദികൾ ഉണ്ടാകുന്നതിനു ചെയ്യുന്ന വളം. ഛദ്മം=വ്യാജം. സഖി=ചങ്ങാതി. വാമപാദാഭിലാഷി=വാമപാദത്തെ അഭിലഷിക്കുന്നതു്. വാമപാദം=ഇടത്തെ കാൽ. അഭിലഷിക്ക=ആഗ്രഹിക്ക. അന്യം=മറേറതു് (പൂത്തിലഞ്ഞി) ഇവൾ=നിന്റെ സഖി (യക്ഷന്റെ ഭാൎയ്യ) വദനമദിര=വദനത്തിലെ മദിര. വദനം=മുഖം. മദിര=മദ്യം. (വായിൽ കവിൾക്കൊണ്ട മദ്യമെന്നു സാരം) കാങ്ക്ഷിക്ക=ആഗ്രഹിക്ക.

ആ ക്രീഡാശൈലത്തിൽ ചെങ്കുറിഞ്ഞികൊണ്ടുള്ള വേലിയോടുകൂടിയ മാധവീലതാഗൃഹത്തിനടുക്കലായി, തളിരുകൾ ഇളകുന്ന ഒരു ചുവന്ന അശോകവും മനോഹരമായ ഒരു പൂത്തിലഞ്ഞിയുമുണ്ടു്. എന്നെപ്പോലെതന്നെ ആ അശോകം എന്റെ ഭാൎയ്യയുടെ ഇടത്തുകാൽകൊണ്ടുള്ള ചവിട്ടും പൂത്തിലഞ്ഞി അവൾ കവിൾക്കൊണ്ട മദ്യവും വളത്തിനായി ആഗ്രഹിക്കുന്നു. ഉത്തമസ്ത്രീകളുടെ ഇടത്തുകാൽകൊണ്ടുള്ള ചവിട്ടേററാൽ അശോകവും അവർ കവിൾക്കൊണ്ട മദ്യം മുതലായതു് ഏററാൽ പൂത്തിലഞ്ഞിയും പൂക്കുമെന്നു കവിസങ്കേതം.

തന്മദ്ധ്യേ ച സ്ഫടികഫലകാ കാഞ്ചനി വാസയഷ്ടിർ-
മ്മൂലേ ബദ്ധാ മണിഭിരനതിപ്രൗഢവംശപ്രകാശൈഃ
താളൈഃ ശിഞ്ജാവലയസുഭഗൈൎന്നൎത്തിതഃ കാന്തയാ മേ
യാമദ്ധ്യാസ്തേ ദിവസവിഗമേ നീലകണ്ഠഃ സുഹൃദ്വഃ

തന്മദ്ധ്യേ (അ-ന-സ-ഏ) സ്ഫടികഫലകാ (ആ-സ്ത്രീ-പ്ര-ഏ) മൂലേ (അ-ന-സ-ഏ) അനതിപ്രൗഢവംശപ്രകാശൈഃ (അ-പു-തൃ-ബ) മണിഭിഃ (ഇ-പു-തൃ-ബ) ബദ്ധാ (ആ-സ്ത്രീ-പ്ര-ഏ) കാഞ്ചനീ, (ഈ-സ്ത്രീ-പ്ര-ഏ) വാസയഷ്ടിഃ (ഇ-സ്ത്രീ-പ്ര-ഏ) ച (അ) അസ്തി (ലട്-പര-പ്ര-ഏ) മേ (അസ്മദ്-ഷ-ഏ) കാന്തയാ (ആ-സ്ത്രീ-തൃ-ഏ) ശിഞ്ജാവലയസുഭഗൈഃ താളൈഃ (അ-പു-തൃ-ബ) നൎത്തിതഃ (അ-പു-പ്ര-ഏ) വഃ (യുഷ്മദ്-ഷ-ബ) സുഹൃത് (ത-പു-പ്ര-ഏ) നീലകണ്ഠഃ (അ-പു-പ്ര-ഏ) ദിവസവിഗമേ (അ-പു-സ-ഏ) യാം (യദ്-സ്ത്രീ-ദ്വി-ഏ) അദ്ധ്യാസ്തേ (ലട്-ആത്മ-പ്ര-പു-ഏ)

തന്മദ്ധ്യത്തിൽ സ്ഫടികഫലകയും മൂലത്തിൽ അനതിപ്രൗഢവംശപ്രകാശങ്ങളായ മണികളാൽ ബദ്ധയും കാഞ്ചനിയുമായ

വാസയഷ്ടിയും ഉണ്ടു്. എന്റെ കാന്തയാൽ ശിഞ്ജാവലയസുഭഗങ്ങളായ താളങ്ങളെക്കൊണ്ടു നൎത്തിതനും നിങ്ങളുടെ സുഹൃത്തുമായ നീലകണ്ഠൻ ദിവസവിഗമത്തിൽ യാതൊന്നിന്മേ അദ്ധ്യാസിക്കുന്നു.

തന്മദ്ധ്യം=അവയുടെ മദ്ധ്യം. അവ=രക്താശോകവും കേസരവും. മദ്ധ്യം=ഇട. സ്ഫടികഫലക=സ്ഫടികമയമായ ഫലകത്തോടുകൂടിയതു്. സ്ഫടികമയം=സ്ഫടികംകൊണ്ടുള്ളതു്. ഫലകം=ഇരിക്കുവാനുള്ള തട്ടു്. മൂലം=ചുവടു്. (അടിത്തറ) അനതിപ്രൗഢവംശപ്രകാശങ്ങൾ=അനതിപ്രൗഢവംശത്തിന്റെ പ്രകാശംപോലെയുള്ള പ്രകാശത്തോടുകൂടിയവ. അനതിപ്രൗഢവംശങ്ങൾ=അനതിപ്രൗഢങ്ങളായ വംശങ്ങൾ. അനതിപ്രൗഢങ്ങൾ=അതിപ്രൗഢങ്ങളല്ലാത്തവ. അതിപ്രൗഢങ്ങൾ=ഏറ്റവും പ്രൗഢങ്ങൾ. പ്രൗഢങ്ങൾ=മുറ്റിയവ. വംശങ്ങൾ=മുളകൾ. പ്രകാശങ്ങൾ=കാന്തികൾ. മണികൾ=രത്നങ്ങൾ. ബദ്ധ=ബന്ധിക്കപ്പെട്ടതു്. ബന്ധിക്ക=കെട്ടുക. കാഞ്ചനി. സ്വൎണ്ണമയി. വാസയഷ്ടി=വാസത്തിനായിട്ടുള്ള യഷ്ടി. വാസം=പാൎപ്പു്. യഷ്ടി=തൂണു്. കാന്ത=ഭാൎയ്യ. ശിഞ്ജാവലയസുഭഗങ്ങൾ=ശിഞ്ജാവലയങ്ങളെക്കൊണ്ടുസുഭഗങ്ങൾ. ശിഞ്ജാവലയങ്ങൾ=ശിഞ്ജാപ്രധാനങ്ങളായ വലയങ്ങൾ. ശിഞ്ജാപ്രധാനങ്ങൾ=കിലുങ്ങുവാനായി തരികൾ ഇട്ടിട്ടുള്ളവ. വലയങ്ങൾ=വളകൾ. സുഭഗങ്ങൾ=മധുരങ്ങൾ. താളങ്ങൾ=കൈകൊട്ടുകൾ. നൎത്തിതൻ=നൎത്തനംചെയ്യിക്കപ്പെട്ടവൻ നൎത്തനംചെയ്ക=ആടുക. നിങ്ങൾ=മേഘങ്ങൾ. സുഹൃത്തു്=ബന്ധു. നീലകണ്ഠൻ=മയിൽ. ദിവസവിഗമം=ദിവസത്തിന്റെ വിഗമം. ദിവസം=പകൽ. വിഗമം=അപഗമം, അവസാനം. യാതൊന്നു്=യാതൊരു വാസയഷ്ടി. അദ്ധ്യാസിക്ക=കയറിയിരിക്ക. (ചേക്കുകയറുക)

ആ മരങ്ങളുടെ ഇടയ്ക്കു് സ്ഫടികംകൊണ്ടുള്ള മേൽത്തട്ടുള്ളതും മരതകക്കല്ലുകളെക്കൊണ്ടു അടിത്തറ കെട്ടിയിട്ടുള്ളതുമായ പക്ഷികൾക്കു് ഇരിക്കുവാനുള്ള സ്വൎണ്ണമയമായ ഒരു കൂടുണ്ടു്. എന്റെ ഭാൎയ്യ കൈവളകളുടെ കിലുക്കങ്ങളാൽ മനോഹരമായി താളം പിടിച്ചു് ആടിക്കുന്നതും മേഘങ്ങളുടെ ബന്ധുവുമായ മയിൽ വൈകുന്നേരം ചേക്കുകയറുക പതിവാണു്.

ഏഭിഃ സാധോ ഹൃദയനിഹിതൈർലക്ഷണൈർല്ലക്ഷയേഥാ
ദ്വാരോപാന്തേ ലിഖിതവപുഷൗ ശംഖപദ്മൗ ച ദൃഷ്ട്വാ
ക്ഷാമച്ഛായം ഭവനമധുനാ മദ്വിയോഗേന നൂനം
സൂൎയ്യാപായേ ന ഖലു കമലം പുഷ്യതി സ്വാമഭിഖ്യാം ൧൦

ഹേ സാധോ (ഉ-പു-സം-പ്ര ഏ) ഹൃദയനിഹിതൈഃ

(അ-ന-തൃ-ബ) ഏഭിഃ (ഇദം-ന-തൃ-ബ) ലക്ഷണൈഃ (അ-ന-തൃ-ബ) ദ്വാരോപാന്തേ (അ-പു-സ-ഏ) ലിഖിതവപുഷൌ (സ-പു-ദ്വി-ദ്വി) ശംഖപദ്മൌ (അ-പു-ദ്വി-ദ്വി) ദൃഷ്ട്വാ (ക്ത്വാ-അ) ച (അ) അധുനാ (അ) മദ്വിയോഗേന (അ-പു-തൃ-ഏ) നൂനം (അ) ക്ഷാമച്ഛായം (അ-ന-ദ്വി-ഏ) ഭവനം (അ-ന-ദ്വി-ഏ) ലക്ഷയേഥാഃ (ലിങ്-ആത്മ-മ-പു-ഏ) കമലം (അ-ന-പ്ര-ഏ) സൂര്യാപായേ (അ പു-സ-ഏ) സ്വാം (ആ-സ്ത്രീ-ദ്വി-ഏ) അഭിഖ്യാം (ആ-സ്ത്രീ-ദ്വി-ഏ) ന (അ) പുഷ്യതി (ലട്-പര-പ്ര-പു-ഏ)

അല്ലയോ സാധോ, ഹൃദയനിഹിതങ്ങളായ ഈ ലക്ഷണങ്ങളെക്കൊണ്ടും ദ്വാരോപാന്തത്തിൽ ലിഖിതവപുസ്സുകളായ ശംഖപത്മങ്ങളെ ദൎശിച്ചിട്ടും ഇപ്പോൾ മദ്വിയോഗത്താൽ തീൎച്ചയായും ക്ഷാമച്ഛായമായിരിക്കുന്ന ഭവനത്തെ നീ ലക്ഷിക്കണം. കമലം സൂര്യാപായത്തിൽ സ്വയായ അഭിഖ്യയെ പോഷിപ്പിക്കുന്നില്ലല്ലോ.

സാധു=സുജനം. ഹൃദയനിഹിതങ്ങൾ=ഹൃദയത്തിൽ നിഹിതങ്ങൾ. ഹൃദയം=മനസ്സ്. നിഹിതങ്ങൾ=നിധാനംചെയ്യപ്പെട്ടവ. നിധാനംചെയ്ക=നിക്ഷേപിക്ക, (സൂക്ഷിക്ക) ലക്ഷണങ്ങൾ=അടയാളങ്ങൾ. ദ്വാരോപാന്തം=ദ്വാരത്തിന്റെ ഉപാന്തം. ദ്വാരം=വാതൽ. ഉപാന്താ=സമീപം. ലിഖിതവപുസ്സുകൾ=ലിഖിതങ്ങളായ വപുസ്സുകളോടുകൂടിയവ. ലിഖിതങ്ങൾ=ലേഖനംചെയ്യപ്പെട്ടവ. ലേഖനംചെയ്ക=എഴുതുക (വരയ്ക്കുക) വപുസ്സ്=ശരീരം (ആകൃതി) ശംഖപദ്മങ്ങൾ=ശംഖവും പദ്മവും (രണ്ടുനിധികൾ.) ദൎശിക്ക=കാണുക. മദ്വിയോഗം=എന്നോടുള്ള വിയോഗം. വിയോഗം=വേർപാട്. ക്ഷാമച്ഛായം=ക്ഷാമയായ ഛായയോടുകൂടിയതു്. ക്ഷാമ=ക്ഷീണിച്ചതു്. ഛായ=കാന്തി (ശോഭ.) ഭവനം=ഗൃഹം. ലക്ഷിക്ക=തിരിച്ചറിയുക. കമലം=താമരപ്പൂവു്. സൂര്യാപായം=സൂര്യന്റെ അപായം. അപായം=അപഗമനം (അസ്തമയം) സ്വ=തന്റേതു്. അഭിഖ്യ=കാന്തി. പോഷിപ്പിക്ക=പുലൎത്തുക.

നീ, ഈ അടയാളങ്ങളെല്ലാം ഓൎത്തുകൊണ്ടും വാതിലിന്റെ ഇരുവശവും വരച്ചിട്ടുള്ള ശംഖപത്മങ്ങളെന്ന നിധികളെക്കണ്ടും എന്റെ ഗൃഹം തിരിച്ചറിയണം. ഇപ്പോൾ ഞാൻ അവിടെ ഇല്ലാത്തതിനാൽ അതിനു പണ്ടുണ്ടായിരുന്ന ശ്രീ ഉണ്ടായിരിക്കയില്ലെന്നു ഞാൻ തിർച്ചയായി വിചാരിക്കുന്നു. സൂര്യൻ പോയാൽ താമരപ്പൂവിനു കാന്തി കുറയുമല്ലോ.

ഗത്വാ സദ്യഃ കളഭതനുതാം ശീഘ്രസമ്പാതഹേതോഃ
ക്രീഡാശൈലേ പ്രഥമകഥിതേ രമ്യസാനൗ നിഷണ്ണഃ
അർഹസ്യന്തർഭവനപതിതാം കർത്തുമല്പാല്പഭാസം
ഖദ്യോതാളീവിലസിതനിഭാം വിദ്യുദുന്മേഷദൃഷ്ടിം. ൧൯

ത്വം (യുഷ്മദ്-പ്ര-ഏ) ശീഘ്രസമ്പാതഹേതോഃ (ഉ-പു-ഷ-ഏ) സദ്യഃ (അ) കളഭതനുതാം (ആ-സ്ത്രീ-ദ്വി-ഏ) ഗത്വാ (ക്ത്വാ-അ) പ്രഥമകഥിതേ (അ-പു-സ-ഏ) രമ്യസാനൗ (ഉ-പു-സ-ഏ) ക്രീഡാശൈലേ (അ-പു-സ-ഏ) നിഷണ്ണഃ (അ-പു-പ്ര-ഏ) അല്പാല്പഭാസം (സ-സ്ത്രീ ദ്വി-ഏ) ഖദ്യോതാളീവിലസിതനിഭാം (ആ-സ്ത്രീ-ദ്വി-ഏ) വിദ്യുദുന്മേഷദൃഷ്ടിം (ഇ-സ്ത്രീ-ദ്വി-ഏ) അന്തർഭവനപതിതാം (ആ-സ്ത്രീ-ദ്വി-ഏ) കർത്തും (തുമു-അ) അർഹസി (ലട്-പര-മ-പു-ഏ)

നീ ശീഘ്രസമ്പാതഹേതുവിന് ഉടനെ കളഭതനുതയെ ഗമിച്ചിട്ടു് പ്രഥമകഥിതവും രമ്യസാനുവുമായ ക്രീഡാശൈലത്തിൽ നിഷണ്ണനായിട്ടു് അല്പാല്പഭാസ്സും ഖദ്യോതാളീവിലസിതനിഭയുമായ വിദ്യുദുന്മേഷദൃഷ്ടിയെ അന്തർഭവനപതിതയാക്കി ചെയ്യുന്നതിന് അർഹിക്കുന്നു.

ശീഘ്രസമ്പാതഹേതു=ശീഘ്രസമ്പാതത്തിന്റെ ഹേതു. ശീഘ്രസമ്പാതം=ശീഘ്രമായ സമ്പാതം. ശീഘ്രം=വേഗത്തിലുള്ളതു്. സമ്പാതം=പ്രവേശം. ഹേതു=കാരണം കളഭതനുത=കളഭതനുവിന്റെ അവസ്ഥ. കളഭതനു=കളഭത്തിന്റെ തനുപോലെയുള്ള തനുവോടുകൂടിയവൻ. കളഭം=ആനക്കുട്ടി. തനു=ശരീരം. ഗമിക്ക=പ്രാപിക്ക. പ്രഥമകഥിതം=പ്രഥമം കഥിതം. പ്രഥമം=ആദ്യം. കഥിതം=പറയപ്പെട്ടതു്. രമ്യസാനു=രമ്യങ്ങളായ സാനുക്കളോടുകൂടിയതു്. രമ്യങ്ങൾ=മനോഹരങ്ങൾ. സാനുക്കൾ=താഴ്‌വരകൾ. ക്രീഡാശൈലം=ക്രീഡയ്ക്കായിട്ടുള്ള ശൈലം. ക്രീഡ=കളി. ശൈലം=പർവ്വതം. നിഷണ്ണൻ=നിഷദിച്ചവൻ. നിഷദിക്ക=ഇരിക്ക. അല്പാല്പഭാസ്സു്=അല്പാല്പയായ ഭാസ്സോടുകൂടിയതു്. അല്പാല്പ=ചെറിയവിധത്തിലുള്ളതു്. ഭാസ്സു്=ശോഭ. ഖദ്യോതാളീവിലസിതനിഭ=ഖദ്യോതാളീവിലസിതംപോലെയുള്ളതു്. ഖദ്യോതാളീവിലസിതം=ഖദ്യോതാളിയുടെ വിലസിതം. ഖദ്യോതാളി=ഖദ്യോതങ്ങളുടെ ആളി. ഖദ്യോതങ്ങൾ=മിന്നാമിനുങ്ങുകൾ. ആളി=നിര. വിലസിതം = വിലാസം. വിദ്യുദുന്മേഷദൃഷ്ടി = വിദ്യുത്തുകളുടെ ഉന്മേഷംപോലെയുള്ള ദൃഷ്ടി. വിദ്യുത്തുകൾ=മിന്നലുകൾ. ഉന്മേഷം=പ്രകാശം. ദൃഷ്ടി=കണ്ണു്. അന്തർഭവനപതിത=അന്തർഭവനത്തിൽ പതിത. അന്തർഭവനം=ഭവനത്തിന്റെ അന്തർഭാഗം.

ഭവനം=ഗൃഹം. അന്തർഭാഗം=ഉൾഭാഗം. പതിത=പതിച്ചതു്. അർഹിക്ക=അർഹനായി ഭവിക്ക. അർഹൻ=യോഗ്യൻ.

നീ എളുപ്പത്തിൽ കടക്കുന്നതിനായി ഒരു ആനക്കുട്ടിയുടെ ശരീരംപോലെ ഉടൽ ചെറുതാക്കി മുൻപു പറഞ്ഞതും മനോഹരമായ താഴ്‌വരയോടുകൂടിയതുമായ ക്രീഡാശൈലത്തിൽ ഇരുന്നുകൊണ്ടു്, മിന്നാമിനുങ്ങുനിര മിന്നുന്നപോലെ അല്പാല്പമായ് വെളിച്ചത്തോടുകൂടിയ മിന്നലാകുന്ന കണ്ണിനെ ഗൃഹത്തിന്റെ ഉള്ളിൽ പതിപ്പിക്കണേ!

തന്വീ ശ്യാമാ ശിഖരിദശനാ പക്വബിംബാധരോഷ്ഠീ
മദ്ധ്യേ ക്ഷാമാ ചകിതഹരിണിപ്രേക്ഷണാ നിമ്നനാഭിഃ
ശ്രോണീഭാരാദലസഗമനാ സ്തോകനമ്രാ സ്തനാഭ്യാം
യാ തത്ര സ്യാദ്യുവതിവിഷയേ സൃഷ്ടിരാദ്യേവ ധാതുഃ ൧൯

തത്ര (അ) തന്വീ (ഈ-സ്ത്രീ-പ്ര-ഏ) ശ്യാമാ (ആ സ്ത്രീ-പ്ര-ഏ) ശിഖരിദശനാ (ആ-സ്ത്രീ പ്ര-ഏ) പക്വബിംബാധരോഷ്ഠി (ഈ-സ്ത്രീ-പ്ര-ഏ) മദ്ധ്യേ (അ-പു-സ-ഏ) ക്ഷാമാ (ആ-സ്ത്രീ-പ്ര-ഏ) ചകിതഹരിണീപ്രേക്ഷണാ (ആ-സ്ത്രീ-പ്ര-ഏ) നിമ്നനാഭിഃ (ഇ-സ്ത്രീ-പ്ര-ഏ) ശ്രോണീഭാരാത് (അ-പു-പ-ഏ) അലസഗമനാ (ആ-സ്ത്രീ-പ്ര-ഏ) സ്തനാഭ്യാം (അ-പു-തൃ-ദ്വി) സ്തോകനമ്രാ (ആ-സ്ത്രീപ്ര-ഏ) യുവതിവിഷയേ (അ-പു-സ-ഏ) ധാതുഃ (ഋ-പു-ഷ-ഏ) ആദ്യാ (ആ-സ്ത്രീ-പ്ര-ഏ) സൃഷ്ടിഃ (ഈ-സ്ത്രീ-പ്ര-ഏ) ഇവ (അ) സ്ഥിതാ (ആ-സ്ത്രീ-പ്ര-ഏ) യാ (യദ്-സ്ത്രീ-പ്ര-ഏ) സ്യാത് (ലിങ്-പര-പ്ര-പു-ഏ)

അവിടെ തന്വിയും ശ്യാമയും ശിഖരിദശനയും പക്വബിംബാധരോഷ്ഠിയും മദ്ധ്യത്തിൽ ക്ഷാമയും ചകിതഹരിണീപ്രേക്ഷണയും നിമ്നനാഭിയും ശ്രോണീഭാരത്താൽ അലസഗമനയും സ്തനങ്ങളാൽ സ്തോകനമ്രയും യുവതിവിഷയത്തിൽ ധാതാവിന്റെ ആദ്യയായ സൃഷ്ടിപോലെ സ്ഥിതയും ആയ യാവളൊരുത്തി ഉണ്ടായിരിക്കുമോ.

തന്വീ=കൃശമായ ശരീരത്തോടുകൂടിയവൾ. ശ്യാമ=യൗവനമദ്ധ്യത്തിൽ സ്ഥിതിചെയ്യുന്നവൾ. ശിഖരിദശന=ശിഖരികളായ ദശനങ്ങളോടു കൂടിയവൾ. ശിഖരികൾ=ശിഖരങ്ങൾ ഉള്ളവ. ശിഖരങ്ങൾ=കൂർത്ത അഗ്രങ്ങൾ. ദശനങ്ങൾ=പല്ലുകൾ. പക്വബിംബാധരോഷ്ഠീ=പക്വബിംബംപോലെയുള്ള അധരോഷ്ഠത്തോടുകൂടിയവൾ. പക്വബിംബം=പക്വമായ ബിംബം. പക്വം=പഴുത്തതു്. ബിംബം=തൊണ്ടിപ്പഴം. അധരോഷ്ഠം=അധരമായ ഓഷ്ഠം.

അധരം=താഴത്തേതു്. ഓഷ്ഠം=ചുണ്ടു് മദ്ധ്യം=നടുവു്. ക്ഷാമ=ക്ഷീണിച്ചവൾ (മെലിഞ്ഞവൾ) ചകിതഹരിണീപ്രേക്ഷണാ=ചകിതഹരിണിയുടെ പ്രേക്ഷണംപോലെയുള്ള പ്രേക്ഷണത്തോടുകൂടിയവൾ. ചകിതഹരിണി=ചകിതയായ ഹരിണി. ചകിത=ഭയപ്പെട്ടതു്. ഹരിണി=മാൻപേട. പ്രേക്ഷണം=നോട്ടം. നിമ്നനാഭിഃ=നിമ്നമായ നാഭിയോടുകൂടിയവൾ. നിമ്നം=ഗംഭീരം(കുഴിഞ്ഞതു്) ശ്രോണിഭാരം=ശ്രോണിയുടെ ഭാരം. ശ്രോണി=അരക്കെട്ടു്. ഭാരം=ഘനം. അലസഗമന=അലസമായ ഗമനത്തോടുകൂടിയവൾ. അലസം=മന്ദം. ഗമനം=നടപ്പു്. സ്തനങ്ങൾ=കുചങ്ങൾ. സ്തോകനമ്ര=സ്തോകം നമ്രയായിട്ടുള്ളവൾ. സ്തോകം=അല്പം. നമ്ര=കുനിഞ്ഞിട്ടുള്ളവൾ. യുവതിവിഷയം=യുവതികളുടെ വിഷയം. യുവതികൾ=യൗവനമുള്ള സ്ത്രീകൾ. ധാതാവു്=ബ്രഹ്മാവു്. ആദ്യ=ഒന്നാമത്തേതു്. സൃഷ്ടി=നിർമ്മാണം. യാവളൊരുത്തി=യാതൊരു സ്ത്രീ.

ആ ഗൃഹത്തിൽ കൃശശരീരയും യൗവനത്തിന്റെ മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്നവളും അഗ്രം കൂർത്തപല്ലു്, തൊണ്ടിപ്പഴംപോലെയുള്ള ചുണ്ടു് കൃശമായ മധ്യഭാഗം, പേടിച്ച മാൻപേടയുടെ നോട്ടംപോലെയുള്ള നോട്ടം, കുഴിഞ്ഞ പൊക്കിൾ, അരക്കെട്ടിന്റെ ഘനംകൊണ്ടു മന്ദമായഗമനം, സ്തനങ്ങളുടെ ഭാരത്താൽ അല്പം കുനിഞ്ഞ ശരീരം ഇവയോടുകൂടി സുന്ദരിമാരുടെ വിഷയത്തിൽ ബ്രഹ്മാവിന്റെ ആദ്യത്തെ സൃഷ്ടിപോലെ ഇരിക്കുന്ന ഏതൊരുത്തി ഉണ്ടായിരിക്കുമോ,

താം ജാനീഥാഃ പരിമിതകഥാം ജീവിതം മേ ദ്വിതീയം
ദൂരീഭൂതേ മയി സഹചരേ ചക്രവാകീമിവൈകാം
ഗാഢോൽക്കണ്ഠാം ഗുരുഷു ദിവസേഷ്വേഷു ഗച്ഛത്സു ബാലാം
ജാതാംമന്യേ ശിശിരമഥിതാം പത്മിനീം വാന്യരൂപാം. ൮൦

സഹചരേ (അ-പു-സ-ഏ) മയി (അസ്മദ്-സ-ഏ) ദൂരീഭൂതേ (അ-പു-സ-ഏ) ചക്രവാകീം (ഈ-സ്ത്രീ-ദ്വി-ഏ) ഇവ (അ) ഏകാം (ആ-സ്ത്രീ-ദ്വി-ഏ) പരിമിതകഥാം (ആ-സ്ത്രീ-ദ്വി-ഏ) താം (തച്ഛ-സ്ത്രീ-ദ്വി-ഏ) മേ (അസ്മ-ഷ-ഏ) ദ്വിതിയം-ഹൃദയം (അ-ന-ദ്വി.ഏ) ജാനീഥാഃ (ലിങ്-ആ-മ-പു-ഏ) ഗുരുഷു (ഉ-പു-സ-ബ) ഏഷു (ഏതദ്-പു-സ-ബ) ദിവസേഷു (അ-പു-സ-ബ) ഗച്ഛത്സു (ത-പു-സ-ബ) ഗാഢോൽക്കണ്ഠാം (ആ-സ്ത്രീ-ദ്വി-ഏ) ബാലാം (ആ-സ്ത്രീ-ദ്വി-ഏ) ശിശിരമഥിതാം (ആ സ്ത്രീ-ദ്വി-ഏ) പത്മിനീം (ഈ-സ്ത്രീ-ദ്വി-ഏ) വാ (അ) അന്യരൂപാം (ആ-സ്ത്രീ-ദ്വി-ഏ) ജാതാം (ആ-സ്ത്രീ-ദ്വി-ഏ) മന്യേ (ലട്-ആത്മ-ഉ-പു-ഏ)

സഹചരനായ ഞാൻ ദൂരീഭൂതനായിരിക്കുമ്പോൾ ചക്രവാകിയെപ്പോലെ ഏകയും പരിമിതകഥയും ആയ അവളെ എന്റെ ദ്വിതീയമായ ഹൃദയമെന്നു നീ അറിയണം. വിരഹഗുരുക്കളായ ഈ ദിവസങ്ങൾ ഗച്ഛത്തുകളായിരിക്കുമ്പോൾ ഗാഢോൽക്കണ്ഠയായ ബാലയേ ശിശിരമഥിതയായ പത്മിനിയേപ്പോലെ അന്യരൂപയായി ജാതയെന്നു ഞാൻ മനനം ചെയ്യുന്നു.

സഹചരൻ=കൂട്ടുകാരൻ. ദൂരീഭൂതൻ=ദൂരത്തായിഭവിച്ചവൻ (അകന്നവൻ) ചക്രവാകി=ചക്രവാകപ്പിട. ഏക=ഒറ്റയ്ക്കായവൾ. പരിമിതകഥ=പരിമിതയായ കഥയോടുകൂടിയവൾ. പരിമിത=ഏറ്റവും ചുരുങ്ങിയതു്. കഥ=സംഭാഷണം. ദ്വിതീയം =രണ്ടാമത്തേതു്. വിരഹഗുരുക്കൾ=വിരഹംകൊണ്ടുഗുരുക്കൾ. വിരഹം=വേർപാടു് (ഇവിടെ വേർപാടുകൊണ്ടുള്ള ദുഃഖം) ഗുരുക്കൾ=ദീർഘങ്ങൾ. ഗച്ഛത്തുകൾ=ഗമിക്കുന്നവ. ഗമിക്ക=പോക. ഗാഢോൽക്കണ്ഠ=ഗാഢയായ ഉൽക്കണ്ഠയോടുകൂടിയവൾ. ഗാഢ=വൎദ്ധിച്ചതു്. ഉൽക്കണ്ഠ=അസ്വാസ്ഥത. ശിശിരമഥിത=ശിശിരത്താൽ മഥിത. ശിശിരം=ശിശിരൎത്തു. (മഞ്ഞുകാലം) മഥിത=മഥനം ചെയ്യപ്പെട്ടതു്. മഥനംചെയ്ക=പീഡിപ്പിയ്ക്ക. പത്മിനി=താമരപ്പൊയ്ക. അന്യരൂപ=അന്യമായ രൂപത്തോടുകൂടിയവൾ. അന്യം=മറ്റൊന്നു്. രൂപം=ആകൃതി. ജാത=ജനിച്ചവൾ. മനനംചെയ്ക=വിചാരിയ്ക്ക.

കൂട്ടുകാരനായ ഞാൻ അകന്നിരിക്കുന്നതിനാൽ ചക്രവാകപ്പിടയെപ്പോലെ ഒറ്റയ്ക്കായിത്തീൎന്നു് അധികം സംഭാഷണംകൂടാതെ ഇരിക്കുന്ന അവളെ എന്റെ പ്രാണപ്രേയസിയെന്നു നീ അറിയണം. എന്നാൽ, വിരഹംനിമിത്തം അതിദീർഘമായിത്തോന്നുന്ന ഈ ദിവസങ്ങൾ കഴിയുംതോറും ഉൽക്കണ്ഠ വൎദ്ധിച്ചിരിക്കുന്ന ആ ബാല മഞ്ഞുകൊണ്ടു കേടുവന്ന ഒരു താമരപ്പൊയ്കപോലെ കണ്ടാലറിയാത്തവിധമായിത്തീൎന്നിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു.

നൂനം തസ്യാഃ പ്രബലരുദിതോച്ഛൂനനേത്രം പ്രിയായാ-
നിഃശ്വാസാനാമശിശിരതയാ ഭിന്നവൎണ്ണാധരോഷ്ഠം
ഹസ്തന്യസ്തം മുഖമസകലവ്യക്തി ലമ്ബാളകത്വാ.
ദിന്ദോർദ്ദൈന്യം ത്വദനുസരണക്ലിഷ്ടകാന്തേർബ്ബിഭൎത്തി. ൮൫

പ്രബലരുദിതോച്ഛൂനനേത്രം (അ-ന-പ്ര-ഏ) നിഃശ്വാസാനാം (അ-ന-ഷ-ബ) അശിശിരതയാ (ആ-സ്ത്രീ-തൃ-ഏ) ഭിന്നവൎണ്ണാധരോഷ്ഠം (അ-ന-[illegible]-ഏ-) ഹസ്തന്യ

സ്തം (അ-ന-പ്ര-ഏ) ലംബാളകത്വാൽ (അ-ന-പ-ഏ) അസകലവ്യക്തി (ഇ-ന-പ്ര-ഏ) തസ്യാഃ (തച്ഛ-സ്ത്രീ-ഷ-ഏ) പ്രിയായാഃ (ആ-സ്ത്രീ-ഷ-ഏ) മുഖം (അ-ന-പ്ര-ഏ) ത്വദനുസരണക്ലിഷ്ടകാന്തേഃ (ഇ-പു-ഷ-ഏ) ഇന്ദോഃ (ഉ-പു-ഷ-ഏ) ദൈന്യം (അ-ന-ദ്വി-ഏ) ബിഭൎത്തി (ലട്-പര-പ്ര-പു-ഏ) നൂനം (അ)

പ്രബലരുദിതോച്ഛൂനനേത്രവും നിഃശ്വാസങ്ങളുടെ അശിശിരതയാൽ ഭിന്നവൎണ്ണാധരോഷ്ഠവും ഹസ്തന്യസ്തവും ലംബാളകത്വം ഹേതുവായിട്ട് അസകലവ്യക്തിയും ആയ ആ പ്രിയയുടെ മുഖം ത്വദനുസരണക്ലിഷ്ടകാന്തിയായ ഇന്ദുവിന്റെ ദൈന്യത്തെ ധരിയ്ക്കുന്നുണ്ടായിരിക്കണം.

പ്രബലരുദിതോച്ഛൂനനേത്രം = പ്രബലരുദിതോച്ഛൂനങ്ങളായ നേത്രങ്ങളോടുകൂടിയതു്. പ്രബലരുദിതോച്ഛൂനങ്ങൾ=പ്രബലരുദിതത്താൽ ഉച്ഛൂനങ്ങൾ. പ്രബലരുദിതം=പ്രബലമായ രുദിതം. പ്രബലം=ബലമേറിയതു്. രുദിതം=രോദനം. (കരച്ചിൽ) ഉച്ഛൂനങ്ങൾ=വീൎത്തവ. നേത്രങ്ങൾ=കണ്ണുകൾ. നിഃശ്വാസങ്ങൾ=ദീർഘശ്വാസങ്ങൾ. അശിശിരത=അശിശിരങ്ങളുടെ അവസ്ഥ. അശിശിരങ്ങൾ ശിശിരങ്ങളല്ലാത്തവ. ശിശിരങ്ങൾ=തണുത്തവ. ഭിന്നവൎണ്ണാധരോഷ്ഠം=ഭിന്നവൎണ്ണമായ അധരോഷ്ഠത്തോടുകൂടിയതു്. ഭിന്നവൎണ്ണം=ഭിന്നമായ വൎണ്ണത്തോടുകൂടിയതു്. ഭിന്നം=ഭേദിച്ചതു്. ഭേദിയ്ക്ക=മാറുക. വൎണ്ണം=നിറം. അധരോഷ്ഠം=അധരമായ ഓഷ്ഠം. അധരം=താഴത്തേതു്. ഓഷ്ഠം=ചുണ്ടു്. ഹസ്തന്യസ്തം=ഹസ്തത്തിൽ ന്യസ്തം. ഹസ്തം=കൈ. ന്യസ്തം=ന്യസിക്കപ്പെട്ടതു്. ന്യസിക്ക=വയ്ക്ക. ലംബാളകത്വം=ലംബാളകത്തിന്റെ അവസ്ഥ. ലംബാളകം=ലമ്ബങ്ങളായ അളകങ്ങളോടുകൂടിയതു്. ലംബങ്ങൾ=ലംബിക്കുന്നവ. ലംബിയ്ക്ക=തൂങ്ങുക. അളകങ്ങൾ=കുറുനിരകൾ. അസകലവ്യക്തി=അസകലയായ വ്യക്തിയോടുകൂടിയതു്. അസകല=സകലയല്ലാത്തതു്. സകല=സംപൂൎണ്ണ. വ്യക്തി=സ്ഫുടത. (അഭിവ്യക്തി.) പ്രിയ=ഭാൎയ്യ. ത്വദനുസരണക്ലിഷ്ടകാന്തി=ത്വദനുസരണത്താൽ ക്ലിഷ്ടകാന്തി. ത്വദനുസരണം=നിന്റെ അനുസരണം. നീ=മേഘം. അനുസരണം=ഉപരോധം. (ഉപദ്രവം) ക്ലിഷ്ടകാന്തി=ക്ലിഷ്ടയായ കാന്തിയോടുകൂടിയവൻ. ക്ലിഷ്ട=ക്ലേശിപ്പിക്കപ്പെട്ടതു്. ക്ലേശിപ്പിക്ക=ക്ഷീണിപ്പിക്ക. കാന്തി=ശോഭ. ഇന്ദു=ചന്ദ്രൻ. ദൈന്യം=ദീനത. ധരിയ്ക്കുക=കൈക്കൊള്ളുക.

അധികം കരകയാൽ കണ്ണുകൾ വീൎത്തും, ചൂടുള്ള നെടുവീൎപ്പുകൾതട്ടി ചുണ്ടിന്റെ നിറം പകൎന്നും, സംസ്കാരമൊന്നുമില്ലാതെ

തൂങ്ങിക്കിടക്കുന്ന കുറുനിരകളേക്കൊണ്ടു് ഏതാനുംഭാഗം മറഞ്ഞും കൈയാൽ താങ്ങപ്പെട്ടിരിക്കുന്ന, ആ പ്രിയതമയുടെ മുഖം മേഘങ്ങളാൽ മൂടപ്പെട്ടു് പ്രകാശംകുറഞ്ഞ ചന്ദ്രനേപ്പോലെ ഇപ്പോൾ ദയനീയമായിരിക്കും.

ആലോകേ തേ നിപതതി പുരാ സാ ബലിവ്യാകുലാ വാ
മത്സാദൃശ്യം വിരഹതനു വാ ഭാവഗമ്യം ലിഖന്തീ
പൃച്ഛന്തീ വാ മധുരവചനാം സാരികാം പഞ്ജരസ്ഥാം
കച്ചിദ് ഭർത്തുഃ സ്മരസി രസികേ ത്വം ഹി തസ്യപ്രിയേതി. ൨൨

സാ (തദ്-സ്ത്രീ-പ്ര-ഏ) ബലിവ്യാകുലാ (ആ-സ്ത്രീ-പ്ര-ഏ) വാ (അ) ഭാവഗമ്യം (അ-ന-ദ്വി-ഏ) വിരഹതനു (ഉ-ന-ദ്വി-ഏ) മത്സാദൃശ്യം (അ-ന-ദ്വി ഏ) ലിഖന്തി (ഈ-സ്ത്രീ-പ്ര-ഏ) വാ (അ) മധുരവചനാം പഞ്ജരസ്ഥാം ശാരികാം (ആ-സ്ത്രീ-ദ്വി-ഏ) രസികേ (ആ-സ്ത്രീ-സം-പ്ര-ഏ) ത്വം (യുഷ്മദ്-പ്ര-ഏ] ഭർത്തുഃ (ഋ-പു-ഷ-ഏ) സ്മരസി (ലട്-പര-മ-പു-ഏ)കച്ചിദ് (അ) ത്വം (യുഷ്മദ് പ്ര-ഏ) തസ്യ (തദ് ദ-പു-ഷ-ഏ) പ്രിയാ (ആ-സ്ത്രീ-പ്ര-ഏ) ഹി (അ) ഇതി (അ) പൃച്ഛന്തീ (ഈ-സ്ത്രീ-പ്ര-ഏ) വാ (അ) തേ (യുഷ്മദ്-ഷ-ഏ) ആലോകേ (അ-പു-സ-ഏ) പുരാ (അ) നിപതതി (ലട്-പര-പ്ര-പു-ഏ.)

അവൾ ബലിവ്യാകുലയായിട്ടോ, ഭാവഗമ്യവും വിരഹതനുവുമായ മത്സാദൃശ്യത്തെ ലിഖന്തി ആയിട്ടോ, മധുരവചനയും പഞ്ജരസ്ഥയുമായ ശാരികയോടു് "അല്ലയോ രസികേ! നീ ഭർത്താവിനെ ഓർക്കുന്നുണ്ടോ? നീ അവനു് പ്രിയപ്പെട്ടവളാണല്ലോ" എന്നു് പൃച്ഛന്തിയായിട്ടോ നിന്റെ ആലോകത്തിൽ നിപതിക്കും.

അവൾ=എന്റെ ഭാര്യ. ബലിവ്യാകുല=ബലിയിൽ വ്യാകുല. ബലി=പൂജ. വ്യാകുല=ബദ്ധപ്പെടുന്നവൾ. ഭാവഗമ്യം=ഭാവംകൊണ്ടു ഗമ്യം. ഭാവം=ഭാവന. ഗമ്യം=ഗമിക്കപ്പെടാവുന്നതു്. ഗമിക്കപ്പെടുക=അറിയപ്പെടുക. വിരഹതനു=വിരഹത്താൽ തനു. വിരഹം=വിയോഗം. തനു=കൃശം മത്സാദൃശ്യം=എന്റെ സാദൃശ്യം. ഞാൻ=യക്ഷൻ. സാദൃശ്യം=ചിത്രം. ലിഖന്തീ=ലേഖനംചെയ്യുന്നവൾ. ലേഖനംചെയ്ക=എഴുതുക. മധുരവചന=മധുരമായ വചനത്തോടുകൂടിയവൾ. മധുരം=മനോഹരം. വചനം=വാക്കു്. പഞ്ജരസ്ഥ=പഞ്ജരത്തിൽ സ്ഥിതിചെയ്യുന്നവൾ. പഞ്ജരം=കൂടു്. സ്ഥിതിചെയ്യുക=ഇരിക്കുക. ശാരിക=പൈങ്കിളി. സ്മരിക്ക=ഓർക്കുക. അവൻ=ഭർത്താവു്. പ്രിയ=ഇഷ്ടപ്പെട്ടവൾ. പൃച്ഛന്തി=ചോദിക്കുന്നവൾ. നീ=മേഘം. ആലോകം=കാഴ്ച. പതിക്ക=പെടുക.

നീ കാണുമ്പോൾ അവൾ ഭൎത്താവിന്റെ വരവിനുവേണ്ടി ഭക്തിപൂൎവ്വം ദേവതകളെ പൂജിക്കയോ വിരഹംകൊണ്ടു കൃശമായ വിധത്തിൽ എന്റെ പ്രതിച്ഛായ ഓൎത്തോൎത്തു് എഴുതുകയോ, കൂട്ടിൽ ഇരിക്കുന്ന മധുരമായ വാക്കുകളോടുകൂടിയ പൈങ്കിളിയോടു് "രസികത്തീ, നീ ഭൎത്താവിനെപ്പററി ഓൎക്കുന്നുണ്ടോ? നീ അദ്ദേഹത്തിനു പ്രിയപ്പെട്ടവളാണല്ലോ!" എന്നിങ്ങനെ ചോദിച്ചുകൊണ്ടിരിക്കയോ ആയിരിക്കും.

ഉത്സംഗേ വാ മലിനവസനേ സൗമ്യ! നിക്ഷിപ്യ വീണാം
മദ്ഗോത്രാങ്കം വിരചിതപദം ഗേയമുദ്ഗാതുകാമാ
തന്ത്രീമാൎദ്രാം നയനസലിലൈഃ സാരയിത്വാ കഥഞ്ചി-
ദ്ഭൂയോ ഭൂയഃ സ്വയമപി കൃതാം മൂൎച്ഛനാം വിസ്മരന്തീ. ൨൩

ഹേ സൗമ്യ (അ-പു-സം-പ്ര-ഏ) മലിനവസനേ ഉത്സംഗേ (അ-പു-സ-ഏ) വീണാം (ആ-സ്ത്രീ-ദ്വി-ഏ) നിക്ഷിപ്യ (ല്യ-അ) മദ്ഗോത്രാങ്കം (അ-ന-ദ്വി-ഏ) വിരചിതപദം (അ-ന-ദ്വി-ഏ) ഗേയം (അ-ന-ദ്വി-ഏ) ഉദ്ഗാതുകാമാ (ആ-സ്ത്രീ-പ്ര-ഏ) നയനസലിലൈഃ (അ-ന-തൃ-ബ) ആൎദ്രാം (ആ-സ്ത്രീ-ദ്വി-ഏ) തന്ത്രീം (ഈ-സ്ത്രീ-ദ്വി-ഏ) കഥഞ്ചിത് (അ) സാരയിത്വാ (ക്ത്വാ-അ) ഭൂയഃ ഭൂയഃ (അവ്യയം) സ്വയം (അ) കൃതാം (ആ-സ്ത്രീ-ദ്വി-ഏ) അപി (അ) മൂൎച്ഛനാം (ആ-സ്ത്രീ-ദ്വി-ഏ) വിസ്മരന്തീ (ഈ-സ്ത്രീ-പ്ര-ഏ) വാ (അ)

അല്ലയോ സൌമ്യ! മലിനവസനമായ ഉത്സങ്ഗത്തിൽ വീണയെ നിക്ഷേപിച്ചിട്ടു് മദ്ഗോത്രാങ്കവും വിരചിതപദവുമായ ഗേയത്തെ ഉദ്ഗാതുകാമയായിട്ടു് നയനസലിലങ്ങളാൽ ആൎദ്രയായ തന്ത്രിയെ പണിപ്പെട്ടു സാരണംചെയ്തിട്ടു് കൂടക്കൂടെ തന്നാൽ കൃതയായിരുന്നിട്ടും മൂൎച്ഛനയെ വിസ്മരന്തിയായിട്ടോ,

സൗമ്യൻ=നല്ല (മൃദു) സ്വഭാവമുള്ളവൻ. മലിനവസനം=മലിനമായ വസനത്തോടുകൂടിയതു്. മലിനം=മുഷിഞ്ഞതു്. വസനം=വസ്ത്രം. ഉത്സംഗം=മടി (തുട എന്നും പറയാം) നിക്ഷേപിയ്ക്ക=വയ്ക്ക. മദ്ഗോത്രാങ്കം=മദ്ഗോത്രമാകുന്ന അങ്കത്തോടുകൂടിയതു്. മദ്ഗോത്രം=എന്റെ ഗോത്രം. ഗോത്രം=നാമം. വിരചിതപദം=വിരചിതമായ പദങ്ങളോടുകൂടിയതു്. വിരചിതം=ഉണ്ടാക്കപ്പെട്ടതു്. ഗേയം=പാട്ടു്. ഉദ്ഗാതുകാമ=ഉദ്ഗാനംചെയ്യാൻ ആഗ്രഹിക്കുന്നവൾ. ഉദ്ഗാനംചെയ്ക=ഉറക്കെപ്പാടുക. നയനസലിലങ്ങൾ=നയനങ്ങളിലെ സലിലങ്ങൾ. നയനങ്ങൾ=കണ്ണുകൾ. സലിലങ്ങൾ=ജലങ്ങൾ (കണ്ണുനീരെന്നു സാരം.) ആൎദ്ര=ന

നഞ്ഞത്തു്. തന്ത്രി=വീണക്കമ്പി. സാരണംചെയ്ക=മീട്ടുക. മൂർച്ഛനകൃത=സ്വരങ്ങളുടെ ആരോഹാവരോഹക്രമം ചെയ്യപ്പെട്ടതു്. വിസ്മരന്തീ=വിസ്മരിക്കുന്നവൾ. വിസ്മരിക്ക=മറക്കുക.

അല്ലെങ്കിൽ അവൾ മുഷിഞ്ഞ വസ്ത്രത്തോടുകൂടിയ മടിയിൽ വീണവച്ചു് താൻതന്നെ ഉണ്ടാക്കിയിട്ടുള്ളതും എന്റെ പേർകൊണ്ടു് അടയാളപ്പെട്ടിട്ടുള്ളതുമായ പാട്ടു പാടുവാൻ ആഗ്രഹിക്കുമ്പോൾതന്നെ കണ്ണുനീർകൊണ്ടു നനഞ്ഞുപോകുന്ന വീണയുടെ കമ്പികളെ പണിപ്പെട്ടു മീട്ടിയാലും താൻതന്നെ പലപ്പോഴും സാധകം ചെയ്തിട്ടുള്ളതൊക്കെ മറന്നുപോയി വിഷമിച്ചുകൊണ്ടിരിക്കുകയായിരിക്കും.

ശേഷാൻ മാസാൻ വിരഹദിവസസ്ഥാപിതസ്യാവധേർവ്വാ
വിന്യസ്യന്തീ ഭുവി ഗണനയാ ദേഹളീദത്തപുഷ്പൈഃ
മത്സംഗം വാ ഹൃദയനിഹിതാരംഭമാസ്വാദയന്തീ
പ്രായേണൈതേ രമണവിരഹേഷ്വങ്ഗനാനാം വിനോദാഃ

സാ (തദ്-സ്ത്രീ-പ്ര-ഏ) വിരഹദിവസസ്ഥാപിതസ്യ (അ-പു-ഷ-ഏ) അവധേഃ (ഇ-പു-ഷ-ഏ) ശേഷാൻ മാസാൻ (അ-പു-ദ്വി-ബ) ദേഹളീദത്തപുഷ്പൈഃ (അ-ന-തൃ-ബ) ഗണനയാ (ആ-സ്ത്രീ-തൃ-ഏ) ഭുവി (ഊ-സ്ത്രീ-സ-ഏ) വിന്യസ്യന്തീ (ഈ-സ്ത്രീ-പ്ര-ഏ) വാ (അ) ഹൃദയനിഹിതാരംഭം മത്സംഗം (അ-പു-ദ്വി-ഏ} ആസ്വാദയന്തീ (ഈ-സ്ത്രീ പ്ര-ഏ) വാ തവ (യുഷ്മദ്-ഷ-ഏ) ആലോകേ (അ-പു-സ-ഏ) പുരാ (അ) നിപതതി (ലട്-പര-പ്ര-പു-ഏ)

അല്ലെങ്കിൽ അവൾ വിരഹദിവസസ്ഥാപിതമായ അവധിയുടെ ശേഷങ്ങളായ മാസങ്ങളെ ദേഹളീദത്തപുഷ്പങ്ങളെക്കൊണ്ടു ഗണനയാൽ ഭുവിൽ വിന്യസ്യന്തി ആയിട്ടോ ഹൃദയനിഹിതാരംഭമായ മത്സങ്ഗത്തെ ആസ്വാദയന്തിയായിട്ടോ നിന്റെ ആലോകത്തിൽ നിപതിക്കും.

അവൾ=എന്റെ ഭാര്യ. വിരഹദിവസസ്ഥാപിതം=വിരഹദിവസത്തിൽനിന്നു സ്ഥാപിതം. വിരഹദിവസം=വിയോഗദിവസം. സ്ഥാപിതം=ഉറപ്പിക്കപ്പെട്ടതു്. അവധി=അതിരു് (അവസാനം.) ശേഷങ്ങൾ=ബാക്കിയുള്ളവ. ദേഹളീദത്തപുഷ്പങ്ങൾ=ദേഹളീദത്തങ്ങളായ പുഷ്പങ്ങൾ. ദേഹളീദത്തങ്ങൾ=ദേഹളിയിൽ ദത്തങ്ങൾ. ദേഹളി=പടി. ദത്തങ്ങൾ=ദാനംചെയ്യപ്പെട്ടവ. പുഷ്പങ്ങൾ=പൂക്കൾ. ഗണന=എണ്ണുക. ഭുവ്=ഭൂമി. വിന്യസ്യന്തി=വിന്യസിക്കുന്നവൾ. വിന്യസിക്ക=വയ്ക്കുക. ഹൃദയനിഹിതാരംഭം = ഹൃദയനിഹിതമായ ആരംഭത്തോടുകൂടിയതു്.

ഹൃദയനിഹിതം=ഹൃദയത്തിൽ നിഹിതം. ഹൃദയം=മനസ്സ്. നിഹിതം=നിധാനംചെയ്യപ്പെട്ടതു്. നിധാനംചെയ്ക=നിക്ഷേപിക്ക. ആരംഭം=തുടക്കം. ഹൃദയനിഹിതങ്ങളായ ആരംഭങ്ങളോടുകൂടിയതു് എന്നുമാം. ഹൃദയനിഹിതങ്ങൾ=മനസ്സിൽ സങ്കല്പിക്കപ്പെട്ടവ. ആരംഭങ്ങൾ=വ്യാപാരങ്ങൾ. മത്സങ്ഗം=എന്റെ സംഗം. സംഗം=സംഭോഗം. ആസ്വാദയന്തി=ആസ്വാദിക്കുന്നവൾ. ആസ്വാദിക്ക=അനുഭവിക്ക. ആലോകം=ദർശനം. (കാഴ്ച) പതിക്ക=അകപ്പെടുക.

അല്ലെങ്കിൽ, അവൾ വിയോഗം തുടങ്ങിയ ദിവസംമുതൽ നിശ്ചയിച്ചിട്ടുള്ള അവധിക്കു് ഇനി കഴിയുന്നതിനു് ശേഷിച്ചിട്ടുള്ള ഓരോ മാസത്തിനു് ഓരോന്നുവീതം, പടിയിൽ വച്ച പുഷ്പങ്ങളെടുത്തു് തറയിൽ എണ്ണും വയ്ക്കുകയോ എന്നോടുള്ള സംഗമത്തെ മനസ്സുകൊണ്ടു് സങ്കല്പിച്ചു് സുഖിക്കയോ ആയിട്ടായിരിക്കും നിന്റെ കണ്ണിനു് വിഷയമാകുന്നതു്.

സവ്യാപാരാമഹനി ന തഥാ പീഡയേന്മദ്വിയോഗഃ
ശങ്കേ രാത്രൗ ഗുരുതരശുചം നിർവിനോദാം സഖീം തേ
മത്സന്ദേശൈഃ സുഖയിതുമലം, പശ്യ, സാധ്വീം നിശീഥേ
താമുന്നിദ്രാമവനിശയനാം സൗധവാതായനസ്ഥഃ

അഹനി (ന-ന-സ-ഏ) സവ്യാപാരാം (ആ-സ്ത്രീ-ദ്വി-ഏ) തേ (യുഷ്മ-ഷ-ഏ) സഖീം (ഈ-സ്ത്രീ-ദ്വി-ഏ) മദ്വിയോഗഃ (അ-പു-പ്ര-ഏ) തഥാ (അ) ന (അ) പീഡയേത് (ലിങ്-പര-പു-ഏ) രാത്രൗ (ഇ-സ്ത്രീ-സ-ഏ) നിർവ്യാപാരാം (ആ-സ്ത്രീ-ദ്വി-ഏ) താം (തദ്-സ്ത്രീ-ദ്വി-ഏ) ഗുരുതരശുചം (ച-സ്ത്രീ-ദ്വി-ഏ) ശങ്കേ (ലട്-ആത്മ-ഉ-പു-ഏ) നിശീഥേ (അ-പു-സ-ഏ) ഉന്നിദ്രാം (ആ-സ്ത്രീ-ദ്വി-ഏ) അവനിശയനാം (ആ-സ്ത്രീ-ദ്വി-ഏ) താം (തദ്-സ്ത്രീ-ദ്വി-ഏ) മത്സന്ദേശൈഃ (അ-പു-തൃ-ബ) അലം (അ) സുഖയിതും (തുമു-അ) സൗധവാതായനസ്ഥഃ (അ-പു-പ്ര-ഏ) പശ്യ (ലോട്-പര-മ-പു-ഏ)

അഹസ്സിൽ സവ്യാപാരയായ നിന്റെ സഖിയെ, മദ്വിയോഗം അപ്രകാരം പീഡിപ്പിക്കയില്ല. രാത്രിയിൽ നിർവിനോദയായ അവളെ ഗുരുതരശുക്കെന്നു ഞാൻ ശങ്കിക്കുന്നു. നിശീഥത്തിൽ ഉന്നിദ്രയും അവനിശയനയും ആയ അവളെ മത്സന്ദേശങ്ങളെക്കൊണ്ടു് ഏറ്റവും സുഖിപ്പിക്കുന്നതിനായി സൗധവാതായനസ്ഥനായിട്ടു് നീ ദർശിക്ക.

അഹസ്സ്=പകൽ സവ്യാപാര=വ്യാപാരത്തോടുകൂടിയവൾ. വ്യാപാരം=ജോലി. സഖി=തോഴി. മദ്വിയോഗം=എന്റെ വിയോ

ഗം. വിയോഗം=വിരഹം. പീഡിപ്പിക്ക=വേദനപ്പെടുത്തുക. നിർവ്വിനോദ=വിനോദമില്ലാത്തവൾ. വിനോദം=നേരംപോക്കു്. അവൾ=നിന്റെ സഖി. ഗുരുതരശുക്=ഗുരുതരയായ ശുക്കോടുകൂടിയവൾ. ഗുരുതരം=ഏററവുംഗുരു. ഗുരു=തീവ്രം. ശുക്കു്=ശോകം. നിശീഥം=അർദ്ധരാത്രം. ഉന്നിദ്ര=ഉറക്കമില്ലാത്തവൾ. അവനിശയന=അവനിയാകുന്ന ശയനത്തോടുകൂടിയവൾ. അവനി=ഭൂമി. ശയനം=കിടക്ക. മത്സന്ദേശങ്ങൾ=എന്റെ സന്ദേശങ്ങൾ. സൗധവാതായനസ്ഥൻ=സൗധവാതായനത്തിങ്കൽ സ്ഥിതിചെയ്യുന്നവൻ. സൗധവാതായനം=സൗധത്തിന്റെ വാതായനം. സൗധം=മാളിക. വാതായനം=കിളിവാതൽ. ദർശിക്ക=കാണുക.

എന്റെ പ്രിയതമയ്ക്കു് പകൽസമയം മുമ്പു് പറഞ്ഞതുപോലെ പല ജോലികൾ ഉള്ളതിനാൽ എന്റെ വേർപാടുകൊണ്ടുള്ള ദുഃഖം അത്ര കലശലായിരിക്കയില്ല. എന്നാൽ രാത്രിയിൽ നേരംപോക്കുന്നതിനു് യാതൊന്നുമില്ലാത്തതിനാൽ അവളുടെ ദുഃഖം തീവ്രമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. അതിനാൽ നീ അർദ്ധരാത്രിയിൽ ഉറക്കംവരാതെ നിലത്തുതന്നെ കിടക്കുന്ന അവളെ എന്റെ സന്ദേശം കേൾപ്പിച്ചു നല്ലവണ്ണം ആശ്വസിപ്പിക്കുന്നതിനായി മാളികയുടെ കിളിവാതിലിൽ ഇരുന്നുകൊണ്ടു് കാണുക.

ആധിക്ഷാമാം വിരഹശയനേ സന്നിഷണ്ണൈകപാർശ്വാം
പ്രാചീമൂലേ തനുമിവ കലാമാത്രശേഷാം ഹിമാംശോഃ
നീതാ രാത്രിഃ ക്ഷണ ഇവ മയാ സാർദ്ധമിച്ഛാരതൈര്യാ
താമേവോഷ്ണൈർവ്വിരഹമഹതീമശ്രുഭിര്യാപയന്തീം.

ആധിക്ഷാമാം (ആ-സ്ത്രീ-ദ്വി-ഏ) വിരഹശയനേ (അ-ന-സ-ഏ) സന്നിഷണ്ണൈകപാർശ്വാം (ആ-സ്ത്രീ-ദ്വി-ഏ) പ്രാചീമൂലേ (അ-ന-സ-ഏ) കലാമാത്രശേഷാം (ആ-സ്ത്രീ-ദ്വി-ഏ). ഹിമാംശോഃ (ഉ-പു-ഷ-ഏ) തനും (ഉ-സ്ത്രീ-ദ്വി-ഏ) ഇവ (അ) സ്ഥിതാം (ആ-സ്ത്രീ-ദ്വി-ഏ) യാ (യദ്-സ്ത്രീ-പ്ര-ഏ) രാത്രിഃ (ഇ-സ്ത്രീ-പ്ര-ഏ) ഇച്ഛാരതൈഃ (അ-ന-തൃ-ബ) ക്ഷണഃ (അ-പു-പ്ര-ഏ) ഇവ (അ) നീതാ (ആ-സ്ത്രീ-പ്ര-ഏ) വിരഹമഹതീം (ഈ-സ്ത്രീ-ദ്വി-ഏ) താം (തദ്-സ്ത്രീ-ദ്വി-ഏ) ഏവ (അ) ഉഷ്ണൈഃ (അ-ന-തൃ-ബ) അശ്രുഭിഃ (ഉ-ന-തൃ-ബ) യാപയന്തീം (ഈ-സ്ത്രീ-ദ്വി-ഏ) താം (തദ്-സ്ത്രീ-ദ്വി-ഏ) പശ്യ (ലോട്-പര-മ-പു-ഏ)

ആധിക്ഷാമയും വിരഹശയനത്തിൽ സന്നിഷണ്ണൈകപാർശ്വയും പ്രാചീമൂലത്തിൽ കലാമാത്രശേഷയായ ഹിമാംശുവിന്റെ തനുവിനെപ്പോലെ സ്ഥിതയും യാതൊരു രാത്രി

ഇച്ഛാരതങ്ങളെക്കൊണ്ടു ക്ഷണം എന്നപോലെ നീതയായോ വിരഹമഹതിയായ അതിനെത്തന്നെ ഉഷ്ണങ്ങളായ അശ്രുക്കളെക്കൊണ്ടു യാപയന്തിയായോ (ഇരിക്കുന്ന അവളെ നീ കാണുക.)

ആധിക്ഷാമ=ആധികൊണ്ടു ക്ഷാമ. ആധി=മനോവ്യഥ. ക്ഷാമാ=ക്ഷീണിച്ചവൾ. വിരഹശയനം=വിരഹത്തിൽ ഉള്ള ശയനം. വിരഹം=വേർപാടു്. ശയനം=ശയ്യ. സന്നിഷണ്ണൈകപാർശ്വാ=സന്നിഷണ്ണമായ ഏകപാർശ്വത്തോടുകൂടിയവൾ. സന്നിഷണ്ണം=സന്നിഷദിച്ചതു്. സന്നിഷദിയ്ക്കു=സന്നിവേശിക്കു. (വയ്ക്കു) ഏകപാർശ്വം=ഒരുവശം. പ്രാചീമൂലം=പ്രാചിയുടെ മൂലം. പ്രാചി=കിഴക്കേദിക്കു്. മൂലം=അടിഭാഗം. കലാമാത്രശേഷ=കലാമാത്രമാകുന്ന ശേഷത്തോടുകൂടിയതു്. കലാമാത്രം=ഒററക്കല. ശേഷം=ശിഷ്ടം. ഹിമാംശു=ഹിമങ്ങളായ അംശുക്കളോടുകൂടിയവൻ. ഹിമങ്ങൾ=തണുത്തവ. അംശുക്കൾ=രശ്മികൾ. (ഹിമാംശു=ചന്ദ്രൻ, തനു=ശരീരം. സ്ഥിത=സ്ഥിതിചെയ്യുന്നവൾ. ഇച്ഛാരതങ്ങൾ=ഇച്ഛാനുരൂപങ്ങളായ രതങ്ങൾ. ഇച്ഛാനുരൂപങ്ങൾ=ഇഷ്ടംപോലെയുള്ളവ. രതങ്ങൾ=ക്രീഡകൾ. ക്ഷണം=ക്ഷണനേരം. നീത=നയിക്കപ്പെട്ടതു്. വിരഹമഹതി=വിരഹംകൊണ്ടു മഹതി. വിരഹം=വേർപാടു് മഹതി=വലുതു്. (ദീർഘ) അതു്=ആ രാത്രി. ഉഷ്ണങ്ങൾ=ചൂടുള്ളവ. അശ്രുക്കൾ=കണ്ണുനീരുകൾ. യാപയന്തി=യാപിപ്പിക്കുന്നവൾ. യാപിപ്പിക്ക=പോക്കുക.

നീ ആധികൊണ്ടു ക്ഷീണിച്ച വിരഹകാലത്തിൽ പതിവുള്ള കിടക്കയിൽ (തളിരു മുതലായവകൊണ്ടുണ്ടാക്കപ്പെട്ടതു്) ഒരുവശം വച്ചുകിടക്കുന്നവളും കിഴക്കേ ദിക്കിന്റെ അടിഭാഗത്തു ഒററക്കലമാത്രം ശേഷിച്ചിരിക്കുന്ന ചന്ദ്രനെപ്പോലെ ഇരിക്കുന്നവളും മുമ്പു ഇഷ്ടംപോലെയുള്ള ക്രീഡാവിശേഷങ്ങളെക്കൊണ്ടു ക്ഷണംപോലെ കഴിച്ചിരുന്നതും ഇപ്പോൾ വിരഹദുഃഖംകൊണ്ടു വളരെ നീണ്ടതായി തോന്നുന്നതുമായ രാത്രി ചുടുകണ്ണുനീർ ചീന്തിക്കൊണ്ടു വല്ലവിധത്തിലും കഴിച്ചുകൂട്ടുന്നവളുമായ (എന്റെ പ്രിയതമയെ കാണുക)

പാദാനിന്ദോരമൃതശിശിരാൻ ജാലമാർഗ്ഗപ്രവിഷ്ടാൻ
പൂവ്പ്രീത്യാഗതമഭിമുഖം സന്നിവൃത്തം തഥൈവ
ചക്ഷുഃ ഖേദാൽ സലിലഗുരുഭിഃ പക്ഷ്മഭിശ്ഛാദയന്തീം
സാഭ്രേഽഹ്നീവ സ്ഥലകമലിനീം നപ്രബുദ്ധാം ന സുപ്താം

ജാലമാർഗ്ഗപ്രവിഷ്ടാൻ (അ-പു-ദ്വി-ബ) അമൃതശിശിരാൻ (അ-പു-ദ്വി-ബ) ഇന്ദോഃ (ഉ-പു-ഷ-ഏ) പാദാൻ (അ-പു-ദ്വി-ബ)

പൂൎവപ്രീത്യാ (ഇ-സ്ത്രീ-തൃ-ഏ) അഭിമുഖം (ക്രി-വി) ഗതം (അ-ന-ദ്വി-ഏ) തഥാ (അ) ഏവ (അ) സന്നിവൃത്തം (അ-ന-ദ്വി-ഏ) ചക്ഷുഃ (സ-ന-ദ്വി-ഏ) ഖേദാത് (അ-പു-പ-ഏ) സലിലഗുരുഭിഃ (ഉ-ന-തൃ-ബ) പക്ഷ്മഭിഃ (ന-ന-തൃ-ബ) സാഭ്രേ (അ-ന-സ-ഏ) അഹ്നി (ന-ന-സ-ഏ) ന (അ) പ്രബുദ്ധാം (ആ-സ്ത്രീ-ദ്വി-ഏ) ന (അ) സുപ്താം (ആ-സ്ത്രീ-ദ്വി-ഏ) സ്ഥലകമലിനീം (ഈ-സ്ത്രീ-ദ്വി-ഏ) ഇവ (അ) സ്ഥിതാം (ആ-സ്ത്രീ-ദ്വി-ഏ)

ജാലമാർഗ്ഗപ്രവിഷ്ടങ്ങളും അമൃതശിശിരങ്ങളും ആയ ഇന്ദുവിന്റെ പാദങ്ങളെ പൂൎവപ്രീതിയാൽ അഭിമുഖമായി ഗതവും അപ്രകാരംതന്നെ സന്നിവൃത്തവും ആയ ചക്ഷുസ്സിനെ ഖേദത്താൽ സലിലഗുരുക്കളായ പക്ഷ്മങ്ങളെക്കൊണ്ടു ഛാദയന്തിയും സാഭ്രമായ അഹസ്സിങ്കൽ പ്രബുദ്ധയല്ലാതെയും സുപ്തയല്ലാതെയും ഇരിക്കുന്ന സ്ഥലകമലിനിയെപ്പോലെ സ്ഥിതയും (ആയ അവളെ നീ കാണുക)

ജാലമാർഗ്ഗപ്രവിഷ്ടങ്ങൾ=ജാലമാർഗ്ഗത്തിലൂടെ പ്രവിഷ്ടങ്ങൾ ജാലമാർഗ്ഗം=ജാലമാകുന്ന മാർഗ്ഗം. ജാലം=കിളിവാതൽ മാൎഗ്ഗം=വഴി. പ്രവിഷ്ടങ്ങൾ=പ്രവേശിച്ചവ. പ്രവേശിയ്ക്ക=ഉള്ളിൽ കടക്കുക. അമൃതശിശിരങ്ങൾ=അമൃതുപോലെ ശിശിരങ്ങൾ. ശിശിരങ്ങൾ=തണുത്തവ. ഇന്ദു=ചന്ദ്രൻ. പാദങ്ങൾ=രശ്മികൾ. പൂൎവപ്രീതി=പൂൎവയായ പ്രീതി. പൂൎവ=മുൻപേഉള്ളതു് (വിരഹമില്ലാതിരുന്നപ്പോൾ ഉള്ളതു്) പ്രീതി=സന്തോഷം. അഭിമുഖം=എതിരേ. ഗതം=ഗമിച്ചതു്. ഗമിക്ക=ചെല്ലുക. സന്നിവൃത്തം=സമ്യക്കാകുംവണ്ണംനിവൃത്തം. നിവൃത്തം=നിവൎത്തിച്ചതു്. നിവൎത്തിയ്ക്ക=മടങ്ങിപ്പോരുക. ചക്ഷുസ്സ്=കണ്ണു്. ഖേദം=ദുഃഖം. സലിലഗുരുക്കൾ=സലിലംകൊണ്ടു ഗുരുക്കൾ. സലിലം=ജലം (കണ്ണുനീർ.) ഗുരുക്കൾ=ഘനംകൂടിയവ. പക്ഷ്മങ്ങൾ=കൺപീലികൾ. ഛാദയന്തി=ഛാദിക്കുന്നവൾ. ഛാദിയ്ക്ക=മറയ്ക്ക. സാഭ്രം=അഭ്രങ്ങളോടുകൂടിയതു്. അഭ്രങ്ങൾ=മേഘങ്ങൾ. അഹസ്സ്=പകൽസമയം. പ്രബുദ്ധ=പ്രബോധിച്ചതു്. പ്രബോധിയ്ക്ക=ഉണരുക (വിടരുക.) സുപ്ത=സ്വപിപിച്ചതു്. സ്വപിയ്ക്ക=ഉറങ്ങുക (കൂമ്പുക.) സ്ഥലകമലിനി=സ്ഥലത്തിലുള്ള കമലിനി. സ്ഥലം=കര. കമലിനി=പത്മിനി. (താമരപ്പൂവെന്നൎത്ഥം.)

ജന്നൽവഴി അകത്തു കടന്നുവന്ന അമൃതുപോലെ തണുത്ത ചന്ദ്രരശ്മികളുടെ നേൎക്കു മുമ്പിലുള്ള സന്തോഷത്താൽ അവൾ നോക്കും. ഉടൻതന്നെ കണ്ണു തനിയേ മടങ്ങുകയും വിരഹദുഃഖ

ത്താൽ കണ്ണിൽ വെള്ളം നിറയുകയും ചെയ്യും. അപ്രകാരമുള്ള കണ്ണിനെ കൺപീലികൾക്കു കനം കൂട്ടുന്നതിനാൽ മുഴവൻ അടയ്ക്കാൻ നിവൃത്തിയില്ലാതെ മഴക്കാറുള്ള ദിവസങ്ങളിൽ മുഴവൻ വിടിരാതെയും എന്നാൽ മുഴവൻ കൂമ്പാതെയും ഉള്ള സ്ഥലപദ്മിനിയെപ്പോലെയായിരിക്കും അപ്പോൾ അവളുടെ സ്ഥിതി.

നിഃശ്വാസേനാധരകിസലയക്ലേശിനാ വിക്ഷിപന്തീം
ശുദ്ധസ്നാനാൽ പരുഷമളകം നൂനമാഗണ്ഡലമ്ബം
മത്സംഭോഗഃ കഥമുപനമേത്സ്വപ്നജോപീതി നിദ്രാ-
മാകാങ്ക്ഷന്തീം നയനസലിലോൽപീഡരുദ്ധാവകാശാം. ൨൮

ശുദ്ധ്സ്നാനാത് (അ-ന-പ-ഏ) പരുഷം (അ-പു-ദ്വി-ഏ) നൂനം (അ) ആഗണ്ഡലമ്ബം അളകം (അ-പു-ദ്വി-ഏ) അധരകിസലയക്ലേശിനാ (ന-പു-തൃ-ഏ) നിഃശ്വാസേന (അ-പു-തൃ-ഏ) വിക്ഷിപന്തീം (ഈ-സ്ത്രീ-ദ്വി-ഏ) സ്വപ്നജഃ (അ-പു-പ്ര-ഏ) അപി (അ) മത്സംഭോഗഃ (അ-പു-പ്ര-ഏ) ഉപനമേത് (ലിങ്-പര-പ്ര-പു-ഏ) ഇതി (അ) നയനസലിലോൽപീഡരുദ്ധാവകാശാം (ആ-സ്ത്രീ-ദ്വി-ഏ) നിദ്രാം(ആ-സ്ത്രീ-ദ്വി-ഏ) ആകാംക്ഷന്തീം (ആ-സ്ത്രീ-ദ്വി-ഏ)

ശുദ്ധസ്നാനത്താൽ പരുഷവും ആഗണ്ഡലംബവുമായ അളകത്തെ അധരകിസലയക്ലേശിയായ നിഃശ്വാസംകൊണ്ടു വിക്ഷിപന്തിയും സ്വപ്നജമായിട്ടെങ്കിലും മത്സംഭോഗം എങ്ങനെ ഉപനമിക്കും എന്നു വിചാരിച്ചു നയനസലിലോൽപീഡരുദ്ധാവകാശയായ നിദ്രയെ ആകാങ്ക്ഷന്തിയും (ആയ അവളെ കാണുക.)

ശുദ്ധസ്നാനം=ശുദ്ധമായ സ്നാനം. ശുദ്ധം=തൈലാദികളില്ലാത്തതു്. സ്നാനം=കുളി. പരുഷം=മയമില്ലാത്തതു്. ആഗണ്ഡലമ്ബം=ആഗണ്ഡം ലമ്ബം. ആഗണ്ഡം=ഗണ്ഡംവരെ. ഗണ്ഡം=കവിൾ. ലമ്ബം=തൂങ്ങിയതു്. അളകം=കുറുനിര. അധരകിസലയക്ലേശി=അധരകിസലയത്തെ ക്ലേശിപ്പിക്കുന്നതു്. അധരകിസലയം=അധരമാകുന്ന കിസലയം. അധരം=ചുണ്ടു്. കിസലയം=തളിരു്. ക്ലേശിപ്പിയ്ക്ക=വാട്ടുക. നിഃശ്വാസം=നെടുവീപ്പു്. വിക്ഷിപന്തീ=വിക്ഷേപിക്കുന്നവൾ. വിക്ഷേപിയ്ക്ക=ചിന്നിയ്ക്ക. സ്വപ്നജം=സ്വപ്നത്തിൽനിന്നു ജനിച്ചതു്. മത്സംഭോഗം=എന്റെ സംഭോഗം. സംഭോഗം=സംഗമം. ഉപനമിക്ക=വന്നുചേരുക. നയനസലിലോൽപീഡരുദ്ധാവകാശ= നയനസലിലോൽപീഡംകൊണ്ടു രുദ്ധാവകാശ. നയനസലിലോൽപീഡം=നയനസലിലത്തിന്റെ

ഉൽപീഡം. നയനസലിലം=നയനങ്ങളുടെ സലിലം. നയനങ്ങൾ=കണ്ണുകൾ. സലിലം=ജലം. ഉൽപീഡം=ഞെരുക്കം. രുദ്ധാവകാശ=രുദ്ധമായ അവകാശത്തോടുകൂടിയതു്. രുദ്ധം=രോധിക്കപ്പെട്ടതു്. രോധിക്ക=തടുക്ക. അവകാശം=ഇട (സ്ഥലം.) നിദ്ര=ഉറക്കം ആകാങ്‌ക്ഷന്തീ=ആകാങ്‌ക്ഷിയ്ക്കുന്നവൾ. ആകാങ്‌ക്ഷിയ്ക്ക=ആഗ്രഹിക്ക.

എണ്ണതേക്കാതെ കുളിയ്ക്കയാൽ മയമില്ലാത്തതും കവിൾത്തടംവരെ തൂങ്ങിക്കിടക്കുന്നതുമായ കുറുനിരകളെ തളിരുപോലെയുള്ള ചുണ്ടിനെ വാട്ടുന്ന ചൂടുള്ള നെടുവിർപ്പുകൾകൊണ്ടു ചിന്നിച്ചുകൊണ്ടും സ്വപ്നത്തിലെങ്കിലും എന്റെ സംഗമസുഖം കിട്ടിയെങ്കിലോ എന്നു വിചാരിച്ചു കണ്ണുനീർ ഞെരുക്കുകയാൽ കണ്ണിൽ സ്ഥലമില്ലാതെ [illegible]ന്നിരിക്കുന്ന ഉറക്കം ആഗ്രഹിച്ചുകൊണ്ടും ഇരിക്കുന്ന (അവളെ നീ കാണുക.)

ആദ്യേ ബദ്ധാ വിരഹദിവസേ യാ ശിഖാ ദാമ ഹിത്വാ
ശാപസ്യാന്തേ വിഗളിതശുചാ താം മയോദ്വേഷ്ടനീയാം
സ്പർശക്ലിഷ്ടാമയമിതനഖേനാസകൃത്സാരയന്തീം
ഗണ്ഡാഭോഗാൽ കഠിനവിഷമ മേകവേണീം കരേണ. ൮൯

ആദ്യേ വിരഹദിവസേ (അ-പു-സ-ഏ) യാ (യദ്-സ്ത്രീ-പ്ര-ഏ) ശിഖാ (ആ-സ്ത്രീ-പ്ര-ഏ) ദാമ (ന-ന-ദ്വി-ഏ) ഹിത്വാ ക്ത്വാ-അ, ബദ്ധാ (ആ-സ്ത്രീ-പ്ര-ഏ) ശാപസ്യ (അ-പു-ഷ-ഏ) അന്തേ (അ-പു-സ-ഏ) വിഗളിതശുചാ (ച-പു-തൃ-ഏ) മയാ. (അസ്മദ്-തൃ-ഏ) ഉദ്വേഷ്ടനീയാം (അ-സ്ത്രീ-ദ്വി-ഏ) സ്പർശക്ലിഷ്ടാം(ആ-സ്ത്രീ ദ്വി-ഏ) കഠിനവിഷമാം (ആ-സ്ത്രീ-ദ്വി-ഏ) ഏകവേണീം (ഈ-സ്ത്രീ-ദ്വി-ഏ) താം. (തദ്-സ്ത്രീ-ദ്വി-ഏ) അയമിതനഖേന (അ-പു-തൃ-ഏ) കരേണ (അ-പു-തൃ-ഏ)ഗണ്ഡാഭോഗാത്. (അ-പു-പ-ഏ) അസകൃത് (അ) സാരയന്തീം (ഈ-സ്ത്രീ ദ്വി-ഏ)

ആദ്യമായ വിരഹദിവസത്തിൽ യാതൊരു ശിഖാ ദാമത്തെ ഹാനം ചെയ്തിട്ടുബദ്ധയായോ ശാപത്തിന്റെ അന്തത്തിൽ വിഗളിതശുക്കായ എന്നാൽ ഉദ്വേഷ്ടനീയയും സ്പർശക്ലിഷ്ടയും കഠിനവിഷമയും ഏകവേണിയും ആയ അതിനെ അയമിതനഖമായ കരംകൊണ്ടു ഗണ്ഡാഭോഗത്തിൽനിന്നു കൂടെക്കൂടെ സാരയന്തിയും.

വിരഹദിവസം=വിരഹത്തിന്റെ ദിവസം; വിരഹം=വിയോഗം; ശിഖ=മുടി; ദാമം=മാല; ഹാനംചെയ്ക=ഉപേക്ഷിയ്ക്ക; അന്തം=അവസാനം; വിഗളിതശുക്ക്=വിഗളിതയായശുക്കോടുകൂടിയവൻ; വിഗളിതം; വിഗളിച്ചതു്; വിഗളിക്ക=പോകുക (നീങ്ങുക)

ശുക്=ശോകം; ഉദ്വേഷ്ടനീയം=ഉദ്വേഷ്ടിക്കപ്പെടേണ്ടതു്; ഉദ്വേഷ്ടിക്ക=അഴിക്ക. സ്പൎശക്ലിഷ്ടം=സ്പൎശത്തിൽ ക്ലിഷ്ടം. സ്പൎശം=സ്പൎശനക്രിയ; (തൊടുക) ക്ലിഷ്ടം=ക്ലേശമുള്ളതു്; ക്ലേശം=വേദന. കഠിനവിഷമ=കഠിനയും വിഷമയുമായിട്ടുള്ളതു്. കഠിനം=കടുപ്പമുള്ളതു്. വിഷമം=താണുംപൊങ്ങിയുമിരിക്കുന്നതു് (ചിടകെട്ടിയതു്) ഏകവേണി=ഏകയായ വേണി. ഏക=ഒന്നു്. വേണി=തലമുടി എല്ലാം കൂടി ഒന്നായി ചേൎന്നതു്. അതു്=ആ ശിഖ. അയമിതനഖം=അയമിതങ്ങളായനഖങ്ങളോടുകൂടിയതു്. അയമിതങ്ങൾ=യമിതങ്ങളല്ലാത്തവ. യമിതങ്ങൾ=ചെറുതാക്കപ്പെട്ടവ(മുറിക്കപ്പെട്ടവ) കരം=കൈ. ഗണ്ഡാഭോഗം=ഗണ്ഡങ്ങളുടെ ആഭോഗം. ഗണ്ഡം=കവിൾ. ആഭോഗം=പരപ്പു്. സാരയന്തി=സാരണംചെയ്യുന്നവൾ. സാരണംചെയ്യു=മാററുക.

വിരഹാരംഭദിവസത്തിൽ മാലകൂടാതെ കെട്ടിയതും ശാപം കഴിഞ്ഞു ദുഃഖമെല്ലാംതീൎന്നു ഞാൻ അഴിക്കേണ്ടതും ആകപ്പാടെ ചിടപിടിച്ചു നിരപ്പില്ലാതെ ഒററയായ്ത്തീൎന്നിട്ടുള്ളതും തൊടുമ്പോൾ വേദനയുണ്ടാകുന്നതുമായ തലമുടി കവിളിൽ വീണുകിടക്കുന്നതിനെ നഖംചെത്തി വൃത്തിയാക്കാത്ത കൈകൊണ്ടു കൂടക്കൂടെ മാററുന്നവളും (ആയ അവളെ നീ കാണുക.)

സാ സംന്യസ്താഭരണമബലാ പേശലം ധാരയന്തീ
ശയ്യോത്സങ്ഗേ നിഹിതമസകൃദ്ദുഃഖദുഃഖേന ഗാത്രം
ത്വാമപ്യസ്രം നവജലമയം മോചയിഷ്യത്യവശ്യം
പ്രായഃ സൎവ്വോ ഭവതി കരുണാവൃത്തിരാൎദ്രാന്തരാത്മാ. ൩൦

അബലാ (ആ-സ്ത്രീ-പ്ര-ഏ) സന്ന്യസ്താഭരണം (അ-ന-ദ്വി-ഏ) പേശലം (അ-ന-ദ്വി-ഏ) അസകൃത് (അ) ദുഃഖദുഃഖേന (അ-ന-തൃ-ഏ) ശയ്യോത്സങ്ഗേ (അ-പു-സ-ഏ) നിഹിതം (അ-ന-ദ്വി-ഏ) ഗാത്രം (അ-ന-ദ്വി-ഏ) ധാരയന്തീ (ഈ-സ്ത്രീ-പ്ര-ഏ) സാ (തദ്-സ്ത്രീ-പ്ര-ഏ) ത്വാം (യുഷ്മദ്-ദ്വി-ഏ) അപി (അ) നവജലമയം അസ്രം (അ-ന-ദ്വി-ഏ) അവശ്യം (അ) മോചയിഷ്യതി (ലൃട്-പര-പ്ര-പു-ഏ) ആൎദ്രാന്തരാത്മാ (ന-പു-പ്ര-ഏ) സൎവ്വഃ (അ-പു-പ്ര-ഏ) പ്രായഃ (അ) കരുണാവൃത്തിഃ (ഇ-പു-പ്ര-ഏ) ഭവതി (ലട്-പര-പ്ര-പു ഏ)

അബലയും സന്ന്യസ്താഭരണവും പേശലവും പലപ്രാവശ്യവും ദുഃഖിച്ചുദുഃഖിച്ചു ശയ്യോത്സംഗത്തിൽ നിഹിതവും ആയ ഗാത്രത്തെ ധാരയന്തിയും ആയ അവൾ നിന്നെയും നവജലകണമയമായ അസ്രത്തെ തീൎച്ചയായും മോചിപ്പിയ്ക്കും. ആൎദ്രാന്തരാത്മാവായ എല്ലാവനും കരുണാവൃത്തിയായി ഭവിക്കുന്നു.

അബല=ബലമില്ലാത്തവൾ. സംന്യസ്താഭരണം=സംന്യസ്തമായ ആഭരണങ്ങളോടുകൂടിയതു്. സംന്യസ്തം=സംന്യസിക്കപ്പെട്ടതു്. സംന്യസിക്ക=ഉപേക്ഷിക്ക. ആഭരണങ്ങൾ=അലങ്കാരങ്ങൾ. പേശലം=മനോഹരം. ശയ്യോത്സംഗം=ശയ്യയുടെ ഉത്സംഗം. ശയ്യ=കിടക്ക. ഉത്സംഗം=മടി. നിഹിതം=നിക്ഷേപിക്കപ്പെട്ടതു്. നിക്ഷേപിയ്ക്ക=വയ്ക്ക. ഗാത്രം=ശരീരം. ധാരയന്തി=ധരിച്ചുകൊണ്ടിരിക്കുന്നവൾ. നവജലമയം=നവജലരൂപം. നവജലം=പുതിയ ജലം. അസ്രം=കണ്ണുനീർ. മോചിപ്പിയ്ക്ക=തൂവിയ്ക്ക. ആർദ്രാന്തരാത്മാവു്=ആർദ്രമായ അന്തരാത്മാവോടുകൂടിയവൻ. ആർദ്രം=അലിവുള്ളതു്. അന്തരാത്മാവു്=മനസ്സു്. കരുണാവൃത്തി=കരുണമയിയായ വൃത്തിയോടുകൂടിയവൻ. വൃത്തി=ചിത്തവൃത്തി.

ബലംകുറഞ്ഞും ക്ഷീണിച്ചും ഇരിക്കയാണെങ്കിലും സുന്ദരവും കൂടക്കൂടെ ദുഃഖിച്ചുദുഃഖിച്ചു മെത്തപ്പുറത്തു വയ്ക്കുന്നതുമായ ശരീരത്തെ ധരിച്ചുകൊണ്ടിരിക്കുന്ന അവളെക്കണ്ടാൽ നീയും പുതിയ ജലമാകുന്ന കണ്ണുനീർ തീർച്ചയായും തൂകും. എന്തെന്നാൽ ഉള്ളലിവുള്ള എല്ലാവർക്കും മിക്കവാറും കരുണ കൂടുതലായിരിക്കും. നീ ഉള്ളലിവുള്ളവനാണല്ലൊ.

ജാനേ സഖ്യാസ്തവമയി മനഃ സംഭൃതസ്നേഹമസ്മാ-
ദിത്ഥംഭൂതാം പ്രഥമവിരഹേ താമഹം തർക്കയാമി
വാചാലം മാം ന ഖലു സുഭഗംമന്യഭാവഃ കരോതി
പ്രത്യക്ഷം തേ നിഖിലമചിരാദ് ഭ്രാതരുക്തം മയാ യത്. ൩൮

തവ (യുഷ്മദ്-ഷ-ഏ) സഖ്യാഃ (ഈ-സ്ത്രീ-ഷ-ഏ) മനഃ (സ-ന-ദ്വി-ഏ) മയി (അസ്മദ്-സ-ഏ) സംഭൃതസ്നേഹം (അ-ന-ദ്വി-ഏ) ജാനേ (ലട്-ആത്മ-ഉ-പു-ഏ) അസ്മാത് (ഇദം-ന-പ-ഏ) താം (തദ്-സ്ത്രീ-ദ്വി-ഏ) പ്രഥമവിരഹേ (അ-പു-സ-ഏ) ഇത്ഥംഭൂതാം (ആ-സ്ത്രീ-ദ്വി-ഏ) അഹം (അസ്മദ് പ്ര-ഏ) തർക്കയാമി (ലട്-പര-ഉ-പു-ഏ) സുഭഗംമന്യഭാവഃ (അ-പു-പ്ര-ഏ) മാം (അസ്മദ്-ദ്വി-ഏ) വാചാലം (അ-പു-ദ്വി-ഏ) ന (അ) കരോതി (ലട്-പര-പ്ര-പു-ഏ) ഖലു (അ) ഹേഭ്രാതഃ (ഋ-പു-സം-പ്ര-ഏ) മയാ (അസ്മദ് തൃ-ഏ) യത് (യദ്-ന-പ്ര-ഏ) ഉക്തം (അ-ന-പ്ര-ഏ) തത് (തദ്-ന-പ്ര-ഏ) അചിരാത് (അ) തേ (യുഷ്മദ്-ഷ-ഏ) പ്രത്യക്ഷം (അ-ന-പ്ര-ഏ.)

നിന്റെ സഖിയുടെ മനസ്സ് എന്നിൽ സംഭൃതസ്നേഹമെന്നു ഞാൻ അറിയുന്നു. ഇതിനാൽ അവളെ പ്രഥമവിരഹത്തിൽ ഇത്ഥംഭൂതയെന്നു ഞാൻ തർക്കിക്കുന്നു. സുഭഗംമന്യഭാവം എന്നെ വാചാലനാക്കുന്നതല്ലതന്നെ. അല്ലയോ ഭ്രാതാവേ എന്നാൽ യാ

തൊന്നു് ഉക്തമോ അതു് നിഖിലവും താമസിയാതെ നിനക്കു് പ്രത്യക്ഷമാകും.

സഖി=തോഴി. സംഭൃതസ്നേഹം=സംഭൃതമായ സ്നേഹത്തോടുകൂടിയതു്. സാംഭൃതം=സംഭരിക്കപ്പെട്ടതു്. സംഭരിക്ക=ശേഖരിയ്ക്ക. (അധികമാകുക) അവൾ=നിന്റെ സഖി. പ്രഥമവിരഹം=പ്രഥമമായ വിരഹം. പ്രഥമം=ആദ്യത്തേതു്. വിരഹം=വിയോഗം. ഇത്ഥംഭൂത=ഇപ്രകാരമായി ഭവിച്ചവൾ. തർക്കിക്ക=ഊഹിക്ക. സുഭഗംമന്യഭാവം=സുഭഗംമന്യന്റെ ഭാവം. സുഭഗംമന്യൻ തന്നെ സുഭഗനെന്നു് വിചാരിക്കുന്നവൻ. സുഭഗൻ=സുന്ദരൻ. (സ്ത്രീകൾക്കു് പ്രിയപ്പെട്ടവൻ) വാചാലൻ=വായാടി. ഭ്രാതാവു്=സഹോദരൻ. ഉക്തം=പറയപ്പെട്ടതു്. പ്രത്യക്ഷം=നേരിട്ടു കാണാവുന്നതു്.

നിന്റെ സഖിക്കു് എന്നിൽ വളരെ സ്നേഹമുണ്ടു്. അതിനാൽ ആദ്യത്തെ വേർപാടിൽ ഈ പറഞ്ഞ അവസ്ഥകളെല്ലാം ഉണ്ടാകും. ഇതൊന്നും ഞാൻ സുന്ദരനാണെന്നു തന്നിയെ അഭിമാനിച്ചു പറയുന്നതല്ല. അല്ലയോ സഹജ! ഇതെല്ലാം നിനക്കു ക്ഷണത്തിൽ പ്രത്യക്ഷമായിക്കാണുകയുംചെയ്യാം.

രുദ്ധാപാങ്ഗപ്രസരമളകൈരഞ്ജനസ്നേഹശൂന്യം-
പ്രത്യാദേശാദപി ച മധുനോ വിസ്മൃതഭ്രൂവിലാസം
ത്വയ്യാസന്നേ നയനമുപരിസ്പന്ദിശങ്കേ മൃഗാക്ഷ്യാ
മീനക്ഷോഭാച്ചലകുവലയശ്രീതുലാമേഷ്യതീതി. ൩൨

അളകൈഃ (അ-പു-തൃ-ബ) രുദ്ധാപാങ്ഗപ്രസരം (അ-ന-പ്ര-ഏ) അഞ്ജനസ്നേഹശൂന്യം (അ-ന-പ്ര-ഏ) അപി ച (അ) മധുനഃ (ഉ-ന-ഷ-ഏ) പ്രത്യാദേശാൽ (അ-പു-പ-ഏ) വിസ്മൃതഭ്രൂവിലാസം (അ-ന-പ്ര-ഏ) മൃഗാക്ഷ്യാഃ (ഈ-സ്ത്രീ-ഷ-ഏ) നയനം (അ-ന-പ്ര-ഏ) ത്വയി (യുഷ്മദ്-ദ-സ-ഏ) ആസന്നേ (അ-പു-സ-ഏ) ഉപരിസ്പന്ദി (ഇ-ന-പ്ര-ഏ) മീനക്ഷോഭാത് (അ-ന-പ-ഏ) ചലകുവലയശ്രീതുലാം (ആ-സ്ത്രീ ദ്വി-ഏ) ഏഷ്യതി (ലൃട്-പര-പ്ര-പു-ഏ-) ഇതി (അവ്യയം) ശങ്കേ (ലട്-ആത്മ-ഉ-പു-ഏ)

അളകങ്ങളാൽ രുദ്ധാപാങ്ഗപ്രസരവും അഞ്ജനസ്നേഹശൂന്യവും എന്നുതന്നെയുമല്ല മധുവിന്റെ പ്രത്യാദേശത്താൽ വിസ്മൃതഭ്രൂവിലാസവും ആയ മൃഗാക്ഷിയുടെ നയനം നി ആസന്നനായിരിക്കുമ്പോൾ ഉപരിസ്പന്ദിയായിട്ടു് മീനക്ഷോഭത്താൽ ചലകുവലയശ്രീതുലയെ പ്രാപിയ്ക്കുമെന്നു ഞാൻ ശങ്കിയ്ക്കുന്നു.

അളകങ്ങൾ=കുറുനിരകൾ. രുദ്ധാപാങ്ഗപ്രസരം=രുദ്ധമായ അപാങ്ഗപ്രസരത്തോടുകൂടിയതു്. രുദ്ധം=രോധിയ്ക്കപ്പെട്ടതു്. അപാംഗപ്രസരം=അപാങ്ഗങ്ങളുടെ പ്രസരം. അപാങ്ഗങ്ങൾ=

കടക്കണ്ണുകൾ. പ്രസരം=ഗതി. അഞ്ജനസ്നേഹശൂന്യം=അഞ്ജനസ്നേഹത്തോടുശൂന്യം. അഞ്ജനസ്നേഹം=അഞ്ജനത്തിന്റെസ്നേഹം. അഞ്ജനം=മഷി. സ്നേഹം=സ്നേഹമയം. (മിനുപ്പ്) മധു=മദ്യം. പ്രത്യാദേശം=നിരാകരണം. (ഉപയോഗിക്കാതിരിയ്ക്ക) വിസ്മൃതഭ്രൂവിലാസം=വിസ്മൃതമായ ഭ്രൂവിലാസത്തോടുകൂടിയതു്. വിസ്മൃതം=വിസ്മരിക്കപ്പെട്ടതു്. വിസ്മരിക്ക=മറക്കുക. ഭ്രൂവിലാസം=ഭ്രൂക്കളുടെ വിലാസം. ഭ്രൂക്കൾ=പുരികങ്ങൾ. വിലാസം=കളി. മൃഗാക്ഷി=മൃഗങ്ങളുടെ അക്ഷികൾപോലെയുള്ള അക്ഷികളോടുകൂടിയവൾ. മൃഗങ്ങൾ=മാനുകൾ. അക്ഷികൾ=കണ്ണുകൾ. (മൃഗാക്ഷി=സുന്ദരി) നയനം=കണ്ണ്. ഉപരിസ്പന്ദി=ഉപരിഭാഗത്തിൽ സ്പന്ദിക്കുന്നതു്. സ്പന്ദിക്ക=ഇളകുക. മീനക്ഷോഭം=മീനങ്ങളുടെ ക്ഷോഭം. മീനങ്ങൾ=മത്സ്യങ്ങൾ. ക്ഷോഭം=ഇളക്കം. ചലകുവലയശ്രീതുല=ചലമായ കുവലയത്തിന്റെ ശ്രീയുടെതുല. ചലം=ഇളകുന്നതു്. കുവലയം=കരിങ്കുവളപ്പൂവ്. ശ്രീ=ശോഭ. തുല=സാദൃശ്യം. ശങ്കിയ്ക്ക=ഊഹിക്ക.

ഇരുവശവും കുറുനിരവീണുകിടക്കുന്നതിനാൽ കടക്കണ്ണുകൾകൊണ്ടുള്ള നോട്ടമില്ലാതേയും മഷി എഴുതാത്തതിനാൽ മിനുപ്പില്ലാതേയും മദ്യപാനം ഉപേക്ഷിച്ചിരിക്കയാൽ പുരികക്കളികളോടുകൂടാതേയും ഇരിക്കുന്ന ആ സുന്ദരിയുടെ ഇടത്തുകണ്ണ് നീ അടുത്തുചെല്ലുമ്പോൾ പ്രിയതമന്റെ സന്ദേശശ്രവണമാകുന്ന സന്തോഷസംഭവമുണ്ടാകാൻപോകുന്നതിന്റെ സൂചകമായി തുടിച്ചു, മത്സ്യങ്ങൾ തട്ടിയിളകുന്ന കരിങ്കുവളപ്പൂവിന്റെ ശോഭയുള്ളതായിത്തീരുമെന്നു് ഞാൻ ഊഹിക്കുന്നു.

വാമശ്ചാസ്യാഃ കരരുഹപദൈർമ്മുച്യമാനോ മദീയൈ-
ർമ്മുക്താജാലം ചിരപരിചിതം ത്യാജിതോ ദൈവഗത്യാ
സംഭോഗാന്തേ മമ സമുചിതോ ഹസ്തസംവാഹനാനാം
യാസ്യത്യൂരുഃ സരസകദളീസ്തംഭഗൗരശ്ചലത്വം ൩൫

മദീയൈഃ കരരുഹപദൈഃ (അ-ന-തൃ-ബ) മുച്യമാനഃ (അ-പു-പ്ര-ഏ) ദൈവഗത്യാ (ഇ-സ്ത്രീ-തൃ-ഏ) ചിരപരിചിതം (അ-ന-ദ്വി, ഏ) മുക്താജാലം (അ-ന-ദ്വി-ഏ) ത്യാജിതഃ (അ-പു-പ്ര-ഏ) സംഭോഗാന്തേ (അ-പു-സ-ഏ) മമ (അസ്മ-ഷ-ഏ) ഹസ്തസംവാഹനാനാം (അ-ന-ഷ-ബ) സമുചിതഃ (അ-പു-പ്ര-ഏ) സരസകദളീസ്തംഭഗൗരഃ (അ.പു-പ്ര-ഏ) അസ്യാഃ (ഇദം-സ്ത്രീ-ഷ-ഏ) വാമഃ (അ-പു.പ്ര-ഏ) ഊരുഃ (ഉ-പു-പ്ര-ഏ) ച (അ) ചലത്വം (അ-ന-ദ്വി-ഏ) യാസ്യതി (ലൃട്-പര-പ്ര-പു-ഏ)

മദീയങ്ങളായ കരരുഹപദങ്ങളാൽ മുച്യമാനവും ദൈവഗതിയാൽ ചിരപരിചിതമായ മുക്താജാലത്തെ ത്യാജിതവും

സംഭോഗാന്തത്തിൽ എന്റെ ഹസ്തസംവാഹനങ്ങൾക്കുസമുചിതവും സരസകദളീസ്തംഭഗൌരവുമായ ഇവളുടെ വാമമായഊരുവും ചലത്വത്തെ യാനം ചെയ്യും.

മദീയങ്ങൾ=എന്നെ സംബന്ധിച്ചവ. കരരുഹപദങ്ങൾ=കരരുഹങ്ങളുടെ പദങ്ങൾ. കരരുഹങ്ങൾ=കരത്തിൽ രോഹണംചെയ്യുന്നവ. കരാ=കൈ. രോഹണംചെയ്ക=മുളയ്ക്ക. (കരരുഹങ്ങൾ=നഖങ്ങൾ.) പദങ്ങൾ=അടയാളങ്ങൾ. മുച്യമാനങ്ങൾ=മോചിക്കപ്പെടുന്നവ. മോചിക്ക=ഉപേക്ഷിക്ക. ദൈവഗതി=ദൈവത്തിന്റെ ഗതി. ദൈവം=വിധി. ഗതി=പോക്കു്. ചിരപരിചിതം=ചിരം പരിചിതം. ചിരം=വളരെക്കാലം. പരിചിതം=പരിചയിക്കപ്പെട്ടതു്. പരിചയിക്ക=ശീലിക്ക. മുക്താജാലം=മുത്തുസരം. ത്യാജിതം=ത്യജിപ്പിക്കപ്പെട്ടതു്. സംഭോഗാന്തം=സംഭോഗത്തിന്റെ അന്തം. സംഭോഗം=കാമക്രീഡ. അന്തം=അവസാനം. ഹസ്തസംവാഹനങ്ങൾ=ഹസ്തംകൊണ്ടുള്ള സംവാഹനങ്ങൾ. ഹസ്തം=കൈ. സംവാഹനം=തലോടൽ. സമുചിതം=പരിചിതം. സരസകദളീസ്തംഭഗൌരം=സരസകദളീസ്തംഭംപോലെ ഗൌരം. സരസകദളീസ്തംഭം=സരസമായ കദളീസ്തംഭം. സരസം=ശുഷ്കമല്ലാത്തതു് (പച്ച.) കദളീസ്തംഭം=വാഴത്തട. ഗൌരം=ഗൌരവൎണ്ണം. ഇവൾ=എന്റെ ഭാൎയ്യ. വാമം=ഇടത്തേതു്. ഊരു=തുട. ചലത്വം=ഇളക്കം. യാനംചെയ്ക=പ്രാപിക്ക.

ഇപ്പോൾ എന്റെ നഖചിഹ്നങ്ങൾ മാഞ്ഞുതുടങ്ങിയിരിക്കുന്നതും ഭാഗ്യദോഷത്താൽ മുത്തുസരമാകുന്ന അലങ്കാരം ഉപേക്ഷിക്കേണ്ടിവന്നിരിക്കുന്നതും സംഭോഗാവസാനത്തിൽ ഞാൻ കൈകൊണ്ടു തലോടുക പതിവുണ്ടായിരുന്നതും പച്ചവാഴത്തടപോലെ ഗൌരവൎണ്ണവുമായ അവളുടെ ഇടത്തേ തുടയും ഭാവിയായ ശുഭത്തെ സൂചിപ്പിച്ചുകൊണ്ടു തുടിക്കും.

തസ്മിൻ കാലേ ജലദ യദി സാ ലബ്ധനിദ്രാസുഖാ സ്യാ-
ദന്വാസ്യൈനാം സ്തനിതവിമുഖോ യാമമാത്രം സഹസ്വ
മാ ഭൂദസ്യാഃ പ്രണയിനി മയി സ്വപ്നലബ്ധേ കഥഞ്ചിൽ
സദ്യഃ കണ്ഠച്യുതഭുജലതാഗ്രന്ഥി ഗാഢോപഗൂഢം: ൩൪

ഹേ ജലദ! (അ-പു-സം-പ്ര-ഏ) തസ്മിൻ (തദ്-പു-സ-ഏ) കാലേ (അ-പു-സ-ഏ) സാ (തച്ഛ-ദ-സ്ത്രീ-പ്ര-ഏ) ലബ്ധനിദ്രാസുഖാ (ആ-സ്ത്രീ-പ്ര-ഏ) സ്യാത് (ലിങ്-പര-പ്ര-പു-ഏ) യദി (അ) തൎഹി (അ) ഏനാം (ഏത-സ്ത്രീ-ദ്വി-ഏ) അന്വാസ്യ (ല്യ-അ) സ്തനിതവിമുഖഃ (അ-പു-പ്ര-ഏ) യാമമാത്രം (അ-ന-ദ്വി-ഏ) സഹസ്വ (ലോട്-ആ-മ-പു-ഏ) അസ്യാഃ (ഇദം-സ്ത്രീ-

ഷ-ഏ) പ്രണയിനി (ന-പു-സ-ഏ) മയി (അസ്മദ്-സ-ഏ) കഥഞ്ചിത് (അ) സ്വപ്നലബ്ധേ (അ-പു-സ-ഏ) ഗാഢോപഗൂഢം (അ-ന-പ്ര-ഏ) സദ്യഃകണ്ഠച്യുതഭുജലതാഗ്രന്ഥി (ഇ-ന-പ്ര-ഏ) മാ (അ) ഭൂത് (ലുങ്-പര-പ്ര-പു-ഏ)

അല്ലയോ ജലദമേ, അക്കാലത്തിൽ അവൾ ലബ്ധനിദ്രാസുഖയായി ഭവിക്കയാണെങ്കിൽ നീ ഇവളെ അന്വാസിച്ചിട്ടു് സ്തനിതവിമുഖനായിട്ടു യാമമാത്രം സഹിച്ചാലും. ഇവൾക്കു പ്രണയിയായ ഞാൻ പണിപ്പെട്ടു് സ്വപ്നലബ്ധനായിരിക്കുമ്പോൾ ഗാഢോപഗൂഢം സദ്യഃകണ്ഠച്യുതഭുജലതാഗ്രന്ഥിയായി ഭവിക്കരുതു്.

ജലദം=മേഘം. അവൾ=യക്ഷഭാൎയ്യ. ലബ്ധനിദ്രാസുഖ=ലബ്ധമായ നിദ്രാസുഖത്തോടുകൂടിയവൾ. ലബ്ധം=ലഭിക്കപ്പെട്ടതു്. ലഭിക്ക=കിട്ടുക. നിദ്രാസുഖം=നിദ്രകൊണ്ടുള്ള സുഖം. ഇവൾ=യക്ഷന്റെ ഭാൎയ്യ. അന്വാസിക്ക=സമീപത്തു സ്ഥിതിചെയ്ക. സ്തനിതവിമുഖൻ=സ്തനിതത്തിൽ വിമുഖൻ. സ്തനിതം=ഇടിമുഴക്കം. വിമുഖൻ=വൈമുഖ്യമുള്ളവൻ. വൈമുഖ്യം=മനസ്സില്ലായ്മ. യാമമാത്രം=ഒരു യാമത്തോളം സമയം. സഹിക്കുക=ക്ഷമിക്ക, കാത്തിരിക്ക. ഇവൾ=യക്ഷന്റെ ഭാൎയ്യ. പ്രണയി=പ്രണയമുള്ളവൻ. പ്രണയം=അനുരാഗം. സ്വപ്നലബ്ധൻ=സ്വപ്നത്തിൽ ലബ്ധൻ. ലബ്ധൻ=ലഭിക്കപ്പെട്ടവൻ. ഗാഢോപഗൂഢം=ഗാഢമായ ഉപഗൂഢം. ഗാഢം=മുറുകെയുള്ളതു്. ഉപഗൂഢം=ആലിംഗനം. സദ്യഃകണ്ഠച്യുതഭുജലതാഗ്രന്ഥി=സദ്യഃകണ്ഠച്യുതയായ ഭുജലതാഗ്രന്ഥിയോടുകൂടിയതു്. സദ്യഃകണ്ഠച്യുതം=ഉടനെ കണ്ഠച്യുതം. കണ്ഠച്യുതം=കണ്ഠത്തിൽനിന്നു ച്യുതം. കണ്ഠം=കഴുത്തു്. ച്യുതം=ച്യവിച്ചതു്. ച്യവിയ്ക=വീഴുക. ഭുജലതാഗ്രന്ഥി=ഭുജലതകളുടെ ഗ്രന്ഥി. ഭുജലതകൾ=ഭുജങ്ങളാകുന്ന ലതകൾ. ഭുജങ്ങൾ=കൈകൾ. ലതകൾ=വള്ളികൾ. ഗ്രന്ഥി=കെട്ടു്.

അല്ലയോ മേഘമേ! അപ്പോൾ അവൾക്കു ദുർല്ലഭമായ നിദ്രാസുഖം ലഭിച്ചിരിക്കയാണെങ്കിൽ നീ അവളുടെ നിദ്രാഭംഗത്തിനിടവരുത്താതെ, ഇടിമുഴക്കവുംവിട്ടു് ഒരുയാമത്തോളം സമയം കാത്തിരിക്കണം. പ്രിയതമനായ എന്നെ സ്വപ്നത്തിൽ പണിപ്പെട്ടു് അവൾക്കു കിട്ടിയാൽ മുറുകെച്ചെയ്യുന്ന ആലിംഗനത്തിനു് ഉടനെ വിഘ്നമുണ്ടാക്കരുതു്.

താമുത്ഥാപ്യ സ്വജലകണികാശീതളേനാനിലേന
പ്രത്യാശ്വസ്താം സമമഭിനവൈർജ്ജാലകൈൎമ്മാലതീനാം
വിദ്യുദ്ഗൎഭഃ സ്തിമിതനയനാം ത്വത്സനാഥേ ഗവാക്ഷേ
വക്തും ധീരഃ സ്തനിതവചനൈൎമ്മാനിനീം പ്രക്രമേഥാഃ ൩൮

ത്വം (യുഷ്മദ്-പ്ര-ഏ) താം (തദ്-സ്ത്രീ-ദ്വി-ഏ) സ്വജലകണികാശീതളേന അനിലേന (അ-പു-തൃ-ഏ) ഉത്ഥാപ്യ (ല്യ അ) അഭിനവൈഃ (അ-ന-തൃ-ബ) മാലതീനാം (ഈ-സ്ത്രീ-ഷ-ബ) ജാലകൈഃ (അ-ന-തൃ-ബ) സമം (അ) പ്രത്യാശ്വസ്താം (ആ-സ്ത്രീ-ദ്വി-ഏ) ത്വത്സനാഥേ ഗവാക്ഷേ (അ-പു-സ-ഏ) സ്തിമിതനയനാം (ആ-സ്ത്രീ-ദ്വി-ഏ) മാനിനീം (ഈ-സ്ത്രീ-ദ്വി-ഏ) വിദ്യുദ്ഗൎഭഃ ധീരഃ (അ-പു-പ്ര-ഏ) സ്തനിതവചനൈഃ (അ-ന-തൃ-ബ) വക്തും (തുമു-അ) പ്രക്രമേഥാഃ (ലിങ്-ആത്മ-മ-പു-ഏ)

നി അവളെ സ്വജലകണികാശീതളമായ അനിലനെക്കൊണ്ടു ഉത്ഥാപിപ്പിച്ചിട്ടു്, അഭിനവങ്ങളായ മാലതികളുടെ ജാലകങ്ങൾക്കൊപ്പം പ്രത്യാശ്വസ്തയും ത്വത്സനാഥമായ ഗവാക്ഷത്തിൽ സ്തിമിതനയനയും ആയ മാനിനിയോടു്, വിദ്യുദ്ഗൎഭനും ധീരനുമായിട്ടു സ്തനിതവചനങ്ങളെക്കൊണ്ടു വചിക്കുന്നതിനു പ്രക്രമിക്കണം.

അവൾ=യക്ഷഭാര്യ. സ്വജലകണികാശീതളം=സ്വജലകണികകളാൽ ശീതളം. സ്വജലകണികകൾ=തന്റെ ജലകണികകൾ. ജലകണികകൾ=ജലത്തിന്റെ കണികകൾ. ജലം=വെള്ളം. കണികകൾ=ചെറുതുള്ളികൾ. ശീതളം=തണുത്തതു്. അനിലൻ=വായു. ഉത്ഥാപിപ്പിക്കുക=എഴുന്നേല്പിക്ക. അഭിനവങ്ങൾ=പുതിയവ. മാലതികൾ=പിച്ചികൾ. ജാലകങ്ങൾ=മൊട്ടുകൾ. പ്രത്യാശ്വസ്ത=പ്രത്യാശ്വസിച്ചവൾ. പ്രത്യാശ്വസിയ്ക്കു=സ്വസ്ഥയായിത്തീരുക. (ഉറക്കത്തിന്റെ മയക്കം തീരുക) ത്വത്സനാഥം=നിന്നോടു സനാഥം. നീ=മേഘം. സനാഥം=സഹിതം. ഗവാക്ഷം=കിളിവാതൽ. സ്തിമിതനയന=സ്തിമിതമായനയനത്തോടുകൂടിയവൾ. സ്തിമിതം=നിശ്ചലം. (ഉറപ്പിക്കപ്പെട്ടതു്) നയനം=കണ്ണു്. മാനിനി=മാനമുള്ളവൾ. (അതിനാൽ ആളുകൾ അനാവശ്യമായി കിളിവാതലിലും മററും വന്നു നോക്കുന്നതു സഹിക്കാത്തവളെന്നു സാരം) വിദ്യുദ്ഗൎഭൻ=വിദ്യുത്തു ഗൎഭത്തിലുള്ളവൻ. വിദ്യുത്തു=മിന്നൽ. ഗൎഭം=അന്തൎഭാഗം. (മിന്നൽപ്രകാശിച്ചാൽ അതുകൊണ്ടു കണ്ണുമങ്ങി പറയുന്ന ആളിനെ കാണ്മാൻ പാടില്ലാതാകുമെന്നുള്ളതിനാൽ മിന്നലിലെ അകത്തു അടക്കിക്കൊണ്ടു് എന്നുസാരം) ധീരൻ=ധൈര്യമുള്ളവൻ (അവളുടെ ദയനീയാവസ്ഥകണ്ടു ദുഃഖിതനായി സന്ദേശകഥനത്തിനു മുടക്കം വരുത്താതെ ധൈര്യമവലംബിച്ചുകൊണ്ടെന്നുസാരം.) സ്തനിതവചനങ്ങൾ=സ്തനിതങ്ങളാകുന്നവചനങ്ങൾ.

സ്തനിതങ്ങൾ=ഇടിമുഴക്കങ്ങൾ. വചനങ്ങൾ=വാക്കുകൾ. വചിക്ക=പറക. പ്രക്രമിക്ക=ആരംഭിക്ക.

നിന്റെ ചെറുവെള്ളത്തുള്ളികളാൽ തണുത്തകാററുകൊണ്ടു് അവളെ ഉണർത്തണം. പുതിയ പിച്ചിമൊട്ടുകൾക്കൊപ്പം അവൾ ആശ്വസിച്ചതിന്റെശേഷം കിളിവാതില്ക്കൽ ആരാണെന്നു് നീ ഇരിക്കുന്ന ജനലിലേയ്ക്കുതന്നെ സൂക്ഷിച്ചുനോക്കുന്ന ആ മാനിനിയോടു് മിന്നൽ ഉള്ളിൽ അടക്കിക്കൊണ്ടും ധൈര്യം അവലംബിച്ചുകൊണ്ടും ചെറിയ ഇടിമുഴക്കങ്ങളാകുന്ന വാക്കുകളെക്കൊണ്ടു നീ പറയാൻ തുടങ്ങണം.

ഭർത്തുർമ്മിത്രം പ്രിയമവിധവേ! വിദ്ധി മാംബുവാഹം
തത്സന്ദേശൈർഹൃദയനിഹിതൈരാഗതം ത്വത്സമീപം
യോ വൃന്ദാനി ത്വരയതി പഥി ശ്രാമ്യതാം പ്രോഷിതാനാം
മന്ദ്രസ്നിഗ്ദ്ധൈർദ്ധ്വനിഭിരബലാവേണിമോക്ഷോൽസുകാനി.

ഹേ അവിധവേ (ആ-സ്ത്രീ-സം-പ്ര-ഏ) മാം (അസ്മദ്-ദ്വി-ഏ) പത്യുഃ (ഇ-പു-ഷ-ഏ) പ്രിയം മിത്രം (അ-ന-ദ്വി-ഏ) ഹൃദയനിഹിതൈഃ (അ-പു-തൃ-ബ) തത്സന്ദേശൈഃ (അ-പു-തൃ-ബ) ത്വത്സമീപം (അ-ന-ദ്വി-ഏ) ആഗതം (അ-പു-ദ്വി-ഏ) അംബുവാഹം (അ-പു-ദ്വി-ഏ) വിദ്ധി (ലോട്-പര-മ-പു-ഏ) യഃ (യദ്-പു-പ്ര-ഏ) മന്ദ്രസ്നിഗ്ദ്ധൈഃ (അ-പു-തൃ-ബ) ധ്വനിഭിഃ (ഇ-പു-തൃ-ബ) അബലാവേണിമോക്ഷോൽസുകാനി (അ-ന-ദ്വി-ബ) പഥി (ന-പു-സ-ഏ) ശ്രാമ്യതാം (ത-പു-ഷ-ബ) പ്രോഷിതാനാം (അ-പു-ഷ-ബ) വൃന്ദാനി (അ-ന-ദ്വി-ബ) ത്വരയതി (ലട്-പര-പ്ര-പു-ഏ)

അല്ലയോ അവിധവേ എന്നെ ഭർത്താവിന്റെപ്രിയമായമിത്രവും ഹൃദയനിഹിതങ്ങളായ തത്സന്ദേശങ്ങളോടുകൂടി ത്വത്സമീപത്തെ ആഗതനും ആയ അംബുവാഹമെന്നറിഞ്ഞാലും. യാതൊരുത്തൻ മന്ദ്രസ്നിഗ്ദ്ധങ്ങളായ ധ്വനികളെക്കൊണ്ടു്, അബലാവേണിമോക്ഷോൽസുകങ്ങളായ പന്ഥാവിൽ ശ്രാമ്യത്തുകളായ പ്രോഷിതന്മാരുടെ വൃന്ദങ്ങളെ ത്വരിപ്പിക്കുന്നു.

അവിധവ=വിധവയല്ലാത്തവൾ. വിധവ=ഭർത്താവില്ലാത്തവൾ. പതി=ഭർത്താവു്. പ്രിയം=ഇഷ്ടപ്പെട്ടതു്. മിത്രം=ബന്ധു. ഹൃദയനിഹിതങ്ങൾ=ഹൃദയത്തിൽ നിഹിതങ്ങൾ. ഹൃദയം=മനസ്സു്. നിഹിതങ്ങൾ=നിധാനംചെയ്യപ്പെട്ടവ. നിധാനംചെയ്ക=നിക്ഷേപിക്ക (സൂക്ഷിച്ചുവയ്ക്ക.) തത്സന്ദേശങ്ങൾ=അവന്റെ സന്ദേശങ്ങൾ. അവൻ=നിന്റെപ്രിയൻ. സന്ദേശങ്ങൾ=പറഞ്ഞ

യച്ചകാൎയ്യങ്ങൾ. ത്വത്സമീപം=നിന്റെസമീപം. ആഗതൻ=ആഗമിച്ചവൻ. ആഗമിക്ക=വരിക. അംബുവാഹം=മേഘം. യാവനൊരുത്തൻ=യാതൊരുമേഘം. മന്ദ്രസ്നിഗ്ദ്ധങ്ങൾ=മന്ദ്രങ്ങളുംസ്നിഗ്ദ്ധങ്ങളുമായിട്ടുള്ളവ. മന്ദ്രങ്ങൾ=ഗംഭീരങ്ങൾ. സ്നിഗ്ദ്ധങ്ങൾ=കൊഴുപ്പുള്ളവ. ധ്വനികൾ=ശബ്ദങ്ങൾ. അബലാവേണിമോക്ഷോൽസുകങ്ങൾ=അബലാവേണിമോക്ഷത്തിൽ ഉൽസുകങ്ങൾ. അബലാവേണിമോക്ഷം=അബലകളുടെ വേണിമോക്ഷം. അബലകൾ=സ്ത്രീകൾ. വേണിമോക്ഷം=വേണികളുടെ മോക്ഷം. വേണികൾ=ഒററയായിച്ചേൎന്ന തലമുടി. മോക്ഷം=വിടുക്കൽ. ഉൽസുകങ്ങൾ=ഉൽക്കണ്ഠയുള്ളവ. പന്ഥാവു്=വഴി. ശ്രാമ്യത്തുകൾ=തളരുന്നവർ. പ്രോഷിതന്മാർ=വീടുവിട്ടു ദൂരദേശങ്ങളിൽ പോയവർ. വൃന്ദങ്ങൾ=സമൂഹങ്ങൾ. ത്വരിപ്പിക്ക=ബദ്ധപ്പെടുത്തുക (വേഗം വീട്ടിലെത്തുന്നതിനു ധൃതിപ്പെടുത്തുക എന്നു സാരം.)

അല്ലയോ ഭൎത്താവുള്ളവളെ! ഞാൻ നിന്റെ ഭൎത്താവിന്റെ പ്രിയമിത്രവും അവന്റെ സന്ദേശങ്ങൾ മനസ്സിൽ ധരിച്ചുകൊണ്ടു് അതു പറവാനായി നിന്റെ അടുക്കൽ വന്നിരിക്കുന്നവനുമായ ഒരു മേഘമാണു്. വഴിയിൽ തളൎന്നു താമസിക്കുന്ന വീടുവിട്ടു പോയിട്ടുള്ള ആളുകളെ എല്ലാം വേഗം വീട്ടിൽവന്നു അവരുടെ ഭാൎയ്യമാരുടെ ഒററയായിത്തീൎന്നിരിക്കുന്ന തലമുടി വിടുക്കുന്നതിനു് സ്നിഗ്ദ്ധഗംഭീരമായ ശബ്ദങ്ങളെക്കൊണ്ടു ധൃതിപ്പെടുത്തുന്നതു ഞാനാണു്.

ഇത്യാഖ്യാതേ പവനതനയം മൈഥിലീവോന്മുഖീ സാ
ത്വാമുൽക്കണ്ഠോച്ഛ്വസിതഹൃദയാ വീക്ഷ്യ സംഭാവ്യ ചൈവ
ശ്രോഷ്യത്യസ്മാത് പരമവഹിതാ സൌമ്യ! സീമന്തിനീനാം
കാന്തോദന്തഃ സുഹൃദുപനതഃ സംഗമാൽ കിഞ്ചിദൂനഃ ൩൧

ഇതി (അ) ആഖ്യാതേ (അ-ന-സ-ഏ) പവനതനയം (അ-പു-ദ്വി-ഏ) മൈഥിലീ (ഈ-സ്ത്രീ-പ്ര-ഏ) ഇവ (അ) സാ (തദ്-സ്ത്രീ-പ്ര-ഏ) ഉന്മുഖീ (ഈ-സ്ത്രീ-പ്ര-ഏ) ഉൽക്കണ്ഠോച്ഛ്വസിതഹൃദയാ (ആ-സ്ത്രീ-പ്ര-ഏ) ത്വാം (യുഷ്മദ്-ദ്വി-ഏ) വീക്ഷ്യ (ല്യ-അ) സംഭാവ്യ (ല്യ-അ) ച (അ) അസ്മാത് (ഇദം-ന-പ-ഏ) പരം (അ-ന-ദ്വി-ഏ) അവഹിതാ (ആ-സ്ത്രീ-പ്ര-ഏ) ശ്രോഷ്യതി (ലൃട്-പര-പ്ര-പു-ഏ) ഏവ (അ) ഹേ സൌമ്യ (അ-പു-സം-പ്ര-ഏ) സീമന്തിനീനാം (ഈ-സ്ത്രീ-ഷ-ബ) സുഹൃദുപനതഃ കാന്തോദന്തഃ (അ-പു-പ്ര-ഏ) സംഗമാത് (അ-പു-പ-ഏ) കിഞ്ചിത് (അ) ഊനഃ (അ-പു-പ്ര-ഏ)

ഇപ്രകാരം ആഖ്യാതമാകുമ്പോൾ പവനതനയനെ മൈഥിലിഎന്നപോലെ അവൾ ഉന്മുഖിയും ഉൽക്കണ്ഠോച്ഛ്വസിതഹൃദയയുമായിട്ടു വീക്ഷണം ചെയ്കയും സംഭാവനംചെയ്കയും ചെയ്തിട്ട് ഇതിൽനിന്നു പരമായിട്ടുള്ളതിനെ അവഹിതയായിട്ടു ശ്രവിക്കതന്നെ ചെയ്യും അല്ലയോ സൗമ്യ! സീമന്തിനികൾക്കു സുഹൃദുപനതമായ കാന്തോദന്തം സംഗമത്തേക്കാൾ അല്പം ഊനമാകുന്നു.

ആഖ്യാതം=ആഖ്യാനംചെയ്യപ്പെട്ടതു്. ആഖ്യാനംചെയ്ക=പറക. പവനതനയൻ=പവനന്റെ തനയൻ. പവനൻ=വായു. തനയൻ=പുത്രൻ(ഹനുമാൻ) മൈഥിലി=സീത. അവൾ=എന്റെ ഭാൎയ്യ. ഉന്മുഖി=നേരേതിരിഞ്ഞവൾ. (താല്പൎയ്യത്തോടുകൂടിയവൾ) ഉൽക്കണ്ഠോച്ഛ്വസിതഹൃദയ=ഉൽക്കണ്ഠയാൽ ഉച്ഛ്വസിതഹൃദയ. ഉൽക്കണ്ഠ=ഔൽസുക്യം. ഉച്ഛ്വസിതഹൃദയ=ഉച്ഛ്വസിതമായ ഹൃദയത്തോടുകൂടിയവൾ. ഉച്ഛ്വസിതം=ഉച്ഛ്വസിച്ചതു്. ഉച്ഛ്വസിക്ക=വികസിയ്ക്ക. ഹൃദയം=മനസ്സ്. വീക്ഷിയ്ക്ക=കാണുക. സംഭാവനംചെയ്ക=സല്ക്കരിക്ക ഇതു്=ഭൎത്താവിന്റെ മിത്രമാണെന്നുള്ളതു്. പരം=അപ്പുറമുള്ളതു്. അവഹിത=അവധാനം ചെയ്യുന്നവൾ. അവധാനംചെയ്ക=ശ്രദ്ധിയ്ക്ക. ശ്രവിയ്ക്ക=കേൾക്കുക. സൗമ്യൻ=സാധു. സീമന്തിനികൾ=സ്ത്രീകൾ. സുഹൃദുപനതം=സുഹൃത്തിലൂടെ ഉപനതം. സുഹൃത്തു്=ബന്ധു. ഉപനതം=വന്നുചേൎന്നതു്. കാന്തോദന്തം=കാന്തന്റെ ഉദന്തം. കാന്തൻ=ഭൎത്താവു്. ഉദന്തം=വൃത്താന്തം. സംഗമം=സംഭോഗം. ഊനം=കുറഞ്ഞതു്.

മേൽ പറഞ്ഞതുപോലെ പറഞ്ഞുകഴിയുമ്പോൾ അവൾ താല്പൎയ്യത്തോടുകൂടി ഉല്ക്കണ്ഠയാൽ ഹൃദയം വികസിച്ചു നിന്നെനോക്കുകയും സമ്മാനിക്കുകയുംചെയ്തിട്ടു,അതിനപ്പുറമുള്ളതു ശ്രദ്ധയോടുകൂടി തീൎച്ചയായും കേൾക്കും. അല്ലയോ സൌമ്യ! വിശ്വസ്തന്മാരായ ആളുകൾവഴി വന്നുചേരുന്ന ഭൎത്താവിന്റെ വൃത്താന്തം കേൾക്കുക എന്നുള്ളതു സംഭോഗസുഖത്തെക്കാൾ വളരെ കുറഞ്ഞതല്ല.

താമായുഷ്മൻ മമ ച വചനാദാത്മനശ്ചോപകൎത്തും
ബ്രൂയാദേവം തവ സഹചരോ രാമഗിൎയ്യാശ്രമസ്ഥഃ
അവ്യാപന്നഃ കുശലമബലേ പൃച്ഛതി ത്വാം വിയുക്തഃ
പൂൎവ്വാഭാഷ്യം സുലഭവിപദാം പ്രാണിനാമേതദേവ. ൩൮

ഹേ ആയുഷ്മൻ (ത-പു-സം-പ്ര-ഏ) മമ (അസ്മദ്-ഷ-ഏ) വചനാത് (അ-ന-പ-ഏ) ച (അ) ആത്മനഃ (ന-പു-ഷ-ഏ) ഉപകൎത്തും (തുമുൻ-അ) ത്വാം (തദ് സ്ത്രീ ദ്വി-ഏ) ഭവാൻ

(ത-പു-പ്ര-ഏ) ഏവം (അ) ബ്രൂയാൽ (ലിങ്-പര-പ്ര-പു-ഏ) ഹേ-അബലേ (ആ-സ്ത്രീ-സം-പ്ര-ഏ) വിയുക്തഃ (അ-പു-പ്ര-ഏ) തവ (യുഷ്മദ്-ഷ-ഏ) സഹചരഃ (അ-പു-പ്ര-ഏ) അവ്യാപന്നഃ രാമഗിര്യാശ്രമസ്ഥഃ (അ-പു-പ്ര-ഏ) ത്വാം (യുഷ്മദ്-ദ്വി-ഏ) കുശലം (അ-ന-ദ്വി-ഏ) പൃച്ഛതി (ലട്-പര-പ്ര-പു-ഏ) സുലഭവിപദാം (ദ-പു-ഷ-ബ) പ്രാണിനാം (ന-പു-ഷ-ബ) പൂർവാഭാഷ്യം (അ-ന-പ്ര-ഏ) ഏതദ് (ഏതച്ഛ-ന-പ്ര-ഏ) ഏവ (അ)

അല്ലയോ ആയുഷ്മാനേ! എന്റെ വചനത്താലും ആത്മാവിന്നു് ഉപകരിക്കുന്നതിനും അവളോടു ഭവാൻ ഇപ്രകാരം ബ്രവിക്കണം:—അല്ലയോ അബലേ, വിയുക്തനായ നിന്റെ സഹചരൻ അവ്യാപന്നനും രാമഗിര്യാശ്രമസ്ഥനുമായിട്ടു് നിന്നോടു കുശലത്തെ പൃച്ഛിക്കുന്നു. സുലഭവിപത്തുകളായ പ്രാണികൾക്കു് പൂർവാഭാഷ്യം ഇതുതന്നെയാകുന്നു.

ആയുഷ്മാൻ=ആയുസ്സുള്ളവൻ. വചനം=വാക്കു്. ആത്മാവു്=താൻ. ഉപകരിയ്ക്ക=ഉപകാരംചെയ്ക (പരോപകാരംചെയ്തു പുണ്യം സമ്പാദിയ്ക്ക എന്നു സാരം) അവൾ=എന്റെ ഭാര്യ. ഭവാൻ=നീ. ബ്രവിയ്ക്ക=പറയുക. അബല=ദുർബ്ബല. (സ്ത്രീഎന്നും അർത്ഥമുണ്ടു്) വിയുക്തൻ=വിയോജിച്ചിരിക്കുന്നവൻ. വിയോജിയ്ക്ക=പിരിയുക. സഹചരൻ=കൂട്ടുകാരൻ. അവ്യാപന്നൻ=വ്യാപന്നനല്ലാത്തവൻ. വ്യാപന്നൻ=മൃതൻ. രാമഗിര്യാശ്രമസ്ഥൻ=രാമഗിര്യാശ്രമത്തിൽ സ്ഥിതിചെയ്യുന്നവൻ. രാമഗിര്യാശ്രമം=രാമഗിരിയിലെ ആശ്രമം. കുശലം=ക്ഷേമം. പൃച്ഛിയ്ക്ക=ചോദിയ്ക്ക. സുലഭവിപത്തുകൾ=സുലഭങ്ങളായ വിപത്തുകളോടുകൂടിയവർ. സുലഭങ്ങൾ=എളുപ്പം ലഭിക്കപ്പെടാവുന്നവ. വിപത്തുകൾ=ആപത്തുകൾ. പ്രാണികൾ=ജന്തുക്കൾ. പൂർവാഭാഷ്യം=പൂർവമായി ആഭാഷ്യം. പൂർവം=ആദ്യം. ആഭാഷ്യം=ആഭാഷണം ചെയ്യപ്പെടേണ്ടതു്. ആഭാഷണംചെയ്ക=പറയുക. ഇതു്=അവ്യാപന്നനാണെന്നു പറഞ്ഞതു്.

അല്ലയോ ആയുസ്സുള്ളവനേ, ഞാൻ പറഞ്ഞിട്ടും നിനക്കു പുണ്യം ലഭിക്കുന്നതിനായിട്ടും നീ അവളുടെഅടുക്കൽ ഇപ്രകാരം പറയണം:—“അല്ലയോ അബലേ, നിന്നെ പിരിഞ്ഞിരിക്കുന്ന നിന്റെ കൂട്ടുകാരൻ യാതൊരാപത്തുംകൂടാതെ രാമഗിരിയിലുള്ള ആശ്രമത്തിൽ സ്ഥിതിചെയ്തുകൊണ്ടു് നിന്നോടു കുശലം ചോദിക്കുന്നു” ആപത്തു് എളുപ്പം വരാവുന്ന ആളുകളെ സംബന്ധിച്ചു് ഇതാണല്ലോ ആദ്യമായി പറയേണ്ടതു്.

അംഗേനാംഗം പ്രതനു തനുനാ ഗാഢതപ്തേന തപ്തം
സാസ്രേണാശ്രുദ്രുതമവിരതോല്ക്കണ്ഠമുല്ക്കണ്ഠിതേന
ഉഷ്ണോച്ഛ്വാസം സമധികതരോച്ഛ്വാസിനാ ദൂരവത്തീ
സങ്കല്പൈസ്തൈർവിശതി വിധിനാ വൈരിണാരുദ്ധമാർഗ്ഗഃ

ദൂരവത്തീ (ന-പു-പ്ര-ഏ) വൈരിണാ (ന-പു-തൃ-ഏ)വിധിനാ (ഇ-പു-തൃ-ഏ) രുദ്ധമാർഗ്ഗഃ (അ-പു-പ്ര-ഏ) സഃ (തച്ഛ-പു-പ്ര-ഏ) തനുനാ (ന-ന-തൃ-ഏ) ഗാഢതപ്തേന (അ-ന-തൃ-ഏ) സാസ്രേണ ഉല്ക്കണ്ഠിതേന (അ-ന-തൃ-ഏ) സമധികതരോച്ഛ്വാസിനാ (ന-ന-തൃ-ഏ) അംഗേന (അ-ന-തൃ-ഏ) പ്രതനു (ഉ-ന-ദ്വി-ഏ) തപ്തം (അ-ന-ദ്വി-ഏ)അശ്രുദ്രുതം അവിരതോല്ക്കണ്ഠം ഉഷ്ണോച്ഛ്വാസം (അ-ന-ദ്വി-ഏ) തേ (യുഷ്മദ്-ഷ-ഏ) തൈഃ (തദ്-പു-തൃ-ബ) സങ്കല്പൈഃ (അ-പു-തൃ-ബ) വിശതി (ലട്-പര-പ്ര-പു-ഏ)

ദൂരവത്തിയും വൈരിയായ വിധിയാൽ രുദ്ധമാർഗ്ഗനും ആയ അവൻ തനുവും ഗാഢതപ്തവും സാസ്രവും ഉല്ക്കണ്ഠിതവും, സമധികതരോച്ഛ്വാസിയുമായ അങ്ഗംകൊണ്ടു് പ്രതനുവും തപ്തവും അശ്രുദ്രുതവും, അവിരതോല്ക്കണ്ഠവും ഉഷ്ണോച്ഛ്വാസവുമായ നിൻെറ അങ്ഗത്തെ ആ സങ്കല്പങ്ങളെക്കൊണ്ടു വേശിക്കുന്നു.

ദൂരവത്തി=ദൂരത്തിൽ വത്തിക്കുന്നവൻ. ദൂരം=ദൂരദേശം. വത്തിക്കുക=സ്ഥിതിചെയ്ക. വൈരി=വിരോധി. വിധി=ദൈവം. രുദ്ധമാർഗ്ഗൻ=രുദ്ധമായ മാർഗ്ഗത്തോടുകൂടിയവൻ. രുദ്ധം=രോധിക്കപ്പെട്ടതു്. രോധിക്കുക=തടുക്കുക. മാർഗ്ഗം=വഴി. അവൻ=നിൻെറ കൂട്ടുകാരൻ. തനു=കൃശം. ഗാഢതപ്തം=ഏററവും തപിച്ചതു്. തപിക്കുക=ചൂടുപിടിക്കുക. സാസ്രം=അസ്രത്തോടുകൂടിയതു്.അസ്രം=കണ്ണുനീരു്. ഉല്ക്കണ്ഠിതം=ഉല്ക്കണ്ഠയുള്ളതു്. സമധികതരോച്ഛ്വാസി=സമധികതരമായ ഉച്ഛ്വാസത്തോടുകൂടിയതു്. സമധികതരം=ഏററവും സമധികം. സമധികം=വളരെയുള്ളതു്. ഉച്ഛ്വാസം=നെടുവീർപ്പു്. അങ്ഗം=ശരീരം. പ്രതനു=ഏററവും തനു. തനു=കൃശം. തപ്തം=തപിച്ചതു്. തപിക്കുക=ചൂടുപിടിക്കുക. അശ്രുദ്രുതം=അശ്രുക്കളെക്കൊണ്ടു ദ്രുതം. അശ്രുക്കൾ=കണ്ണുനീരുകൾ. ദ്രുതം=നനഞ്ഞതു്. അവിരതോല്ക്കണ്ഠം=അവിരതമായ ഉല്ക്കണ്ഠയോടുകൂടിയതു്. അവിരതം=ഇടവിടാതെയുള്ളതു്. ഉഷ്ണോച്ഛ്വാസം=ഉഷ്ണമായ ഉച്ഛ്വാസത്തോടുകൂടിയതു്. ഉഷ്ണം=ചൂടുള്ളതു്. ഉച്ഛ്വാസം=നെടുവീർപ്പു്. അങ്ഗം=ശരീരം. സങ്കല്പം=ഭാവന. വേശിക്കുക=പ്രവേശിക്കുക.

അകലെ അകപ്പെട്ടവനും ദൈവവൈപരീത്യത്താൽ ഇ

ങ്ങോട്ടു വരുവാൻ നിവൃത്തി ഇല്ലാത്തവനുമായ നിന്റെ കൂട്ടുകാരൻ, കൃശവും ചൂടുപിടിച്ചതും കണ്ണുനീരൊഴുകുന്നതും അത്യുൽകണ്ഠയുള്ളതും, നെടുവീർപ്പിടുന്നതുമായ തന്റെ ശരീരംകൊണ്ടു് അതുപോലെതന്നെ മെലിഞ്ഞതും വിരഹതപ്തവും കണ്ണുനീരിൽ കുളിച്ചതും ഉൽകണ്ഠ ഒഴിയാത്തതും ചൂടുള്ള നെടുവീർപ്പുകളോടു കൂടിയതുമായ നിന്റെ ശരീരത്തോടു സങ്കല്പംകൊണ്ടു ചേർന്നു് ഒന്നായിത്തീരുന്നു.

ശബ്ദാഖ്യേയം യദപി കില തേ യഃ സഖീനാം പുരസ്താൽ
കർണ്ണേ ലോലഃ കഥയിതുമഭൂദാനനസ്പർശലോഭാൽ
സോതിക്രാന്തഃ ശ്രവണവിഷയം ലോചനാഭ്യാമദൃഷ്ട-
സ്ത്വാമുൽക്കണ്ഠാവിരചിതപദം മന്മുഖേനേദമാഹ. ൪൦

യഃ (യദ്-പു-പ്ര-ഏ) സഖീനാം (ഈ-സ്ത്രീ-ഷ-ബ) പുരസ്താത് (അ) യദ് (യച്ഛ-ന-പ്ര-ഏ) ശബ്ദാഖ്യേയം (അ-ന-പ്ര-ഏ) തത് (അ-ന-പ്ര-ഏ) അപി (അ) ആനനസ്പർശലോഭാത് (അ-പു-പ-ഏ) കർണ്ണേ (അ-പു-സ-ഏ) കഥയിതും (തുമു-അ) ലോലഃ (അ-പു-പ്ര-ഏ) അഭൂത് (ലുങ്-പര-പ്ര-പു-ഏ) കില (അ) ശ്രവണവിഷയം (അ-പു-ദ്വി-ഏ) അതിക്രാന്തഃ (അ-പു-പ്ര-ഏ) ലോചനാഭ്യാം (അ-ന-തൃ-ദ്വി) അദൃഷ്ടഃ (അ-പു-പ്ര-ഏ) സഃ (തച്ഛ-പു-പ്ര-ഏ) ത്വാം (യുഷ്മദ്-ദ്വി-ഏ) മന്മുഖേന (അ-ന-തൃ-ഏ) ഉൽക്കണ്ഠാവിരചിതപദം (അ-ന-ദ്വി-ഏ) ഇദം (ഇദം-ന-ദ്വി-ഏ) ആഹ (ലട്-പര-പ്ര-പു-ഏ)

യാവനൊരുത്തൻ, സഖികളുടെ പുരോഭാഗത്തിൽ യാതൊന്നു ശബ്ദാഖ്യേയമാകുന്നുവോ, അതിനേയും ആനനസ്പർശലോഭത്താൽ കർണ്ണത്തിൽ കഥിക്കുന്നതിനു ലോലനായിരുന്നു എന്നു പ്രസിദ്ധമാണോ, ശ്രവണവിഷയത്തെ അതിക്രാന്തനും ലോചനങ്ങളാൽ അദൃഷ്ടനും ആയ അവൻ നിന്നോടു് മന്മുഖംവഴി ഉൽക്കണ്ഠാവിരചിതപദമായ ഇതിനെ പറയുന്നു.

യാവനൊരുത്തൻ=യാതൊരു നിന്റെ സഹചരൻ. സഖികൾ=തോഴികൾ. പുരോഭാഗം=മുമ്പു്. യാതൊന്നു്=യാതൊരു കാര്യം. ശബ്ദാഖ്യേയം=ശബ്ദംകൊണ്ടു് ആഖ്യേയം. ശബ്ദം=ഉറക്കെ ഉള്ള ഒച്ച. ആഖ്യേയം=ആഖ്യാനംചെയ്യപ്പെടാവുന്നതു്. ആഖ്യാനംചെയ്ക=പറയുക. അതു്=അക്കാര്യം, ആനനസ്പർശലോഭം=ആനനസ്പർശത്തിലുള്ള ലോഭം. ആനനസ്പർശം=ആനനത്തിന്റെ സ്പർശം. ആനനം=മുഖം. സ്പർശം=സ്പർശനം. ലോഭം=കൊതി. കർണ്ണം=ചെവി. കഥിക്ക=പറയുക. ലോലൻ=ആഗ്രഹമുള്ളവൻ. ശ്രവണവിഷയം=ശ്രവണങ്ങളുടെ വിഷയം. ശ്രവണങ്ങൾ=ചെവി

കൾ. വിഷയം=ഗോചരം. അതിക്രാന്തൻ=കടന്നവൻ (കേൾക്കാൻ പാടില്ലാത്തവിധത്തിൽ ദൂരത്തായവൻ എന്നു സാരം.) ലോചനങ്ങൾ=കണ്ണുകൾ. അദൃഷ്ടൻ=ദൃഷ്ടനല്ലാത്തവൻ. ദൃഷ്ടൻ=ദർശിക്കപ്പെട്ടവൻ. ദർശിക്ക=കാണുക (കാണപ്പെടാൻ പാടില്ലാത്തവൻ എന്നു സാരം.) അവൻ=നിന്റെ സഹചരൻ. മന്മുഖം=എന്റെ മുഖം (ഞാൻ മുഖാന്തരമെന്നു സാരം.) ഉൽക്കണ്ഠാവിരചിതപദം=ഉൽക്കണ്ഠാവിരചിതങ്ങളായ പദങ്ങളോടുകൂടിയതു്. ഉൽക്കണ്ഠാവിരചിതങ്ങൾ=ഉൽക്കണ്ഠയോടുകൂടി വിരചിതങ്ങൾ. ഉൽക്കണ്ഠ=ഔൽസുക്യം. വിരചിതങ്ങൾ=വിരചിക്കപ്പെട്ടവ. പദങ്ങൾ=വാക്കുകൾ. ഇതു്=ഇപ്പറവാൻ പോകുന്നതു്.

സഖികളുടെ മുമ്പിൽവച്ചു്, ഉറക്കെ പറയാവുന്നതുകൂടി, നിന്റെ മുഖം തൊടുന്നതിനുള്ള ആഗ്രഹത്താൽ ചെവിയിൽ പറവാൻ ആഗ്രഹമുള്ളവനായിരുന്ന നിന്റെ കൂട്ടുകാരൻ ഇപ്പോൾ ദൈവഗതിയാൽ കേൾപ്പാനും കാണ്മാനും പാടില്ലാത്ത ദൂരത്തിൽ അകപ്പെട്ടു് നിന്നോടു ഞാൻമുഖാന്തിരം ഉൽക്കണ്ഠയോടുകൂടി താഴെ പറയുംപ്രകാരം പറയുന്നു.

ശ്യാമാസ്വങ്ഗം ചകിതഹരിണീപ്രേക്ഷണേ ദൃഷ്ടിപാതം
വക്ത്രച്ഛായാം ശശിനി ശിഖിനാം ബർഹഭാരേഷു കേശാൻ
ഉൽപശ്യാമി പ്രതനുഷു നദീവീചിഷു ഭ്രൂവിലാസാൻ
ഹന്തൈകസ്മിൻ ക്വചിദപി ന തേ ചണ്ഡി, താദൃശ്യമസ്തി.

ശ്യാമാസു (ആ-സ്ത്രീ-സ-ബ) അങ്ഗം (അ-ന-ദ്വി-ഏ) ചകിതഹരിണീപ്രേക്ഷണേ (അ-ന-സ-ഏ) ദൃഷ്ടിപാതം (അ-പു-ദ്വി-ഏ) ശശിനി (ന-പു-സ-ഏ) വക്ത്രച്ഛായാം (ആ-സ്ത്രീ-ദ്വി-ഏ) ശിഖിനാം (ന-പു-ഷ-ബ) ബർഹഭാരേഷു (അ-പു-സ-ബ) കേശാൻ (അ-പു-ദ്വി-ബ) പ്രതനുഷു (ഉ-സ്ത്രീ-സ-ബ-) നദീവീചിഷു (ഇ-സ്ത്രീ-സ-ബ) ഭ്രൂവിലാസാൻ (അ-പു-ദ്വി-ബ) ഉൽപശ്യാമി (ലട്-പര-ഉ-പു-ഏ) ഹേ ചണ്ഡി (ഇ-സ്ത്രീ-സം-പ്ര-ഏ) ക്വചിൽ അപി (അ) ഏകസ്മിൻ (അ-ന-സ-ഏ) തേ (യുഷ്മദ്-ഷ-ഏ) സാദൃശ്യം (അ-ന-പ്ര-ഏ) ന (അ) അസ്തി (ലട്-പര-പ്ര-പു-ഏ) ഹന്ത (അ)

ശ്യാമകളിൽ അങ്ഗത്തേയും ചകിതഹരിണീപ്രേക്ഷണത്തിൽ ദൃഷ്ടിപാതത്തേയും ശശിയിൽ വക്ത്രച്ഛായയേയും ശിഖികളുടെ ബർഹഭാരങ്ങളിൽ കേശങ്ങളേയും പ്രതനുക്കളായ നദീവീചികളിൽ ഭ്രൂവിലാസങ്ങളേയും ഞാൻ ഉൽപ്രേക്ഷണം ചെയ്യുന്നു. അല്ലയോ ചണ്ഡി, ഒരിടത്തും ഒന്നിൽ നിന്റെ സാദൃശ്യം ഞാൻ കാണുന്നില്ല. കഷ്ടം!

ശ്യാമകൾ=പ്രിയങ്ഗുലതകൾ. അങ്ഗം=ശരിരം. ചകിതഹരിണീപ്രേക്ഷണം=ചകിതഹരിണികളുടെ പ്രേക്ഷണം. ചകിതഹരിണികൾ=ചകിതകളായ ഹരിണികൾ. ചികിതകൾ=ഭയപ്പെട്ടവ. ഹരിണികൾ=മാൻപേടകൾ. പ്രേക്ഷണം നോട്ടം. ദൃഷ്ടിപാതം=ദൃഷ്ടികളുടെ പാതം. ദൃഷ്ടികൾ=കണ്ണുകൾ. പാതം=പതനം (നോട്ടമെന്നു് സാരം) ശശി=ചന്ദ്രൻ. വക്ത്രച്ഛായ=വക്ത്രത്തിന്റെ ഛായ. വക്ത്രം=മുഖം. ഛായ=കാന്തി. ശിഖികൾ=മയിലുകൾ. ബർഹഭാരങ്ങൾ=ബർഹങ്ങളുടെ ഭാരങ്ങൾ. ബർഹങ്ങൾ=പിലികൾ. ഭാരങ്ങൾ=ചുമടുകൾ. കേശങ്ങൾ=തലമുടി. പ്രതനുക്കൾ=ഏററവും തനുക്കൾ. തനുക്കൾ=ചെറിയവ. നദീവീചികൾ=നദികളുടെ വീചികൾ. വീചികൾ=തിരകൾ. ഭ്രൂവിലാസങ്ങൾ=ഭ്രൂക്കളുടെ വിലാസങ്ങൾ. ഭ്രൂക്കൾ=പുരികങ്ങൾ വിലാസങ്ങൾ=കളികൾ. ഉൽപ്രേക്ഷിക്ക=കാണുക. (തുല്യമായി കാണുക) ചണ്ഡി=കോപന. സാദൃശ്യം=തുല്യത.

പ്രിയങ്ഗുലതകളിൽ നിന്റെ ശരീരത്തിന്റെയും പേടിച്ചുള്ള മാൻപേടകളുടെനോട്ടത്തിൽ നിന്റെ നോട്ടത്തിന്റെയും ചന്ദ്രനിൽ നിന്റെ മുഖകാന്തിയുടെയും മയിലുകളുടെ പീലിക്കെട്ടുകളിൽ നിന്റെ തലമുടിയുടേയും നദികളുടെ ചെറിയ തിരകളിൽ നിന്റെ പുരികക്കളികളുടെയും സാദൃശ്യത്തെ ഞാൻ കാണുന്നുണ്ടു്. എന്നാൽ അല്ലയൊ കോപശീലെ, ഒരിടത്തുതന്നെ നിന്റെ സാദൃശ്യത്തെ എങ്ങും ഞാൻ കാണുന്നില്ല. കഷ്ടം.

ത്വാമാലിഖ്യ പ്രണയകുപിതാം ധാതുരാഗൈഃ ശിലായാ-
മാത്മാനം തേ ചരണപതിതം യാവദിച്ഛാമി കർത്തും
അസ്രൈസ്താവന്മുഹുരുപചിതൈർദൃഷ്ടിരാലുപ്യതേ മേ
ക്രൂരസ്തസ്മിന്നപി ന സഹതേ സംഗമം നൌ കൃതാന്തഃ ൪൨

പ്രണയകുപിതാം (ആ-സ്ത്രീ-ദ്വി-ഏ) ത്വാം (യുഷ്മദ്-ദ്വി-ഏ) ധാതുരാഗൈഃ (അ-പു-തൃ-ബ) ശിലായാം (ആ-സ്ത്രീ-സ-ഏ) ആലിഖ്യ (ല്യ-അ) തവ(യുഷ്മദ്-ഷ-ഏ) ചരണപതിതം (അ-പു-ദ്വി-ഏ) ആത്മാനം (ന-പു-ദ്വി-ഏ) കർത്തും(തു-അ) യാവദ് (അ) ഇച്ഛാമി (ലട്-പര-ഉ-പു-ഏ) താവത് (അ) മുഹുഃ (അ) ഉപചിതൈഃ (അ-ന-തൃ-ബ) അസ്രൈഃ(അ-ന-തൃ ബ) മേ (അസ്മദ്-ഷ-ഏ) ദൃഷ്ടിഃ (ഇ-സ്ത്രീ-പ്ര-ഏ), ആലുപ്യതേ (ലട്-ആത്മ-പ്ര-പു-ഏ) ക്രൂരഃ കൃതാന്തഃ (അ-പു-പ്ര-ഏ) തസ്മിൻ (തച്ഛ-ന-സ-ഏ) അപി (അ) നൌ (അസ്മ-ഷ-ദ്വി) സംഗമം (അ-പു-ദ്വി-ഏ) ന (അ) സഹതേ (ലട്-ആ-പ്ര-പു-ഏ)

പ്രണയകുപിതയായ നിന്നെ ധാതുരാഗങ്ങളെക്കൊണ്ടു് ശിലയിൽ ആലേഖനംചെയ്തിട്ടു് നിൻെറ ചരണപതിതനായ ആത്മാവിനേയും ചെയ്യുന്നതിനു് എപ്പോൾ ഞാൻ ഇച്ഛിക്കുന്നുവോ, അപ്പോൾ കൂടക്കൂടെ ഉപചിതങ്ങളായ അസ്രങ്ങളാൽ എൻെറ ദൃഷ്ടി ആലോപിപ്പിക്കപ്പെടുന്നു. ക്രൂരനായ കൃതാന്തൻ അതിൽപോലും നമ്മുടെ സംഗമത്തെ സഹിക്കുന്നില്ല.

പ്രണയകുപിത=പ്രണയത്താൽ കുപിത. പ്രണയം=പ്രേമം. കുപിത=കോപിച്ചവൾ. ധാതുരാഗങ്ങൾ=ധാതുക്കളാകുന്ന രാഗങ്ങൾ. ധാതുക്കൾ=കാവിമണ്ണുമുതലായവ. രാഗങ്ങൾ=ചായങ്ങൾ. ശില=കല്ലു്. ആലേഖനംചെയ്ക=എഴുതുക. ചരണപതിതൻ=ചരണങ്ങളിൽ പതിതൻ. ചരണങ്ങൾ=കാലുകൾ. പതിതൻ=പതിച്ചവൻ. പതിക്ക=വീഴുക. (നമസ്കരിക്ക) ആത്മാവു്=താൻ. ചെയ്യുക=എഴുതുക. ഉപചിതങ്ങൾ=ഉപചയിച്ചവ. ഉപചയിക്ക=വൎദ്ധിക്ക. അസ്രങ്ങൾ=കണ്ണുനീരുകൾ. ദൃഷ്ടി=കണ്ണു്. ആലോപിപ്പിക്ക=കാഴ്ചയില്ലാതാക്കുക. ക്രൂരൻ=നിൎദ്ദയൻ. കൃതാന്തൻ=ദൈവം. അതു്=ചിത്രം. സംഗമം=ചേൎച്ച.

ഞാൻ പ്രണയകലഹം പൂണ്ടിരിക്കുന്ന നിന്നെ കാവിമണ്ണു് മുതലായവയാകുന്ന ചായങ്ങളെക്കൊണ്ടു് കല്ലിമ്മേൽ എഴുതിയിട്ടു അതിൻെറ കാലിൽ നമസ്കരിക്കുന്ന വിധത്തിൽ എൻെറ രൂപം കൂടി എഴുതുന്നതിനു് ആഗ്രഹിക്കുമ്പോൾതന്നെ കണ്ണീർ പെരുകി പിന്നെയും പിന്നെയും കണ്ണു മൂടിപ്പോകുന്നു. ദയയില്ലാത്ത ദൈവം ചിത്രത്തിൽപോലും നമ്മൾ ഒരുമിച്ചുചേരുവാൻ സമ്മതിക്കുന്നില്ല, കഷ്ടം.

മാമാകാശപ്രണിഹിതഭുജം നിർദ്ദയാശ്ലേഷഹേതോർ-
ല്ലബ്ധായാസ്തേ കഥമപി മയാ സ്വപ്നസന്ദർശനേഷു
പശ്യന്തീനാം ന ഖലു ബഹുശോ ന സ്ഥലീദേവതാനാം
മുക്താസ്ഥൂലാസ്തരുകിസലയേഷ്വശ്രുലേശാഃ പതന്തി ൪൩

സ്വപ്നസന്ദർശനേഷു (അ-ന-സ-ബ) മയാ (അസ്മദ്-തൃ-ഏ) കഥം അപി (അ) ലബ്ധായാഃ (ആ-സ്ത്രീ-ഷ-ഏ) തേ (യുഷ്മദ്-ഷ-ഏ) നിർദ്ദയാശ്ലേഷഹേതോഃ (ഉ-പു-ഷ-ഏ) ആകാശപ്രണിഹിതഭുജം (അ-പു-ദ്വി-ഏ) മാം (അസ്മ-ദ്വി-ഏ) പശ്യന്തീനാം (ഈ-സ്ത്രീ-ഷ-ബ) സ്ഥലീദേവതാനാം (ആ-സ്ത്രീ-ഷ-ബ) മുക്താസ്ഥൂലാഃ അശ്രുലേശാഃ (അ-പു-പ്ര-ബ) തരുകിസലയേഷു (അ-പു-സ-ബ) ബഹുശഃ (അ) ന (അ) പതന്തി (ലട്-പര-പ്ര-ബ) ഇതി (അ) ന (അ)

സ്വപ്നസന്ദർശനങ്ങളിൽ എന്നാൽ പണിപ്പെട്ടു ലബ്ധയായ നിന്റെ നിർദ്ദയാശ്ലേഷഹേതുവിന്നായി ആകാശപ്രണിഹിതഭുജനായ എന്നെ പശ്യന്തികളായ സ്ഥലീദേവതകളുടെ മുക്താസ്ഥൂലങ്ങളായ അശ്രുലേശങ്ങൾ തരുകിസലയങ്ങളിൽ പല പ്രാവശ്യം പതിയ്ക്കുന്നില്ലെന്നുള്ളതു് ഇല്ല.

സ്വപ്നസന്ദർശനങ്ങൾ=സ്വപ്നത്തിലെ സന്ദർശനങ്ങൾ. സ്വപ്നം=ഉറക്കം. സന്ദർശനങ്ങൾ=കാഴ്ചകൾ. ലബ്ധ=ലഭിക്കപ്പെട്ടവൾ. ലഭിക്ക=കിട്ടുക. നിർദ്ദയാശ്ലേഷഹേതു=നിർദ്ദയാശ്ലേഷമാകുന്ന ഹേതു. നിർദ്ദയാശ്ലേഷം=നിർദ്ദയമായ ആശ്ലേഷം. നിർദ്ദയം=ദയകൂടാതെയുള്ളതു്. (മുറുകെയുള്ളതു) ആശ്ലേഷം=ആലിംഗനം ഹേതു=കാരണം. ആകാശപ്രണിഹിതഭുജൻ=ആകാശപ്രണിഹിതങ്ങളായ ഭുജങ്ങളോടുകൂടിയവൻ. ആകാശപ്രണിഹിതങ്ങൾ=ആകാശത്തിൽ പ്രണിഹിതങ്ങൾ. പ്രണിഹിതങ്ങൾ=പ്രണിധാനംചെയ്യപ്പെട്ടവ. പ്രണിധാനംചെയ്ക=നിക്ഷേപിക്ക. നീട്ടുക. ഭുജങ്ങൾ=കൈകൾ. പശ്യന്തികൾ=ദർശിക്കുന്നവർ. ദർശിക്ക=കാണുക. സ്ഥലീദേവതകൾ=സ്ഥലികളുടെ ദേവതകൾ സ്ഥലികൾ=വനസ്ഥലികൾ. മുക്താസ്ഥൂലങ്ങൾ=മുക്തകൾപോലെ സ്ഥൂലങ്ങൾ. മുക്തകൾ=മുത്തുമണികൾ. സ്ഥൂലങ്ങൾ=മുഴപ്പുള്ളവ. അശ്രുലേശങ്ങൾ=അശ്രുക്കളുടെ ലേശങ്ങൾ. അശ്രുക്കൾ=കണ്ണീരുകൾ. ലേശങ്ങൾ=തുള്ളികൾ. തരുകിസലയങ്ങൾ=തരുക്കളുടെകിസലയങ്ങൾ തരുക്കൾ=വൃക്ഷങ്ങൾ. കിസലയങ്ങൾ=തളിരുകൾ.

വല്ലവിധത്തിലും സ്വപ്നത്തിൽ കിട്ടിയ നിന്നെ മുറുകെ ആലിംഗനംചെയ്വാൻ ആകാശത്തിൽ കൈനീട്ടുന്ന എന്നെക്കണ്ടു് വനദേവതമാർ പൊഴിക്കുന്ന മുത്തോളം മുഴപ്പുള്ള കണ്ണുനീർത്തുള്ളികൾ വൃക്ഷങ്ങളുടെ തളിരുകളിൽ പലപ്പോഴും പതിക്കുന്നുണ്ടു്. (ദേവതാശ്രുക്കൾ തറയിൽ വീഴുന്നതു് മഹാദുഃഖത്തിനും കാരണമാകുമെന്നുള്ളതിനാൽ യക്ഷന്റെ മരണാഭാവം സൂചിപ്പിക്കുന്നതിനായിട്ടാണു വൃക്ഷങ്ങളുടെ തളിരുകളിൽ വീഴുന്നു എന്നു പറഞ്ഞതു്.)

ഭിത്ത്വാ സദ്യഃ കിസലയപുടാൻ ദേവദാരുദ്രുമാണാം
യേ തൽക്ഷീരസ്രുതിസുരഭയോ ദക്ഷിണേന പ്രവൃത്താഃ
ആലിംഗ്യന്തേ ഗുണവതി മയാ തേ തുഷാരാദ്രിപാതാഃ
പൂർവ്വം സ്പൃഷ്ടം യദി കില ഭവേദംഗമേഭിസ്തവേതി ൪൪

യേ (യദ്-പു-പ്ര-ബ) ദേവദാരുദ്രുമാണാം (അ-പു-ഷ-ബ) കിസലയപുടാൻ (അ-പു ദ്വി-ബ) സദ്യഃ (അ) ഭിത്ത്വാ (ക്ത്വാ-അ) തൽക്ഷീരസ്രുതിസുരഭയഃ (ഇ-പു-പ്ര-ബ) ദക്ഷിണേന

(അ-പു-തൃ-ഏ) പ്രവൃത്താഃ (അ-പു-പ്ര-ബ) ഹേഗുണവതി (ഈ-സ്ത്രീ-സം-പ്ര-ഏ) തേ(തദ് പു-പ്ര-ബ)തുഷാരാദ്രിപാതാഃ(അ-പു-പ്ര-ബ) ഏഭിഃ(ഇദം-പു-തൃ-ബ) പൂർവ്വം (അ) തവ (യുഷ്മദ്-ഷ-ഏ) അംഗം (അ-ന-പ്ര-ഏ) സ്പൃഷ്ടം (അ-ന-പ്ര-ഏ; ഭവേൽ(ലിങ് പര പ്ര-ഏ) യദി കില (അ) ഇതി (അ) മയാ (അസ്മദ്-തൃ-ഏ) ആലിംഗ്യന്തേ (ലട്-ആ-പ്ര-പു-ബ)

ഏവ ദേവദാരുദ്രുമങ്ങളുടെ കിസലയപുടങ്ങളെ ഉടനെ ഭേദിച്ചിട്ടു തൽക്ഷീരസ്രുതിസുരഭികളായി ദക്ഷിണമാർഗ്ഗത്തൂടെ പ്രവൃത്തങ്ങളാകുന്നുവോ, അല്ലയോ ഗുണവതി ആ തുഷാരാദ്രിവാതങ്ങൾ, ഇവയാൽ ആദ്യമേ നിന്റെ അംഗം സ്പൃഷ്ടമായി ഭവിച്ചിരിക്കുമെങ്കിലോ എന്നു വിചാരിച്ചു എന്നാൽ ആലിംഗനം ചെയ്യപ്പെടുന്നു.

ഏവ=ഏതു വാതങ്ങൾ. ദേവദാരുദ്രുമങ്ങൾ=ദേവദാരുവൃക്ഷങ്ങൾ. കിസലയപുടങ്ങൾ=കിസലയങ്ങളുടെ പുടങ്ങൾ. കിസലയങ്ങൾ=തളിരുകൾ. പുടങ്ങൾ=കുഴിവുള്ളസാധനങ്ങൾ. തൽക്ഷീരസ്രുതിസുരഭികൾ=തൽക്ഷീരസ്രുതികൊണ്ടു സുരഭികൾ. തൽക്ഷീരസ്രുതി=തൽക്ഷീരത്തിന്റെ സ്രുതി. തൽക്ഷീരം=അവയുടെ ക്ഷീരം. അവ=ദേവദാരുമരങ്ങൾ. ക്ഷീരം=കറ. സ്രുതി=സ്രവണം (ഒലിപ്പ്) സുരഭികൾ=സൗരഭ്യമുള്ളവ. ദക്ഷിണമാർഗ്ഗം.=തെക്കൻവഴി. പ്രവൃത്തങ്ങൾ=പ്രവർത്തിച്ചിരിക്കുന്നവ. പ്രവർത്തിക്ക=വീശുക. ഗുണവതി=ഗുണമധികമുള്ളവൾ. തുഷാരാദ്രിവാതങ്ങൾ=തുഷാരാദ്രിയുടെ വാതങ്ങൾ. തുഷാരാദ്രി=മഞ്ഞുമല. (ഹിമവാൻ) വാതങ്ങൾ=കാറ്റുകൾ. (ഹിമവാനിൽ നിന്നു വരുന്ന കാറ്റുകളെന്നുസാരം) ഇവ=ഈ വായുക്കൾ അംഗം=ശരീരം. സ്പൃഷ്ടം=സ്പർശിക്കപ്പെട്ടതു്. ആലിംഗനംചെയ്ക=ആശ്ലേഷിക്ക.

അല്ലയോ ഗുണവതി! ദേവദാരുമരങ്ങളുടെ തളിരുകൾ പൊട്ടിച്ചു് അവയുടെ കറയുടെ സൗരഭ്യത്തോടുകൂടി തെക്കോട്ടുവീശുന്ന ഹിമവാനിൽനിന്നുവരുന്ന കാറ്റുകളെ, അവ നിന്റെ ശരീരത്തിൽ തട്ടിയിരിക്കാമെന്നുള്ള വിചാരത്താൽ ഞാൻ ആലിംഗനം ചെയ്യാറുണ്ടു്.

സംക്ഷിപ്യേത ക്ഷണ ഇവ കഥം ദീർഘയാമാ ത്രിയാമാ
സർവ്വാവസ്ഥാസ്വഹരപി കഥം മന്ദമന്ദാതപം സ്യാൽ
ഇത്ഥം ചേതശ്ചടുലനയനേ, ദുർല്ലഭപ്രാർത്ഥനം മേ
ഗാഢോഷ്മാഭിഃ കൃതമശരണം ത്വദ്വിയോഗവ്യഥാഭിഃ. ൪൫

ദീർഘയാമാ ത്രിയാമാ (ആ-സ്ത്രീ-പ്ര-ഏ) ക്ഷണഃ (അ-പു-പ്ര-ഏ) ഇവ (അ) കഥം (അ) സംക്ഷിപ്യേത

(ലിങ്-ആത്മ-പ്ര-പു-ഏ) അഹഃ (ന-ന-പ്ര-ഏ) സർവ്വാവസ്ഥാസു (ആ-സ്ത്രീ-സ-ബ) മന്ദമന്ദാതപം (അ-ന-പ്ര-ഏ) കഥം (അ) സ്യാത് (ലിങ്-പര-പ്ര-പു-ഏ) ഹേ ചടുലനയനേ (ആ-സ്ത്രീ-സം-പ്ര-ഏ) ദുർല്ലഭപ്രാർത്ഥനം (അ-ന-പ്ര-ഏ) മേ (അ-സ്മ-ഷ-ഏ) ചേതഃ (സ-ന-പ്ര-ഏ) ഗാഢോഷ്മാഭിഃ (ന-സ്ത്രീ-തൃ-ബ) ത്വദ്വിയോഗവ്യഥാഭിഃ (ആ-സ്ത്രീ-തൃ-ബ) അശരണം (അ-ന-പ്ര-ഏ) കൃതം (അ-ന-പ്ര-ഏ)

ദിർഘയാമയായ ത്രിയാമ ക്ഷണം എന്നപോലെ എങ്ങനെ സംക്ഷേപിയ്ക്കപ്പെടണം. അഹസ്സും സർവ്വാവസ്ഥകളിലും മന്ദമന്ദാതപമായി എങ്ങനെ ഭവിക്കും. അല്ലയോ ചടുലനയനേ, ഇപ്രകാരം ദുർല്ലഭപ്രാർത്ഥനമായ എന്റെ ചേതസ്സ് ഗാഢോഷ്മാക്കളായ ത്വദ്വിയോഗവ്യഥകളാൽ അശരണമായി കൃതമായിരിക്കുന്നു.

ദീർഘയാമ=ദീർഘങ്ങളായ യാമങ്ങളോടുകൂടിയതു്. ദീർഘങ്ങൾ=നീണ്ടവ (വിരഹദുഃഖത്താൽ നിളംകൂടിയതായി തോന്നുന്നവയെന്നു സാരം.) യാമങ്ങൾ=ഏഴരനാഴികയുള്ള ഭാഗങ്ങൾ. ത്രിയാമ=രാത്രി. ക്ഷണം=ക്ഷണനേരം. സംക്ഷേപിയ്ക്ക=ചുരുക്കുക. അഹസ്സ്=പകൽ സർവ്വാവസ്ഥകൾ=എല്ലാ അവസ്ഥകളും. മന്ദമന്ദാതപം==മന്ദമന്ദമായ ആതപത്തോടുകൂടിയതു്. മന്ദമന്ദം=മന്ദമായ പ്രകാരത്തിലുള്ളതു്. ആതപം=വെയിൽ ചടുലനയന=ചടുലങ്ങളായ നയനങ്ങളോടുകൂടിയവൾ. ചടുലങ്ങൾ=ചഞ്ചലങ്ങൾ. നയനങ്ങൾ=കണ്ണുകൾ. ദുർല്ലഭപ്രാർത്ഥനം=ദുർല്ലഭകളായ പ്രാർത്ഥനകളോടുകൂടിയതു്. ദുർല്ലഭകൾ=ലഭിക്കുവാൻ പ്രയാസമുള്ളവ. പ്രാർത്ഥനകൾ=മനോരഥങ്ങൾ. ചേതസ്സ്=ചിത്തം. ഗാഢോഷ്മാക്കൾ=ഗാഢമായ ഊഷ്മാക്കളോടുകൂടിയവ. ഗാഢം=വർദ്ധിച്ചതു്. ഊഷ്മാവു-ചൂടു്. ത്വദ്വിയോഗവ്യഥകൾ=ത്വദ്വിയോഗത്താലുള്ള വ്യഥകൾ. ത്വദ്വിയോഗം=നിന്റെ വിയോഗം. വിയോഗം=വേർപാടു്. വ്യഥ=ദുഃഖം അശരണം=ശരണമില്ലാത്തതു് (ആശ്രയമില്ലാത്തതു്.)

അല്ലയോ സുന്ദരി! വിരഹദുഃഖത്താൽ ഓരോയാമവും വളരെ നീണ്ടതായി തോന്നുന്ന രാത്രിയേ ക്ഷണനേരംപോലെ ചുരുക്കിക്കളയുവാൻ എന്താണുപായം? പകൽ ഏതുസമയവും വെയിൽ വളരെ കുറവായിരിക്കുവാൻ വഴി എന്തു? ഇപ്രകാരം സാധിക്കാത്ത മനോരഥങ്ങളോടുകൂടിയ എന്റെ ചിത്തം ദുസ്സഹമായ നിന്റെ വിരഹത്താലുള്ള ദുഃഖങ്ങളാൽ ഒരു ശരണമില്ലാത്തതായി തീർന്നിരിക്കുന്നു.

നന്വാത്മാനം ബഹുവിഗണയന്നാത്മനൈവാവലമ്ബേ
തൽകല്യാണി, ത്വമപി നിതരാം മാ ഗമഃ കാതരത്വം
കസ്യാത്യന്തം സുഖമുപനതം ദുഃഖമേകാന്തതോ വാ
നിചൈർഗ്ഗച്ഛത്യുപരി ച ദശാ ചക്രനേമിക്രമേണ. ൪൬

നനു (അ) ബഹു (ഉ-ന-ദ്വി-ഏ) വിഗണയൻ (ത-പു-പ്ര-ഏ) ആത്മാനം (ന-പു-ദ്വി-ഏ) ആത്മനാ (ന-പു-തൃ-ഏ) ഏവ (അ) അവലമ്ബേ (ലട്-ആത്മ-ഉ-പു-ഏ) തത് (അ) ഹേ കല്യാണി (ഈ-സ്ത്രീ-സം-പ്ര-ഏ) ത്വം (യുഷ്മദ്-പ്ര-ഏ) അപി (അ) നിതരാം (അ) കാതരത്വം (അ-ന-ദ്വി-ഏ) മാ (അ) ഗമഃ (ലുങ്-പര-മ-പു-ഏ) കസ്യ (കിം-പു-ഷ-ഏ) അത്യന്തം സുഖം (അ-ന-പ്ര-ഏ) ഉപനതം (അ-ന-പ്ര-ഏ) ഏകാന്തതഃ (തസി അ) ദുഃഖം (അ-ന-പ്ര-ഏ) വാ (അ) കസ്യ (കിം-പു-ഷ-ഏ) ഉപനതം (അ-ന-പ്ര-ഏ) ദശാ (ആ-സ്ത്രീ പ്ര-ഏ) ചക്രനേമിക്രമേണ (അ-പു-തൃ-ഏ) നീചൈഃ ഉപരി ച (അ) ഗച്ഛതി (ലട്-പര-പ്ര-പു-ഏ)

അല്ലയോ പ്രിയേ, ഞാൻ വളരെ വിഗണയന്നായിട്ടു ആത്മാവിനെ ആത്മാവുകൊണ്ടുതന്നെ അവലംബിക്കുന്നു. അതിനാൽ, അല്ലയോ കല്യാണി, നീയും ഏററവും കാതരത്വത്തെ ഗമിക്കരുതു്. ആൎക്കാണു അത്യന്തമായസുഖം ഉപനതമായിട്ടുള്ളതു്. ഏകാന്തമായിട്ടു ദുഃഖവും ആൎക്കു് ഉപനതമായിട്ടുണ്ടു്. ദശ ചക്രനേമി ക്രമേണ നിചൈസ്സായിട്ടും ഉപരിഭാഗത്തിലും ഗമിക്കുന്നു.

വിഗണയൻ=വിഗണിക്കുന്നവൻ. വിഗണിക്ക=എണ്ണുക. (കണക്കാക്കുക. പലമനോരഥങ്ങളും കരുതുക.) ആത്മാവു=താൻ. അവലമ്ബിക്ക=ആശ്രയിക്ക. (താങ്ങുക എന്നും പറയാം.) അതു്=അക്കാരണം. കാതരത്വം=കാതരയുടെ അവസ്ഥ. കാതര=ധൈൎയ്യമില്ലാത്തവൾ. ഗമിക്ക=പ്രാപിയ്ക്ക. അത്യന്തം=നിത്യം. ഉപനതം=ഉപനമിച്ചതു്. ഉപനമിക്ക=വന്നുചേരുക. ഏകാന്തം=മടങ്ങാത്തതു്. ദശ=അവസ്ഥ. ചക്രനേമിക്രമം=ചക്രനേമിയുടെ ക്രമം. ചക്രനേമി=ചക്രത്തിന്റെ നേമി. ചക്രം=രഥാദികളുടെ ചക്രം. നേമി=അററം. നിചൈസ്സ്=താണതു്. ഉപരിഭാഗം=മുകൾഭാഗം. ഗമിക്ക=പോകുക.

അല്ലയോ പ്രിയേ, ശാപംതിന്നു പല സുഖങ്ങളും അനുഭവിക്കാമെന്നുള്ള മനോരാജ്യങ്ങളോടുകൂടി ഞാൻ തന്നെത്താൻ ധൈൎയ്യപ്പെട്ടിരിക്കുന്നു. അരിനാൽ നീയും അധികം വ്യസനിയ്ക്കരുതു്. ലോകത്തിൽ ആൎക്കാണു എന്നും സുഖം ലഭിച്ചിട്ടുള്ളതു്. ആ

ക്കും ദുഃഖവും എന്നും നിലനിന്നിട്ടില്ല. മനുഷ്യരുടെ സ്ഥിതി വണ്ടിച്ചക്രത്തിന്റെ അററത്തുള്ള വൃത്തംപോലെ ചിലപ്പോൾ കീഴ്പോട്ടും ചിലപ്പോൾ മേൽപോട്ടും പോകുക പതിവാണ്.

ശാപാന്തോ മേ ഭുജഗശയനാദുത്ഥിതേ ശാർങ്ഗപാണൗ
ശേഷാന്മാസാൻ ഗമയ ചതുരോ ലോചനേ മീലയിത്വാ
പശ്ചാദാവാം വിരഹഗുണിതം തം തമാത്മാഭിലാഷം
നിർവേക്ഷ്യാവഃ പരിണതശരച്ചന്ദ്രികാസു ക്ഷപാസു. ൪൭

ശാർങ്ഗപാണൗ (ഇ-പു-സ-ഏ) ഭുജഗശയനാദ് (അ-ന-പ-ഏ) ഉത്ഥിതേ (അ-പു-സ-ഏ) മേ (അസ്മ-ഷ-ഏ) ശാപാന്തഃ (അ-പു-പ്ര-ഏ) ത്വം (യുഷ്മദ്-പ്ര-ഏ) ശേഷാൻ (അ-പു-ദ്വി-ബ) ചതുരഃ (സ-പു-ദ്വി-ബ) മാസാൻ (അ-പു-ദ്വി-ബ) ലോചനേ (അ-ന-ദ്വി-ദ്വി) മീലയിത്വാ (ക്ത്വാ-അ) പശ്ചാത് (അ) ആവാം (അസ്മ-പ്ര-ദ്വി) വിരഹഗുണിതം (അ-പു-ദ്വി-ഏ) തം തം (തദ്-പു-ദ്വി-ഏ) ആത്മാഭിലാഷം (അ-പു.ദ്വി-ഏ) പരിണതശരച്ചന്ദ്രികാസു ക്ഷപാസു (ആ-സ്ത്രീ-സ-ബ) നിർവേക്ഷ്യാവഃ (ലൃട്-പര-ഉ-പു-ദ്വി)

ശാർങ്ഗപാണി! ഭുജഗശയനത്തിൽനിന്നു ഉത്ഥിതനാകുമ്പോൾ എന്റെ ശാപാന്തം ഭവിക്കും. നീ ശേഷങ്ങളായ നാലു മാസങ്ങളെ ലോചനങ്ങളെ മീലനംചെയ്തിട്ടു ഗമിപ്പിക്ക. പിന്നീടു നമുക്കു വിരഹഗുണിതമായ അതതു് ആത്മാഭിലാഷത്തെ പരിണതശരച്ചന്ദ്രികകളായ ക്ഷപകളിൽ നിവേശിക്കാം.

ശാർങ്ഗപാണി=ശാർങ്ഗം പാണിയിലുള്ളവൻ. ശാർങ്ഗം=ശൃങ്ഗമയമായ വില്ലു്. പാണി=കൈ. (ശാർങ്ഗപാണി=വിഷ്ണു) ഭുജഗശയനം=ഭുജഗമാകുന്ന ശയനം. ഭുജഗം=സർപ്പം. (അനന്തൻ) ശയനം=കിടക്ക. ഉത്ഥിതൻ=ഉത്ഥാനംചെയ്തവൻ. എഴുന്നേററവൻ. ശാപാന്തം=ശാപത്തിന്റെ അന്തം. അന്തം=അവസാനം. ശേഷങ്ങൾ=ശേഷിച്ചവ (ശാപം തീരുവാൻ കഴിയേണ്ടവ) ലോചനങ്ങൾ=കണ്ണുകൾ. മീലനംചെയ്ക=അടയ്ക്കുക. ഗമിപ്പിക്ക=പോക്കുക. പിന്നെ=ശാപംതീർന്നതിന്റെ ശേഷം. നാം-നീയും ഞാനും. വിരഹഗുണിതം വിരഹത്തിൽ ഗുണിതം. വിരഹം=വിയോഗകാലം. ഗുണിതം=ഗുണിക്കപ്പെട്ടതു്. ഗുണിക്ക=ആവർത്തിക്ക. ആത്മാഭിലാഷം=ആത്മാക്കളുടെ അഭിലാഷം. ആത്മാക്കൾ=തങ്ങൾ. അഭിലാഷം=മനോരഥം. പരിണതശരച്ചന്ദ്രികകൾ=പരിണതകളായ ശരച്ചന്ദ്രികകളോടുകൂടിയതു്. പരിണതകൾ=പരിണമിച്ചവ. പരിണമിക്ക=പഴയതാകുക (അവസാനിക്കാറാകുക) ശരച്ചന്ദ്രികകൾ=ശരത്തിലെ.

ചന്ദ്രികകൾ ശരത്ത്=ശരൽക്കാലം (മഴക്കാലം കഴിഞ്ഞുവരുന്ന തെളിവുള്ള കാലം) ചന്ദ്രികകൾ=നിലാവുകൾ. ക്ഷപ=രാത്രി. നിർവേശിക്ക=അനുഭവിക്ക.

മഹാവിഷ്ണു അനന്തശയനത്തിൽനിന്നു എഴുന്നേല്ക്കുന്ന ദിവസം (ഉത്ഥാനൈകാദശിക്ക്) എന്റെ ശാപംതീരും. അതിന് ഇനി നാലുമാസം കഴിയണം. ആ നാലുമാസവും നീ വല്ലവിധത്തിലും കഴിച്ചുകൂട്ടണം. പിന്നെ നമുക്ക് വിരഹകാലത്തിൽ ആവർത്തിച്ചാവർത്തിച്ചു കരുതിയിട്ടുള്ള മനോരാജ്യങ്ങളെല്ലാം ശരൽക്കാലത്തിന്റെ ഒടുവിലുള്ള നിലാവോടുകൂടിയ രാത്രികളിൽഅനുഭവിക്കാം.

ഭൂയശ്ചാഹ ത്വമപി ശയനേ കണ്ഠലഗ്നാ പുരാ മേ
നിദ്രാം ഗത്വാ കിമപി രുദതീ സസ്വനം വിപ്രബുദ്ധാ.
സാന്തർഹാസം കഥിതമസകൃത് പൃച്ഛതശ്ച ത്വയാ മേ
ദൃഷ്ടഃ സ്വപ്നേ കിതവ രമയൻ കാമപി ത്വം മയേതി. ൪൯

സഃ (തച്ഛ-പു-പ്ര-ഏ) ഭൂയഃ (അ) ച (അ) ആഹ (ലട്-പര-പ്ര-പു-ഏ) പുരാ (അ) ത്വം (യുഷ്മദ്-പ്ര-ഏ) മേ (അസ്മ-ഷ-ഏ) കണ്ഠലഗ്നാ (ആ-സ്ത്രീ-പ്ര-ഏ) അപി (അ) ശയനേ (അ-ന-സ-ഏ) നിദ്രാം (ആ-സ്ത്രീ-ദ്വി-ഏ) ഗത്വാ (ക്ത്വാ-അ) കിമപി (അ) സസ്വനം (ക്രി-വി) രുദതീ (ഈ-സ്ത്രീ-പ്ര-ഏ) വിപ്രബുദ്ധാ (ആ-സ്ത്രീ-പ്ര-ഏ) അസകൃത് (അ) പൃച്ഛതഃ (ത-പു-ഷ-ഏ) മേ. (അസ്മ-ഷ-ഏ) ഹേകിതവ (അ-പു-സം-പ്ര-ഏ) ത്വം (യുഷ്മദ്-പ്ര-ഏ) കാമപി (കിം-സ്ത്രീ-ദ്വി-ഏ-) ചിദന്തം രമയൻ (ത-പു-പ്ര-ഏ) മയാ (അസ്മ-തൃ-ഏ) സ്വപ്നേ (അ-പു-സ-ഏ) ദൃഷ്ടഃ (അ-പു-പ്ര-ഏ) ഇതി (അ) ത്വയാ (യുഷ്മ-തൃ-ഏ) സാന്തർഹാസം (ക്രി-വി) കഥിതം (അ-ന-പ്ര-ഏ) ച (അ)

അവൻ വീണ്ടും പറയുന്നു:—മുമ്പ് നീ എന്റെ കണ്ഠലഗ്നയായിട്ടായിരുന്നെങ്കിലും ശയനത്തിൽ നിദ്രയെ ഗമിച്ചിട്ട് എന്തുകൊണ്ടോ സസ്വനമായി രുദതിയായിട്ടു വിപ്രബുദ്ധയായി. പല പ്രാവശ്യവും പൃച്ഛന്നായിരിക്കുന്ന എന്നോട് അല്ലയോ കിതവ, നീ ഒരുത്തിയെ രമയന്നായിട്ട് എന്നാൽ സ്വപ്നത്തിൽ ദൃഷ്ടനായി എന്നു സാന്തർഹാസമാകുംവണ്ണം കഥിതമാവുകയും ചെയ്തു.

കണ്ഠലഗ്ന=കണ്ഠത്തിൽ ലഗ്ന. കണ്ഠം=കഴുത്ത്. ലഗ്ന=ആസക്ത. ശയനം=കിടക്ക. നിദ്ര=ഉറക്കം. സസ്വനം=സ്വനത്തോടു

കൂടി. രുദതി=രോദനംചെയ്യുന്നവൾ. വിപ്രബുദ്ധ=വിപ്രബോധിച്ചവൾ. വിപ്രബോധിക്ക=ഉണരുക. പൃച്ഛൻ=പൃച്ഛിക്കുന്നവൻ. പൃച്ഛിക്ക=ചോദിക്ക കിതവൻ=വഞ്ചകൻ. രമയൻ=രമിപ്പിക്കുന്നവൻ. രമിപ്പിക്ക=സുഖിപ്പിക്ക. ദൃഷ്ടൻ=കാണപ്പെട്ടവൻ. സാന്തർഹാസം=അന്തർഹാസത്തോടുകൂടി. അന്തർഹാസം=അന്തർഭാഗത്തിലുള്ള ഹാസം. അന്തർഭാഗം=ഉള്ളു്. ഹാസം=ചിരി. കഥിതം പറയപ്പെട്ടതു്.

നിൻെറ ഭർത്താവു് വീണ്ടും പറയുന്നു:—പണ്ടൊരിക്കൽ നീ എൻെറ കഴുത്തിൽ ആലിംഗനംചെയ്തുകൊണ്ടു് മെത്തപ്പുറത്തു കിടന്നുറങ്ങുമ്പോൾ, പെട്ടെന്നു് എന്തുകൊണ്ടോ ഉറക്കെ കരഞ്ഞുകൊണ്ടു് ഉണർന്നു. ഞാൻ പലപ്രാവശ്യം ചോദിച്ചപ്പോൾ, "നീ ഒരുത്തിയെ രമിപ്പിക്കുന്നതായി സ്വപ്നത്തിൽ ഞാൻ കണ്ടു" എന്നു നീ ഉൾച്ചിരിയോടുകൂടി പറകയും ചെയ്തു.

ഏതസ്മാന്മാം കുശലിനമഭിജ്ഞാനദാനാദ്വിദിത്വാ
മാ കൗലീനാച്ചകിതനയനേ മയ്യവിശ്വാസിനീ ഭൂഃ
സ്നേഹാനാഹുഃ കിമപി വിരഹേ ധ്വംസിനസ്തേത്വഭോഗാ-
ദിഷ്ടേവസ്തുന്യുപചിതരസാഃ പ്രേമരാശീഭവന്തി. ൪൯

ഏതസ്മാൽ (ഏതദ്-ന-പ-ഏ) അഭിജ്ഞാനദാനാത് (അ-ന-പ-ഏ) മാം (അസ്മ-ദ്വി-ഏ) കുശലിനം (ന-പു-ദ്വിഏ) വിദിത്വാ (ക്ത്വാ-അ) ഹേ, ചകിതനയനേ(ആ-സ്ത്രീ-സം-പ്ര-ഏ) കൗലീനാൽ (അ-ന-പ-ഏ) മയി (അസ്മ-സ-ഏ) അവിശ്വാസിനി (ഈ-സ്ത്രീ-പ്ര-ഏ) മാ (അ) ഭൂഃ (ലുങ്-പര-മ-പു-ഏ) കിമപി (അ) സ്നേഹാൻ (അ-പു-ദ്വി-ബ) വിരഹേ (അ-പു-സ-ഏ) ധ്വംസിനഃ (ന-പു-ദ്വി-ബ) ആഹുഃ (ലട്-പര-പ്ര-പു-ബ) തേ (തദ്-പു-പ്ര-ബ) തു (അ) അഭോഗാൽ (അ-പു-പ-ഏ) ഇഷ്ടേ (അ-ന-സ-ഏ) വസ്തുനി (ന-ന-സ-ഏ) ഉപചിതരസാഃ (അ-പു-പ്ര-ബ) പ്രേമരാശീഭവന്തി (ലട്-പര-പ്ര-പു-ബ)

ഈ അഭിജ്ഞാനദാനത്താൽ എന്നെ കുശലി എന്നു വേദിച്ചിട്ടു്, അല്ലയോ ചകിതനയനേ, കൗലീനത്താൽ എന്നിൽ അവിശ്വാസിനിയായി ഭവിക്കരുതേ! എന്തുകൊണ്ടോ ആളുകൾ സ്നേഹങ്ങളെ വിരഹത്തിൽ ധ്വംസികളെന്നു പറയുന്നു. അവയാകട്ടെ അഭോഗത്താൽ ഇഷ്ടമായ വസ്തുവിൽ ഉപചിതരസങ്ങളായിട്ടു പ്രേമരാശീഭവിക്കുന്നു.

അഭിജ്ഞാനദാനം=അഭിജ്ഞാനത്തിൻെറ ദാനം. അഭിജ്ഞാ

നം=അടയാളം കുശലി=കുശലത്തോടുകൂടിയവൻ. കുശലം=ക്ഷേമം. വേദിക്ക=അറിയുക. ചകിതനയന=ചകിതങ്ങളായ നയനങ്ങളോടുകൂടിയവൾ. ചകിതങ്ങൾ= ഭയപ്പെട്ടവ (ചഞ്ചലങ്ങളെന്നുസാരം.) നയനങ്ങൾ=കണ്ണുകൾ. കൗലീനം=ജനപ്രവാദം. അവിശ്വാസിനി=അവിശ്വാസമുള്ളവൾ. അവിശ്വാസം=വിശ്വാസമില്ലായ്മ (ഞാൻ മരിച്ചുപോയെന്നു ശങ്കിക്കുന്നവളെന്നു സാരം.) വിരഹം=വേർപാടു്. ധ്വംസികൾ_ധ്വംസിക്ക ശീലമുള്ളവ. ധ്വംസിക്ക =നശിക്ക. അവ=സ്നേഹങ്ങൾ. അഭോഗം=ഭോഗമില്ലായ്ക. ഭോഗം=അനുഭവം (സുഖാനുഭവം.) ഇഷ്ടം=പ്രിയപ്പെട്ടതു്. വസ്തു-പദാർത്ഥം. ഉപചിതരസങ്ങൾ ഉപചിതമായ രസത്തോടുകൂടിയവ. ഉപചിതം=വർദ്ധിച്ചതു് രസം=അഭിരുചി. പ്രേമരാശീഭവിക്ക=പ്രേമരാശിയായിത്തീരുക. പ്രേമരാശി-പ്രേമത്തിന്റെ രാശി. പ്രേമം=പിരിയാൻപാടില്ലാത്ത വിധത്തിലുള്ള സ്നേഹം. രാശി=നിധി.

അല്ലയോ ചഞ്ചലനയനേ, ഈ അടയാളം കേട്ടു ഞാൻ ക്ഷേമത്തോടുകൂടി ഇരിക്കുന്നു എന്നറിഞ്ഞു്, ആളുകൾ ഓരോന്നു പറയുന്നതുകേട്ടു എന്റെ കാര്യത്തിൽ അവിശ്വാസം തോന്നാതെ ഇരിക്കണം. പിരിഞ്ഞിരുന്നാൽ സ്നേഹം നശിച്ചുപോകുമെന്നു് ആളുകൾ പറയാറുണ്ടു്. അതിനു കാരണമൊന്നും ഞാൻ കാണുന്നില്ല. വാസ്തവത്തിൽ വിരഹകാലത്തിൽ അനുഭവമില്ലായ്കയാൽ പ്രിയപ്പെട്ട വസ്തുവിൽ രസം വർദ്ധിച്ചു് ആ സ്നേഹങ്ങൾ തമ്മിൽ പിരിഞ്ഞിരിക്കുവാൻ പാടില്ലാത്തവിധത്തിലുള്ള പ്രേമത്തിന്റെ നിധിയായിത്തീരുകയാണു ചെയ്യുന്നതു്.

ആശ്വാസ്യൈവംപ്രഥമവിരഹോദഗ്രശോകാം സഖീം തേ
ശൈലാദാശു ത്രിനയനവൃഷോൽഖാതകൂടാന്നിവൃത്തഃ
സാഭിജ്ഞാനപ്രഹിതകുശലൈസ്തദ്വചോഭിർമ്മമാപി
പ്രാതഃ കുന്ദപ്രസവശിഥിലം ജീവിതം ധാരയേഥാഃ ൫൦

പ്രഥമവിരഹോദഗ്രശോകാം (ആ-സ്ത്രീ-ദ്വി-ഏ) തേ (യുഷ്മദ്-ഷ-ഏ) സഖീം (ഈ-സ്ത്രീ-ദ്വി-ഏ) ഏവം (അ) ആശ്വാസ്യ (ല്യ-അ) ത്രി നയനവൃഷോൽഖാതകൂടാൽ ശൈലാൽ (അ-പു-പ-ഏ) ആശു (അ) നിവൃത്തഃ (അ-പു-പ്ര-ഏ) സാഭിജ്ഞാനപ്രഹിതകുശലൈഃ (അ-ന-തൃ-ബ) തദ്വചോഭിഃ (സ-ന-തൃ-ബ)മമ (അസ്മ-ഷ-ഏ) അപി (അ) പ്രാതഃകുന്ദപ്രസവശിഥിലം ജീവിതം (അ-ന-ദ്വി-ഏ) ധാരയേഥാഃ (ലിങ്-പര-മ-പു-ഏ)

പ്രഥമവിരഹോദഗ്രശോകയായ നിന്റെ സഖിയെ ഇപ്രകാരം ആശ്വസിപ്പിച്ചിട്ടു്, ത്രിനയവൃഷോൽഖാതകൂടമായ ശൈല

മായ ശൈലത്തിൽനിന്നു് ഉടനെ നിവൃത്തനായിട്ടു് സാഭിജ്ഞാനപ്രഹിതകുശലങ്ങളായ തദ്വചസ്സുകളെക്കൊണ്ടു് എന്റെയും പ്രാതഃകുന്ദപ്രസവശിഥിലമായ ജീവിതത്തെ നീ ധാരണം ചെയ്യണം.

പ്രഥമവിരഹോദഗ്രശോക=പ്രഥമവിരഹത്താൽ ഉദഗ്രശോക. പ്രഥമവിരഹം=പ്രഥമമായ വിരഹം. പ്രഥമം=ആദ്യത്തേതു്. വിരഹം=വേർപാടു്. ഉദഗ്രശോ[illegible]=ഉദഗ്രമായ ശോകത്തോടുകൂടിയവൾ. ഉദഗ്രം=തീവ്രം. ശോകം=ദുഃഖം. സഖി=തോഴി. ആശ്വസിപ്പിക്ക=സമാധാനപ്പെടുത്തുക. ത്രിനയനവൃഷോൽഖാതകൂടം=ത്രിനയനവൃഷോൽഖാതമായ കൂടത്തോടുകൂടിയതു്. ത്രിനയനവൃഷോൽഖാതം=ത്രിനയനവൃഷത്താൽ ഉൽഖാതം. ത്രിനയനവൃഷം=ത്രിനയനന്റെ വൃഷം. ത്രിനയനൻ=മൂന്നു നയനങ്ങളുള്ളവൻ. നയനങ്ങൾ=കണ്ണുകൾ. (ത്രിനയനൻ=ശിവൻ.) ഉൽഖാതം=ഉൽഖനനം ചെയ്യപ്പെട്ടതു്. ഉൽഖനനംചെയ്ക=കുഴിക്ക. കൂടം=ശിഖരം (കാളചുരമാന്തിക്കുഴിച്ചതെന്നു സാരം.) ശൈലം=പൎവ്വതം (കൈലാസം.) നിവൃത്തൻ=നിവൎത്തിച്ചവൻ. നിവൎത്തിക്ക=മടങ്ങുക. സാഭിജ്ഞാനപ്രഹിതകുശലങ്ങൾ=സാഭിജ്ഞാനമാകുംവണ്ണം പ്രഹിതകുശലങ്ങൾ. സാഭിജ്ഞാനം=അഭിജ്ഞാനത്തോടുകൂടിയതു്. അഭിജ്ഞാനം=അടയാളം. പ്രഹിതകുശലങ്ങൾ=പ്രഹിതമായ കുശലത്തോടുകൂടിയവ. പ്രഹിതം=അയയ്ക്കപ്പെട്ടതു്. കുശലം=ക്ഷേമം. തദ്വചസ്സുകൾ=അവളുടെ വചസ്സുകൾ. അവൾ=എന്റെ ഭാൎയ്യ. വചസ്സുകൾ=വാക്കുകൾ. പ്രാതഃകുന്ദപ്രസവശിഥിലം=പ്രാതഃകുന്ദപ്രസവംപോലെ ശിഥിലം. പ്രാതഃകുന്ദപ്രസവം=പ്രാതഃകാലത്തിലെ കുന്ദപ്രസവം. കുന്ദപ്രസവം=കുന്ദത്തിന്റെ പ്രസവം. കുന്ദം=മുല്ല. പ്രസവം=പൂവു്. ശിഥിലം=ദുർബ്ബലം. ധരിക്ക=നിലനിൎത്തുക.

ഈ വേർപാടു് ആദ്യത്തേതായതിനാൽ സഹിക്കാൻവഹിയാത്ത ദുഃഖത്തോടുകൂടിയിരിക്കുന്ന നിന്റെ തോഴിയെ ഇപ്രകാരം ആശ്വസിപ്പിച്ചിട്ടു് കൈലാസത്തിൽനിന്നു വേഗത്തിൽ തിരിച്ചു് ഇവിടെ എത്തി അടയാളത്തോടുകൂടി കുശലമറിയിക്കുന്ന അവളുടെ വാക്കുകൾ എന്നോടും പറഞ്ഞു പ്രഭാതത്തിലെ മുല്ലപ്പൂപോലെ വീണുപോകാറായിരിക്കുന്ന എന്റെ ജീവിതത്തേയും നിലനിൎത്തണം.

കച്ചിൽ സൌമ്യ! വ്യവസിതമിദം ബന്ധുകൃത്യം ത്വയാ മേ
പ്രത്യാദേശാന്ന ഖലു ഭവതോ ധീരതാം കല്പയാമി
നിഃശബ്ദോപി പ്രദിശസി ജലം യാചിതശ്ചാതകേഭ്യഃ
പ്രത്യുക്തം ഹി പ്രണയിഷു സതാമീപ്സിതാൎത്ഥക്രിയൈവ.

ഹേ സൌമ്യ (അ-പു-സം-പ്ര-ഏ) ഇദം (ഇദം-ന-പ്ര-ഏ) മേ (അസ്മദ്-ഷ-ഏ) ബന്ധുകൃത്യം (അ-ന-പ്ര-ഏ) വ്യവസിതം (അ-ന-പ്ര-ഏ) പ്രത്യാദേശാത് (അ-പു-പ്ര-ഏ) ഭവതഃ (ത-പു-ഷ-ഏ) ധീരതാം (ആ-സ്ത്രീ-ദ്വി-ഏ); ത്വം (യുഷ്മദ്-പ്ര-ഏ) യാചിതഃ (അ-പു-പ്ര-ഏ) നിഃശബ്ദഃ (അ-പു-പ്ര-ഏ) അപി (അ) ചാതകേഭ്യഃ (അ-പു-ച-ഏ) ജലം (അ-ന-ദ്വി-ഏ) പ്രദിശസി (ലട്-പര-മ-പു-ഏ) സതാം (ത-പു-ഷ-ബ) പ്രത്യുക്തം (അ-ന-പ്ര-ഏ) ഈപ്സിതാൎത്ഥക്രിയാ (ആ-സ്ത്രീ-പ്ര-ഏ) ഏവ (അ)

അല്ലയോ സൌമ്യ എന്റെ ഈ ബന്ധുകൃത്യം വ്യവസിതമായോ? പ്രത്യാദേശത്താൽ ഭവാന്റെ ധീരതയെ ഞാൻ കല്പിക്കുന്നില്ലതന്നെ. നീ യാചിതനായിട്ടു നിശ്ശബ്ദനായിരുന്നിട്ടും ചാതകങ്ങൾക്കായിക്കൊണ്ടു ജലത്തെ പ്രദേശിക്കുന്നുണ്ടു്. സജ്ജനങ്ങൾക്കു പ്രണയികളിലുള്ള പ്രത്യുക്തം ഈപ്സിതാൎത്ഥക്രിയതന്നെ ആണല്ലോ.

സൌമ്യൻ=സാധു. ബന്ധുകൃത്യം=ബന്ധുവിന്റെ കൃത്യം. കൃത്യം=ചെയ്യപ്പെടേണ്ടതു് (ഉപകാരമെന്നു സാരം.) വ്യവസിതം=വ്യവസിക്കപ്പെട്ടതു്. വ്യവസിക്ക=നിശ്ചയിക്ക (ചെയ്യാൻ നിശ്ചയിക്ക എന്നു സാരം.) പ്രത്യാദേശം=പ്രത്യുക്തി=മറുപടി. ഭവാൻ=നീ. ധീരത=ധീരന്റെ അവസ്ഥ. ധീരൻ=ഗംഭീരൻ. കല്പിക്ക=സമൎത്ഥിക്ക. യാചിതൻ=യാചിക്കപ്പെട്ടവൻ. യാചിക്ക=അപേക്ഷിക്ക. നിഃശബ്ദൻ=ശബ്ദമില്ലാത്തവൻ (ഇടിമുഴക്കമില്ലാത്തവനെന്നു സാരം.) ചാതകങ്ങൾ=വേഴാമ്പലുകൾ. ജലം=വെള്ളം. പ്രദേശിക്ക=കൊടുക്കുക. സത്തുകൾ=സജ്ജനങ്ങൾ. പ്രണയികൾ=പ്രണയമുള്ളവർ. പ്രണയം=സ്നേഹം. പ്രത്യുക്തം=പ്രതിവചനം. ഈപ്സിതാൎത്ഥക്രിയ=ഈപ്സിതാൎത്ഥത്തിന്റെ ക്രിയ. ഈപ്സിതാൎത്ഥം=ഈപ്സിതമായ അൎത്ഥം. ഈപ്സിതം=ആപിക്കുവാൻ ഇച്ഛിക്കപ്പെട്ടതു്. ആപിക്ക=പ്രാപിക്ക. ഇച്ഛിക്ക=ആഗ്രഹിക്ക. അൎത്ഥം=പ്രയോജനം. ക്രിയ=കരണം=ചെയ്ക.

അല്ലയോ സൌമ്യ ഞാൻ അപേക്ഷിച്ച ഉപകാരകൎമ്മം ചെയ്യുവാൻ നിശ്ചയിച്ചോ? അങ്ങു ഗംഭീരനായതുകൊണ്ടാണു് ഉത്തരമൊന്നും പറയാത്തതെന്നാണു ഞാൻ വിചാരിക്കുന്നതു്. വെള്ളം യാചിക്കുന്ന വേഴാമ്പലുകൾക്കു് അങ്ങു മിണ്ടാതെതന്നെ ജലം ദാനം ചെയ്യുകയാണല്ലോ പതിവു്. സജ്ജനങ്ങൾ തങ്ങളോടപേക്ഷിക്കുന്നവൎക്കു നൽകുന്ന ഉത്തരം അവരുടെ ഇഷ്ടം സാധിച്ചുകൊടുക്കുകതന്നെയാണല്ലോ.

ഏതൽ കൃത്വാ പ്രിയമനുചിതപ്രാൎത്ഥനാവൎത്തിനോ മേ
സൗഹാൎദ്ദാദ്വാ വിധുര ഇതി വാ മയ്യനുക്രോശബുദ്ധ്യാ
ഇഷ്ടാൻ ദേശാൻ ജലദ വിചര! പ്രാവൃഷാ സംഭൃതശ്രീ-
ൎമ്മാ ഭൂദേവം ക്ഷണമപി ച തേ വിദ്യുതാ വിപ്രയോഗഃ.

ഹേ ജലദ! (അ-പു-സം-പ്ര-ഏ) സൗഹാൎദ്ദാൽ (അ-ന-പ-ഏ) വാ (അ) വിധുരഃ (അ-പു-പ്ര-ഏ) ഇതി (അ) മയി (അസ്മ-സ-ഏ) അനുക്രോശബുദ്ധ്യാ (ഇ-സ്ത്രീ-തൃ-ഏ) വാ (അ) അനുചിതപ്രാൎത്ഥനാവൎത്തിനഃ (ന-പു-ഷ-ഏ) മേ (അസ്മ-ഷ-ഏ) ഏതത് (ഏതച്ഛ-ന-ദ്വി-ഏ) പ്രിയം (അ-ന-ദ്വി-ഏ) കൃത്വാ (ക്ത്വാ-അ) പ്രാവൃഷാ (ഷ-സ്ത്രീ-തൃ ഏ) സംഭൃതശ്രീഃ (ഈ-പു-പ്ര-ഏ) ഇഷ്ടാൻ ദേശാൻ (അ-പു-ദ്വി-ബ) വിചര (ലോട്-പര-മ-പു-ഏ) ഏവം (അ) ക്ഷണം (അ-പു-ദ്വി-ഏ) അപി (അ) തേ (യുഷ്മദ്-ഷ-ഏ) വിദ്യുതാ (ത-സ്ത്രീ-തൃ-ഏ) വിപ്രയോഗഃ (അ-പു-പ്ര-ഏ) ച (അ) മാ (അ) ഭൂത് (ലുങ്-പര-പ്ര-പു-ഏ)

അല്ലയോ ജലദമേ! സൗഹാൎദ്ദത്താലോ വിധുരൻ എന്നു എന്നിലുള്ള അനുക്രോശബുദ്ധിയാലോ അനുചിതപ്രാൎത്ഥനാവൎത്തിയായ എനിക്ക് ഈ പ്രിയം ചെയ്തിട്ടു പ്രാവൃട്ടിനാൽ സംഭൃതശ്രീയായിട്ട് ഇഷ്ടങ്ങളായ ദേശങ്ങളെ വിചരിക്കുക ഇപ്രകാരം ക്ഷണനേരത്തേയ്ക്കുപോലും നിനക്ക് വിദ്യുത്തിനോടു വിപ്രയോഗവും ഭവിക്കാതിരിക്കട്ടെ.

ജലദം=ജലത്തെ ദാനംചെയ്യുന്നതു്. ജലം=വെള്ളം. ദാനം ചെയ്ക=കൊടുക്കുക (ജലദം=മേഘം.) സൗഹാൎദ്ദം=സ്നേഹം. വിധുരൻ=ദുഃഖിതൻ. അനുക്രോശബുദ്ധി=അനുക്രോശത്തിന്റെ ബുദ്ധി. അനുക്രോശം=കരുണ. ബുദ്ധി=വിചാരം. അനുചിതപ്രാൎത്ഥനാവൎത്തി=അനുചിതപ്രാൎത്ഥനയിൽ വൎത്തിക്കുന്നവൻ. അനുചിതപ്രാൎത്ഥന=അനുചിതയായ പ്രാൎത്ഥന. അനുചിത=ഉചിതയല്ലാത്തതു്. പ്രാൎത്ഥന=അപേക്ഷ (സന്ദേശം കൊണ്ടുപോകണമെന്നുള്ള അപേക്ഷ.) പ്രിയം=ഇഷ്ടകാൎയ്യം (സന്ദേശഹരണം.) പ്രാവൃട്ടു്=വൎഷകാലം. സംഭൃതശ്രീ=സംഭൃതയായ ശ്രീയോടുകൂടിയവൻ. സംഭൃത=സമ്പാദിക്കപ്പെട്ടതു്. ശ്രീ=ശോഭ. ഇഷ്ടങ്ങൾ=പ്രിയപ്പെട്ടവ. ദേശങ്ങൾ=നാടുകൾ. വിചരിക്ക=സഞ്ചരിക്ക. ഇപ്രകാരം=എനിക്കു വന്നതുപോലെ. വിദ്യുത്തു്=മിന്നൽ. വിപ്രയോഗം=വിരഹം.

അല്ലയോ മേഘമേ! എന്നോടുള്ള സ്നേഹത്താലോ "പാവം കഷ്ടപ്പെടുന്നു" എന്നു വിചാരിച്ചുള്ള അലിവുകൊണ്ടോ അനുചിതമായിട്ടുള്ളതാണെങ്കിലും, ഞാൻ അപേക്ഷിച്ചതു സാധിച്ചു തന്നിട്ടു് മഴക്കാലത്താൽ വൎദ്ധിച്ച ശോഭയോടുകൂടി ഇഷ്ടമുള്ള ദേശങ്ങളിൽ സഞ്ചരിച്ചുകൊള്ളുക. എനിക്കു ഭാൎയ്യാവിരഹം വന്നതുപോലെ നിനക്കു് ക്ഷണനേരത്തേയ്ക്കുപോലും മിന്നലിനോടു വേർപാടുമുണ്ടാകാതിരിക്കട്ടെ !

ശുഭം.